വികസിത കേരളത്തിനായി പ്രാദേശിക സർക്കാരുകൾ

## വിഷൻ 2031

# നവകേരള സൃഷ്ടിയും പ്രാദേശിക സർക്കാരുകളും

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിലെ
ജനപ്രതിനിധികൾക്കായുള്ള കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്.പി.ഒ, തൃശ്ശൂർ-680581
ഡിസംബർ 2025

| | |
|---|---|
| **നവകേരള സൃഷ്ടിയും പ്രാദേശിക സർക്കാരുകളും** | **Role of Local Governments in Building Navakeralam** |
| കൈപ്പുസ്തകം | Handbook |
| **ചീഫ് എഡിറ്റർ** | **Chief Editor** |
| നിസാമുദ്ദീൻ എ, ഐഎഎസ് *ഡയറക്ടർ ജനറൽ, കില* | Nizamudeen A, IAS *Director Genaral, KILA* |
| **എഡിറ്റർമാർ** | **Editors** |
| ഡോ. കെ. രാജേഷ് *സീനിയർ അർബൻ ഫെലോ, കില* | Dr. K. Rajesh *Senior Urban Fellow, KILA* |
| ഡോ. മോനിഷ് ജോസ് *അസിസ്റ്റന്റ് പ്രൊഫസർ, കില* | Dr. Monish Jose *Assistant Professor, KILA* |
| കെ.എസ്. ബിനുരാജ് *ഫാക്കൽറ്റി മെമ്പർ, കില* | K.S. Binuraj *Faculty Member, KILA* |
| **രചനയിൽ സഹായിച്ചവർ** | **Contributors** |
| ടി.പി.സുധാകരൻ | T.P. Sudhakaran |
| എൻ. ജഗജീവൻ | N. Jagajeevan |
| കെ.എൻ. വിമൽകുമാർ | K.N. Vimalkumar |
| നന്ദകുമാർ സി. | Nandakumar C. |
| ബാബുജി കെ.ആർ. | Babuji K.R. |
| ശിവജിത്ത് കെ. | Sivajith K. |
| ഡോ. ദീപ ഗോപിനാഥ് | Dr. Deepa Gopinath |
| സുകന്യ കെ.യു. | Sukanya K.U. |
| ഡോ. രാജ്കുമാർ ആർ. | Dr. Rajkumar R. |
| **എഡിറ്റോറിയൽ സഹായം** | **Editorial Assistance** |
| വി.കെ. ശ്രീധരൻ | V.K. Sreedharan |
| ശരത് തേനുമൂല | Sarath Thenumoola |
| ആദിൽ നവാസ് | Adil Navaz |
| ആരോമൽ പി.എസ്. | Aromal P.S. |
| അമൃത സുരേഷ്. | Amrutha Suresh |
| **ലേഔട്ട് ഡിസൈൻ** | **Layout Design** |
| ശ്രീ. അഭിരാം കെ.ടി.കെ. | Sri. Abhiram K.T.K |
| **പ്രസാധനം** | **Published by** |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ | Kerala Institute of Local |
| അഡ്മിനിസ്ട്രേഷൻ (കില) | Administration (KILA) |
| മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581 | Mulamkunnathukavu, Thrissur-680581 |
| ഫോൺ - 04872207000 (ഓഫീസ്) | Ph. 04872207000 (Office) |
| 0487-2201312 (ഡയറക്ടർ) | 0487-2201312 (Director) |
| ഇമെയിൽ: info@kila.ac.in | Email Id: info@kila.ac.in |
| വെബ്സൈറ്റ് : www.kila.ac.in | Website : www.kila.ac.in |
| **അച്ചടി** | **Printing** |
| സി-ആപ്റ്റ്, എറണാകുളം | C-apt, Ernakulam |
| **ഡിസംബർ, 2025** | **December, 2025** |


*Copyright: Everyone can use this for non commercial public purposes with acknowledgement to KILA*



# സന്ദേശം

നം. 1330/പ്രസ്/സി.എം.ഒ/25 27 ഡിസംബർ, 2025

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പുതിയ ജനപ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ!!

കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനം ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള അധികാര വികേന്ദ്രീകരണത്തിന്റെ സവിശേഷമായ ഒരു ജനാധിപത്യ മാതൃകയാണ്. പങ്കാളിത്ത ഭരണം, സാമൂഹിക നീതി, സുസ്ഥിര വികസനം, തദ്ദേശ സ്വയംഭരണം എന്നീ തത്വങ്ങളിൽ വേരൂന്നിയതാണ് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. നവകേരള സൃഷ്ടിയിൽ നമ്മുടെ പ്രാദേശിക സർക്കാരുകൾക്ക് വലിയ പങ്കു വഹിക്കാനുണ്ട്.

ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും നേരിട്ടറിഞ്ഞ് പരിഹാരങ്ങൾ കണ്ടെത്തുന്നതിൽ പ്രാദേശിക ഭരണ സംവിധാനങ്ങൾ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിച്ചുവരുന്നുണ്ട്. നാം നേരിടുന്ന പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുവാനും നേടിയ നേട്ടങ്ങൾ നിലനിർത്തുവാനും നമുക്ക് കഴിയണം. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. ഈ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുവാൻ പുതിയ ജനപ്രതിനിധികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇതിനായുള്ള കാര്യശേഷി വികസനം പ്രാദേശിക ഭരണസംവിധാനത്തിന് അനിവാര്യമാണ്. ഈ ലക്ഷ്യത്തിനായി കില തയ്യാറാക്കിയ കൈപ്പുസ്തകങ്ങൾ ജനപ്രതിനിധികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ

**പിണറായി വിജയൻ**

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം പിൻ 695 001

ഫോൺ: 0471 2333241, 2333812, 2333610
ഫാക്സ്: 0471 2333489
ഇമെയിൽ: chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

വസതി: ക്ലിഫ് ഹൗസ്
ഫോൺ: 0471 2318406, 2314853
www.keralacm.gov.in

കേരള സർക്കാർ

# സന്ദേശം



**എം ബി രാജേഷ്**
തദ്ദേശ സ്വയംഭരണ വകുപ്പ്, എക്സൈസ്,
പാർലമെന്ററി കാര്യം വകുപ്പ് മന്ത്രി

പുതിയ ജനപ്രതിനിധികൾക്ക് ഹൃദയംഗമമായ ആശംസകൾ!!!

1996 ൽ ആരംഭിച്ച ജനകീയാസൂത്രണ പരിപാടി ഇന്ന് രാജ്യത്തിനാകെ മാതൃകയാണ്. കഴിഞ്ഞ മുപ്പതാണ്ടുകൾ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സേവന മേഖലകളിലുണ്ടാക്കിയ നേട്ടങ്ങൾ നിസ്തുലമാണ്. മാലിന്യമുക്തം നവകേരളം, അതിദരിദ്രരില്ലാത്ത കേരളം എന്നിവ കെട്ടിപ്പടുക്കുന്നതിൽ ഈ കഴിഞ്ഞ കാലയളവിൽ പ്രാദേശിക സർക്കാരുകൾ വഹിച്ച പങ്കു നിർണ്ണായകമാണ്.

നവകേരള സൃഷ്ടിക്കായുള്ള നമ്മുടെ മുന്നേറ്റത്തിൽ പ്രാദേശിക സർക്കാരുകളും ഒപ്പം ചേർന്ന് പ്രവർത്തിച്ചുവരികയാണ്. കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് നാളെയുടെ പ്രതീക്ഷകൾക്ക് പുതിയ രൂപവും ഭാവവും നൽകാൻ പുതിയ ജനപ്രതിനിധികൾക്ക് കഴിയണം. ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണ സംവിധാനമാണ് പ്രാദേശിക സർക്കാരുകൾ. അതുകൊണ്ടുതന്നെ ജനങ്ങളുടെ പ്രതീക്ഷകൾക്ക് ഒത്തുയരാനും വളരാനും പ്രവർത്തിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കേണ്ടതുണ്ട്. ഇത് സാധ്യമാവണമെങ്കിൽ ജനപ്രതിനിധികളും ജനകീയ സംവിധാനങ്ങളും ഉദ്യോഗസ്ഥ സംവിധാനവും കാര്യക്ഷമമായി ഒപ്പം ചേർന്ന് പ്രവർത്തിക്കണം, അതോടൊപ്പം ജനപങ്കാളിത്തം ഉയർത്തി ഉറപ്പുവരുത്തുകയും വേണം.

പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും ഏറ്റെടുത്ത് നേരിടുന്നതിന് പുതിയ രീതി ശാസ്ത്രങ്ങളും ആവശ്യമാണ്. ഇതിനായി പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ പ്രാപ്തരാക്കുന്നതിന് കില തയ്യാറാക്കിയ കൈപ്പുസ്തകങ്ങൾക്ക് കഴിയുമെന്ന് വിശ്വസിക്കുന്നു. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ കൈപുസ്തകങ്ങൾ ജനപ്രതിനിധികൾക്ക് ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ കൈപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കില ടീം അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

ക്രിസ്തുമസ്-നവവത്സര ആശംസളോടെ

**എം ബി രാജേഷ്**



# സന്ദേശം

**ടിങ്കു ബിസ്വാൾ ഐ.എ.എസ്**
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

പുതിയ ജനപ്രതിനിധികൾക്ക് സ്വാഗതം!!

കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനം ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള അധികാര വികേന്ദ്രീകരണത്തിന്റെ സവിശേഷമായ ഒരു ജനാധിപത്യ മാതൃകയാണ്. പ്രാദേശികമായി ആസൂത്രണം നടത്തി ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കാൻ കഴിയുന്ന കാര്യക്ഷമമായ ഭരണ സംവിധാനങ്ങളായി നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിണമിച്ചു കഴിഞ്ഞിട്ടുണ്ട്.

പ്രാദേശിക സർക്കാരുകളുടെ പുതിയ നേതൃത്വത്തിന് പുതിയ പ്രവർത്തന സാധ്യതകളും അവസരങ്ങളും ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാലാവസ്ഥവ്യതിയാനത്തിന്റെയും ദുരന്തസാധ്യതകളുടെയും പ്രശ്നങ്ങളും മാലിന്യ പരിപാലന രംഗത്തെ ഇടപെടലുകളും നമ്മുടെ പ്രവർത്തനങ്ങളുടെ അവിഭാജ്യ മേഖലയാണ്. സേവനമേഖലകളിലും അടിസ്ഥാന സൗകര്യ മേഖലകളിലും നാം ആർജിച്ച മുന്നേറ്റം പ്രശംസനീയമാണ്. ഉൽപാദന മേഖലയിലും തൊഴിൽ സൃഷ്ടിക്കുന്ന മേഖലകളിലും കൂടി ഈ മുന്നേറ്റം അനിവാര്യമാണ്.

പുതിയ ഭരണസമിതികൾ ഈ മേഖലകളിൽ കൂടുതൽ ശ്രദ്ധ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ ആവിഷ്കരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ആശംസളോടെ...

**ടിങ്കു ബിസ്വാൾ ഐ.എ.എസ്**



# സന്ദേശം

**അനുപമ ടി.വി. ഐ.എ.എസ്**
സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാ ജനപ്രതിനിധികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ!!!

73,74 ഭരണഘടനാ ഭേദഗതികളിലൂടെ ലക്ഷ്യമിട്ട സാമൂഹിക നീതിയും സാമ്പത്തിക വികസനവും കൈവരിക്കുന്നതിനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

ജനങ്ങളോട് ഏറ്റവും അടുത്ത് പ്രവർത്തിക്കുന്ന പ്രാദേശിക സർക്കാരുകൾ എന്നും എപ്പോഴും ജനങ്ങൾക്കൊപ്പം ചേർന്ന് പ്രവർത്തിക്കുന്നവയാണ്. ജനകീയ പ്രശ്നങ്ങളിലും ആവശ്യങ്ങളിലും നിരന്തരം ഇടപെടുന്ന ഒരു ഭരണസംവിധാനമാണിത്.

പങ്കാളിത്ത ഭരണം, സാമൂഹിക നീതി, സുസ്ഥിര വികസനം, തദ്ദേശ സ്വയംഭരണം എന്നീ തത്വങ്ങളിൽ വേരൂന്നി നവകേരള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടത് പ്രാദേശിക സർക്കാരുകളാണ്. ഇതിനാവശ്യമായ തരത്തിലുള്ള ഇടപെടലുകൾ ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തുവാൻ പുതിയ ജനപ്രതിനിധികളുടെ നേതൃത്വത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജനപ്രതിനിധികളുടെ കാര്യ ശേഷീ വികസനവും ഉറപ്പുവരുത്തുന്നതിനുള്ള ഉന്നത നിലവാരത്തിലുള്ള പരിശീലന പരിപാടികൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മി നിസ്ട്രേഷൻ (കില) ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്കൊപ്പം വളരുന്ന കില തയ്യാറാക്കിയ ഈ കൈപ്പു സ്തകങ്ങൾ അതിന് ജനപ്രതിനിധികളെ പ്രാപ്തരാക്കും എന്ന് പ്രതീക്ഷിക്കുന്നു.

ആശംസളോടെ...

**അനുപമ ടി.വി. ഐ.എ.എസ്**



# അവതാരിക

**നിസാമുദ്ദീൻ എ, ഐ.എ.എസ്**
ഡയറക്ടർ ജനറൽ, കില

കേരളത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ സുവർണ്ണലിപികളാൽ എഴുതപ്പെട്ട ഒന്നാണ്. അധികാരം ജനങ്ങൾക്ക് എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അധികാര വികേന്ദ്രീകരണപ്രക്രിയ. 73, 74 ഭരണഘടനാ ഭേദഗതികളുടെ ചുവടുപിടിച്ച് 1994-ൽ നിലവിൽ വന്ന കേരള പഞ്ചായത്ത് രാജ് - നഗരപാലിക നിയമങ്ങൾ നമ്മുടെ ഭരണസംവിധാനത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങളാണ് വരുത്തിയത്. 1996-ൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ബജറ്റ് വിഹിതത്തിന്റെ വികേന്ദ്രീകരണവും, സെൻ കമ്മിറ്റി ശുപാർശകളിലൂടെയുള്ള അധികാര കൈമാറ്റവും കേരളത്തെ ലോകത്തിന് തന്നെ മാതൃകയാക്കി മാറ്റി.

2025 ഡിസംബർ മാസത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ ചുമതലയേൽക്കുമ്പോൾ നാം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ നാലാം പതിറ്റാണ്ടിലേക്ക് പ്രവേശിക്കുകയാണ്. വികസനമെന്നത് കേവലം നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമല്ലെന്നും, അത് സാമൂഹിക നീതിയും സുസ്ഥിരതയും ഉറപ്പാക്കുന്ന തുടർ പ്രക്രിയയാണെന്നും തിരിച്ചറിയുന്ന ഒരു നേതൃത്വമാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് തങ്ങളുടെ ചുമതലകൾ കൃത്യമായും നിയമപരമായും നിർവ്വഹിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നത് അത്യന്താപേക്ഷിതമാണ്. കേരള പഞ്ചായത്ത് രാജ് - മുനിസിപ്പാലിറ്റി നിയമങ്ങൾ, അനുബന്ധ ചട്ടങ്ങൾ, ഭരണ നിർവ്വഹണ രീതികൾ എന്നിവ ലളിതമായും എന്നാൽ ആധികാരികമായും പ്രതിപാദിക്കുന്ന ഈ റഫറൻസ് ഗൈഡ് (Reference Guide) ജനപ്രതിനിധികൾക്ക് ഒരുത്തമ

സഹായിയായിരിക്കും എന്നതിൽ തർക്കമില്ല.

തദ്ദേശ ഭരണ സംവിധാനങ്ങളുടെ കരുത്ത് എന്നത് നിയമപരമായ അറിവും ജനകീയമായ ഇടപെടലുകളുമാണ്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തയ്യാറാക്കിയ ഈ കൈപ്പുസ്തകം ഓരോ ജനപ്രതിനിധിയും ആഴത്തിൽ പഠിക്കണമെന്നും, സുതാര്യവും അഴിമതിരഹിതവുമായ പ്രാദേശിക ഭരണകൂടങ്ങൾ കെട്ടിപ്പടുക്കാൻ ഇത് പ്രയോജനപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു. ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് പരിശ്രമിച്ച കിലയിലെ എല്ലാ സഹപ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

പുതിയ ഭരണസമിതികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**നിസാമുദ്ദീൻ എ, ഐ.എ.എസ്**

# ആമുഖം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിന്റെ വികസനത്തിൽ നിർണായക സ്ഥാനമാണ് വഹിക്കുന്നത്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജനപ്രതിനിധികളെ സംബന്ധിച്ച് വളരെ വലിയ ഉത്തരവാദിത്തമാണ് നിറവേറ്റാനുള്ളത്. കേരളത്തിലെ ഗ്രാമീണ സമൂഹത്തിന്റെ സാമ്പത്തികവും, ഭൗതികവും, സാമൂഹ്യവുമായ വളർച്ചയ്ക്കും വികസനത്തിനും പാതയൊരുക്കിയത് 73, 74 ഭരണഘടനാ ഭേദഗതികൾക്ക് ശേഷം കേരളം നടപ്പാക്കിയ ജനകീയാസൂത്രണ പ്രവർത്തനങ്ങളാണെന്നത് അവിതർക്കിതമാണ്. ഇന്ന് 30 വർഷങ്ങൾക്കിപ്പുറം, ജനകീയാസൂത്രണ ശിൽപ്പികൾ ഭാവനയിൽ കണ്ടിരുന്നത് പോലെ, ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ, അക്ഷരാർത്ഥത്തിൽ ഗ്രാമീണ ജനതയുടെ ഏത് വിധത്തിലുള്ള പ്രശ്നങ്ങൾക്കും പരിഹാരം തേടാവുന്ന പ്രാദേശിക സർക്കാരുകളായി മാറിക്കഴിഞ്ഞിരിക്കുന്നു. മുൻ ഭരണസമിതികളിൽ അംഗങ്ങളായിരുന്നവർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, അസംഖ്യം സന്നദ്ധ പ്രവർത്തകർ ഇവരുടേയെല്ലാം കൂട്ടായ പരിശ്രമങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഫലമായാണ് ഈ മാറ്റം സാദ്ധ്യമായത്. ഈയൊരു മുന്നേറ്റത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും, സന്നദ്ധ പ്രവർത്തകർക്കുമെല്ലാം തന്നെ ആവശ്യമായ അറിവും കാര്യശേഷിവികസനവും, പരിശീലനങ്ങളിലൂടേയും, കൈപ്പുസ്തകങ്ങളിലൂടേയും, ശില്പശാലകളിലുടേയും മറ്റും നൽകുന്നതിന് 'കില' എല്ലാ കാലത്തും പരിശ്രമിച്ചിട്ടുണ്ട്.

2025 ഡിസംബർ മാസത്തിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ വിജയിച്ചു വന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് നവകേരളം എന്ന സംസ്ഥാന സർക്കാരിന്റെ വികസന സമീപനത്തെ പരിചയപ്പെടുത്തുന്നതിനും നവകേരളവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളെ പരിചയപ്പെടാനും സാധിക്കുന്ന വിധത്തിലാണ് ഈ കൈപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഈ

പരിശീലന പുസ്തകം തയ്യാറാക്കുന്നതിൽ പങ്കാളികളായ ഓരോരുത്തർക്കുമുള്ള കൃതജ്ഞത ഈ അവസരത്തിൽ അറിയിക്കുന്നു.

ജനകീയാംഗീകാരം നേടി ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട നിങ്ങൾ ഓരോരുത്തരും പ്രാദേശിക സർക്കാരുകളുടെ നേതൃത്വം വഹിക്കുന്നവരാണ്. ജന സൗഹൃദപരമായ ഭരണ നിർവ്വഹണം നടത്തുന്നതോടൊപ്പം, തങ്ങളുടെ അടുത്ത അഞ്ച് വർഷകാലത്തെ പ്രവർത്തനങ്ങൾ നിയമാനുസൃതം വിജയകരമായി മുമ്പോട്ട് കൊണ്ട് പോകുന്നതിനും ജനകീയാഭിലാഷങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതിനും ഈ പരിശീലന പുസ്തകം മുതൽക്കൂട്ടാവും എന്ന് പ്രതീക്ഷിക്കുന്നു.

ഏവർക്കും ആശംസകൾ നേരുന്നു.

**ഡോ. കെ. രാജേഷ്**

സീനിയർ അർബൻ ഫെലോ, കില

**നിരാകരണപത്രം (Disclaimer)**

*ഈ കൈപ്പുസ്തകം കേരള പഞ്ചായത്ത് രാജ്/മുൻസിപ്പാലിറ്റി നിയമങ്ങളെക്കുറിച്ച് ജനപ്രതിനിധികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും പഠനാവശ്യങ്ങൾക്കും മാത്രമായി ലഘൂകരിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിലെ വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് ഉറപ്പുവരുത്താൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും, ഔദ്യോഗിക ആവശ്യങ്ങൾക്കും നിയമപരമായ നടപടികൾക്കും ഇതിലെ വിവരങ്ങൾ ആധികാരിക രേഖയായി കണക്കാക്കരുത്.*

*വായനക്കാർ ഇതിലെ വിവരങ്ങൾ യഥാർത്ഥ നിയമപുസ്തകങ്ങളുമായും (Bare Acts) സർക്കാർ ഗസറ്റുകളുമായും ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതാണ്. നിയമത്തിന്റെ വ്യാഖ്യാനത്തിൽ എന്തെങ്കിലും വൈരുദ്ധ്യം ഉണ്ടാകുന്നപക്ഷം, ഔദ്യോഗിക നിയമപുസ്തകത്തിൽ പറയുന്ന കാര്യങ്ങൾക്കായിരിക്കും പ്രാബല്യമുണ്ടായിരിക്കുക.*

# ഉള്ളടക്കം


| | |
|---|---|
| **1 നവകേരളം– ആശയവും സമീപനവും** | **18** |
| 1.1 കേരളത്തിന്റെ വികസന പാത | 20 |
| 1.2 നവ കേരളത്തിലേക്ക് | 21 |
| 1.3 ഭരണത്തിനു പുതിയ മുഖം | 21 |
| 1.4 നവകേരള നിർമിതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും | 22 |
| **2 നവകേരളം കർമ്മപദ്ധതി** | **26** |
| 2.1 പൊതുലക്ഷ്യങ്ങൾ | 27 |
| 2.2 നവകേരളം കർമ്മപദ്ധതി-ആദ്യഘട്ടം | 29 |
| 2.3 നവകേരളം കർമ്മപദ്ധതി 2.0 | 30 |
| **3 പ്രാദേശിക സാമ്പത്തിക വികസനം (LED)** | **50** |
| 3.1 പതിനാലാം പഞ്ചവത്സര പദ്ധതിയും പ്രാദേശിക സാമ്പത്തിക വികസനവും | 51 |
| 3.2 പ്രാദേശിക സാമ്പത്തിക വികസനവും സംരംഭകത്വവും | 52 |
| 3.3 സംരംഭകത്വ വികസനം | 57 |
| **4 വിജ്ഞാന കേരളം: പുതിയ വികസന ലക്ഷ്യവും ജനകീയ മുന്നേറ്റവും** | **60** |
| 4.1 വിജ്ഞാനസമൂഹത്തിലേക്ക് കേരളത്തിന്റെ പരിവർത്തനം | 61 |
| 4.2 വിജ്ഞാന സമ്പദ്ഘടനയുടെ പ്രാധാന്യം | 62 |
| 4.3 വിജ്ഞാന സമ്പദ്ഘടനയിലേക്ക് മാറുന്നതിലൂടെയുള്ള പ്രധാന നേട്ടങ്ങൾ | 62 |
| 4.4 വിജ്ഞാന കേരളം ജനകീയ കാമ്പയിൻ: ഘടനയും ലക്ഷ്യങ്ങളും | 62 |
| 4.5 സംഘടനാപരമായ ഘടന | 63 |
| 4.6 പരിശീലന ശൃംഖല | 63 |
| 4.7 ഡിജിറ്റൽ പ്ലാറ്റ്ഫോം: DWMS | 64 |
| 4.8 സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തൽ: ഒരു സാമൂഹിക ഇടപെടൽ | 64 |
| 4.9 പരിശീലനവും വിദേശ തൊഴിൽ സാധ്യതകളും | 66 |
| 4.10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് (LSGI's Role) | 66 |
| 4.11 ജനകീയാസൂത്രണ മാതൃക | 68 |

| | |
|---|---|
| 4.12 ഉപസംഹാരം | 68 |
| **5 മാലിന്യമുക്തം നവകേരളം** | **70** |
| 5.1 മാലിന്യമുക്തം നവകേരളം കാമ്പയിൻ | 72 |
| 5.2 MCF/RRF | 78 |
| 5.3 മാലിന്യ സംസ്കരണ മേഖലയിലെ ഡിജിറ്റൽ വത്കരണം | 80 |
| 5.4 ഹരിത കർമ്മ സേന | 80 |
| 5.5 സ്പെഷ്യൽ മാലിന്യങ്ങളുടെ സംസ്കരണം | 81 |
| **6 അതിദാരിദ്ര്യ നിർമ്മാർജ്ജനവും പ്രാദേശിക സർക്കാരുകളും** | **86** |
| 6.1 അതിദാരിദ്ര്യ മുക്ത കേരളം 2.0 | 91 |
| **7 ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI)** | **94** |
| 7.1 പുത്തനാശയ നിർമ്മിതിയും തദ്ദേശ സ്ഥാപനങ്ങളും | 95 |
| 7.2 പുത്തനാശയ ആവാസവ്യവസ്ഥ (Innovation Ecosystem) | 96 |
| 7.3 OLOI ഇടപെടൽ ഘട്ടങ്ങൾ | 97 |
| 7.4 പരിഹാര മാർഗ്ഗങ്ങൾ | 99 |
| 7.5 ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ | 101 |
| **8 നവകേരള യാത്രയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ** | **112** |
| **9 ദുരന്ത നിവാരണം, കാലാവസ്ഥാ വ്യതിയാനം** | **120** |
| 9.1 ആമുഖം | 121 |
| 9.2 പ്രകൃതി ദുരന്തങ്ങൾ | 122 |
| 9.3 കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ വിവിധ വിഭാഗങ്ങളെ എങ്ങനെ ബാധിക്കുന്നു | 123 |
| 9.4 ദുരന്ത ലഘൂകരണം- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് | 127 |
| 9.5 പ്രാദേശിക ദുരന്ത നിവാരണ പദ്ധതി ഘടന | 128 |
| 9.6 കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി | 130 |
| 9.7 ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ | 132 |
| 9.8 ദുരന്തകാല സഹായങ്ങളും ആരോഗ്യ സേവനങ്ങളും | 133 |
| 9.9 സാങ്കേതിക വിദ്യയുടെ ഉപയോഗം | 133 |
| 9.10 ലഘൂകരണ നടപടികൾ | 134 |
| 9.11 ദുരന്ത നിവാരണത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള സാധ്യതകൾ | 134 |

| | |
|---|---|
| 9.12 ദുരന്ത നിവാരണ പദ്ധതിയിലെ ഘടകങ്ങൾ | 135 |
| 9.13 ദുരന്ത നിവാരണ പദ്ധതി രൂപീകരണം | 136 |
| 9.14 ദുരന്ത നിവാരണ പദ്ധതി- ബ്ലോക്കുകളുടെ സാദ്ധ്യതകൾ | 137 |
| 9.15 ദുരന്ത നിവാരണ പദ്ധതിയും തൊഴിലുറപ്പ് മേഖലയുടെ സാധ്യതയും | 138 |
| 9.16 മനുഷ്യ-വന്യജീവി സംഘർഷങ്ങൾ | 138 |
| **10 പാലിയേറ്റീവ് കെയർ** | **142** |
| 10.1 വികേന്ദ്രീകൃത സമീപനം | 144 |
| 10.2 പാലിയേറ്റീവ് പരിചരണം– മൂന്നു തലത്തിൽ | 144 |
| 10.3 സാർവ്വത്രിക പാലിയേറ്റീവ് പരിചരണ സംവിധാനം: കേരള കെയർ | 145 |
| 10.4 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- നമ്മുടെ പഞ്ചായത്തിൽ | 145 |



# നവകേരളം - ആശയവും സമീപനവും









നവകേരളം എന്നത് എല്ലാ മേഖലയിലും വികസിതമായതും വികസനത്തിന്റെ ഗുണഫലം നാടിന്റെ എല്ലാ പ്രദേശങ്ങളിലും എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിത നിലവാരത്തിൽ പ്രതിഫലിക്കുന്ന ഒരു സാമൂഹ്യ ജീവിത കാഴ്ചപ്പാടാണ്. ലോകത്തിലെ വികസിത രാജ്യങ്ങളിലെ മധ്യ വരുമാന വിഭാഗങ്ങളുടെ ജീവിത നിലവാരത്തിലേക്ക് കേരള ജനത യുടെ ജീവിത നിലവാരം വളർത്തിയെടുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

എല്ലാവർക്കും ആരോഗ്യ സുരക്ഷയും വിദ്യാഭ്യാസവും എല്ലാ കുടുംബങ്ങൾക്കും വീടും ജീവിത വരുമാനത്തിന് തൊഴിൽ ഉൾപ്പെടെയുള്ളവ ലഭ്യമാക്കണം എന്നതാണ് പ്രധാനം. ഒരാളും പുറകിലാകരുത് എന്നതാണ് അടിസ്ഥാന പ്രമാണം.

ഇത് വളരെ എളുപ്പം സാധ്യമാകുന്ന ഒരു വികസന ക്ഷേമ പരിപാടിയല്ല. ഏറെ ശ്രമകരമായതും സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ എല്ലാ വളവ് തിരിവുകളെയും നേരിട്ടുകൊണ്ടും ഒരു മുതലാളിത്ത ഭരണകൂട വ്യവസ്ഥയ്ക്ക് കീഴിലുള്ള സംസ്ഥാ നത്ത് ഇന്നത്തെ പാർലമെന്ററി ഭരണസംവിധാനത്തിനുള്ളിൽ

നിന്നുകൊണ്ട് ജനങ്ങൾക്ക് പരമാവധി ജീവിത സുരക്ഷയും വികസനക്ഷേമ ഐശ്വര്യങ്ങളും നൽകാനുള്ള പരിപാടിയുടെ ഭാഗമാണ്.

## 1.1 കേരളത്തിന്റെ വികസന പാത

കേരളത്തിൽ ആദ്യ സർക്കാർ രൂപീകൃതമായതു മുതലുള്ള കേരളത്തിന്റെ ചരിത്രം വ്യത്യസ്തമാണ്. കേരളത്തെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാക്കിയതും അതാണ്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ കേരളാ മന്ത്രിസഭ സുപ്രധാനമായ ഭരണ നടപടികളാണ് സ്വീകരിച്ചത്.

അധികാരമേറ്റ ആദ്യ ആഴ്ച തന്നെ കേരളത്തിൽ കുടിയിറക്ക് നിരോധിച്ചുള്ള നിയമം ഓർഡിനൻസ് വഴി നടപ്പിലാക്കി. അതുവരെ മണ്ണിനും വീടിനും അവകാശം ഇല്ലാതിരുന്ന സാധാരണ ജനതയ്ക്ക് സ്വന്തമായൊരു ഭൂമി ഉറപ്പുവരുത്തിയ നിയമമായിരുന്നു അത്. മാത്രമല്ല, ജാതി-ജന്മി-നാടുവാഴി വ്യവസ്ഥയുടെ അടിത്തറ തകർക്കുന്നതായിരുന്നു അത്. താൻ ആരുടേയും കീഴിലല്ല എന്ന ആത്മവിശ്വാസം ഉറപ്പിച്ചതു അതാണ്. തുടർന്ന് കൃഷിഭൂമി കർഷകന് കൊടുക്കാൻ ആവശ്യമായ നിയമം, എല്ലാവർക്കും വിദ്യാഭ്യാസം എത്തിക്കുന്ന വിദ്യാഭ്യാസ അവകാശനിയമം, സാധാരണ ജനങ്ങൾക്ക് ആരോഗ്യ സംരക്ഷണത്തിന് സഹായകരമാകുന്ന ആരോഗ്യനയവും എല്ലാം ഉണ്ടായത് അപ്പോഴാണ്. ഇവയെല്ലാം പുതിയതായി രൂപീകരിക്കപ്പെട്ട കേരള സംസ്ഥാനത്തിന്റെ വികസന പാതയും ദിശയും തുറന്നു നൽകുകയായിരുന്നു.

ഈ വികസന പാത മറ്റു സംസ്ഥാനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ വികസന പാതയായിരുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ തന്നെ ദൂരവ്യാപകമായ മാറ്റങ്ങൾ സൃഷ്ടിക്കുന്ന വികസന പാതയായിരുന്നു അത്. ജനപക്ഷ ഭരണനയങ്ങൾ ആയിരുന്നു അതിന്റെ അടിസ്ഥാനം. നീതിപൂർണ്ണമായ വിതരണം ആയിരുന്നു കാതൽ. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹ്യക്ഷേമം എന്നീ മേഖലകളിൽ എല്ലാം വൻ കുതിച്ചുചാട്ടം ആണ് കേരളത്തിലുണ്ടായത്. രാഷ്ട്രീയഭേദമന്യേ മാറി മാറി വന്ന സർക്കാരുകൾ സമാനമായ നയങ്ങൾ തന്നെ പിന്തുടർന്നു എന്നത് കേരള വികസന പാതയെ വ്യത്യസ്ഥമാക്കി. കേരള സംസ്ഥാനം രൂപീകൃതം ആകുന്ന സമയത്ത് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് താഴ്ന്ന ജീവിത നിലവാരമാണ് കേരളത്തിൽ ഉണ്ടായിരുന്നതെങ്കിൽ പിന്നീടുള്ള എഴുപത്തിലധികം വർഷങ്ങൾക്കിടയിൽ സംസ്ഥാനത്ത് ഉണ്ടായ മാറ്റം ഇന്നു ഏവർക്കും കാണാവുന്നതാണ്. രാജ്യത്തെ ഏറ്റവും ഉയർന്ന ജീവിത നിലവാരമുള്ള സംസ്ഥാനമായി കേരളം മാറി.

പിൽക്കാലത്ത് സമ്പൂർണ സാക്ഷരത യജ്ഞത്തിലൂടെ ഉണ്ടായ നേട്ടം, തുടർന്ന് 1996 ൽ ജനകീയാസൂത്രണം, അതുവഴി ഏറ്റവും പ്രാദേശികമായ തലത്തിൽ പോലും വികസനത്തിന്റെ പൊൻവിളിച്ചം എത്തിക്കാൻ കഴിഞ്ഞു എന്നതാണ് ഏറ്റവും പ്രധാനം. അതേസമയത്ത് തന്നെയാണ് കുടുംബശ്രീ പ്രസ്ഥാനം ആരംഭിക്കുന്നത്. അത് നമ്മുടെ സാമൂഹ്യ വ്യവസ്ഥയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വളരെ വലുതാണ്.

വിവിധ കാരണങ്ങളാൽ പല പ്രവർത്തനങ്ങളുടെയും തുടർച്ചയുണ്ടായില്ല എന്നത് പ്രശ്ന

മായി നിലനിന്നു. രാഷ്ട്രീയഭേദമന്യേ കേരള വികസനത്തിന് ഗുണപരമായ ഇടപെടലുകളെ തുടർന്നുകൊണ്ടു പോവാനാവുക എന്നത് സംസ്ഥാന വികസനത്തിൽ നിർണായകമാണ്.

## 1.2 നവ കേരളത്തിലേക്ക്

2016 ൽ പുതിയ സർക്കാർ അധികാരത്തിൽ വരുന്നത് നവകേരളം എന്ന പുതിയ കാഴ്ചപ്പാടുമായാണ്. ഇത് വരെ നേടിയ നേട്ടങ്ങൾ അരക്കിട്ടുറപ്പിച്ചും ന്യൂനതകൾ പരിഹരിച്ചും പുതിയ കാലത്തിനു അനുസൃതമായി പുതിയ വീക്ഷണത്തോടെയുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചും നിരവധി പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിച്ചു. അവയെല്ലാം പിന്നീട് 2021 ൽ അതേ സർക്കാർ തുടർന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോവാനായി. തുടങ്ങിവച്ചത് പലതും പൂർത്തീകരിക്കാൻ കഴിഞ്ഞു. നവകേരളം എന്ന കാഴ്ചപ്പാട് കൂടുതൽ ശക്തമായി അവതരിപ്പിക്കാനായി. ഒട്ടേറെ ആസൂത്രിതമായ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു പൂർത്തീകരിക്കാനായി. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുതിയവ തുടങ്ങാനായി. എല്ലാ വിഭാഗം ജനങ്ങൾക്കും സാമൂഹിക ജീവിതത്തിൽ വിവിധ ക്ഷേമ പദ്ധതികളിലൂടെ സാമൂഹ്യവികസനത്തിന്റെ ഗുണഫലം ലഭ്യമാക്കുന്ന നടപടികൾ സ്വീകരിക്കാനായി. ഇതുവഴി കഴിഞ്ഞ വർഷങ്ങളിൽ വികസന ക്ഷേമ പ്രവർത്തനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിച്ചത്.

ഇന്ന് രാജ്യത്ത് ഏറ്റവും ഉയർന്ന ജീവിത നിലവാരമുള്ള നാടാണ് കേരളം. നടക്കില്ല എന്ന് കരുതിയ, മാറ്റിവെക്കപ്പെട്ട പല വികസന പദ്ധതികളും വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക വഴി കടന്നുവന്നു. കാർഷിക മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും ഒക്കെ രാജ്യത്തിന് അഭിമാനകരമായ മാതൃകയായ ഒട്ടേറെ നടപടികൾക്ക് കേരളം നേതൃത്വം വഹിച്ചു. ഏറ്റവും അവസാനം അതിദാരിദ്ര്യമുക്ത നാടായി കേരളത്തെ മാറ്റാനും നമ്മുടെ നാടിനെ പുതിയ തലത്തിലേക്ക് ഉയർത്താനും കഴിഞ്ഞിട്ടുണ്ട്.

ഒട്ടേറെ പ്രതിസന്ധികളുടെ കാലം കൂടിയായിരുന്നു ഇത്. പ്രകൃതിദുരന്തങ്ങളും മഹാമാരികളും കേരളത്തെ പിടിച്ചു കുലുക്കിയെങ്കിലും തളരാതെ തകരാതെ മുന്നോട്ടുപോയി. ലോകത്തെ പല വികസിതരാജ്യങ്ങൾ പോലും മഹാമാരി ഉണ്ടാക്കിയ ആഘാതത്തിൽ ആടിയുലഞ്ഞപ്പോൾ കേരളത്തിൽ അതിനെ നേരിടാൻ നമുക്ക് കഴിഞ്ഞു. പ്രളയവും ഉരുൾപൊട്ടലും കടുത്ത ആഘാതം സൃഷ്ടിച്ചപ്പോൾ കൂട്ടായ്മയിലൂടെ ഈ ആഘാതങ്ങളെ നേരിട്ടു.

## 1.3 ഭരണത്തിനു പുതിയ മുഖം

കേരളത്തെ സംബന്ധിച്ചിടത്തോളം ഈ നാടിന്റെ വികസനത്തിൽ വളരെ സുപ്രധാനമാണ് ജനകീയ പങ്കാളിത്തവും ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങളും. രാജ്യത്ത് ആസൂത്രണ കമ്മീഷൻ, പഞ്ചവത്സര പദ്ധതി, സംസ്ഥാനങ്ങളിൽ ആസൂത്രണ ബോർഡും പഞ്ചവത്സര പദ്ധതികൾ എന്നിവയെല്ലാം നിർത്തലാക്കിയപ്പോൾ ലക്ഷ്യബോധത്തോടെയുള്ള ആസൂത്രണത്തിലൂടെയാണ് കേരളത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തി വരുന്നത്. ഇങ്ങനെ മാത്രമേ നമുക്ക് നവകേരളമെന്ന കാഴ്ചപ്പാടിലേക്ക് എത്താൻ കഴിയുള്ളു.

## 1.4 നവകേരള നിർമിതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

കഴിഞ്ഞ പത്ത് വർഷക്കാലത്തെ അനുഭവങ്ങൾ പരിശോധിക്കുമ്പോൾ, കേരള സർക്കാർ മുന്നോട്ടുവെച്ച നവകേരള കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണായക പങ്കാണ് വഹിച്ചത്. 2018, 2019 ലെ പ്രളയങ്ങളും, 2020 കാലത്തെ കോവിഡ് മഹാമാരിയെയും, സർക്കാരിനൊപ്പം കൈകോർത്ത് നേരിടുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണ്. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെയും പ്രാദേശിക നേതൃത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിച്ചത്. പ്രളയത്തിനുശേഷം 2019-ൽ കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിനും നമുക്ക്  കഴിഞ്ഞു.

2017 മുതൽ ആരംഭിച്ച നവകേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ മിഷനുകളിലൂടെ കേരളത്തിന്റെ അടിസ്ഥാന വികസന പ്രതിസന്ധികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൈകോർത്ത് നേരിടാനാണ് കേരളം ശ്രമിച്ചത്. ഇതോടൊപ്പം റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കിഫ്ബി എന്നിവയിലൂടെ കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ കുതിച്ചുചാട്ടം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. 2016 മുതൽ 2021 വരെ നവകേരള മിഷന്റെയും കർമ്മപദ്ധതികളുടെയും ഒന്നാം ഘട്ടത്തിലൂടെ വിദ്യാഭ്യാസ, ആരോഗ്യ, പാർപ്പിട, മാലിന്യ പരിപാലനം, പ്രകൃതിവിഭവ സംരക്ഷണം എന്നീ മേഖലകളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ നമുക്ക് സാധിച്ചു.

2021-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നവകേരള കർമ്മപദ്ധതി 2.0 കേരളത്തിൽ ആരംഭിച്ചു. ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ ഉപഘടകങ്ങൾ ഈ പദ്ധതികളുടെ ഭാഗമായി തുടർന്നു. അഞ്ച് ലക്ഷത്തിലധികം ആളുകൾക്ക് ഭവനങ്ങൾ നൽകാൻ ഇതിലൂടെ നമുക്ക് കഴിഞ്ഞു. കേരളത്തിലെ ഭൂരിഭാഗം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ആർദ്രം പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറി. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളായി മാറുകയും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്തു. 2023 മുതൽ ആരംഭിച്ച 'മാലിന്യമുക്ത നവകേരളം' പദ്ധതി 2025 ആകുമ്പോഴേക്കും കേരളത്തെ മാലിന്യമുക്തമാക്കുന്നതിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനമായി മാറി. ഇതോടൊപ്പം 2021 മുതൽ സർക്കാർ ഏറ്റെടുത്ത അതിദാരിദ്ര്യമുക്ത കേരളം എന്ന പരിപാടി 2025 നവംബർ ഒന്നിന് ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിനും നമുക്ക് സാധിച്ചു. കേരളത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടുന്നതിനായി 'ഡിജി കേരള' പ്രവർത്തനവും ഈ ദിശയിൽ നിർണായകമായിരുന്നു. 2024 മുതൽ ആരംഭിച്ച വിജ്ഞാന കേരളം പദ്ധതി, കേരളത്തിന്റെ തൊഴിലില്ലായ്മയെ അഭിസംബോധന ചെയ്യുന്ന ദീർഘകാല ലക്ഷ്യങ്ങളോടെയുള്ള പ്രവർത്തന പരിപാടിയാണ്. ഈ പ്രവർത്തനങ്ങളിലെല്ലാം മുൻനിരയിൽ നിന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായിരുന്നു. ഒരു പ്രാദേശിക സർക്കാർ

എന്ന നിലയിൽ കേരളത്തിലെ പാർപ്പിട പ്രശ്നം, ആരോഗ്യ ഗുണനിലവാരം ഉറപ്പാക്കൽ, മാലിന്യ പരിപാലനം, വിദ്യാഭ്യാസ മികവ് തുടങ്ങിയ മേഖലകളിൽ സമാനതകളില്ലാത്ത ഇടപെടലുകളാണ് തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിച്ചത്. നവകേരള നിർമിതിയുടെ നട്ടെല്ലായി ഈ ഇടപെടലുകൾ മാറിത്തീർന്നു.

### 1.4.1 പുതിയ കടമകൾ

മേൽ സൂചിപ്പിച്ചതുപോലെ കേരളത്തെ വികസനത്തിന്റെ പുതിയ തലങ്ങളിലേക്ക് ഉയർത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ഏറെ നിർണായകമാണ്. നവകേരള നിർമ്മിതിയുടെ പുതിയ ഘട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉണ്ട്. ആദ്യഘട്ടത്തിൽ കണ്ടെത്തിയ 64,006 അതിദരിദ്ര കുടുംബങ്ങളെ ആ അവസ്ഥയിൽ നിന്ന് മുക്തമാക്കുന്നതിൽ നാം വിജയിച്ചു. എന്നാൽ ഈ കുടുംബങ്ങൾ അതിദാരിദ്ര്യമുക്തിയുടെ പാതയിൽ സ്ഥിരമായി തുടരുന്നുവെന്ന് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. കൃത്യമായി ഭക്ഷണം എത്തിക്കൽ, ആരോഗ്യ പരിചരണം ഉറപ്പാക്കൽ, മെച്ചപ്പെട്ട അതിജീവന സാധ്യതകൾ ഒരുക്കൽ തുടങ്ങിയവ ഉൾപ്പെടുത്തി കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ പുതുക്കുക എന്നതാണ് ഈ വർഷം തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട ആദ്യ കടമ. ഇതോടൊപ്പം അതിദാരിദ്ര്യ അവസ്ഥയിലേക്ക് പുതുതായി വന്നിട്ടുണ്ടാവാൻ സാധ്യതയുള്ള കുടുംബ ങ്ങളെ കണ്ടെത്തുന്നതിനും മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനുമുള്ള ഇടപെടലുകൾ അനിവാര്യമാണ്.

2025 ൽ കേരളത്തെ മാലിന്യമുക്തമായി പ്രഖ്യാപിക്കാൻ നമുക്കായിട്ടുണ്ട്. അജൈവ മാലിന്യ ശേഖരണ പരിപാലനം, സ്രോതസ്സുകളിലുള്ള ജൈവമാലിന്യ പരിപാലനം എന്നിവയുടെ കാര്യത്തിൽ വലിയ നേട്ടങ്ങൾ നാം രണ്ടു വർഷത്തിൽ ഉണ്ടാക്കി. എന്നാൽ അജൈവമാലിന്യ പരിപാലനത്തെ സുസ്ഥിരമായ തോതിലേക്ക് ഉയർത്താൻ ഇനിയും ഇടപെടലുകൾ അനിവാര്യമാണ്. ഗാർഹിക സാമൂഹിക തല തദ്ദേശ സ്ഥാപനങ്ങളിൽ 100% ജൈവമാലിന്യ പരിപാലനം ഉറപ്പാക്കുക എന്നതാണ് അടുത്ത വെല്ലുവിളി. ഇതോടൊപ്പം അടുത്തഘട്ടത്തിൽ അഭിസംബോധന ചെയ്യേണ്ട ഏറ്റവും തീവ്രമായ പ്രശ്നം കക്കൂസ് മാലിന്യങ്ങളുടെ, ജലമാലിന്യങ്ങളുടെ, പരിപാലന സംവിധാനങ്ങൾ ഒരുക്കലാണ്. ഇതിന്റെ അനിവാര്യത പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക എന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടാൻ പോകുന്ന കടുത്ത വെല്ലുവിളി. ഈ പ്രശ്നത്തെ മറികടക്കാനാവാതെ കേരളത്തിന്റെ കുടിവെള്ളത്തിന്റെ ഗുണത ഉറപ്പാക്കാൻ ഒരിക്കലും കഴിയില്ല എന്നത് മനസ്സിലാക്കേണ്ടതുണ്ട്.

വിജ്ഞാന കേരളത്തിന്റെ ഒന്നാം ഘട്ടത്തിൽ ബ്ലോക്ക്-മുനിസിപ്പൽ തലങ്ങളിൽ ജോബ് സ്റ്റേഷനുകൾ ഒരുക്കുന്നതിനും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ, ഇന്റർനെറ്റ് സൗകര്യങ്ങൾ മുതലായവയും ഒരുക്കി ജോബ്സ്റ്റേഷൻ തൊഴിൽ കേന്ദ്രങ്ങളുടെയും പ്രവർ ത്തനം സജ്ജമാക്കൽ എന്നതാണ് അടുത്ത ചുമതല.

സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ ഒന്നാംഘട്ട തൊഴിൽ മേഖലകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. ജനുവരി, ഫെബ്രുവരി മാസങ്ങളിലായി പ്രാദേശിക തൊഴിൽമേളകൾ സംഘടിപ്പിച്ച് പരമാവധി പേർക്ക് തൊഴിൽ നൽകുന്നതിന് നമുക്ക് കഴിയണം. പ്രാദേശികമായും അല്ലാതെയും ഏതു തൊഴിൽ ദാതാക്കളെയും ഗുണമേന്മയുള്ള ജീവനക്കാരെ പരിശീലനം നൽകി ലഭ്യമാക്കാൻ കഴിയുന്ന മനുഷ്യ വിഭവ കേന്ദ്രങ്ങളായി ജോബ്സ്റ്റേഷൻ, തൊഴിൽ കേന്ദ്രങ്ങളായി മാറുക എന്നതാണ് നമ്മുടെ ലക്ഷ്യം

കേരളം കാലാവസ്ഥാവ്യതിയാനത്തിന്റെ തീവ്രത ഏറ്റവും കൂടുതൽ അനുഭവിക്കുന്ന മേഖലകളിൽ ഒന്നാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പാശ്ചാത്തലത്തിൽ ശാസ്ത്രീയമായി ദുരന്തനിവാരണ പ്രവർത്തനങ്ങൾ പുതുക്കുക എന്നത് പ്രാദേശിക കാലാവസ്ഥാവ്യതിയാനം, അതിജീവനം പദ്ധതികൾ തയ്യാറാക്കുക എന്നതും നവ കേരള നിർമ്മിതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുക്കേണ്ട ദൗത്യമാണ്.

കേരളത്തിന്റെ ഉൽപാദന മേഖലയെ ഉൾപ്പെടുത്തിക്കൊണ്ടും സംരംഭകത്വം പ്രോത്സാഹിപ്പിച്ചു കൊണ്ടും മാത്രമേ നമ്മുടെ നികുതി വരുമാനവും ആഭ്യന്തര സാമ്പത്തികശേഷിയും വികസിപ്പിക്കാൻ കഴിയു. ഈ പശ്ചാത്തലത്തിൽ സംരംഭകത്വ പ്രോത്സാഹനവും പ്രാദേശിക വികസനത്തിന് ആവശ്യമായ നിക്ഷേപങ്ങളുടെ സമാഹരണവും തദ്ദേശ സ്ഥാപനങ്ങളുടെ വികസിന ആസൂത്രണത്തിന്റെ നിർണായക ഘടകങ്ങളായി മാറണം.



# നവകേരളം
# കർമ്മപദ്ധതി

# നവകേരളം കർമപദ്ധതി Navakeralam Karmapadhathi II

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരമായി ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ തുടക്കം കുറിച്ചതാണ് നവകേരളം കർമപദ്ധതി. ജനങ്ങളുടെ അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘ വീക്ഷണത്തോടെയുള്ള പരിഷ്കാരങ്ങൾക്ക് അടിത്തറ പാകുന്നതിനുള്ള കാലിക പ്രസക്തിയുള്ള ദൗത്യങ്ങളാണ് നവകേരളം കർമപദ്ധതി ഏറ്റെടുത്തിരിക്കുന്നത്.

## 2.1 പൊതുലക്ഷ്യങ്ങൾ

പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന ആവശ്യങ്ങളും ജീവനോപാധിയും, കൃഷി വ്യാപനം, ജലസംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതിസംരക്ഷണം, ദുരന്തങ്ങളെയും കാലാവസ്ഥ വ്യതിയാനത്തെയും അതിജീവിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവുമായ വികസന പദ്ധതികൾ എന്നീ മേഖലകളിൽ വരുംകാല വെല്ലുവിളികളെക്കൂടി നേരിടാൻ കഴിയും വിധത്തിലുള്ള

മുന്നേറ്റമുണ്ടാക്കിയും നിലവിലുള്ള പരിമിതികൾ പരിഹരിച്ച് ഏറ്റവും ഉയർന്ന ഗുണമേൻമ ഉറപ്പാക്കിയും ജനപങ്കാളിത്തത്തോടെ ഒരു നവകേരളം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ് ലക്ഷ്യങ്ങളിൽ പ്രധാനം.

പാർപ്പിടവും ഉപജീവന മാർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരെ, അർഹതയുടെ അടിസ്ഥാനത്തിൽ കണ്ടെത്തി അവരുടെ ജീവിതഗുണമേന്മയും ഉപജീവന സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, ആശുപത്രികളിലും പൊതുവിദ്യാലയങ്ങളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തി അവിടങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉയർത്തുക എന്നിവയും ലക്ഷ്യമാണ്. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതിസംരക്ഷണം, പൊതുആസ്തികളുടെ പരിപാലനം, ആശുപത്രികളുടെയും ആരോഗ്യസേവനങ്ങളുടെയും പരിപാലനം എന്നിവയിൽ ഉത്തരവാദിത്ത സമീപനം വളർത്തിയെടുക്കുകയും നേട്ടങ്ങൾ സ്ഥിരമാക്കുകയും ചെയ്യുക തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു.

“നാല് വികസന മിഷനുകളുടേയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും നിലവിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, നിലവിലുണ്ടായിരുന്ന മിഷൻ പ്രവർത്തനങ്ങളിൽ തുടർച്ച സൃഷ്ടിക്കുക എന്നിവ പ്രവർത്തന സമീപനത്തിലെ മുഖ്യമാർഗ്ഗമാണ്.”

വികസന സൂചികകളിൽ പലതിലും വികസിത രാഷ്ട്രങ്ങളോട് താരതമ്യപ്പെടുത്താവുന്ന നിലയിലാണ് കേരളത്തിന്റെ സ്ഥിതി. നിരവധി ഗുണമേന്മാ സൂചികകളിൽ നമ്മൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. എന്നാൽ വികസിതവും പരിഷ്കൃതവും വിദ്യാസമ്പന്നവുമായ ഒരു പ്രദേശത്തിന് അനുഗുണമല്ലാത്ത ചില പ്രശ്നങ്ങൾ ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് നില നിൽക്കുന്നുണ്ട്. വികസനത്തിൻറെ രണ്ടാം തലമുറ പ്രശ്നങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇവയെ അഭിസംബോധന ചെയ്തുകൊണ്ടാണ് 2016 ൽ നവകേരളം കർമ്മപദ്ധതി ആരംഭിച്ചത്. ആറു വിഷയമേഖലകളിൽ 4 മിഷനുകൾ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ഇതിൻന്റെ ഭാഗമായി അഭിനന്ദനാർഹമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

തികച്ചും അപ്രതീക്ഷിതമായാണ് 2018ലും 2019ലും പ്രളയങ്ങൾ സംഭവിച്ചത്. കാലാവസ്ഥാ വ്യതിയാനത്തിൻറെ തിക്ത ഫലങ്ങൾ കേരളത്തിലും അനുഭവവേദ്യമായി കഴിഞ്ഞു എന്നതിന്റെ തെളിവായി നിരന്തരം ചുഴലിക്കാറ്റുകളും കാലം തെറ്റിയുള്ള മഴയുമെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നു. പഴുതുകളടച്ച ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ പോലും പകച്ചു നിന്നുപോകുന്ന നിപ്പ പോലുള്ള പകർച്ചവ്യാധികളും കോവിഡ് പോലുള്ള മഹാമാരികളുമെല്ലാം കേരളത്തിലും വലിയപ്രഹരങ്ങൾ ഏൽപ്പിക്കുന്ന സ്ഥിതിയുണ്ടായി. ജനങ്ങളെ അണിനിരത്തിയും നിലവിലുള്ള സംവിധാനങ്ങളെ ഏകോപിപ്പിച്ചും ഇതിനെ അതിജീവിക്കാനുള്ള പരിശ്രമത്തിലാണ് നാട് ഏർപ്പെട്ടിരിക്കുന്നത്.

പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയ ദുരന്തങ്ങൾ വരും കാലത്തും ഉണ്ടായേക്കാം. ഇത്തരം സാഹചര്യങ്ങളെ അതിജീവിച്ച് പുതിയ വികസന കാഴ്ചപ്പാടുകളും പ്രവർത്തന രീതികളും വഴി പുതിയ കേരളം

സൃഷ്ടിക്കേണ്ടതുണ്ട്. പുതിയ വികസന കാഴ്ചപ്പാടുകളും പുതിയ പ്രവർത്തന രീതികളും വഴി പുതിയ കേരളം സൃഷ്ടിക്കേണ്ടത് ആവശ്യമാണ് എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിനാണ് നിലവിലുള്ള നാല് വികസന മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും (RKI) ചേർത്ത് നവകേരളം കർമ്മപദ്ധതി-2 ന് തുടക്കം കുറിക്കാൻ സർക്കാർ തീരുമാനിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തി, വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനവും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളുടെ സംയോജനവും വഴി നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കാനാണ് നവകേരളം കർമ്മപദ്ധതി 2 വിഭാവനം ചെയ്തിട്ടുള്ളത്.

## 2.2 നവകേരളം കർമ്മപദ്ധതി-ആദ്യഘട്ടം




കേരളത്തിന്റെ വികസന വിടവുകൾ നികത്തിയും വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ടും നവകേരളം സൃഷ്ടിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് നാല് വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരളം കർമ്മപദ്ധതിക്ക് കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ചത്.

1. സമ്പൂർണ്ണ പാർപ്പിടവും ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള ലൈഫ് മിഷൻ.
2. ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വികസിപ്പിച്ച് ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന ആർദ്രം മിഷൻ.
3. ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായുയർത്തുകയും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
4. ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഹരിത കേരളം മിഷൻ.

"നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഈ വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ,




സഹായ സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിയുള്ള നവകേരളം കർമ്മപദ്ധതി മാർഗ്ഗരേഖയും മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രത്യേക മാർഗ്ഗരേഖകളും പുറത്തിറക്കിയിരുന്നു."

## 2.3 നവകേരളം കർമ്മപദ്ധതി 2.0

വികസന സൂചികകളിൽ പലതിലും വികസിത രാഷ്ട്രങ്ങളോട് താരതമ്യപ്പെടുത്താവുന്ന നിലയിലാണ് കേരളത്തിന്റെ സ്ഥിതി. നിരവധി ഗുണമേന്മാ സൂചികകളിൽ നമ്മൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് തുടർന്നും നിലനിൽക്കുന്ന വികസനത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമാണ് 2016 ൽ നവകേരളം കർമ്മപദ്ധതി ആരംഭിച്ചത്. വിവിധ വിഷയമേഖലകളിലായി നാല് മിഷനുകൾ രൂപീകരിച്ചാണ് നവകേരളം കർമ്മ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്.

പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയ ഇന്ന് നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ദുരന്തങ്ങളും വരും കാലത്തും ഉണ്ടായേക്കാം. ഇത്തരം സാഹചര്യങ്ങളെ അതിജീവിച്ച് പുതിയ വികസന കാഴ്ചപ്പാടുകളും പ്രവർത്തന രീതികളും വഴി പുതിയ കേരളം സൃഷ്ടിക്കേണ്ടതുണ്ടണ്ട്. പുതിയ വികസന കാഴ്ചപ്പാടുകളും പുതിയ പ്രവർത്തന രീതികളും വഴി നവകേരളം സൃഷ്ടിക്കേണ്ടത് ആവശ്യമാണ് എന്ന കാഴ്ചപ്പാടിന്റെ സാക്ഷാത്കാരമായാണ് നിലവിലുള്ള ഹരിതകേരളം മിഷൻ, ആർദ്രംമിഷൻ, ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് വികസന മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും (RKI) ഉൾക്കൊള്ളുന്ന നവകേരളം കർമ്മപദ്ധതി-2 സർക്കാർ രൂപീകരിച്ചത്. പൊതുവിദ്യാഭ്യാസ യജ്ഞം പിന്നീട് വിദ്യാകിരണം മിഷനായി മാറി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തി, വകുപ്പുകളുടേയും ഏജൻസികളുടേയും

ഏകോപനവും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളുടെ സംയോജനവും വഴി നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കാനാണ് നവകേരളം കർമ്മപദ്ധതി 2 വിഭാവനം ചെയ്തിട്ടുള്ളത്.

നവകേരളം സൃഷ്ടിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ നാല് വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരളം കർമ്മപദ്ധതിയിൽ മിഷനുകൾ എന്നതിന്റെ ലക്ഷ്യം ഇതാണ്:

» **സമ്പൂർണ്ണ പാർപ്പിടവും ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള ലൈഫ് മിഷൻ.**

» **ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വികസിപ്പിച്ച് ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന ആർദ്രം മിഷൻ.**

» **ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായുയർത്തുകയും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃകരൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം)**

» **ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഹരിതകേരളം മിഷൻ.**

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഈ വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, സഹായ സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിയുള്ള നവകേരളം കർമ്മപദ്ധതി മാർഗ്ഗരേഖയും മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രത്യേക മാർഗ്ഗരേഖകളും സർക്കാർ പുറത്തിറക്കിയിട്ടുണ്ട്.

പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചും ആവർത്തിക്കപ്പെടാവുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന വിധത്തിലും ആസ്തികൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് കേരള പുനർ നിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്ന പേരിൽ പുതിയ ഒരു പദ്ധതികൂടി 2018-ലെ മഹാപ്രളയത്തെ തുടർന്ന് പ്രവർത്തനമാരംഭിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ, വീടുകൾ, ഉപജീവനോപാധികളുടെ വീണ്ടെടുപ്പ്, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും, പൊതു കെട്ടിടങ്ങളുടെ വലിയ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും, ജല വിതരണം, പരിസ്ഥിതി സംരക്ഷണ-പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികൾ, മലയോര കാർഷിക ആവാസ

വ്യവസ്ഥയുടെ സമഗ്ര വികസനം, മത്സ്യ തൊഴിലാളികളുടെ സമഗ്രമായ പുനരധിവാസവും വികസനവും, തന്ത്രപ്രധാനമായ വലിയ വികസന പദ്ധതികൾ എന്നിങ്ങനെ പത്ത് വിഭാഗങ്ങളിലുള്ള പ്രവർത്തനങ്ങളാണ് കേരള പുനർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

നാല് വികസന മിഷനുകളും കേരള പുനർ നിർമ്മാണ പദ്ധതിയും നടത്തിയ പ്രവർത്തനങ്ങളെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവും വിലയിരുത്തൽ രീതികളും നടപ്പാക്കാൻ കഴിയും വിധം ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-2 എന്ന പേരിൽ ഒരു ഏകീകൃത കർമ്മപദ്ധതി രൂപീകരിച്ച് ഉത്തരവായത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രധാന ലക്ഷ്യങ്ങൾ പൂർത്തീകരിച്ച സ്ഥിതിക്ക് വിദ്യാകിരണം എന്ന പേരിലേക്ക് മാറ്റുകയും ചെയ്തു.

### 2.3.1 നവകേരളം കർമ്മപദ്ധതി-2 പൊതു ലക്ഷ്യങ്ങൾ



» പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന ആവശ്യങ്ങളും ജീവനോപാധിയും കൃഷി വ്യാപനം, ജലസംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവുമായ വികസന പദ്ധതികൾ എന്നീ മേഖലകളിൽ വരുംകാല വെല്ലുവിളികളെക്കൂടി നേരിടാൻ കഴിയും വിധത്തിലുള്ള മുന്നേറ്റമുണ്ടാക്കിയും നിലവിലുള്ള പരിമിതികൾ പരിഹരിച്ച് ഏറ്റവും ഉയർന്ന ഗുണമേൻമ ഉറപ്പാക്കിയും ജനപങ്കാളിത്തത്തോടെ ഒരു നവകേരളം സൃഷ്ടിക്കുക.

» കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുക.

» മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം, പൊതു ആസ്തികളുടെ പരിപാലനം, ആശുപത്രികളുടേയും ആരോഗ്യ സേവനങ്ങളുടേയും പരിപാലനം എന്നിവയിൽ ഉത്തരവാദിത്ത സമീപനം വളർത്തിയെടുക്കുകയും നേട്ടങ്ങൾ സുസ്ഥിരമാക്കുകയും ചെയ്യുക.

» പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുക.

» ദുരന്താഘാത ശേഷിയുള്ള ഒന്നാക്കി നമ്മുടെ സംസ്ഥാനത്തെ പരിവർത്തനം ചെയ്യുക.

» പരിസ്ഥിതി സൗഹൃദ നിർമ്മിതികളും ഹരിതഊർജ്ജ വിനിയോഗവും ഇ-വാഹന നയവും ഹരിത ടൂറിസവും ഉൾപ്പെടെയുള്ളവയിലൂടെ ജൈവ വൈവിധ്യ സംരക്ഷണത്തിനും പോഷണത്തിനും അനുഗുണമായ സാഹചര്യം സൃഷ്ടിക്കുക.

» വികസന പ്രക്രിയയുടെ മുഖ്യധാരയിൽ എത്താൻ കഴിയാതെ പോയവരുടെ ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യ ക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
» മണ്ണും-ജലവും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും അവയുടെ വിനിയോഗത്തിന് ശാസ്ത്രീയമായ രീതികൾ വികസിപ്പിക്കുകയും പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുംവിധം പ്രകൃതി വിഭവ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.
» നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ ഊന്നിയ ഒറ്റ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത്, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം സാധ്യമാക്കി കൂടുതൽ ഫലപ്രദവും സുസ്ഥിരതയുള്ളതുമായ പദ്ധതികൾ നടപ്പാക്കുക.
» പച്ചത്തുരുത്ത്, ഇനി ഞാനൊഴുകട്ടെ, ജലബഡ്ജറ്റ്, ജലഗുണ പരിശോധന, ഗ്രീൻ ക്യാമ്പസ്, ഹരിതനിയമ സാക്ഷരത ഇവ തുടർന്നും നടപ്പാക്കുക.
» പാർപ്പിടവും ഉപജീവന മാർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരെ അപാകതകളില്ലാത്തവിധം കണ്ടെത്തി അവരുടെ ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും വർദ്ധിപ്പിക്കുക.
» ആശുപത്രികളിലും പൊതു വിദ്യാലയങ്ങളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തി അവിടങ്ങളിൽനിന്ന് ലഭിക്കുന്ന സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉയർത്തുക.
» പാർശ്വവത്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്മുറികളിലൂടെ പാർശ്വവത്കരിക്കപ്പെട്ടവരില്ലാത്ത സമൂഹ സൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
» ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക.
» വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യം, ധനസ്രോതസ്സ്, മാനവ വിഭവ ശേഷി എന്നീ വിഭവങ്ങളെയെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതി സൃഷ്ടിക്കുക.
» സോഷ്യൽ ഓഡിറ്റിംഗ്, സാമൂഹ്യ വിലയിരുത്തൽ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയിലൂടെ ജനാഭിലാഷത്തിനനുസൃതമായ വികസനം സാധ്യമാക്കുക.
» സന്നദ്ധ സംഘടനകൾ, പ്രവാസികൾ, സർക്കാരിതര സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ള ജനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണ സഹകരണവും അധിക വിഭവ സമാഹരണത്തിനുള്ള പങ്കാളിത്തവും വികസന പ്രവർത്തനങ്ങളിൽ ഉൾച്ചേരുന്ന പുതിയ സംസ്കാരം വളർത്തുക.
» ആർജിക്കുന്ന നേട്ടങ്ങൾ വരുംകാല വികസന പ്രവർത്തനങ്ങൾക്കുള്ള ദിശാസൂചികയാക്കാൻ കഴിയും വിധത്തിൽ വിവരസഞ്ചയം സൃഷ്ടിക്കുക.

### 2.3.2 നവകേരളം കർമ്മപദ്ധതി-2 പ്രവർത്തന സമീപനം



» കേരളം നാളിതുവരെ ആർജ്ജിച്ചിട്ടുള്ള വികസന നേട്ടങ്ങളെ വിലയിരുത്തി നിലവിലുള്ള പരിമിതികൾ മറികടക്കാൻ കഴിയുന്ന നവകേരളം സൃഷ്ടിക്കുക.

» നാല് വികസന മിഷനുകളുടേയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും നിലവിലുള്ള പ്രവർത്തനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

» നിലവിലുണ്ടണ്ടായിരുന്ന മിഷൻ പ്രവർത്തനങ്ങളുടെ അനുഭവത്തിൽ തുടർച്ച സൃഷ്ടിക്കുക.

» ഉത്തരവാദിത്തത്തോടെ സുതാര്യവും ഫലപ്രദവുമായ ഭരണ നിർവ്വഹണം സാധ്യമാക്കുക. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും മോണിറ്ററിംഗിനും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പാക്കുക.

» വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി ജനകീയ ക്യാമ്പയിനുകളായി പ്രവർത്തനങ്ങൾ നടപ്പാക്കുക.

» തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വകുപ്പുകളുടേയും ഏജൻസികളുമായും ഏകോപനവും പദ്ധതികളുടെ സംയോജനവും പരമാവധി ലഭ്യമാക്കി പ്രവർത്തനങ്ങൾ നടപ്പാക്കുക.

» സുസ്ഥിരതയും കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പാക്കിയും പാരിസ്ഥിതിക നാശം ഉണ്ടാക്കാത്ത വിധത്തിലും പദ്ധതികൾ നടപ്പിലാക്കുക.

» ഹ്രസ്വകാല-ദീർഘകാല പ്രവർത്തനങ്ങൾക്ക് പ്രത്യേക സമീപനം സ്വീകരിച്ചും സമയക്രമം കൃത്യമായി പാലിച്ചും അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കുന്ന രീതി വികസിപ്പിക്കുക.

» കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സംയോജനവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പാക്കുക.

» വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധ തികളും വിഭവങ്ങളും കഴിയുന്നിടത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുക.

» പ്രാദേശിക വിഭവ സമാഹരണത്തിന്റെയും സന്നദ്ധ പ്രവർത്തനത്തിന്റെയും ജനകീയ ഇടപെടലുകളുടെയും സ്പോൺസർഷിപ്പുകളുടെയും രൂപത്തിൽ ലഭിക്കുന്ന വിഭവങ്ങളും പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുടെ ഭാഗമാക്കി മാറ്റുക.

» വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം എല്ലാ രംഗത്തും ഉറപ്പാക്കുകയും ഓരോ മേഖലയിലും നൂതന ആശയങ്ങളും ആഗോളതല മികച്ച പ്രവർത്തന മാതൃകകളും പ്രോത്സാഹിപ്പിക്കുകയും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി അവ പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക.

സംസ്ഥാനം നേരിടുന്ന സാമൂഹ്യ-സാമ്പത്തിക വികസന വെല്ലുവിളികളെ കാലാനുസൃതമായി വിലയിരുത്തിയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കനുസൃതമായി കാലോചിതമായി പരിഷ്കരിച്ചുമാണ് നവകേരളം കർമ്മപദ്ധതി-2 ന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത്. മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയുംവിധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശത്തിന് ഒറ്റപദ്ധതി തയ്യാറാക്കുകയും അവയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും ഏജൻസികളും നിർവ്വഹണം നടത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

### 2.3.3 നവകേരളം കർമ്മപദ്ധതി-2 ഘടനയും പ്രവർത്തനങ്ങളും



» ആർദ്രം, ലൈഫ്, ഹരിതകേരളം, വിദ്യാകിരണം (പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം) എന്നീ നാല് മിഷനുകളും കേരള പുനർനിർമ്മാണ പദ്ധതിയും (RKI) ഉൾക്കൊള്ളുന്ന ഘടനയാണ് നവകേരളം കർമ്മപദ്ധതി-2 ന് ഉള്ളത്.

» പാർപ്പിടവും ഉപജീവനവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ലൈഫ് (LIFE), ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വഴിയുള്ള ആരോഗ്യസുരക്ഷ ലക്ഷ്യമിട്ടുള്ള ആർദ്രം, ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്-ജലസംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം എന്നിവ ലക്ഷ്യമിട്ടുള്ള ഹരിതകേരളം എന്നീ മൂന്ന് മിഷനുകളും അതേ പേരുകളിൽ തന്നെ നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

» പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക വികസിപ്പിക്കുന്നതിനും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസ മിഷൻ 'വിദ്യാകിരണം' എന്ന പേരിലാണ് നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി പ്രവർത്തിക്കുന്നത്.

» മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബന്ധപ്പെട്ട മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ എന്നിവർ അംഗങ്ങളും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ജോയിന്റ് കൺവീനറായും ഉള്ള 'നവകേരളം കർമ്മപദ്ധതി സെൽ' ആണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

» മിഷനുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി റിപ്പോർട്ടുകൾ തയ്യാറാക്കുക, മിഷനുകളുടെ ഭാഗമായുള്ള ജനകീയ ക്യാമ്പയിന് ആവശ്യമായ പിന്തുണ നൽകുക, വിവിധ വകുപ്പുകളും ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനത്തിന്റെയും പദ്ധതികളുടെ സംയോജനത്തിന്റെയും വേദിയായി പ്രവർത്തിക്കുക എന്നിവയാണ് നവകേരളം കർമ്മപദ്ധതി സെല്ലിന്റെ പ്രധാന ചുമതലകൾ.

» മിഷനുകളുടെ പ്രവർത്തനങ്ങളിൽ പരമാവധി ജനപങ്കാളിത്തം കൊണ്ടുവന്ന്

സദ്ഭരണത്തിനുള്ള ജനകീയ പ്രസ്ഥാനമായി നവകേരളം കർമ്മപദ്ധതിയെ വികസിപ്പിക്കുകയാണ് ലക്ഷ്യം. ഇതിനായി നവീന ആശയങ്ങളെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കും.

» മിഷനുകളുടെ ദൈനംദിന നിർവ്വഹണ പ്രവർത്തനത്തിന്റെ മുഖ്യചുമതല മന്ത്രിമാർക്കും വകുപ്പുകൾക്കും ആയിരിക്കും.

» മിഷനുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിലയിരുത്തൽ ഓരോ വകുപ്പിലേയും മന്ത്രിമാരുടേയും സെക്രട്ടറിമാരുടേയും നേതൃത്വത്തിൽ നടത്തും.

» ഫണ്ട്, സാങ്കേതികവിദ്യ, വിദഗ്ധർ എന്നിവയുള്ള വകുപ്പുകളേയും ഏജൻസികളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിന്റെയും പ്രവർത്തന പുരോഗതി ഉറപ്പാക്കുന്നതിന്റെയും ചുമതലകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്ന സാങ്കേതിക സമിതികൾ നിർവ്വഹിക്കും.

» ലൈഫ്, ആർദ്രം, വിദ്യാകിരണം, ഹരിതകേരളം എന്നീ മിഷനുകളുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ജലവിഭവ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളിൽ ഓരോ നോഡൽ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ട്. നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ വകുപ്പുകളിൽ നോഡൽ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. മിഷനുകളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ടുചെയ്യലും വകുപ്പുകളുടെ ഏകോപനവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നോഡൽ ഓഫീസർമാർ നിർവ്വഹിക്കും.

» വകുപ്പുകളുടെ ഭാഗത്തുനിന്ന് മിഷൻ പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ട ഇടപെടൽ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ ഉറപ്പുവരുത്തും.

» നവകേരളം കർമ്മപദ്ധതി-2 മായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ കിലയുമായും മറ്റ് അനുയോജ്യമായ സ്ഥാപനങ്ങളുമായും ചേർന്ന് സംഘടിപ്പിക്കും.

» ക്യാമ്പയിൻ, പരിശീലനം, ജനകീയ വിദ്യാഭ്യാസം, മോണിറ്ററിംഗ് തുടങ്ങിയവ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നവകേരളം സെല്ലിലെ ടീം നിർവ്വഹിക്കും.

» കേന്ദ്രസർക്കാരിൽനിന്ന് ഉൾപ്പെടെയുള്ള ഫണ്ടുകൾ ലഭ്യമാക്കാൻ കഴിയും വിധത്തിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ജിയോ റഫറൻസ് ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സംവിധാനമൊരുക്കും.

» ഓരോ വകുപ്പും നവകേരളം കർമ്മപദ്ധതി ലക്ഷ്യങ്ങളെ എങ്ങനെ പിന്തുണയ്ക്കുന്നു എന്ന പ്രസ്താവന ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് ഉള്ളടക്കത്തിൽ പരാമർശിക്കുന്നുവെന്നും പദ്ധതികൾക്കായുള്ള വിഹിതം ഉൾപ്പെടുത്തുന്നുവെന്നും ഏകോപനത്തിലൂടെ ഉറപ്പാക്കും.

» നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനും വിലയിരുത്തലിനും സഹായകമായ രീതിയിൽ മുഖ്യമന്ത്രിക്ക് പ്രതിമാസ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

» മൂന്നുമാസത്തിലൊരിക്കൽ മുഖ്യമന്ത്രിക്ക് എല്ലാ മിഷനുകളുടേയും പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്താൻ കഴിയുംവിധത്തിൽ ആവശ്യമായ റിപ്പോർട്ടുകൾ നവകേരളം സെല്ലിന്റെ നേതൃത്വത്തിൽ തയ്യാറാക്കും.

### 2.3.3.1 ലൈഫ് മിഷൻ

#### നയ സമീപനം



» അടുത്ത അഞ്ച് വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടത്തും. അതിനായി അഞ്ച് ലക്ഷം വീടുകൾ പണിയും. ലൈഫ് മിഷന്റെ മാനദണ്ഡങ്ങളനുസരിച്ചാകും വീടുകൾ നിർമ്മിച്ചുനൽകുക. പുതിയതായി ലൈഫ് മിഷൻ വീടിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അനുബന്ധ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അതിൽ മാനദണ്ഡപ്രകാരം അർഹരായവർക്ക് വീടുനൽകുന്നതിനുള്ള നടപടികളാണ് ആദ്യം സ്വീകരിക്കുക.

» ലൈഫിൽ ഉൾപ്പെടുത്തി ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾക്കും വീട് നൽകും. കുടുംബത്തിന്റെ ആവശ്യങ്ങളും താൽപ്പര്യവും മനസ്സിലാക്കിക്കൊണ്ടാവും പാർപ്പിട പദ്ധതി ആവിഷ്കരിക്കുക.

» പട്ടിക ജാതി വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക പ്രത്യേക ലക്ഷ്യമായിരിക്കും.

» ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകുകയും തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുകയും തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കുകയും ചെയ്യും.



#### പൊതു ലക്ഷ്യങ്ങൾ

- » പാർപ്പിട മേഖലയിൽ കേരളം അഭിമുഖീകരിക്കുന്ന ബഹുമുഖവും സമ്മിശ്രവുമായ പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടെയും ആധുനിക സാങ്കേതിക വിദ്യകളുടെ പിന്തുണയോടെയും പരിഹാരം കാണുന്നതിനും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സാമ്പത്തിക ശാക്തീകരണം സാദ്ധ്യമാക്കുന്നതിനുമുള്ള സമഗ്ര പദ്ധതിയായി ലൈഫ് മിഷനെ വികസിപ്പിക്കുക.
- » ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക.
- » കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധാരണം നടത്തി വാസ യോഗ്യമാക്കുക.
- » തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക.

### 2.3.3.2 ആർദ്രം മിഷൻ




#### നയസമീപനം

- » പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും മാനസിക രോഗങ്ങളും അപകടംമൂലമുണ്ടാകുന്ന മരണവും ആരോഗ്യ പ്രത്യാഘാതങ്ങളും രോഗാതുരത കുറയ്ക്കുന്നതിനായുള്ള പദ്ധതി മിഷൻ മാതൃകയിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കും.
- » ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും പ്രതിരോധിക്കുകയും ചെയ്യും.
- » രോഗികൾക്ക് സബ്സെന്ററുകൾ വഴി കൃത്യമായി മരുന്ന് ലഭ്യമാക്കും. തുടർച്ചയായ ജനകീയ മെഡിക്കൽ സർവ്വയലൻസും പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഉറപ്പുവരുത്തിക്കൊണ്ട് രോഗാതുരത കുറയ്ക്കാനാവും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മുൻകൈയിൽ വിപുലമായ ജനകീയ ആരോഗ്യ ക്യാമ്പയിനായി ഇതു വളർത്തിയെടുക്കും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലകളിലും കൃത്യതയോടെ നടപ്പിലാക്കും.
- » എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന്റെ തുടർച്ചയായി ഇവയെ ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തും.
- » വൃദ്ധരുടെ ആരോഗ്യ പ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുത്ത് സമഗ്രമായ ഒരു സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പരിപാടി ആസൂത്രണം ചെയ്യുന്നതാണ്. വയോജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജീറിയാട്രിക്സ് ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. പ്രായമായ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് സവിശേഷ പരിഗണന നൽകും.




- പൊതു ആശുപത്രികളിൽ ക്യാൻസർ രോഗികൾക്ക് ചികിത്സാ സൗകര്യം ഉറപ്പാക്കും. പ്രാരംഭ ഘട്ടത്തിൽ തന്നെ ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനു സംവിധാനങ്ങൾ ഒരുക്കും.
- അതിഥി തൊഴിലാളികൾക്ക് ആരോഗ്യ കാർഡ് നൽകുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യും.
- പ്രൊഫഷണൽ സംഘടനകളുമായി ആലോചിച്ച് വിവിധ രംഗങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് സ്റ്റാൻഡേർഡ് ട്രീറ്റ്മെന്റ് ഗൈഡ്‌ലൈൻസ് തയ്യാറാക്കി നടപ്പാക്കും.
- കുടുംബ ആരോഗ്യ കേന്ദ്രങ്ങളെ താലൂക്ക്, ജില്ലാ, സംസ്ഥാനതല കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെലിമെഡിസിൻ സംവിധാനം ഒരുക്കും. ഡോക്ടർമാർക്ക് കെ-ഹെൽത്ത് ആപ്ലിക്കേഷനിലൂടെ നിസാര രോഗങ്ങൾക്ക് വീഡിയോകോളിലൂടെ കൺസൽട്ടേഷൻ നൽകാനും എല്ലാ രേഖകളും വൈദ്യ നിർദ്ദേശങ്ങളും സ്വയമേവ രേഖപ്പെടുത്താനും വേണ്ട സംവിധാനം ഒരുക്കും.
- ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- പാലിയേറ്റീവ് കെയർ നെറ്റ് വർക്കുകൾ ശക്തിപ്പെടുത്തും.
- താലൂക്ക് ആശുപത്രി വരെ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം ഒരുക്കും.
- ആരോഗ്യ ബോധവൽക്കരണം, ജനകീയ ആരോഗ്യ ഇടപെടലുകൾ, സൈക്കിളിംഗ് പോലുള്ള ആരോഗ്യ കായിക പ്രവർത്തനങ്ങൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും.

**പൊതു ലക്ഷ്യങ്ങൾ**

- ആർദ്രം മിഷൻ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, മെഡിക്കൽ

കോളേജുകൾ കേന്ദ്രീകരിച്ച് പൂർത്തീകരിക്കാൻ കഴിയാതിരുന്ന എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിക്കും.നിലവിലുള്ള ഉപകേന്ദ്രങ്ങളുടെ (5409 ഉപകേന്ദ്രങ്ങൾ) സ്റ്റാൻഡേർഡൈസേഷൻ ഘട്ടം ഘട്ടമായി നടപ്പിലാക്കും.

» പൊതുജനങ്ങൾക്ക് ആരോഗ്യവർദ്ധക പ്രതിരോധ സേവനങ്ങൾ കൈയ്യെത്തും ദൂരെ ലഭ്യമാക്കാൻ പ്രദേശിക സർക്കാരിന്റെ എല്ലാ വാർഡുകളിലും വാർഡുതല സംവിധാനങ്ങൾ സജ്ജമാക്കും.

» മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ആരോഗ്യ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കും.ആരോഗ്യരംഗത്ത് എല്ലാ വിഭാഗം ജീവനക്കാരുടെയും നൈപുണ്യ വികസനത്തിനും മനുഷ്യവിഭവശേഷി വർദ്ധനവിനും ഊന്നൽ നൽകും.

» ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന കണക്കിൽ 54 താലൂക്ക് ആശുപത്രികളിൽ ഘട്ടം ഘട്ടമായി 3 വർഷത്തിനകം സ്സ്റ്റാൻഡേർഡൈസേഷൻ നടപ്പിലാക്കും. ഇതിനായി ചികിത്സാ മാനദണ്ഡങ്ങളും റഫറൽ കെയർ പ്ലാനും പ്രത്യേകം തയ്യാറാക്കും. വിവിധ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡൈസേഷൻ സംവിധാനങ്ങളിലൂടെ 90 ശതമാനം ആരോഗ്യ സ്ഥാപനങ്ങളിലും മികവുറ്റ സേവനങ്ങൾ ഘട്ടം ഘട്ടമായി ലഭ്യമാക്കും.

» 152 ബ്ലോക്കിൽ സി.എച്ച്.സി/ബ്ലോക്ക് പി.എച്ച്.സികളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തിപ്പിക്കും. കൃത്യമായ ചികിത്സാ മാനദണ്ഡങ്ങളും റഫറൽ കെയർ പ്ലാനും തയ്യാറാക്കി മികവാർന്ന സേവനം ഉറപ്പാക്കും.

» വിവിധ വകുപ്പുകൾ/മിഷൻ/സംഘടനകളുടെ സംയോജനം, ഏകോപനം വഴി ആരോഗ്യ-ആരോഗ്യ അനുബന്ധ ഘടകങ്ങളിലെ ഇടപെടൽ സാധ്യമാക്കി ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും ഉറപ്പാക്കി സങ്കീർണതകൾ തടയും.

» വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റീവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തും. വയോജനപരിപാലനത്തിനും ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധത്തിനും ആയുഷ് ചികിത്സാ രീതികൾക്കുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തും. ഈ ചികിത്സാ രീതികൾ ശാസ്ത്രീയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ വിപുലീകരിക്കും.

» ആദിവാസി വിഭാഗങ്ങൾ, തീരദേശത്ത് വസിക്കുന്നവർ, LGBTQIA+, സ്ത്രീകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കും.

» നഗരാരോഗ്യ പരിപാലനത്തിന് ഊന്നൽ നൽകി പകർച്ച/പകർച്ചേതര വ്യാധിക ളുടെ വ്യാപനം കുറയ്ക്കും. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക്തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തുകയും രോഗീസൗഹൃദമാക്കുകയും സേവനമേഖല വിപുലപ്പെടുത്തുകയും ചെയ്യും.

» ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി വികസിപ്പിച്ച് കൂടുതൽ സേവനങ്ങൾ ഗ്രാമീണ-നഗരതലങ്ങളിൽ ലഭ്യമാക്കും. നഗര പ്രാഥമിക ആരോഗ്യസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരകുടുംബാരോഗ്യ

കേന്ദ്രങ്ങളും നഗരങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളും ആരംഭിക്കും.

» പകർച്ചവ്യാധി രോഗനിയന്ത്രണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും മലേറിയ, കാലാഅസാർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യും.

» സംസ്ഥാനവ്യാപകമായി ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങളും വിവിധ ക്യാൻസർ രോഗങ്ങൾ ആരംഭ ദശയിൽ തന്നെ കണ്ടെത്തി ചികിത്സിക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും.

» ജീവിതശൈലീരോഗങ്ങളായ രക്തസമ്മർദ്ദവും പ്രമേഹവും നിയന്ത്രിക്കാനും രോഗമുള്ളവരെ കണ്ടെത്തി തുടർ ചികിത്സയും ഈ രോഗങ്ങളുടെ സങ്കീർണ്ണതകളും കുറയ്ക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും. ക്യാൻസർ പ്രതിരോധവും രോഗനിർണ്ണയവും ചികിത്സയും അടങ്ങുന്ന ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകളുടെയും മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സായൂണിറ്റുകളുടെയും ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകളുമായി ബന്ധപ്പെടുത്തിയുള്ള നെറ്റ് വർക്ക് സംവിധാനവും നടപ്പാക്കും.

» പകർച്ചവ്യാധി പ്രതിരോധ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ, ബന്ധപ്പെട്ട മിഷനുകളും ഏജൻസികളും വകുപ്പുകളുമായി ചേർന്ന് നിലവിലെ 'ആരോഗ്യജാഗ്രത' പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പുതിയ ജന്തുജന്യ രോഗങ്ങൾ അടക്കമുള്ള പുതുരോഗങ്ങൾ ആരംഭത്തിൽത്തന്നെ കണ്ടെത്താനുള്ള പാരിസ്ഥിതിക-മൃഗജന്യ മനുഷ്യരോഗ ഘടകങ്ങളും ഒന്നിപ്പിച്ച് പരിശോധിക്കുകയും ഇടപെടുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

» പുതുരോഗങ്ങളുടെ ആരംഭം, വ്യാപനം തുടങ്ങിയവ കണ്ടെത്താനും നിയ ന്ത്രണത്തിനും സഹായകമായ കൊളോബറേറ്റീവ് റിസർച്ച് സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം വഴി ശക്തിപ്പെടുത്തും.

### 2.3.3.3 വിദ്യാകിരണം



**നയ സമീപനം**

» സ്കൂൾ വിദ്യാഭ്യാസ ഡിജിറ്റലൈസേഷന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോ ജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും.

» പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും മേഖലകൾക്കും വേണ്ടി 'ശ്രദ്ധ' പോലുള്ള പരിപാടികൾ ശ്രുതിപാഠം, ഇന്ത്യൻ ആംഗ്യഭാഷയിൽ പരിശീലനം, തേൻകൂട് പോലുള്ള ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സ്കീമുകൾ, അധ്യയനത്തിൽ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക

പരിപാടികൾ എന്നിവ നടപ്പാക്കും.

» സെൽഫ് റിഫ്ളക്ഷൻ കിയോസ്കുകൾ, തിങ്ക് ആന്റ് ലേൺ പ്രോജക്ട്, വിവിധതരം സ്കൂൾ ക്ലബ്ബുകൾ തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കും.
» കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിനുള്ള കെ-ഡാറ്റ് ഓൺലൈൻ അഭിരുചി പരീക്ഷ നടപ്പാക്കും. കലാകായിക വികസനത്തിനായുള്ള പരിപാടി നടപ്പാക്കും.
» ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തും.
» എല്ലാ കുട്ടികൾക്കും കലാ-കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കും. സ്കൂൾ ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവു ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകാൻ ഏർപ്പാടുണ്ടാക്കും.
» നിലവിലുള്ള പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി സംവിധാനങ്ങളുടെ കൂടുതൽ ഏകോപനം ഉറപ്പുവരുത്തും. ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.
» അക്കാദമിക് മാസ്റ്റർപ്ലാൻ സമഗ്രമായി പരിഷ്കരിക്കും. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കും.
» ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ ലഘൂകരിക്കാൻ പദ്ധതികൾ ഉണ്ടാക്കും.
» സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതികളുമായി ബന്ധിപ്പിക്കും. സ്കൂൾ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ വകുപ്പ് തുടങ്ങിയവയിലേയും എം.പി, എം.എൽ.എമാരുടെയും ഫണ്ടുകളുടെ വിനിയോഗം കഴിവതും ഈ മാസ്റ്റർ പ്ലാനിന് അനു സൃതമായിരിക്കുമെന്ന് ഉറപ്പുവരുത്തും.
» മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തെ മാറ്റും.
» എല്ലാ സ്കൂളുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുകയും ഹരിതവിദ്യാലയങ്ങളാക്കി മാറ്റുകയും ചെയ്യും.
» ഒൻപതാം ക്ലാസു മുതൽ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി ഹയർ സെക്കണ്ടറിക്കും അതിനുശേഷമുള്ള ഉന്നത പഠനത്തിനുമുള്ള ഗൈഡൻസ് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തും.
» എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.



ഇത്തരം കാര്യങ്ങളിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകും.

**പൊതുലക്ഷ്യങ്ങൾ**

- സാമൂഹികനീതിയും അവസരതുല്യതയും അടിസ്ഥാനമാക്കിയുള്ള ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നു എന്നുറപ്പാക്കും. ഡിജിറ്റൽ വിടവ് ഇല്ലാതെ സാങ്കേതിക വിദ്യാസാധ്യതകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തും.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ട് സമഗ്രമായ പാഠ്യപദ്ധതി പരിഷ്ക്കരണം നടപ്പാക്കും. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടേയും ഇതരവകുപ്പുകളുടേയും ഫലപ്രദമായ ഏകോപനം.
- വിജ്ഞാന സമൂഹം, പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തുക എന്നീ നിലപാടുകൾക്ക് അനുഗുണമായി വിദ്യാഭ്യാസ സംവിധാനങ്ങളെ പരിവർത്തിപ്പിക്കും.
- വിദ്യാഭ്യാസ രംഗത്ത് ജനപങ്കാളിത്ത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും. വിദ്യാലയങ്ങളെ ജനായത്ത വിദ്യാലയങ്ങളാക്കി വളർത്തിയെടുക്കും.
- വിദ്യാലയവും പരിസരവും ശുചിയായും അപകടരഹിതമായും പരിപാലിക്കാൻ എല്ലാ ശ്രമങ്ങളും നടത്തും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യോടെ ഈ പരിപാടി നടപ്പിലാക്കും.

**2.3.3.4 ഹരിതകേരളം മിഷൻ**

പരിസ്ഥിതി സൗഹൃദ കേരളം സൃഷ്ടിക്കുക എന്നത് നവകേരളസൃഷ്ടിയുടെ മുഖ്യ ലക്ഷ്യമായിരിക്കും. ഓരോ വകുപ്പും ഹരിതകേരളം മിഷൻ ലക്ഷ്യങ്ങളെ എങ്ങനെ പിന്തുണയ്ക്കുന്നു എന്ന പ്രസ്താവന വകുപ്പുകളുടെ ബജറ്റിൽ ഉൾപ്പെടുത്തും. ജനകീയ കാമ്പയിനുകളുടെ രൂപത്തിൽ പരിസ്ഥിതി സംരക്ഷണ പരിപാടികൾ നടപ്പിലാക്കും.



### 2.3.3.5 മണ്ണ്- ജലസംരക്ഷണം (ജലസമൃദ്ധി)

**നയസമീപനം**



» കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുന്നതിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും.

» നീർത്തട അടിസ്ഥാനത്തിലുള്ള ജല-മണ്ണ് സംരക്ഷണ പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ ആവിഷ്ക്കരിക്കും. നദീതട അടിസ്ഥാനത്തിലും വൻ നീർത്തട അടിസ്ഥാനത്തിലും ഉള്ള ആസൂത്രണം ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കും.

» ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണ/ റെഗുലേറ്റർ ശൃംഖല നിർമ്മിച്ച് പുഴകളെ ജലസംഭരണികളാക്കി മാറ്റും. മഴനിഴൽ പ്രദേശത്ത് ജലക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കും.

» നഗരങ്ങളിലെ കനാലുകളും പുഴകളും ശുചിയാക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക. ജലാശയങ്ങളുടെ വാഹക പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ.

» വിവിധ വകുപ്പുകളുടെ ഏകോപനത്തോടു കൂടി നിലവിലുള്ള നീർത്തട വികസന റിപ്പോർട്ടുകൾ ഉപയോഗപ്പെടുത്തും. കൂടാതെ, നീർത്തട പ്ലാനുകൾ വികസന പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന രേഖയായി മാറ്റും.

» എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കും.

**ലക്ഷ്യങ്ങൾ**

» ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല ലഭ്യതയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുക.

» പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം മുഴുവൻ ജനങ്ങളിലും രൂപപ്പെടുത്തുക.ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്ക് കൂടി ഉറപ്പാക്കുക.

» നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.

» ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉപയോഗം ജലവിഭവാസൂത്രണത്തിലും മോണിറ്ററിംഗിലും ഉറപ്പാക്കുക.

» കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ ജലവിഭവ മേഖലയിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞ്, ഇവയെ പ്രതിരോധിക്കും വിധമുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണ നിർവ്വഹണം ഉറപ്പാക്കുക.

» നഗര കേന്ദ്രീകൃത വെള്ളപ്പൊക്കം (Urban Flooding) ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനകീയമായി നിർവ്വഹിക്കുക.



» നീർത്തട അടിസ്ഥാനത്തിൽ മണ്ണ്- ജലസംരക്ഷണ പ്രവർത്തനം ജനകീയമായി നിർവ്വഹിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ ഉറപ്പാക്കുക.

» ജല മലിനീകരണം തടയുക. ഓരു വെള്ളക്കയറ്റം പ്രതിരോധിക്കുക. റൂം ഫോർ റിവർ ശക്തിപ്പെടുത്തുക.

» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുക ളുടേയും ഏജൻസികളുടേയും സഹായത്തോടെ ഏകോപനം സാധ്യ മാക്കിക്കൊണ്ട് പരമാവധി ജനപങ്കാളിത്തോടെ പ്രവർത്തനങ്ങൾ നടത്തുക.

### 2.3.3.6 ശുചിത്വ- മാലിന്യ സംസ്കരണം

**നയസമീപനം**



» കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കുകയും ഉറവിട മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണവും പ്രാദേശിക സ്വീവേജ് സംരക്ഷണവും നടപ്പാക്കുകയും ചെയ്യും.

» അനിവാര്യ ഇടങ്ങളിൽ വൻകിട മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കും. കക്കൂസ് മാലിന്യം സംസ്കരിക്കാൻ ഉതകുന്ന സെപ്റ്റേജുകൾ പ്രാദേശികമായി സ്ഥാപിക്കും.

» വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ സമ്പൂർണ്ണമാക്കും.

» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ കാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം നടപ്പിലാക്കും.

» സംരംഭകത്വ അടിസ്ഥാനത്തിൽ മാലിന്യ സംഭരണവും വേർതിരിക്കലും നടത്തി സംസ്കരിച്ചു വിപണനം നടത്തും.

» സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ളോട്ടർ വേസ്റ്റ് ഫ്രീ സംസ്ഥാനമാക്കും.



- ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.
- കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് റിക്കവറി സെന്ററുകൾ സ്ഥാപിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ വളം 'ഹരിതമിത്രം' ബ്രാൻഡിൽ വിപണിയിലെത്തിക്കും.
- ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുകയും ടൂറിസം കേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടു വരും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം ഗ്രീൻ ഓഡിറ്റിംഗ് സമിതികൾ രൂപീകരിക്കും.
- ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടൂറിസ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കുകയും സജീവ പങ്കാളികളാക്കുകയും ചെയ്യും.

**ലക്ഷ്യങ്ങൾ**

- മണ്ണ്, ജലം, അന്തരീക്ഷം എന്നിവ എന്നും വൃത്തിയോടെയും ശുചിത്വത്തോടെയും നില നിർത്തുന്നതിന് ജനകീയ പങ്കാളിത്തത്തോടെ ക്യാമ്പയിൻ മാതൃകയിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുക.
- മാലിന്യ പരിപാലനത്തെ വിഭവവും തൊഴിലുമാക്കി മാറ്റി അതിലൂടെ മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിനാവശ്യമായ സമ്പദ്ഘടന രൂപപ്പെടുത്തുക.
- സംസ്ഥാന സർക്കാരിന്റെ ഖര-ദ്രവമാലിന്യ പരിപാലന നയങ്ങൾക്കും നിലവിലുള്ള ചട്ടങ്ങൾക്കും അനുസൃതമായി വികേന്ദ്രീകൃത മാതൃകയിൽ മാലിന്യ പരിപാലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വ കേരളം സൃഷ്ടിക്കുക.
- വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി ഉറപ്പാക്കുക. മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയും സമൂഹത്തിൽ ശുചിത്വ ബോധം വളർത്തിയും ശുചിത്വ അവകാശ നിർണ്ണയം സാധ്യമാക്കുക.

» പ്രത്യേകം കൈകാര്യം ചെയ്യേണ്ട മാലിന്യങ്ങളായ ഇറച്ചി മാലിന്യം, മുടി മാലിന്യം, സാനിട്ടറി മാലിന്യം, പുനഃചംക്രമണ സാധ്യമല്ലാത്ത വസ്തുക്കൾ, കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് എന്നിവയുടെ ശേഖരണത്തിനും ശാസ്ത്രീയ സംസ്കരണത്തിനും മേഖലാതലത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ സംവിധാനമൊരുക്കൽ.

» മാലിന്യ സംസ്കരണ മേഖലയ്ക്കാവശ്യമായ വിദഗ്ധരെ രൂപ്പെടുത്തുന്നതിന് സഹായക രമായ രീതിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ നിർദ്ദേശിക്കുക.

### 2.3.3.7 പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം



#### നയസമീപനം

» കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവ് സൃഷ്ടിക്കും. ഇതിനായി കാർഷികോൽപ്പന്നങ്ങളുടെ തറവിലയിൽ കാലോചിതമായ പരിഷ്കാരവും കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധന അനുബന്ധ ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനവും നൂതന ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ കാർഷിക ഉല്പാദന ക്ഷമതയിൽ വർദ്ധനവ്, വിപണനത്തിനായി ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ രൂപീകരണം എന്നിവ പ്രാവർത്തികമാക്കും.

» കാർഷിക മേഖലയിൽ ഉപജീവന തൊഴിലവസരം സൃഷ്ടിക്കും. ഇതിനായി പാടശേഖര സമിതികൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ കൃഷി പ്രോത്സാഹിപ്പിക്കും. ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തും.

» കാർഷിക അഭിവൃദ്ധിക്കായി നീർത്തടാധിഷ്ഠിത ആസൂത്രണം പ്രായോഗികമായി നടപ്പിലാക്കുകയും ഈ പദ്ധതികളുടെ അടിസ്ഥാനത്തിൽ വിള കലണ്ടറും പ്ലാനും തയ്യാറാക്കും.

» കൃഷിഭവൻ വഴിയുള്ള എക്സ്റ്റൻഷൻ നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. തരിശുഭൂമി കണ്ടെത്തി കൃഷി ചെയ്യുന്ന പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കും. അയൽക്കൂട്ട ക്ലസ്റ്ററിന്റെ അടിസ്ഥാനത്തിൽ സംയോജിത ബഹുവിള പുരയിട കൃഷി പ്രോത്സാഹിപ്പിക്കും.

» നഗരകൃഷി പ്രോത്സാഹിപ്പിക്കും. റസിഡന്റ് അസോസിയേഷൻ സഹായത്തോടെ ടെറസ്സ്-മുറ്റം കൃഷി പ്രോത്സാഹിപ്പിക്കും. ഗാർഹിക മാലിന്യ കമ്പോസ്റ്റിംഗും നഗര കൃഷിയും സംയോജിപ്പിക്കും. കെട്ടിട സമുച്ചയങ്ങളിൽ മലിനജലം പുനഃചംക്രമണം നടത്തി പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തും.

» ഒരുകോടി ഫലവൃക്ഷ തൈകൾ നടുന്ന പദ്ധതി നടപ്പിലാക്കും. ഇതിനാവശ്യമായ തൈകൾ കൃഷി വകുപ്പിന്റെ ഏജൻസികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുടേയും നഴ്സറികൾ വഴി ഉല്പാദിപ്പിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപന



അടിസ്ഥാനത്തിൽ നടുന്ന ഫലവൃക്ഷങ്ങളെ സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കുകയും മോണിട്ടറിംഗ് നടത്തുകയും ചെയ്യും. തനത് ഫലവൃക്ഷങ്ങളുടെ അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിക്കും.

» തൊഴിലുറപ്പ് പദ്ധതി, കാർബൺ ന്യൂട്രൽ പദ്ധതി എന്നിവയുൾപ്പെടുത്തി മുള വച്ചുപിടിപ്പിക്കുന്നത് വ്യാപകമാക്കും. വനഭൂമിയിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ മാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കും.

» അധിനിവേശ കള സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

**ലക്ഷ്യങ്ങൾ**

» പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം എന്ന ലക്ഷ്യം കൈവരിക്കാനായി തരിശ് ഭൂമി വിനിയോഗത്തിന് ഊന്നൽ നൽകികൊണ്ട് നെൽകൃഷി, മറ്റു ധാന്യവിളകൾ ഉൾപ്പെടെയുള്ള ഭക്ഷ്യവിളകളുടെ ഉൽപ്പാദനം പരമാവധി വർധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക.

» പച്ചക്കറി ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കിയതിന്റെ തുടർച്ചയായി സ്വയം പര്യാപ്ത തയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോട് കൂടി വീടുകളിലും സ്ഥാപനങ്ങളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുക.

» കേരളത്തിന്റെ തനതായ ഫലവർഗ്ഗങ്ങളുടെ വിസ്തൃതി വ്യാപിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുക.

» ചെറുധാന്യങ്ങളുടെയും എണ്ണക്കുരുക്കളുടെയും കൃഷി വ്യാപിപ്പിക്കുക.

» കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്താനായി സംയോജിത കൃഷി സമ്പ്രദായം വ്യാപിപ്പിക്കുക. ഔഷധ കൃഷി പ്രോത്സാഹനത്തിനായി സാദ്ധ്യമായ സ്ഥലങ്ങളിൽ ഔഷധ കൃഷി സമ്പ്രദായം നടത്തുക.

» സംസ്ഥാനത്തിന്റെ നഗരവൽക്കരണ സ്വഭാവത്തിനനുസൃതമായി ആധുനിക കൃത്യതാ കൃഷി സമ്പ്രദായങ്ങളും ലംബകൃഷി സംവിധാനങ്ങളും ഉൾപ്പെടെയുള്ള ദ്വിതീയ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. ഇതിലൂടെ അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

» സുരക്ഷിത ഭക്ഷ്യ ഉൽപ്പാദനത്തിനുവേണ്ടി ജൈവകൃഷി ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹൃദ ഭക്ഷ്യ ഉൽപ്പാദനവും ആരോഗ്യ സൗഹൃദ ഭക്ഷ്യ സംസ്കരണവും സംഭരണവും വിതരണവും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

» കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും പുതിയ കാർഷിക മൂല്യ ശൃംഖല ശക്തിപ്പെടുത്തുക.

» കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യത്തിലേക്ക് വിവിധ വകുപ്പുകളേയും ഏജൻസികളേയും സന്നദ്ധ സംഘടനകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ. നിലവിലുള്ള പച്ചത്തുരുത്തുകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനും വേണ്ട നടപടികൾ. പുതിയതായി കണ്ടൽക്കാടുകളും മുളക്കൂട്ടങ്ങളും പുഴയോര സ്വാഭാവിക സസ്യജാലങ്ങളും ഉൾപ്പെടെ കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കും.

» കാർഷിക മേഖലയിൽ വിവിധ ഘടകങ്ങളായ ഭക്ഷ്യ ഉൽപ്പാദനം, സംഭരണവും വിപണനവും, മൂല്യവർധനവ്, ഫാം ടൂറിസം എന്നീ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് വരുമാന വർധനവിനും വിവിധ പദ്ധതികൾ, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കൽ.

» കാർഷിക ആവാസ യൂണിറ്റുകളിൽ നീർത്തട അടിസ്ഥാനത്തിൽ പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കനുസൃതമായി ധാന്യവിളകളുടേയും പച്ചക്കറിയുടേയും ഫലവർഗ്ഗങ്ങളുടേയും ഔഷധ സസ്യങ്ങൾ, എണ്ണക്കുരുവിളകളുടേയും കാർഷിക വനവൽക്കരണത്തിന്റേയും മാതൃക പദ്ധതികൾ ആവിഷ്കരിക്കൽ.



# പ്രാദേശിക സാമ്പത്തിക വികസനം
## (LED)











## 3.1 പതിനാലാം പഞ്ചവത്സര പദ്ധതിയും പ്രാദേശിക സാമ്പത്തിക വികസനവും

കോവിഡ് മൂലം ലോകത്ത് എമ്പാടും ഉണ്ടായ തൊഴിൽ നഷ്ടത്തിന്റെ പശ്ചാത്തലം കേരളത്തേയും ബാധിച്ചിട്ടുണ്ട്. കേരളത്തിലേക്കുള്ള പ്രവാസി വരുമാനത്തേയും ഇത് ഗൗരവമായി ബാധിച്ചു. ആഭ്യന്തര ഉത്പാദനവും തൊഴിൽ അവസരങ്ങളും ശക്തിപ്പെടുത്തികൊണ്ടു മാത്രമേ ഇതിനെ മറികടക്കാൻ കഴിയൂ.

ഈ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക രംഗത്തെ ഇടപെടലുകൾ ശക്തമാക്കാൻ ഊന്നൽ നൽകിയുള്ള നിരവധി നടപടികൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കൈകൊണ്ടിട്ടുണ്ട്. എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local Economic Development Plan) തയ്യാറാക്കുന്നതിനുള്ള ഒരു മാർഗ്ഗരേഖ 2023 ജനുവരി മാസത്തിൽ പുറത്തിറക്കുകയുണ്ടായി.

പ്രാദേശിക സാമ്പത്തിക വികസനത്തിനായി പ്രത്യേക പദ്ധതികൾ ഓരോ തദ്ദേശതല ഭരണസ്ഥാപനങ്ങളും തയ്യാ

റാക്കും. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പ്രാദേശിക സാമ്പത്തിക വികസന പ്രോജക്റ്റുകൾ വികസിപ്പിക്കുന്നതിനും, സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംരംഭകത്വ തൊഴിൽ വികസന കൗൺസിൽ (Entrepreneurship and Employment Development Council) രൂപീകരിക്കും. സംരംഭകർക്ക് സാങ്കേതിക പിന്തുണ നൽകാനുള്ള ഹെൽപ്പ് ഡസ്ക് സംവിധാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കും. ബ്ലോക്ക് തലത്തിൽ സംരംഭകർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ രൂപീകരിക്കാം. സംരംഭകർക്കാവശ്യമായ വിശദ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള സേവനങ്ങൾ ഈ സെന്ററുകൾ വഴി നൽകും.

സംരംഭകർക്ക് നേരിട്ട് പിന്തുണ നൽകുന്നതിന് സഹായകമായ രീതിയിൽ പതിനാലാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ തന്നെ കാതലായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. സംരംഭങ്ങൾക്ക് റോഡ്, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, സാങ്കേതിക വിദ്യ വാങ്ങുന്നതിനുള്ള പിന്തുണ നൽകുക, ആശയങ്ങൾ ഇൻകുബേറ്റ് ചെയ്യുന്നതിനുള്ള പിന്തുണ നൽകുക, നൂതന ആശയങ്ങൾക്ക് പിന്തുണ നൽകുക എന്നീ കാര്യങ്ങൾക്കായി സബ്സിഡി മാനദണ്ഡങ്ങൾ ഉപയോഗിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്. സംരംഭകത്വ പ്രോത്സാഹനത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ഈ നടപടികൾ വലിയ തോതിലുള്ള ഊർജ്ജം നൽകും.

## 3.2 പ്രാദേശിക സാമ്പത്തിക വികസനവും സംരംഭകത്വവും

കഴിഞ്ഞ കുറച്ചു പതിറ്റാണ്ടുകളിലായി കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റവും സാമ്പത്തിക രംഗത്ത് കൈവരിച്ച പുരോഗതിയും പ്രാഥമികമായും സേവന മേഖലയെ അമിതമായി ആശ്രയിച്ചു കൊണ്ടാണ് എന്ന് കാണാവുന്നതാണ്. സവിശേഷമായ ശ്രദ്ധ അർഹിക്കുന്നതും എന്നാൽ ഇതിനോട് ചേർത്തു വായിക്കാവുന്നതുമായ മറ്റൊരു മാറ്റം കേരളത്തിന്റെ തൊഴിലുത്പാദന മേഖലയുടെ മുരടിപ്പാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി, കേരളത്തിന്റെ കാർഷിക മേഖലയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ ഇടിവ് പ്രസ്തുത മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ തോതിലും ഉണ്ടായിട്ടുണ്ട്. സ്വാഭാവികമായും വളർച്ച പ്രകടിപ്പിച്ചു കൊണ്ടിരുന്ന സേവനമേഖലയാണ് ഈ മാറ്റത്തിൽ പ്രാഥമിക തൊഴിൽദാതാവായി മാറിയത്. എന്നാൽ കഴിഞ്ഞ കുറച്ചു



വർഷങ്ങളിലായി വർധിച്ചു വരുന്ന തൊഴിലില്ലായ്മ സൂചിപ്പിക്കുന്നത് സേവന മേഖലയുടെ തൊഴിൽ ആഗിരണ ശേഷിയിൽ കുറവുണ്ടാകുന്നു എന്നതാണ്. കേരളത്തിന്റെ സവിശേഷമായ സാമൂഹിക ചുറ്റുപാടിൽ, അഭ്യസ്തവിദ്യരായ യുവാക്കളാണ് സംസ്ഥാനത്തെ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പ്രാഥമികമായി അനുഭവിക്കുന്നതെങ്കിലും മധ്യവയസ്കർക്കിടയിലും തൊഴിലില്ലായ്മയുടെ നിരക്ക് വർധിച്ചു വരികയാണ്. പ്രവാസ ജീവിതം അവസാനിപ്പിച്ചുള്ള പ്രവാസികളുടെ തിരിച്ചു വരവും പൊതുവായ സംരംഭകത്വ മനോഭാവത്തിന്റെ അഭാവവും ഈ

മാറ്റത്തിന് ആക്കം കൂട്ടുന്നു.

മേൽ സൂചിപ്പിച്ച തരത്തിലുള്ള വിവിധങ്ങളായ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക രംഗത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി ദൃശ്യമാണെങ്കിലും കേരള സാമ്പത്തിക മേഖല താരതമ്യേന മികച്ച വളർച്ചാനിരക്ക് പ്രകടമാക്കുന്നുണ്ട്. ഉദാഹരണമായി 2022- 2023 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2023-2024 ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിലുള്ള വളർച്ച 8.2% ആണ്. അഥവാ, കേരളം സാമ്പത്തിക വളർച്ചയുടെ പാതയിലാണ് മുന്നേറുന്നത്. എന്നാൽ, ടൂറിസം, ഇൻഫർമേഷൻ ടെക്ക്നോളജി, കൺ സ്ട്രക്ഷൻ എന്നിവയെ ആശ്രയിച്ചു കൊണ്ടുള്ള ഈ വളർച്ച കേരളത്തിലെ ഏതാനും പ്രദേശങ്ങളിലായി കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. വളർച്ചയുടെ ഈ കേന്ദ്രീകരണത്തെ ഇല്ലാതാക്കി കൊണ്ട് ജനാധിപത്യവത്ക്കരിക്കുകയും വളർച്ചയെ സ്ഥലീയമായി വിതരണം ചെയ്തുകൊണ്ട് പ്രാദേശിക സാമ്പത്തിക വികസനത്തിനാവശ്യമായ സാഹചര്യങ്ങളും സംഘടനാ രൂപങ്ങളും സൃഷ്ടിക്കുകയും ചെയ്യുക എന്നത് പരമപ്രധാനമാണ്. പതിനാലാം പദ്ധതിയിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് നൽകിയ പ്രത്യേക ഊന്നലും 2023 ൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ പ്രാദേശിക സാമ്പത്തിക വികസന മാർഗ്ഗരേഖയും ഈ പ്രാധാന്യം കണക്കിലെടുത്തു കൊണ്ടുള്ളതാണ് (സ.ഉ. (കൈ) നം. 3/2023/LSGD, തീയതി 04/01/2023).

ഉൽപ്പാദക-സേവന-അടിസ്ഥാന സൗകര്യ മേഖലകളിൽ ഒതുങ്ങി നിൽക്കുന്നതിനപ്പുറം പൂർണ്ണമായി പ്രാദേശിക സാമ്പത്തിക വികസനത്തിലും തൊഴിലുത്പാദനത്തിലും ക്രിയാത്മ കമായി ഇടപെടുന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മനോഭാവം പുതിയ കാലത്തെ ആവശ്യങ്ങളോട് ഒത്തുപോകുന്ന രീതിയിൽ മാറേണ്ടതുണ്ട്. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകളിലും ഫണ്ടുകളിലുമുള്ള അമിത ആശ്രിതത്വം കുറച്ചു കൊണ്ട്, ലഭ്യമായ പ്രാദേശിക വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിച്ചും പ്രാദേശിക സമ്പദ് വ്യവ സ്ഥയിൽ സ്ഥയിൽ യഥാസമയം ഇടപ്പെട്ടു കൊണ്ടും ചലിപ്പിച്ചു കൊണ്ടും തനത് വരുമാനം വളർത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയേണ്ടതുണ്ട്. 2023 ൽ രൂപീകരിച്ച സംസ്ഥാന വ്യവസായ നയം, 2022-2023 സംരംഭക വർഷം, തദ്ദേശ സ്ഥാപനങ്ങളിൽ സംരംഭകത്വ പിന്തുണയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള വ്യവസായ വകുപ്പിന്റെ ഇന്റേൺമാർ, സംസ്ഥാന സർക്കാരിന്റെ Ease of doing business നയം, കെട്ടിട നിർമ്മാണച്ചട്ടങ്ങളിലെ, മാറ്റങ്ങൾ, ലൈസെൻസ് ചട്ടങ്ങളിലെ മാറ്റങ്ങൾ എന്നിവയെല്ലാം ഈ അനിവാര്യമായ മാറ്റത്തിന് സഹായകമായ ഇടപെടലുകളാണ്. സൂക്ഷ്മ- ചെറുകിട സംരംഭങ്ങളായി കണക്കാക്കാനുള്ള നിക്ഷേപ- വിറ്റുവരവ് പരിധി നിബന്ധനകളിൽ ഉണ്ടായ മാറ്റവും പ്രസ്തുത സംരംഭങ്ങൾക്ക് സാങ്കേതികവിദ്യ നവീകരണം, വ്യാപനം എന്നിവ ചെയ്യുന്നതിനാവശ്യമായ ക്രെഡിറ്റ് സാധ്യതകളിലേക്കു മാത്രമല്ല മറ്റനേകം ഇളവുകളിലേക്കും അവസരം തുറന്നിടുന്നു.

പ്രസ്തുത അനുകൂല സാഹചര്യങ്ങളെ ഫലപ്രദമായി ഉപയോഗിക്കാനും അതുവഴി ജനകേന്ദ്രീകൃതമായ പുരോഗതിക്കാവശ്യമായ ഇടപെടലുകൾ നടത്തുവാനും ആവശ്യമായ അഭിരുചിയും ഉൾക്കാഴ്ചയും പ്രാദേശിക ഭരണ സമിതികൾക്ക് ഉണ്ടാവേണ്ടതുണ്ട്. സ്വയം

തൊഴിൽ- തൊഴിൽദായക സംരംഭങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊണ്ട് പ്രാദേശിക തൊഴിൽ സന്നദ്ധതയും സാധ്യതകളും കൂട്ടി വരുമാനം വർദ്ധിപ്പിക്കുക എന്നത് പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നു. അതിനാവശ്യമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധങ്ങളായ ഇടപെടൽ സാധ്യതകൾ ഉണ്ട്.

### 3.2.1 ഇടപെടൽ മേഖലകൾ

പുതിയ സ്വയംതൊഴിൽ- തൊഴിൽദായക സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിനൊപ്പം തന്നെ വളർച്ചാ സാധ്യതയുള്ള നിലനിൽക്കുന്ന സംരംഭങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നതും അവയുടെ ഗുണത ഉയർത്താനാവശ്യമായ സൗകര്യം ഒരുക്കുക എന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമായ പ്രവർത്തനങ്ങളാണ്. അതിനോടൊപ്പം പ്രാദേശിക തൊഴിൽ- നൈപുണ്യ വിടവുകൾ മനസ്സിലാക്കി കൊണ്ടും പ്രാദേശിക ആവശ്യങ്ങളെ പരിഗണിച്ചു കൊണ്ടും തൊഴിലന്വേഷകർക്ക് നൈപുണീ വികസനത്തിനുള്ള അവസരം ഒരുക്കുക, തൊഴിൽ അന്വേഷകരെയും തൊഴിൽദായകരെയും പരസ്പരം ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു പിന്തുണ സംവിധാനത്തിന് രൂപം നൽകുക, പ്രാദേശിക സാമ്പത്തിക വളർച്ചയ്ക്ക് അനുയോജ്യമായ ഒരു സംഘടനാരൂപം സൃഷ്ടിക്കുക എന്നതെല്ലാം പ്രാദേശിക സർക്കാരുകൾക്ക് പ്രാദേശിക സമ്പദ് വ്യവസ്ഥയിൽ ഫലപ്രദമായി ഇടപെടാനുള്ള അവസരം നൽകുന്നു.

സംരംഭക പിന്തുണയ്ക്കാവശ്യമായ വിവിധ പിന്തുണാസംബിധാനങ്ങൾ ഇതിനോടകം തന്നെ ഉണ്ടെങ്കിലും അവയുടെ ഫലപ്രാപ്തി നിരന്തരമായ വിലയിരുത്തലുകളും സജീവമായ ഇടപെടലുകളും കൂട്ടി ചേർക്കലുകളും ആവശ്യപ്പെടുന്നവയാണ്. സംരംഭകരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള അകലം ലഘൂകരിക്കുന്നതിനായി പ്രാദേശിക സാമ്പത്തിക വികസന മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള തദ്ദേശ സ്ഥാപനതല സംരംഭക തൊഴിൽ വികസന കൗൺസിൽ, തദ്ദേശസ്ഥാപനങ്ങളിൽ നിന്നു ലഭിക്കേണ്ടുന്ന അനുമതികളും ഫയൽ നീക്കവും സമയാനുസൃതമായി നടപ്പിലാക്കുന്നതിന് രൂപീകരിക്കപ്പെട്ട ഹെൽപ്പ് ഡെസ്കുകൾ എന്നിവ ഇതിനോടകം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ, സാമ്പത്തിക സഹായം, പുതിയ സാങ്കേതിക വിദ്യകൾ, സംരംഭക മാതൃകകൾ എന്നിവയെ സംബന്ധിച്ച ഉപദേശം നൽകുന്നതിന് വിദഗ്ധ സമിതികൾ വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ, ബിസിനസ് പ്ലാനുകൾ എന്നിവ താരതമ്യേന കുറഞ്ഞ ചിലവിൽ തയ്യാറാക്കി നൽകുന്ന ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവയും ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്നു. പ്രസ്തുത പിന്തുണാസംവിധാനങ്ങളുടെ ഘടനയിലും പ്രവർത്തനത്തിലും നിലനിൽക്കുന്ന വിടവുകളെ കണ്ടെത്തുകയും അതുവഴി പ്രാദേശിക സാമ്പത്തിക വികസനത്തെ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യേണ്ടത് അതത് പ്രാദേശിക സർക്കാരുകൾ ആണ്.



## 3.2.2 സബ്സിഡികൾ/പിന്തുണകൾ



പതിനാലാം പദ്ധതി രേഖയോടെയാണ് പ്രാദേശിക സാമ്പത്തിക വികസനം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ അജണ്ടകളിലൊന്നായി കണക്കാക്കണമെന്നുള്ള വാദത്തിന് ശക്തിയേറുന്നത്. പതിനാലാം പദ്ധതിയുടെ സബ്സീഡി മാർഗ്ഗരേഖയിൽ വന്ന സമഗ്രമായ മാറ്റം ഇത് മുഖ്യ ലക്ഷ്യമായി കണക്കിലെടുത്തായിരുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്കും പത്തിൽ കൂടുതൽ ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന തൊഴിൽദായക സംരംഭങ്ങൾക്കും പ്രാദേശിക സർക്കാരുകൾക്ക് നേരിട്ട് സബ്സീഡി നൽകാം എന്ന നിർദ്ദേശം പതിനാലാം പദ്ധതിയോട് ചേർന്നു വന്ന ഒരു പ്രധാന മാറ്റം ആണ്. അതിന്റെ ഭാഗമായി മൊബൈൽ റെസ്റ്റോറന്റുകൾ, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ, കാർഷിക ഉത്പന്ന സംസ്കരണ യൂണിറ്റുകൾ, കുടുംബശ്രീ വിപണന സംവിധാനങ്ങൾ തുടങ്ങി വിവിധ തരം സ്വയം തൊഴിൽ/ഗ്രൂപ്പ് സംരംഭങ്ങൾക്കായി വ്യത്യസ്ത മാനദണ്ഡങ്ങളോടു കൂടിയ സബ്സിഡികൾ പദ്ധതി മുന്നോട്ടു വയ്ക്കുന്നു. ഇതിനു പുറമേ പത്തുലക്ഷം വരെയുള്ള ബാങ്ക് പൊതു വായ്പകളിൽ ജനറൽ വിഭാഗത്തിന് പരമാവധി 6% ഉം പട്ടികജാതി/പട്ടിക വർഗ്ഗ/വനിത വിഭാഗങ്ങൾക്ക് പരമാവധി 8 ശതമാനവും പലിശ സബ്സിഡി 3 വർഷം വരെ ലഭ്യമാക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

### 3.2.2.1 നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന സബ്സിഡി/ഫണ്ട്/ഗ്രാന്റുകൾ;

- ടെക്ക്നോളജി ക്ലൈമാറ്റ ഫണ്ട്: കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് ആവശ്യമായ സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിന് സാങ്കേതിക വിദ്യാലയത്തിന്റെ 75% വരെ നൽകുകയും ചെയ്യുന്നതു വഴി സംരംഭങ്ങൾക്ക് സാങ്കേതികമായി പുരോഗതി പ്രാപിക്കുന്നതിനുള്ള പിന്തുണ.
- ടെക്ക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്: സംരംഭങ്ങളിൽ നിലവിലുള്ള സാങ്കേതികവിദ്യ കാലാനുസൃതമായി നവീകരിക്കുന്നതിനും അതുവഴി സമാന ഉത്പന്നങ്ങളുടെ ഗുണനിലവാരത്തോട് ചേർന്നു പോകുന്നതിനും ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും യഥാക്രമം 5 ലക്ഷവും 10 ലക്ഷവും ധനസഹായം നൽകാവുന്നതാണ്. ജില്ല പഞ്ചായത്തുകൾക്കും നഗര തദ്ദേശസ്ഥാപനങ്ങൾക്കും 15 ലക്ഷമാണ് ധനസഹായത്തിന്റെ പരിധി.
- ഇന്നവേഷൻ ഫണ്ട്: സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ ഉത്പന്നങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക പിന്തുണയും ഗവേഷണ സഹായവും ലഭ്യമാക്കുന്നതിന് ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ വഴി നൽകാവുന്ന സാമ്പത്തിക പിന്തുണയാണ് ഇന്നവേഷൻ ഫണ്ട്. ജില്ല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 15 ലക്ഷം വീതവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയുമാണ് പരമാവധി നൽകാൻ സാധി

ക്കുന്നത്. ഗ്രാമപഞ്ചായത്തുകളുടെ ഇന്നൊവേഷൻ ഫണ്ട് പരിധി 5 ലക്ഷം ആണ്.

» ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്: പ്രകൃതി ദുരന്തങ്ങൾ മുതലായ കാരണങ്ങളാൽ നാശനഷ്ടം സംഭവിച്ച സംരംഭങ്ങൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് അഞ്ചു ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പത്തു ലക്ഷം രൂപ വരെയും സാമ്പത്തിക പിന്തുണ നൽകാവുന്നതാണ്. നഗരസഭകൾക്കും ജില്ല പഞ്ചായത്തുകൾക്കും 15 ലക്ഷം രൂപ വരെ ഈ ആവശ്യത്തിനായി നൽകാവുന്നതാണ്. നാശനഷ്ടങ്ങൾ പരിഹരിച്ചുകഴിഞ്ഞാൽ ടി തുക നിശ്ചിത ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്.

» ഇൻക്യുബേഷൻ ഫണ്ട്: സംരംഭകരുടെ ബിസിനസ് ആശയങ്ങൾ വിജയ സാധ്യതയുള്ള സംരംഭങ്ങളാക്കി വികസിപ്പിക്കുന്നതിന് സാങ്കേതിക സഹായം, ഗവേഷണ സഹായം, വിപണന സഹായം, മാനേജ്മെന്റ് സഹായം, മെന്ററിംഗ് ഉൾപ്പടെയുള്ള വിവിധ ഇൻക്യുബേഷൻ പിന്തുണകൾ ലഭ്യമാക്കുന്നതിന് നൽകുന്ന സാമ്പത്തിക പിന്തുണ. ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷവും, ബോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷവും ജില്ല പഞ്ചായത്ത്, നഗരസഭ തുടങ്ങിയവയ്ക്ക് 15 ലക്ഷവും ആണ് പരിധി നിശ്ചയിച്ചിട്ടുള്ളത്.

ഇവയോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്നതോ പ്രവർത്തിക്കുന്നതോ ആയ സംരംഭങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി വിനിയോഗിക്കാവുന്ന സംരംഭക പുനരുജ്ജീവന ഫണ്ടും സീഡ് സപ്പോർട്ട് സ്കീമും പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

### 3.2.2.2 വേണ്ടതെന്ത്?

നിലവിൽ മികവോടെ ചെയ്തു വരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് പുറമേ അനേകം പുതിയ ഉത്തരവാദിത്വങ്ങളും പ്രാദേശിക സർക്കാരുകൾക്ക് വന്നു ചേർന്നിരിക്കുകയാണ്. അവയിൽ പ്രധാനമായ ഒന്നാണ് പ്രാദേശിക സാമ്പത്തിക വികസനം. തനത് വരുമാനം വർദ്ധിപ്പിച്ചു കൊണ്ട് പ്രദേശത്തിന്റെ സാമ്പത്തിക ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഉപാധിയായും അതിനപ്പുറം പ്രദേശത്തെ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങളെ ഫലപ്രദമായി അഭിമുഖീകരിക്കുന്നതിനുള്ള മാർഗ്ഗമായും പ്രാദേശിക സാമ്പത്തിക വികസനത്തെ മനസ്സിലാക്കുകയും അതിനാവശ്യമായ സംഘടനാ രൂപങ്ങൾ പ്രാദേശിക തലത്തിലും സംസ്ഥാനതലത്തിലും രൂപം നൽകുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

ഒരു പ്രദേശത്തെ സംരംഭകരെയും സംരംഭകത്വ താത്പര്യമുള്ളവരെയും കണ്ടെത്തി അവരെ പ്രാദേശിക സമ്പദ് വ്യവസ്ഥയിലേക്ക് കൂട്ടി ചേർക്കാനുള്ള ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകൾക്കുണ്ട്. നിലനിൽക്കുന്ന വിടവുകളെ തിരിച്ചറിഞ്ഞു കൊണ്ട് അതത്പ്രദേശത്തെ പ്രകൃതി വിഭവങ്ങളോടൊപ്പം മനുഷ്യവിഭവത്തെയും ഉൾച്ചേർക്കുന്ന സംരംഭക ആശയങ്ങളെ സമാഹരിക്കാനും അവർക്ക് തുടർച്ചയായ പിന്തുണ സംവിധാനം ഒരുക്കാനും നിലവിലുള്ള സംഘടനാ രൂപങ്ങൾ പൂർണ്ണാർത്ഥത്തിൽ ഫലപ്രദമല്ല. ഉദാഹരണമായി സംരംഭാശയങ്ങളുടെ പ്രൊജക്ട് റിപ്പോർട്ടുകൾ, ബിസിനസ് പ്ലാനുകൾ, എന്നിവ

സംരംഭാശയങ്ങൾക്ക് തയ്യാറാക്കുന്നതിന് പലപ്പോഴും സാമ്പത്തിക പിന്തുണ ആവശ്യം വരാറുണ്ട്. അതിനെ അഭിസംബോധന ചെയ്യാനും തുടർച്ചയായ പിന്തുണ സംരംഭകർക്ക് ഉറപ്പാക്കാനും നിലവിലുള്ള പിന്തുണ സംവിധാനങ്ങൾ പര്യാപ്തമല്ല.

പ്രാദേശിക സമ്പദ്വ്യവസ്ഥയുടെ ചാലകങ്ങളെയും സാധ്യതകളെയും തിരിച്ചറിയാനാവശ്യമായ ഉൾക്കാഴ്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടെങ്കിൽ മാത്രമേ മേൽ സൂചിപ്പിച്ച വിടവുകളെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പ്രാദേശിക വിഭവങ്ങളെയും പ്രാദേശിക സമ്പദ് വ്യവസ്ഥയെയും ഫലപ്രദമായി കൂട്ടി ചേർക്കുക വഴി പ്രാദേശിക വിഷയങ്ങളായ തൊഴിലില്ലായ്മ, ജനങ്ങൾക്കിടയിലെ സാമ്പത്തിക- സാമൂഹിക അന്തരം മുതലായവയ്ക്ക് ഒരു ഉത്തരം നൽകാൻ സാധിക്കുക മാത്രമല്ല, വിവിധങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആകെത്തുകയായി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും ഉണർവ്വ് നൽകാൻ പ്രാദേശിക സർക്കാരുകൾക്ക് സാധിക്കും. അഥവാ, സംസ്ഥാനതലത്തിലുള്ള സാമ്പത്തിക ചാലക ശക്തികളെ പ്രാദേശിക സവിശേഷതകൾ കൂടി കണക്കിലെടുത്തു കൊണ്ട് തങ്ങളുടെ പ്രദേശത്തേക്ക് ആഗിരണം ചെയ്യുകയും തിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യകരമായ മത്സരത്തിലൂടെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കുകയും ചെയ്യുന്ന ചാക്രിക വ്യവസ്ഥയിലൂടെ സംസ്ഥാനത്തിന്റെ ആകെ വികസനത്തിന് നേതൃത്വം നൽകാൻ പുതുതായി വരുന്ന പ്രാദേശിക സർക്കാരുകൾ സജ്ജമാകേണ്ടതുണ്ട്.

ഓരോ തദ്ദേശസ്ഥാപനവും അതാത് പ്രദേശത്തിന്റെ സാധ്യതകളും വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തി തൊഴിലും വരുമാനവും സാമ്പത്തിക വളർച്ചയും നേടുവാൻ പരിശ്രമിക്കണം. വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഇവിടെ പ്രവർത്തിക്കേണ്ടത്. സംരംഭകർക്ക് അനുയോജ്യമായ പ്രോജക്ട് കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനായി സംരംഭകത്വ തൊഴിൽ വികസന കൗൺസിലും സാങ്കേതിക സമിതിയും പ്രവർത്തിക്കേണ്ടതും പിന്തുണ നൽകേണ്ടതുമാണ്. കൂടാതെ തൊഴിലവസരങ്ങൾ കണ്ടെത്തി അനുയോജ്യമായവ തൊഴിലന്വേഷകർക്ക് എത്തിക്കുകവഴി സാമൂഹ്യവും സാമ്പത്തികവുമായ വളർച്ച നേടാനാകും. എംപ്ലോയബിലിറ്റി സെന്ററും പ്രവർത്തനവും വിജ്ഞാനകേരളം പദ്ധതിയും ഇക്കാര്യത്തിൽ നല്ല പ്രവർത്തനം നടത്തേണ്ടതുണ്ട്.

## 3.3 സംരംഭകത്വ വികസനം

ഒരു ആശയത്തെ ഒരു ബിസിനസ്സാക്കി മാറ്റുന്ന പ്രക്രിയയാണ് സംരംഭകത്വ വികസനം എന്ന് പറയുന്നത്.

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ (വ്യവസായ വകുപ്പ്) ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇതിൽ പ്രധാനമാണ് "ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം" എന്ന പദ്ധതി. One Local Body One Product (OLOP). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോട് കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലും പ്രാദേശികമായി സംരംഭക സാദ്ധ്യതയുള്ള

ഉല്പന്നങ്ങൾ കണ്ടെത്തുകയും അവയുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുകയും അവയെ വിപണിയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ഒ. എൽ. ഒ. പി.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത, മൂല്യവർദ്ധന സാദ്ധ്യത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, വിദഗ്ധ തൊഴിലാളികളുടെ ലഭ്യത, വിപണന സാദ്ധ്യത തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി ഓരോ തദ്ദേശ സ്ഥാപനത്തിൽ നിന്നും ഒരു ഉല്പന്നമെങ്കിലും തിരഞ്ഞെടുത്ത് ബ്രാൻഡ് ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിന് വ്യവസായ വകുപ്പു സഹകരണം നൽകിവരുന്നു.

ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നൽകണമെന്നു പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലൂടെ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development- LED) ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. [G.O(MS) No.3/2023/LSGD dtd 04.01.2023]

## 3.3.1 സംരംഭക വികസനത്തിൽ പ്രാദേശിക സർക്കാരുകളുടെ സഹായം

തൊഴിൽ മേഖലയിൽ ഇതുവരെ വ്യക്തിഗത/ഗ്രൂപ്പു അധിഷ്ഠിത തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ, റിവോൾവിംഗ് ഫണ്ടു നൽകൽ തുടങ്ങിയ പദ്ധതികളാണ് പ്രാദേശിക സർക്കാരുകൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടത്തിയിരുന്നത്. സംരംഭകത്വ വികസനത്തിലൂടെ സുസ്ഥിരമായ പ്രാദേശിക വികസനം സാദ്ധ്യമാക്കി ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പങ്ക് വളരെ വലുതാണെന്നു കണ്ടു ആ നിലയ്ക്കുള്ള പ്രവർത്തനങ്ങളാണ് 14-ാം പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. മൂന്നു തരത്തിലുള്ള പ്രവർത്തനങ്ങളാണ് സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

1. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായം
2. നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിന്
3. പ്രവർത്തനം മന്ദീഭവിച്ച നിലവിലുള്ള സംരംഭങ്ങളെ പുനർജ്ജീവിപ്പിക്കുക

### 3.3.1.1 പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായം

» സംരംഭകരുടെ സ്വന്തം മുതൽ മുടക്കിൽ തുടങ്ങുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യുക

» പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക. സ്വയം തൊഴിൽ സംരംഭങ്ങൾക്കും തൊഴിൽദായക സംരംഭങ്ങൾക്കും പലിശ സബ്സിഡി ഉൾപ്പടെയുള്ള സഹായം നൽകാം.

ഇത്തരം പുതിയ സംരംഭങ്ങൾക്ക് സാങ്കേതികവിദ്യ കൈവരിക്കുന്നതിനായി ടെക്നോളജി ഫണ്ട് നവീന ആശയങ്ങൾ വിപുലീകരിക്കുന്നതിന് ഇന്നോവേഷൻ ഫണ്ട്. പുതുസംരംഭങ്ങളെ

ആദ്യഘട്ടത്തിൽ പിടിച്ചു നിൽക്കുന്നതിനായി/പരിരക്ഷിക്കുന്നതിനായി ഇൻകുബേഷൻ ഫണ്ട് മുതൽമുടക്കിനാവശ്യമായ സീഡ് ഫണ്ടിംഗ് തുടങ്ങിയ സഹായങ്ങൾ നൽകാവുന്നതാണ്.

#### 3.3.1.2 നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരികരണം

നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിന് സഹായം നൽകുക എന്നതാണിത്. മുൻഖണ്ഡികയിൽ വിവരിച്ചിട്ടുള്ള വിവിധ തരം സഹായങ്ങൾക്ക് പുറമെ ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ടും അനുവദിക്കാവുന്നതാണ്.

#### 3.3.1.3 നിലവിലുള്ളവയെ പുനർജ്ജീവിപ്പിക്കുക

സാമ്പത്തിക പ്രതിസന്ധിമൂലമോ മറ്റു കാരണങ്ങളാലോ പ്രവർത്തനം മന്ദീഭവിക്കുകയോ നിലച്ചു പോകുകയോ ചെയ്തിട്ടുള്ള സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പര്യാപ്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഇടപെട്ടു പ്രവർത്തിക്കണം. പലിശ സബ്സിഡി അടക്കമുള്ള ധനസഹായം ഇത്തരം സംരംഭങ്ങൾക്ക് നൽകാവുന്നതാണ്.

### 3.3.2 സംരംഭകത്വ –തൊഴിൽ വികസന കൗൺസിൽ

പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും വിലയിരുത്തുന്നതിനുമായി പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും സെക്രട്ടറി കൺവീനറായും പഞ്ചായത്ത്തല സംരംഭകത്വ – തൊഴിൽ വികസന കൗൺസിൽ രൂപീകരിക്കേണ്ടതാണ്. (കൗൺസിലിന്റെ ഘടന മുതലായ വിശദ വിവരങ്ങൾക്ക് LED മാർഗ്ഗരേഖ കാണുക)

### 3.3.3 പുതിയ കമ്മിറ്റി –ഉത്തരവാദിത്വങ്ങൾ

പുതിയ പഞ്ചായത്ത് കമ്മിറ്റിയും അതിന്റെ നെടും തൂണായ പുതിയ പഞ്ചായത്ത് പ്രസിഡന്റും തങ്ങളുടെ പഞ്ചായത്തിലെ സംരംഭകത്വ വികസന പ്രവർത്തനങ്ങളുടെ അവസ്ഥ എന്താണെന്നു പഠിക്കാനും വിശകലനം ചെയ്യാനും തയ്യാറാകണം.

ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്ക രിക്കാൻ നിലവിൽ പഞ്ചായത്തിന് കഴിയുന്നുണ്ടോ ഇല്ലെങ്കിൽ എങ്ങനെയാണ് ലക്ഷ്യം കൈവരിക്കുക എന്ന് പരിശോധിക്കണം.

സംരംഭകത്വ പ്രോത്സാഹനത്തിലൂടെയും നൈപുണ്യവികസനത്തിലൂടെയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ടോ ഇല്ലെങ്കിൽ എന്തൊക്കെ സാദ്ധ്യമാകുമെന്ന് വിലയിരുത്തി മുന്നോട്ടു പോകാൻ കഴിയണം.



# വിജ്ഞാന കേരളം: പുതിയ വികസന ലക്ഷ്യവും ജനകീയ മുന്നേറ്റവും



# വിജ്ഞാനകേരളം
VIJNANAKERALAM

## 4.1 വിജ്ഞാനസമൂഹത്തിലേക്ക് കേരളത്തിന്റെ പരിവർത്തനം

കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് 'വിജ്ഞാനകേരളം ജനകീയ കാമ്പയിൻ'. കേരളം വിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റം കൈവരിച്ചെങ്കിലും, അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കിടയിലെ ഉയർന്ന തൊഴിലില്ലായ്മ സംസ്ഥാനം നേരിടുന്ന ഒരു പ്രധാന പ്രതിസന്ധിയായി തുടരുന്നു. കേന്ദ്ര സർക്കാരിന്റെ പീരിയോഡിക്കൽ ലേബർ ഫോഴ്സ് സർവ്വേ (PLFS)യുടെ കണക്കുകൾ പ്രകാരം, കേരളത്തിലെ മൊത്തം തൊഴിലില്ലായ്മ നിരക്ക് 29.39% ആണ്, ഇത് ദേശീയ ശരാശരിയേക്കാൾ ഏതാണ്ട് മൂന്ന് മടങ്ങാണ്. തൊഴിലില്ലാത്തവരിൽ 40 ശതമാനം പേർക്കും ഡിഗ്രിയോ അതിൽ കൂടുതലോ വിദ്യാഭ്യാസ യോഗ്യതയുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിൽ നാം സാർവത്രിക വിദ്യാഭ്യാസത്തിലൂടെ നേടിയ സാമൂഹിക മുന്നേറ്റത്തെ, സമകാലിക ലോകക്രമത്തിനനുസരിച്ച് ഒരു 'വിജ്ഞാന സമ്പദ്ഘടന'യായി (Knowledge Economy) പരിവർത്തനം ചെയ്യുക എന്നതാണ് ഈ കാമ്പയിന്റെ മൗലിക ലക്ഷ്യം. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ

മാതൃകയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും കുടുംബശ്രീ മിഷന്റെ പങ്കാളിത്തത്തോടും കൂടി, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് യുവജനങ്ങളെയും സ്ത്രീകളെയും, വൈജ്ഞാനിക തൊഴിൽ രംഗത്തേക്ക് കൈപിടിച്ചുയർത്താനുള്ള ഒരു ബഹുമുഖ ഇടപെടലാണിത്.

## 4.2 വിജ്ഞാന സമ്പദ്ഘടനയുടെ പ്രാധാന്യം

വിജ്ഞാന സമ്പദ്ഘടന എന്നാൽ, വിവരസാങ്കേതിക വിദ്യയിലും നൂതനവിദ്യകളിലും അധിഷ്ഠിതമായ ഒരു സാമ്പത്തിക വ്യവസ്ഥയാണ്. കേവലം ഉൽപ്പാദനത്തിലോ ഭൗതിക വിഭവങ്ങളിലോ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം, അറിവിന്റെ ഉൽപ്പാദനത്തിലും പ്രയോഗത്തിലും വിതരണത്തിലും ഊന്നൽ നൽകുന്ന ഒരു സമൂഹം. കേരളത്തെപ്പോലെ ഭൂമിശാസ്ത്രപരമായ പരിമിതികളുള്ള ഒരു സംസ്ഥാനത്തിന്, മനുഷ്യവിഭവശേഷിയുടെ മികവിനെ മൂലധനമാക്കി മാറ്റാനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗം ഇതാണ്.

കേരളത്തിന് ഈ ലക്ഷ്യം നേടാൻ കഴിയുമെന്ന് ഉറപ്പാണ്. കാരണം, ഉയർന്ന സാക്ഷരതാനിരക്കും മികച്ച പൊതുവിദ്യാഭ്യാസ-ആരോഗ്യ സംവിധാനങ്ങളുമുള്ള ഒരു ജനത ഇവിടെയുണ്ട്. എന്നാൽ ഈ ഗുണപരമായ അടിത്തറയ്ക്ക് മുകളിൽ, നീതിയിലും ശാസ്ത്രബോധത്തിലും പരിസ്ഥിതി സൗഹൃദത്തിലും അധിഷ്ഠിതമായ ഒരു വിജ്ഞാനസമൂഹത്തെയാണ് നാം പടുത്തുയർത്തേണ്ടത്. ഉപഭോഗാസക്തിക്ക് പകരം സാംസ്കാരിക ഉപഭോഗവും പാരിസ്ഥിതിക സൗഹൃദപരതയും പ്രോത്സാഹിപ്പിക്കപ്പെടണം, ഒപ്പം ലിംഗസമത്വം ഉറപ്പുവരുത്തണം. ഇതാണ് നമ്മൾ ലക്ഷ്യമാക്കേണ്ടത്.

## 4.3 വിജ്ഞാന സമ്പദ്ഘടനയിലേക്ക് മാറുന്നതിലൂടെയുള്ള പ്രധാന നേട്ടങ്ങൾ

അഭ്യസ്തവിദ്യർക്ക് തൊഴിൽ: പരമ്പരാഗത തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന വെല്ലുവിളികളെ മറികടക്കാൻ ഇതിലൂടെ കഴിയും.

സാമ്പത്തിക വളർച്ച: നൂതന സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകളും വിജ്ഞാന വ്യവസായങ്ങളും വഴി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താം.

സാമൂഹിക നീതി: വിദ്യാഭ്യാസം ലഭിച്ച കൂട്ടായ്മയെ സാമൂഹിക മാറ്റത്തിനായി ഉപയോഗിക്കാൻ സാധിക്കുന്നു. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## 4.4 വിജ്ഞാന കേരളം ജനകീയ കാമ്പയിൻ: ഘടനയും ലക്ഷ്യങ്ങളും

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നിവരുടെ നേതൃത്വത്തിലാണ് ഈ ജനകീയ കാമ്പയിൻ നടപ്പാക്കുന്നത്. ജനകീയാസൂത്രണത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ട്, പ്രാദേശിക പങ്കാളിത്തത്തോടെ, തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും ഏകോപിപ്പിച്ച് ഒരു പുതിയ മാറ്റം സമൂഹത്തിൽ ഉണ്ടാക്കുക എന്നതാണ് കാമ്പയിന്റെ മുഖമുദ്ര.

### 4.4.1 പ്രധാന ലക്ഷ്യങ്ങൾ

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുക.

തൊഴിലന്വേഷകർക്ക് അവരുടെ വിദ്യാഭ്യാസത്തിനും അഭിരുചിക്കുമനുസരിച്ചുള്ള തൊഴിലുകൾ ആവശ്യമായ പരിശീലനം നൽകി ഉറപ്പാക്കുക.



» സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായി ഉയർത്തുന്നതിന് ലക്ഷ്യമിടുക.

» നൈപുണ്യ വികസന പരിപാടികളും പരിശീലനങ്ങളും നടപ്പാക്കുക.

» തൊഴിൽദാതാക്കളുടെയും തൊഴിലന്വേഷകരുടെയും ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കി പ്രാദേശികമായി ഇടപെടലുകൾ നടത്തുക.

## 4.5 സംഘടനാപരമായ ഘടന

കാമ്പയിൻ താഴെത്തട്ടിൽ വരെ എത്തിച്ചേരുന്നതിന് ശക്തമായ ഒരു സംഘാടന ശൃംഖല രൂപപ്പെടുത്തിയിട്ടുണ്ട്:

പ്രാദേശിക സമിതികൾ: വാർഡ് മെമ്പർ ചെയർപേഴ്സൺ ആയ വാർഡ് തല സമിതികൾ, യഥാർത്ഥ തൊഴിലന്വേഷകരെ കണ്ടെത്തി തൊഴിലിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

ജോബ് സ്റ്റേഷൻ/ഫെസിലിറ്റേഷൻ സെന്ററുകൾ/തൊഴിൽ കേന്ദ്രങ്ങൾ: ജില്ലാ തലത്തിൽ PMU (പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റ്) കൾക്ക് പുറമെ ബ്ലോക്ക്, നഗരസഭ, കോർപ്പറേഷൻ തലങ്ങളിൽ വിജ്ഞാന കേരളം പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്ന സംഘടനാ സംവിധാനമാണ് ജോബ് സ്റ്റേഷനുകൾ. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

ഓരോ തൊഴിലിനും അനുയോജ്യമായ നൈപുണി പരിശീലനം ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കണം. കേവലം ഹ്രസ്വമായ പരിശീലനങ്ങൾ കൊണ്ട് മാത്രം കാര്യമില്ല. തുടർന്ന്, സമാഹരിച്ച തൊഴിലവസരങ്ങളിലേക്ക് പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ ജോബ് സ്റ്റേഷനുകളുമായി ചേർന്ന് പ്രവർത്തിക്കണം

## 4.6 പരിശീലന ശൃംഖല

» KRP (Key Resource Persons): മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

» LRP (Local Resource Persons): ബ്ലോക്ക്/നഗരസഭാ തലത്തിൽ LRP മാർക്ക് പരിശീലനം നൽകുന്നു. ഒരു വാർഡിൽ നിന്ന് 2-4 പേർ LRP മാരായി പ്രവർത്തിക്കുന്നു.

കുടുംബശ്രീയുടെ പങ്ക്: കുടുംബശ്രീ സിഡിഎസുകളിലെ കമ്യൂണിറ്റി അംബാസഡർമാർ വഴിയാണ് പ്രാദേശിക തലത്തിലെ പ്രവർത്തനങ്ങൾ പ്രധാനമായും ഏകോപിപ്പിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, സാക്ഷരതാ പ്രേരക്മാർ, കമ്മ്യൂണിറ്റി അംബാസിഡർമാർ, സി.ഡി.എസ്. ചെയർപേഴ്സൺമാർ തുടങ്ങിയവരും ചേർന്ന് തൊഴില




ന്വേഷകരുടെ വീടുകൾ സന്ദർശിച്ച് (ക്യാൻവാസ് ചെയ്ത്) DWMS (Digital Workforce Management System) പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിക്കണം. രജിസ്റ്റർ ചെയ്തവരുമായി ബന്ധപ്പെടാനും നൈപുണി പരിശീലനത്തിന് പ്രേരിപ്പിക്കാനും ഇത് സഹായിക്കും.

## 4.7 ഡിജിറ്റൽ പ്ലാറ്റ്ഫോം: DWMS

തൊഴിലന്വേഷകരെ കണ്ടെത്തുന്നതിനും തൊഴിൽമേളകളിലേക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ഡിഡബ്ല്യുഎംഎസ് (DWMS- Digital Workforce Management System) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നു. ഉദ്യോഗാർത്ഥികളുടെ യോഗ്യതകളും താൽപ്പര്യങ്ങളും മനസ്സിലാക്കി ജോലികൾ വർഗ്ഗീകരിക്കുന്നതിൽ DWMS നിർണ്ണായക പങ്ക് വഹിക്കുന്നു. ഈ പോർട്ടലിൽ ഇതിനോടകം ലക്ഷക്കണക്കിന് ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## 4.8 സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തൽ: ഒരു സാമൂഹിക ഇടപെടൽ



'വിജ്ഞാന കേരളം' കാമ്പയിന്റെ ഏറ്റവും ശ്രദ്ധേയമായ ലക്ഷ്യങ്ങളിലൊന്ന്, കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഗണ്യമായി ഉയർത്തുക എന്നതാണ്. നിലവിൽ പല കാരണങ്ങൾകൊണ്ടും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറവാണ്. ജാതിപരമായ ആൺകോയ്മ, വിവാഹത്തിനു ശേഷമുള്ള ഗാർഹിക ജോലികൾ, കുട്ടികളുടെയും വീട്ടുകാരുടെയും പരിചരണച്ചുമതല, സുരക്ഷിതമല്ലാത്ത തൊഴിൽ അന്തരീക്ഷം തുടങ്ങിയ സാമൂഹിക ഘടകങ്ങൾ സ്ത്രീകളെ തൊഴിൽ രംഗത്തുനിന്ന് അകറ്റി നിർത്തുന്നു. വിജ്ഞാന കേരളം ഈ പ്രശ്നത്തെ ഒരു സാമൂഹിക ഇടപെടലായി കാണുന്നു.

### 4.8.1 സ്ത്രീകളുടെ തൊഴിലില്ലായ്മ: കാരണങ്ങളും മറികടക്കലും

സ്ത്രീകൾ ചെയ്യുന്ന ജോലികൾ പലപ്പോഴും 'ഗാർഹിക ജോലികൾ' എന്ന ലേബലിൽ ഉപജീവനത്തൊഴിലായി പരിഗണിക്കപ്പെടുന്നില്ല. എങ്കിലും വീട്ടമ്മമാർ തൊഴിൽ രംഗത്തേയ്ക്ക് കടന്നുവരാൻ അതിയായി ആഗ്രഹിക്കുന്നുണ്ട്.

ഗാർഹിക ജോലിഭാരം: വിവാഹവും വീട്ടുപണികളുമായി ബന്ധപ്പെട്ട സാമൂഹിക ചിട്ടവട്ടങ്ങൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തെ ദോഷകരമായി ബാധിക്കുന്നു.

തൊഴിൽ വിഭജനം: കേരളത്തിലെ തൊഴിൽ മേഖലകളിലും 'ജൻഡർ തൊഴിൽ വിഭജനം' പ്രകടമാണ്.

പരിഹാരം: തൊഴിൽ രംഗത്തേക്കുള്ള സ്ത്രീ പ്രവേശനം, ഗാർഹിക ഭാരം കുറയ്ക്കുന്നതിനും, പുറത്ത് സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള സാമൂഹിക ഇടപെടലുകൾ അനിവാര്യമാക്കുന്നു.

### 4.8.2 വിജ്ഞാന കേരളവും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം (LFPR) 50 ശതമാനമായി ഉയർത്തുക എന്നതാണ് കാമ്പയിന്റെ ഏറ്റവും വലിയ സാമൂഹ്യ ലക്ഷ്യം. സ്ത്രീയുടെ പ്രാഥമിക ചുമതല വീട്ടുപരിപാലനമാണ് എന്ന പൊതുധാരണ കാരണം, രൂക്ഷമായ തൊഴിലില്ലായ്മയിൽ സ്ത്രീകൾ പിന്തള്ളപ്പെടുകയും, തൊഴിൽ അന്വേഷണം അവസാനിപ്പിച്ച് വീട്ടമ്മമാരായി ഒതുങ്ങുകയും ചെയ്യുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുക എന്നതാണ് ഇതിന്റെ കാതൽ.

വൈജ്ഞാനിക തൊഴിലുകളിൽ ശ്രദ്ധ: പ്രാദേശിക ജോലികളിൽ തളച്ചിടാതെ, ഉയർന്ന നൈപുണ്യ പരിശീലനത്തിലൂടെ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്കും, പഠനം പൂർത്തിയാക്കിയവർക്കും, ഫ്രീലാൻസിങ്, വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം പോലുള്ള നൂതന തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.

വീട്ടമ്മമാർക്ക് പ്രാദേശിക തൊഴിലുകൾ (Low Skill Local Jobs): പ്രാദേശിക തലത്തിൽ ആവശ്യമുള്ളതും കുറഞ്ഞ നൈപുണ്യം ആവശ്യമുള്ളതുമായ നിരവധി തൊഴിലുകൾ ഉണ്ട്. ഇവ കണ്ടെത്തി ലിസ്റ്റ് ചെയ്യണം. ഉദാഹരണത്തിന്, സ്കിൽ@കാൾ, ഷോപ്പ്@കാൾ പോലുള്ള സേവനങ്ങളും, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ഇലക്ട്രോണിക്സ്/ഗാർഹിക ഉപകരണങ്ങളുടെ റിപ്പയറിംഗ്, കാർപെന്ററി, ഫർണീച്ചർ റിപ്പയർ, വാട്ടർപ്രൂഫിംഗ്, പെയിന്റിംഗ്, കാർ വാഷിംഗ്, ഹോം കെയർ, ഹെൽത്ത് കെയർ, പാലിയേറ്റീവ് കെയർ (കിടപ്പുരോഗികളുടെ പരിചരണം) തുടങ്ങിയ സേവന മേഖലകളും ഇതിൽപ്പെടുന്നു.

കുടുംബശ്രീയുടെ പങ്ക്: സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനം ഉയർത്താനുള്ള ക്യാമ്പയിനുകൾക്ക് കുടുംബശ്രീ നിർണായക പങ്ക് വഹിക്കുന്നു. കുടുംബശ്രീ മിഷന്റെ 'ഓണത്തിന് ഒരു ലക്ഷം തൊഴിൽ', 'പുതുവർഷത്തിൽ രണ്ട് ലക്ഷം തൊഴിലുകൾ' പോലുള്ള മുൻ ക്യാമ്പയിനുകളുടെ തുടർച്ചയായാണ് വിജ്ഞാന കേരളം ഈ ലക്ഷ്യം മുന്നോട്ട് വെക്കുന്നത്.

സാമ്പത്തിക ശാക്തീകരണം: ഒരു ലക്ഷം പേർക്ക് തൊഴിൽ കൊടുത്താൽ ഏകദേശം ₹54,000 കോടി രൂപ പ്രതിവർഷം സാധാരണക്കാരുടെ വീടുകളിൽ എത്തുമെന്നാണ് കണക്കാക്കുന്നത്. ഇത് സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിപ്പിക്കുകയും സമൂഹത്തിൽ

അവരുടെ നില മെച്ചപ്പെടുത്തുകയും ചെയ്യും.

## 4.9 പരിശീലനവും വിദേശ തൊഴിൽ സാധ്യതകളും

വിജ്ഞാന കേരളം കാമ്പയിൻ, കേരളത്തിലെ കാമ്പസുകളെ കേവലം അക്കാദമിക് കേന്ദ്രങ്ങൾ എന്നതിലുപരി, ആഗോള തൊഴിൽ വിപണിക്ക് ആവശ്യമായ വിദഗ്ധരെ സൃഷ്ടിക്കുന്ന നൈപുണി ഹബ്ബുകളാക്കി മാറ്റുകയാണ്. തൊഴിലന്വേഷകരെ ആധുനിക തൊഴിൽ വിപണിക്ക് അനുസൃതമായി സജ്ജരാക്കുന്നതിന് വിജ്ഞാന കേരളം വിപുലമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

### 4.9.1 നൈപുണി പരിശീലനം

നൈപുണി വികസനം: വിജ്ഞാന വ്യവസായങ്ങൾക്ക് ആവശ്യമായ വിദഗ്ധ തൊഴിൽശേഷി സുലഭമായി കേരളത്തിൽ ലഭ്യമാകുമെന്ന് സർക്കാർ ഉറപ്പുവരുത്തുന്നു. ഇതിനായി നൈപുണി പരിശീലനം ഉന്നതവിദ്യാഭ്യാസ മേഖലയുടെ അഭേദ്യ ഭാഗമാക്കുന്നു. വിവരസാങ്കേതികവിദ്യ (IT), ഡാറ്റാ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ബ്ലോക്ക്ചെയിൻ, അഡ്വാൻസ്ഡ് മാനുഫാക്ചറിംഗ് തുടങ്ങിയ ഭാവിയിൽ ഏറെ ഡിമാൻഡുള്ള മേഖലകളിലാണ് പരിശീലനം കേന്ദ്രീകരിക്കുന്നത്.

വിവിധ മേഖലകൾ: ഐടി മേഖലയിൽ മാത്രം പതിനായിരക്കണക്കിന് തൊഴിലുകൾ ലഭ്യമാക്കാനും ബിരുദധാരികൾക്ക് ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്. വ്യവസായ സ്ഥാപനങ്ങളുടെയും വിദഗ്ധരുടെയും സഹകരണത്തോടെയാണ് ഈ പരിശീലന മൊഡ്യൂളുകൾ രൂപകൽപ്പന ചെയ്യുന്നത്. വിദ്യാർത്ഥികൾക്ക് അവരുടെ പഠന വിഷയത്തോടൊപ്പം തന്നെ, തൊഴിൽ ദാതാക്കൾക്ക് ആവശ്യമുള്ള പ്രത്യേക നൈപുണ്യങ്ങൾ (Specific Skills) നേടാൻ ഇത് അവസരം നൽകുന്നു.

സർട്ടിഫിക്കേഷൻ: ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണി പരിശീലനവും അഭിമുഖത്തിനുള്ള തയ്യാറെടുപ്പും വിജ്ഞാന കേരളം ലഭ്യമാക്കും. നൽകുന്ന പരിശീലനങ്ങൾക്ക് അംഗീകൃത സ്ഥാപനങ്ങൾ വഴി ഔപചാരികമായ ടെസ്റ്റുകൾ നടത്തി സർട്ടിഫിക്കേഷനുകൾ നൽകുന്നു. ഇത് കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ വിശ്വാസ്യത ഉയർത്തുകയും കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്യും.

## 4.10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് (LSGI's Role)

LSGI-കളുടെ നേരിട്ടുള്ള ഇടപെടൽ പ്രധാനമായും കുറഞ്ഞ നൈപുണ്യമുള്ള പ്രാദേശിക തൊഴിലുകളിലാണെങ്കിലും, ജോബ് സ്റ്റേഷൻ/ഫെസിലിറ്റേഷൻ സെന്ററുകൾ/തൊഴിൽ കേന്ദ്രങ്ങൾ വഴി കാമ്പസ് പ്ലേസ്മെന്റ് പ്രവർത്തനങ്ങളെ സഹായിക്കാൻ കഴിയും.

- » പ്രചാരണവും രജിസ്ട്രേഷനും: തങ്ങളുടെ പരിധിയിലുള്ള കോളേജുകളിലും ടെക്നിക്കൽ സ്ഥാപനങ്ങളിലും വിജ്ഞാന കേരളം കാമ്പയിന്റെ സന്ദേശം എത്തിക്കാനും, DWMS-ൽ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാനും LSGI-കൾക്ക് കഴിയും.
- » പ്രാദേശിക വ്യവസായ ബന്ധം: പ്രാദേശികമായി പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികൾ,

സ്റ്റാർട്ടപ്പുകൾ, മറ്റു വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്ലേസ്മെന്റ് അവസരങ്ങൾ DWMS-ലേക്ക് എത്തിക്കാൻ ജോബ് സ്റ്റേഷനുകൾക്ക് സാധിക്കും.

» സഹായം: പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും, വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും LSGI-കൾക്ക് പിന്തുണ നൽകാം.

### 4.10.1 സുരക്ഷിത വിദേശതൊഴിൽ (Migration Support)

വിജ്ഞാന കേരളം വിദേശതൊഴിൽ അവസരങ്ങളെയും ഗൗരവമായി കാണുന്നു.

വിശ്വാസ്യത വർദ്ധിപ്പിക്കൽ: വിജ്ഞാന കേരളം ഇടപെടലിലൂടെ ലഭിക്കുന്ന സർട്ടിഫിക്കേഷനുകൾ കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിൽ സഹായകമാകും.

പ്രീ-ഡിപ്പാർച്ചർ വിശദീകരണം: ജോലി ലഭ്യമാകുന്നതിനു മുൻപ്, റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ, വിദേശത്തെ തൊഴിലവകാശങ്ങൾ, സുരക്ഷിതമായ പണമിടപാട് രീതികൾ, വിദേശ നിയമങ്ങൾ, വിദേശ സാംസ്കാരികതലം എന്നിവയെക്കുറിച്ച് വിശദമായ പരിശീലനം നൽകും. ഇത് തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷ ഉറപ്പുവരുത്താൻ സഹായിക്കും.

ചൂഷണം കുറയ്ക്കൽ: ഗൾഫ് രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് വേളയിൽ ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ചൂഷണങ്ങൾ കുറയ്ക്കുന്നതിന് വിജ്ഞാന കേരളം ഇടപെടൽ ശക്തമാക്കും.

ഭാഷാ പരിശീലനം: വിദേശ രാജ്യങ്ങളിലെ ജോലിക്ക് ആവശ്യമായ വിദേശ ഭാഷാ പരീക്ഷകൾക്ക് കൂടുതൽ കേന്ദ്രങ്ങളും സൗകര്യങ്ങളും കേരളത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. ജപ്പാനിലേക്ക് ജോലിക്ക് പോകുന്നതിന് ഒട്ടേറെ പേരെ സഹായിച്ച മുൻകൈകൾ ഇതിന് മാതൃകയാണ്.

വിജ്ഞാന കേരളം കാമ്പയിൻ, കേരളത്തിലെ കാമ്പസുകളെ കേവലം അക്കാദമിക് കേന്ദ്രങ്ങൾ എന്നതിലുപരി, ആഗോള തൊഴിൽ വിപണിക്ക് ആവശ്യമായ വിദഗ്ധരെ സൃഷ്ടിക്കുന്ന നൈപുണി ഹബ്ബുകളാക്കി മാറ്റുകയാണ്.

### 4.10.2 ജനകീയ കാമ്പയിന്റെ നടത്തിപ്പ്

തദ്ദേശ സ്ഥാപനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെയാണ് വിജ്ഞാന കേരളം ജനകീയ കാമ്പയിൻ മുന്നോട്ട് പോകുന്നത്.

### 4.10.3 തൊഴിൽമേളകൾ

കാമ്പയിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നാണ് തൊഴിൽ മേളകളുടെ നടത്തിപ്പ്. പ്രാദേശിക ഒഴിവുകളിലേക്ക് നേരിട്ടുള്ള നിയമനവും നടക്കുന്നുണ്ട്.

DWMS ഉപയോഗം: തൊഴിൽ മേളകൾ സംഘടിപ്പിക്കുമ്പോൾ, DWMS സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികളുടെ യോഗ്യതകളും താൽപ്പര്യങ്ങളും മനസ്സിലാക്കി, തൊഴിലുകൾ വർഗ്ഗീകരിക്കുന്നു.

തൊഴിൽദാതാക്കളുടെ പങ്കാളിത്തം: തൊഴിൽദാതാക്കൾക്ക് നേരിട്ടോ ഓൺലൈനായോ അഭിമുഖത്തിൽ പങ്കെടുക്കാൻ സൗകര്യമൊരുക്കുന്നതിനായി ഇന്റർനെറ്റ്, കമ്പ്യൂട്ടർ സൗക

ര്യങ്ങളുള്ള സ്ഥലങ്ങളാണ് തിരഞ്ഞെടുക്കുന്നത്.

ഫോളോ-അപ്പ് സംവിധാനം: ജോലി ലഭിച്ചവരെ അതിൽ പ്രവേശിപ്പിക്കാനും, ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടവർക്ക് കൂടുതൽ അവസരങ്ങൾ നൽകാനും ശ്രമിക്കും. ഇന്റർവ്യൂവിൽ വിജയിക്കാത്തവർക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളും, ആവശ്യാനുസരണം സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും നൽകാൻ മെന്റർമാർ പ്രവർത്തിക്കും.

പ്രാദേശിക ഏകോപനം: തദ്ദേശ സ്ഥാപനങ്ങളിലെ ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിൽ കുടുംബശ്രീ ജില്ലാ മിഷനുകളുമായി ചേർന്ന് മെഗാ തൊഴിൽ മേളകളും സംഘടിപ്പിക്കുന്നുണ്ട്. (ഉദാഹരണത്തിന്, കോട്ടയം പള്ളം ബ്ലോക്ക് പഞ്ചായത്ത് കുടുംബശ്രീ മിഷനുമായി ചേർന്ന് നടത്തിയ മെഗാ തൊഴിൽമേള). കൂടാതെ തൊഴിലുകളുടെ എണ്ണവും ഉദ്യോഗാർഥികളുടെ എണ്ണവും കണക്കിലെടുത്ത് ജോബ് സ്റ്റേഷൻ തലത്തിലും, ക്ലസ്റ്ററുകൾ രൂപീകരിച്ചും തൊഴിൽ മേളകൾ നടത്താവുന്നതാണ്.

## 4.11 ജനകീയാസൂത്രണ മാതൃക

ജനകീയാസൂത്രണത്തിന്റെ മാതൃകയിൽ, സന്നദ്ധ പ്രവർത്തനങ്ങളിലൂടെയാണ് നോളജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നത്. പ്രാദേശിക തലത്തിൽ സ്ത്രീകളുടെ നേതൃത്വവും അർത്ഥവത്തായ പങ്കാളിത്തവും ഉറപ്പിക്കാൻ ആദ്യഘട്ടം മുതൽ തന്നെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

പരിചരണ സമ്പദ്‌വ്യവസ്ഥ (Care Economy) അടക്കമുള്ള പുതിയ തൊഴിൽ സാധ്യതകളെ ഒരു അവസരമാക്കി മാറ്റുന്നതിനും, ഹൈടെക് കൃഷി രീതികൾ, ഭാവി സാങ്കേതികവിദ്യകളുടെ വിനിയോഗം എന്നിവ പ്രയോഗവൽക്കരിക്കുന്നതിനും കാമ്പയിൻ പ്രാധാന്യം നൽകുന്നു. കേരളത്തെ ഒരു വികസിത സമ്പദ്ഘടനയായി ഉയർത്തുന്നതിനുള്ള എല്ലാ സാധ്യതകളും വിജ്ഞാന കേരളം ജനകീയ കാമ്പയിനിലൂടെ സമാഹരിക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്.

## 4.12 ഉപസംഹാരം

'വിജ്ഞാന കേരളം' എന്നത് കേവലം ഒരു സർക്കാർ പദ്ധതി എന്നതിലുപരി, കേരള സമൂഹത്തെ വൈജ്ഞാനിക സമ്പദ്ഘടനയുടെ ഒരു പുതിയ യുഗത്തിലേക്ക് നയിക്കാനുള്ള ഒരു ജനകീയ മുന്നേറ്റമാണ്. സാങ്കേതികവിദ്യയിലും സാമൂഹിക നീതിയിലും അധിഷ്ഠിതമായ ഈ പരിവർത്തനം, അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, അവരുടെ വിദ്യാഭ്യാസത്തിനും കഴിവിനും അനുസരിച്ചുള്ള സുരക്ഷിതവും അന്തസ്സുള്ളതുമായ തൊഴിലുകൾ ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. ജനകീയാസൂത്രണത്തിന്റെ വിജയഗാഥയിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട്, പ്രാദേശിക സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും ജനങ്ങളുടെയും കൂട്ടായ പരിശ്രമത്തിലൂടെ, ഈ വിജ്ഞാന വിപ്ലവം കേരളത്തിന്റെ ഭാവി നിർണയിക്കുന്നതിൽ നിർണായക പങ്ക് വഹിക്കും. വിജ്ഞാനസമൂഹമായി മാറാനുള്ള ഈ വലിയ പരിശ്രമത്തിൽ പങ്കാളികളാകാൻ ഓരോ മലയാളിയും മുന്നോട്ട് വരേണ്ടതുണ്ട്.



# മാലിന്യമുക്തം
# നവകേരളം



അദ്ധ്യായം 05

# 1 മാലിന്യമുക്തം നവകേരളം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ് ശാസ്ത്രീയ മാലിന്യ പരിപാലനം. ഈ രംഗത്ത് വലിയൊരു മുന്നേറ്റം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനിയും അവശേഷിക്കുന്ന വിടവുകൾ പരിഹരിച്ച് സുസ്ഥിരമാക്കുകയാണ് അടിയന്തിര ചുമതല. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി നമ്മൾ ഉൾപ്പെടുന്ന സമൂഹത്തിന്റെ മനോഭാവവും ശീലവുമാണ്. ഇതിൽ മാറ്റം വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കഴിയുക. ഇന്നും പൊതു സമൂഹത്തിന്റെ വികസന കാഴ്ചപ്പാടിൽ മാലിന്യ പരിപാലനം അവസാനം പരിഗണിക്കുന്ന ഒരു വിഷയമായി നിലനിൽക്കുന്നുതും ഒരു തടസ്സമാണ്. വികസനത്തെ സംബന്ധിച്ച് സമഗ്ര കാഴ്ചപ്പാട് ഉണ്ടാക്കാൻ കഴിയണം. മികച്ച പശ്ചാത്തല സൗകര്യങ്ങൾക്ക് ഒപ്പം ശാസ്ത്രീയ മാലിന്യ പരിപാലനം ആരോഗ്യ സുരക്ഷക്ക് അനിവാര്യമെന്നതിന്റെ അടിസ്ഥാനത്തിൽ വികസന മുൻഗണന നിശ്ചയിക്കാൻ കഴിയണം.

കാലാവസ്ഥ വ്യതിയാനം എല്ലാ മേഖലകളിലും പുതിയ വെല്ലുവിളികളും പ്രതിസന്ധികളും സൃഷ്ടിക്കുന്നു. കൃഷി,

മൃഗപരിപാലനം, മത്സ്യബന്ധനം, തുടങ്ങി പ്രധാന ഉപജീവന തൊഴിൽ മേഖലകളിലും വിഭവശോഷണവും തൊഴിൽ നഷ്ടവും ഉൾപ്പെടെ കാലാവസ്ഥാ വ്യതിയാനം കാരണമാകുന്നുണ്ട്. കൂടാതെ പുതിയ രോഗങ്ങൾ, കുടിവെള്ള ലഭ്യത, തുടങ്ങി അതിജീവനത്തിന്റെ സമസ്തമേഖലകളിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതം പ്രതിഫലിച്ചു തുടങ്ങി. ഇതു കൂടി ഉൾക്കൊണ്ടുവേണം വികസന പരിപാടികൾക്ക് രൂപം നൽകാൻ. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ അതിജീവിക്കാനും ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം പരമാവധി കുറക്കാനും കഴിയുന്നതായിരിക്കണം വികസന പരിപാടികൾ. ഇതിൽ പ്രധാനം മണ്ണും ജലവും വായുവും മലിനീകരിക്കുന്നത് പരമാവധി കുറയ്ക്കുക എന്നതാണ്. മാലിന്യത്തെ പ്രകൃതിക്കും സാമ്പത്തിക-സാമൂഹ്യ വ്യവസ്ഥക്കും അനുയോജ്യമായ രീതിയിൽ കൃത്യമായി സംസ്കരിക്കുക എന്നതാണു മാലിന്യ സംസ്കരണത്തിലെ പ്രധാന വ്യവസ്ഥ. നമ്മുടെ ഭൂപ്രകൃതി, സ്ഥല ലഭ്യത, സാമ്പത്തിക വ്യവസ്ഥ, ജന സാന്ദ്രത എന്നിവ പരിഗണിച്ചാണ് വികേന്ദ്രീകൃതവും സംയോജിതവുമായ മാലിന്യ സംസ്കരണ രീതിക്ക് രൂപം നൽകിയത്. ജൈവമാലിന്യത്തെ അതിന്റെ ഉറവിടത്തിൽ തന്നെ പരമാവധിസംസ്കരിക്കുക എന്നുള്ളതാണ് ഈ രീതിയുടെ അടിസ്ഥാനം. വലിയ അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ, കൂടുതൽ സ്ഥലത്തിന്റെ ലഭ്യത എന്നിവ സാധ്യമല്ലാത്ത നമ്മുടെ സാഹചര്യത്തിനു ഏറ്റവും അനുയോജ്യമാണ് ഈ രീതി. 2017ൽ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനിലൂടെയാണ് ഈ രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

## 5.1 മാലിന്യമുക്തം നവകേരളം കാമ്പയിൻ

2023ൽ ബ്രഹ്മപുരം പ്ലാന്റിലുണ്ടായ തീപിടുത്തത്തെ തുടർന്നാണ് വിപുലമായ ക്യാമ്പയിനിലൂടെ മാലിന്യ പരിപാലന രംഗത്ത് വലിയൊരു കുതിച്ചുചാട്ടം നടത്താൻ കഴിഞ്ഞത്.

- ഉറവിടത്തിൽ മാലിന്യം വേർതിരിക്കുന്നതും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരി



ക്കുന്നതും അജൈവ മാലിന്യം ശേഖരിച്ച് ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നതും സാർവത്രികമായി.

» അജൈവ മാലിന്യ ശേഖരണം, തരംതിരിവ് എന്നിവക്കായി 38,355 ഹരിതകർമ്മ സേനയിലൂടെ ശേഖരണ കേന്ദ്രങ്ങളും സംസ്കരണ സംരംഭങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നു.

» അജൈവ മാലിന്യ ശേഖരണത്തിനായി 22,838 മിനി എംസി എഫുകൾ, 1526 എം സി എഫ്കൾ, 192 ആർ. ആർ. എഫ്കൾ എന്നിവ നിലവിലുണ്ട്.

» നഗരങ്ങളിലെ 59 ഡംമ്പ് സൈറ്റുകളിൽ (വലിയ മാലിന്യ കൂന) 24 എണ്ണം പൂർണ്ണമായി മാലിന്യം നീക്കം ചെയ്ത് 66 ഏക്കർ സ്ഥലം വീണ്ടെടുത്തു. മറ്റുള്ളവ മാലിന്യം നീക്കം ചെയ്ത് സ്ഥലം വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

» കേരളത്തിൽ 88.24% വീടുകളിൽ നിന്നും അജൈവ മാലിന്യം വാതില്പടി ശേഖരണം നടക്കുന്നുണ്ട്.

» അജൈവ മാലിന്യത്തിൽ ഏറ്റവും സങ്കീർണ്ണമായ സാനിറ്ററി മാലിന്യം, പുനഃചക്രമണം ചെയ്യാൻ കഴിയാത്ത അജൈവ മാലിന്യം തുടങ്ങിയവ സംസ്കരിക്കുന്നതിനായി മേഖല അടിസ്ഥാനത്തിൽ സാനിറ്ററി പ്ലാന്റും ആർ ഡി എഫ് പ്ലാന്റും 2025-26 സാമ്പത്തിക വർഷം തന്നെ പ്രവർത്തനം ആരംഭിക്കും.

» നിഷ്ക്രിയ പാഴ് വസ്തുക്കൾ ശാസ്ത്രീയമായി സംസ്കരിക്കുകയും അതിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നമെന്ന നിലയിൽ RDF നിർമ്മിച്ച് സിമെന്റ് ഫാക്ടറികൾക്കും മറ്റു ഫാക്ടറികൾക്കും കൈമാറുന്നതിന് 5 ജില്ലകളിലായി പ്രതിദിനം 500 ടൺ ശേഷി യുള്ള ആർ.ഡി.എഫ് പ്ലാന്റ് സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു തിരുവനന്തപുരം,കൊല്ലം,കണ്ണൂർ എന്നീ ജില്ലകളിൽ ക്ളീൻ കേരള കമ്പനി നേരിട്ടും പാലക്കാട്,എറണാകുളം ജില്ലകളിൽ സ്വകാര്യ ഏജൻസികളുമായി സംയുക്തമായിട്ടാണ് പ്ലാന്റ് ആരംഭിക്കുന്നത്.

» നിർമ്മിതി മാലിന്യങ്ങൾ (Construction & Demolition Waste) ശേഖരിക്കാനും അതിൽ നിന്ന് നിർമ്മാണ വസ്തുക്കൾ ഉപ്പാദിപ്പിക്കുന്നതിനുമുള്ള പ്ലാന്റുകൾ ആരംഭിക്കുന്നതിനും നടപടികൾ പുരോഗമിക്കുന്നു.

» ചുരുക്കത്തിൽ എല്ലാ വിഭാഗത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യം കേരളത്തിൽ തന്നെ ശാസ്ത്രീയ മായി പരിപാലിക്കുന്നതിനും അവയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിലൂടെ വിഭവ വീണ്ടെടുക്കലും സുസ്ഥിരതയും എന്ന വികസന ലക്ഷ്യമാണ് മുന്നോടു വയ്ക്കുന്നത്. ഈ പിന്തുണാ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ശാസ്ത്രീയവും സമ്പൂർണവുമായ അജൈവമാലിന്യ പരിപാലനം ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം.

ജൈവ മാലിന്യത്തെ കമ്പോസ്റ്റ് വളം/ബയോഗ്യാസ് തുടങ്ങിയ വിഭവങ്ങളായി മാറ്റു ന്നതിനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ഇക്കാര്യത്തിൽ 70%ലേറെ പുരോഗതി കൈവരിച്ചിട്ടുണ്ട്.100% ഉറപ്പാക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്. ഈ രംഗത്ത് ആവശ്യമായ ധന- സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏജൻസികളുടേയും

സ്ഥാപനങ്ങളുടേയും സേവനം തദ്ദേശസ്ഥാപനങ്ങൾക്ക് ഉറപ്പാക്കിയിട്ടുണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തി സമ്പൂർണ്ണവും ശാസ്ത്രീയവുമായി ജൈവമാലിന്യപരിപാലനം ഉറപ്പാക്കുകയാണ് പഞ്ചായത്ത് നഗരസഭകൾ ഇനി നിർവ്വഹിക്കേണ്ടത്.

കഴിഞ്ഞകാല അനുഭവങ്ങളുടെയും വിജയ മാതൃകകളെയും അടിസ്ഥാനത്തിൽ. ശുചിത്വ സേവനങ്ങളും എല്ലാത്തരം മാലിന്യങ്ങളും ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്ന ഗ്രീൻ ടെക്നോളജി സർവിസ് സെന്ററുകളായി ഹരിതകർമ്മസേന കൺസോർഷ്യങ്ങളെ മാറ്റുന്നതിനാണ് ശ്രമിക്കുന്നത്. സമഗ്രമായ ഡിജിറ്റൽ മോണിറ്ററിങ് സിസ്റ്റം ആധുനിക യന്ത്ര സാമഗ്രികളുടെ സഹായത്തോടെ മാലിന്യ പരിപാലന സേവനം ലഭ്യമാക്കൽ എന്നിവ ഉൾക്കൊള്ളുന്ന ഒരു ആധുനിക തൊഴിൽ സംരംഭമായി ഹരിതകർമ്മസേനയെ വികസിപ്പിക്കും. ആകർഷകമായ വരുമാനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും നടന്ന് വരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച് ഏറ്റവും ആധുനികമായ ഹരിത സംരംഭമായി ഹരിതകർമ്മസേനയെ വികസിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

» സംസ്ഥാനത്ത് നിലവിൽ 25.12 ലക്ഷം വീടുകളിൽ പ്രത്യേക ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികൾ നിലവിലുണ്ട്. ഉറവിട മാലിന്യസംസ്കരണ സൗകര്യമുള്ള മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്ന ഇടപെടൽ നടന്ന് വരുന്നു. ഇത് സമ്പൂർണമാക്കാനായിരിക്കണം പുതിയ ഭരണസമിതികളുടെ പ്രഥമ പരിഗണന (271 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ, 1303 എയ്റോബിക്ക് കമ്പോസ്റ്റുകൾ, 34 വിൻഡ്രോ കമ്പോസ്റ്റുകൾ, 2 ബ്ലാക്ക് സോൾഡിയർ ഫ്ളൈ യൂണിറ്റുകൾ 5 ഓർഗാനിക്ക് വേസ്റ്റ് കൺവെർട്ടറുകൾ ഒരു സി ബി ജി പ്ലാന്റും ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ നിർമ്മാണ നടപടികളും പുരോഗമിക്കുന്നു) കൂടുതൽ സാമൂഹ്യ ജൈവ മാലിന്യ പരിപാലന സംവിധാനങ്ങളിലൂടെ സംസ്ഥാനത്തുണ്ടാകുന്ന മുഴുവൻ ജൈവ മാലിന്യവും സംസ്കരിച്ച് കമ്പോസ്റ്റ് വളമോ ബയോഗ്യാസോ മറ്റ് മൂല്യ വർദ്ധിത ഉത്പന്നങ്ങളോ ആക്കി തിരിച്ച് വിപണിയിൽ തന്നെ എത്തിക്കുന്ന രീതിയാണ് നമ്മുടെ ലക്ഷ്യം. ഒരു തദ്ദേശ സ്ഥാപന പരിധിയിൽ ഉണ്ടാകുന്ന മുഴുവൻ ജൈവമാലിന്യവും അതാത് തദ്ദേശസ്ഥാപന പരിധിയിൽ പരിപാലിക്കാൻ കഴിയണം. ഇതിനാവശ്യമായി എല്ലാ പിന്തുണാ സൗകര്യങ്ങളും സർക്കാർ തലത്തിൽ ലഭ്യവുമാണ്.

» സംസ്ഥാനത്ത് നിലവിൽ അജൈവ മാലിന്യം സംഭരിക്കുന്നതിനും തരം തിരിക്കുന്നതിനുമായി 891 തദ്ദേശസ്ഥാപനങ്ങളിൽ 1344 സ്ഥിരം എംസിഎഫുകളും 143 തദ്ദേശസ്ഥാപനങ്ങളിൽ താത്കാലിക എംസിഎഫുകളുമാണ്. ഈ സാമ്പത്തിക വർഷം തന്നെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും എല്ലാത്തരം ആധുനിക സംവിധാനങ്ങളോട് കൂടി സ്ഥിരവും വിപുലവുമായ എംസിഎഫ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകളുണ്ട്. ഇവയുടെ നിർമ്മാണം വേഗത്തിലാക്കുന്ന നടപടിക്കാണ് പുതിയ ഭരണ സമിതികൾ മുൻഗണന നൽകേണ്ടത്

» മാലിന്യ പരിപാലനത്തിൽ വീടുകൾ കഴിഞ്ഞാൽ അടുത്ത പ്രാധാന്യം നൽകേണ്ട വിഭാഗമാണ് വലിയ മാലിന്യ ഉത്പാദകർ (Bulk Waste Generators- BWG) കെട്ടിടത്തിന്

10000 ചതുരശ്ര അടി വിസ്തീർണ്ണമോ അല്ലെങ്കിൽ പ്രതിദിനം 100 kg യിൽ കൂടുതൽ മാലിന്യം ഉത്പാദിപ്പിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവ ഈ വിഭാഗത്തിൽ വരും. കൂടാതെ ഇതര സ്ഥാപനങ്ങളിലും മാലിന്യ പരിപാലനം ഉറപ്പാക്കണം. അജൈവ മാലിന്യങ്ങൾ ഹരിത കർമ്മ സേനകൾക്കോ അംഗീകൃത ഏജൻസികൾക്കോ നൽകേണ്ടതാണ്. ജൈവ മാലിന്യം ഉറവിടസംവിധാനം ഒരുക്കിയോ, അല്ലെങ്കിൽ സർക്കാർ അംഗീകൃത ഏജൻസികൾക്കോ കൈമാറണം. ഇത്തരത്തിൽ സംവിധാനങ്ങൾ ഒരുക്കാത്ത BWG കളുടെ പേരിൽ നിയമനടപടി സ്വീകരിക്കണം.

» ജലാശയങ്ങളും പൊതുയിടങ്ങളും മലിനപ്പെടുത്തുന്ന മറ്റൊരു മാലിന്യമാണ് ബാർബർഷോപ്പ്/ബ്യൂട്ടി പാർലറുകളിൽ ഉണ്ടാകുന്ന മുടി മാലിന്യം. ഈ രംഗത്തെ സ്ഥാപനങ്ങൾ മുടി മാലിന്യത്തിന് ശാസ്ത്രീയ പരിപാലന സംവിധാനം നിർമ്മിക്കുന്നതിൽ പങ്കാളികളാകുന്നതിന് മുന്നോട്ടു വന്നിട്ടുണ്ട്. നിലവിൽ സർക്കാർ അംഗീകാരത്തോടെ ഒരു മുടി മാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. മുടിയിൽ നിന്ന് വളം, ബ്രഷ്, സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന സംരംഭങ്ങൾ കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ബ്യൂട്ടിപാർലറുകളിലേയും മുടി ഉൾപ്പെടെ ഇതര അജൈവ മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനുള്ള സംവിധാനവും ശേഖരണം- ട്രാൻസ് പോർട്ടേഷൻ, സംസ്കരണം എന്നിവ ട്രാക്ക് ചെയ്യാൻ GIS അടിസ്ഥാനപ്പെടുത്തിയുള്ള ഡിജിറ്റൽ മോണിട്ടറിംഗ് സംവിധാനത്തിനുള്ള നടപടിയും ആരംഭിച്ചു.

» കോഴി ഇറച്ചി മാലിന്യം, മത്സ്യമാലിന്യം, സാനിട്ടറി മാലിന്യം, ഗാർഹിക മെഡിക്കൽ മാലിന്യം തുടങ്ങിയവയ്ക്ക് പ്രത്യേക പരിപാലന പ്ലാന്റുകൾ ആവശ്യമില്ല. എന്നാൽ, മാലിന്യങ്ങൾ സർക്കാർ അംഗീകാരത്തോടെ നടത്തുന്ന സംസ്കരണ പ്ലാന്റുകൾക്ക് കൈമാറുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം.

» നിലവിലുള്ള ഇറച്ചി–ചിക്കൻ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന റെൻഡറിങ് യൂണിറ്റുകളുടെ സാങ്കേതിക മികവ് ഉയർത്തി ആകർഷവും വിജ്ഞാന കേന്ദ്രവുമാക്കി മാറ്റാൻ ആവശ്യമായ പിന്തുണ സംരംഭകർക്ക് നൽകാൻ കഴിയണം. ഇനിയും ചിക്കൻ റെൻഡറിങ് പ്ലാന്റുകൾ ഇല്ലാത്ത ജില്ലകളിൽ സ്വകാര്യ സംരംഭകർക്ക് വേണ്ട സാമൂഹ്യ പിന്തുണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംരംഭകർക്ക് നൽകിയാൽ ആവശ്യമായ പ്ലാന്റുകൾ തുടങ്ങാൻ സന്നദ്ധരായ നിക്ഷേപകരുണ്ട്. ഇത് പ്രയോജനപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മക്ക് കഴിയണം. ഓരോ യൂണിറ്റിന്റേയും സംസ്കരണശേഷിക്ക് അനുസരിച്ച് ജില്ലയിലെ ചിക്കൻ കട്ടിങ് സെന്ററുകളുടെ ചുമതല നിശ്ചയിച്ചു നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. ഇവയുടെ ശേഖരണം-ട്രാൻസ്പോർട്ടേഷൻ, സംസ്കരണം എന്നിവക്ക് സർക്കാർ അംഗീകരിച്ചുനൽകുന്ന പ്രോട്ടോക്കോൾ പാലിച്ച് പ്രവർത്തിക്കുമെന്ന് ഉറപ്പാക്കാൻ ക്രിയാത്മക മനോഭാവത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. ഇതോടൊപ്പം എല്ലാ മാസവും ടെക്നിക്കൽ ഓഡിറ്റിങ് നടത്താനുള്ള ക്രമീകരണം ജില്ലാ തല സാങ്കേതിക സമിതിയുമായി ബന്ധപെട്ട് ഉറപ്പാക്കണം.

» മത്സ്യമാലിന്യത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ മത്സ്യ എണ്ണ, മത്സ്യ വളം, ജൈവവളം എന്നിവ ഉല്പാദിപ്പിക്കുന്ന സർക്കാർ അംഗീകാരമുള്ള സ്വകാര്യ കമ്പനി പ്രവർത്തന രംഗത്തുണ്ട്. മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ തുടങ്ങി മത്സ്യമാലിന്യം ഉണ്ടാകുന്നിടങ്ങളിൽ ഈ ഏജൻസിയുടെ സേവനം പ്രയോജനപ്പെടുത്തി മത്സ്യമാലിന്യ പ്രശ്നം പരിഹരിക്കാവുന്നതാണ്

ജലാശയ മലിനീകരണം തടയുന്നതാണ് അടുത്ത മുഖ്യ ലക്ഷ്യം. ഖര- ദ്രവമാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് എത്തുന്നില്ലെന്ന് ഉറപ്പാക്കണം. എല്ലാ വിഭാഗത്തിലെയും മാലിന്യങ്ങൾ സംസ്കരിക്കുന്നത് ഉറപ്പാക്കികൊണ്ടുമാത്രമേ ഈ ലക്ഷ്യം നേടാൻ കഴിയൂ. ഇതോടൊപ്പം കുളങ്ങൾ, കായലുകൾ, നദികൾ, എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ജനകീയ ക്യാമ്പയിനും വേണ്ടി വരും. ഓരോ തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ജലാശയങ്ങളിലേക്ക് ഒരു തരത്തിലുള്ള മാലിന്യവും എത്തുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. കടലും കടൽ തീരവും വൃത്തിയായി സൂക്ഷിക്കുന്നതിനും പ്രത്യേക പരിപാടി ഇതിന്റെ ഭാഗമാക്കണം. കക്കൂസിന്റെ കാര്യത്തിൽ 100% ആയെങ്കിലും കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം വളരെ കുറവാണ്. മാത്രമല്ല നമ്മുടെ കക്കൂസുകളിൽ മഹാഭൂരിപക്ഷവും സെപ്റ്റിടാങ്ക്/സാനിട്ടറി കക്കൂസുകൾ ആണെന്ന് പറയാൻ കഴിയില്ല. ഇത് പരിഹരിക്കേണ്ടതുണ്ട്. കൂടാതെ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മലിനജലം സംസ്കരിച്ചു മാത്രമേ പുറത്തേക്ക് വിടൂ എന്ന് ഉറപ്പാക്കണം. സോക്ക് പിറ്റുകൾ, മലിനജല സംസ്കരണ പ്ലാന്റുകൾ തുടങ്ങി അനുയോജ്യമായവ ഉറപ്പാക്കാൻ കഴിയണം. ഇതോടൊപ്പം കക്കൂസ് മാലിന്യം സംസ്കരി ക്കാനുള്ള പ്ലാന്റുകൾ തദ്ദേശസ്ഥാപനങ്ങളുടെ കൂട്ടായ്മയിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഏറ്റെടുക്കണം. ഇതിനായി ജില്ലാ ആസൂത്രണ സമിതികൾ നേതൃത്വം നൽകുകയും വേണം. പൊതുജനങ്ങൾക്ക് ആവശ്യമായ എണ്ണം പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനും മുൻഗണന നൽകേണ്ടതുണ്ട്.ടേക്ക് എ ബ്രേക്കുകൾ എന്ന പേരിൽ പൊതു ശൗചാലയങ്ങൾ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയിൽ പലതും പ്രവർത്തന യോഗ്യമല്ല, ഇവയുടെ നിലവിലെ പ്രശ്നങ്ങൾ പരിഹരിച്ചു പൊതു ജനങ്ങൾക്ക് തുറന്നു നൽകേണ്ടതാണ്, ഇവയിൽ നിന്നുള്ള വരുമാനം തന്നെ ഇവയുടെ പരിപാലനത്തിനു ഉപയോഗിക്കാവുന്നതാണ്.

മാലിന്യങ്ങൾ ഉറവിടത്തിൽ ശേഖരിച്ച് പരിപാലന സംവിധാനത്തിലേക്ക് പോകുന്നത് 100% മാകുന്നതോടെ പൊതുവിടങ്ങളിൽ വരുന്ന മാലിന്യത്തിന്റെ അളവ് ക്രമേണെ ഇല്ലാതാ കാം. അതുകൊണ്ടുതന്നെ പൊതുവിട ശുചീകരണത്തിലൂടെ ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവിലും കൂടിക്കലർന്നതും സംസ്കരണസാധ്യതയില്ലാത്തതുമായ മാലിന്യത്തിന്റെ അളവിലും കുറവുണ്ടാകും. ഇതിലൂടെ റോഡ് സ്വീപ്പിങ് കുറച്ചുകൂടി സുഗമവും അനായസകരവും ആകും. ഇതോടൊപ്പം റോഡ് സ്വീപ്പിങ് പരമാവാധി യന്ത്രവൽകൃതമാക്കാനും തൊഴിലാളികളുടെ തൊഴിൽ കാഠിന്യം കുറക്കാനും കഴിയണം. ഓരോ തദ്ദേശ സ്ഥാപനത്തെയും പൊതുയിട ഭംഗിയും ആകർഷകതയും കൊണ്ട് തിരിച്ചറിയുന്ന തരത്തിൽ സൗന്ദര്യവത്കരണം നടത്താൻ കഴിയണം. പൊതു ഇടങ്ങളിൽ ചുമർചിത്രങ്ങൾ, പൂന്തോട്ടങ്ങൾ, റോഡ് ഓഫ് സെറ്റുകൾ,

പാർക്കുകൾ. ഹരിത നടപ്പാതകൾ, വഴിയോര പൂന്തോട്ടങ്ങൾ, ഹരിത തീരങ്ങൾ തുടങ്ങി വിവിധ രീതികളിലൂടെ വഴിയോരങ്ങളും പൊതുയിടങ്ങളും ആകർഷകമാക്കുന്ന തരത്തിലുള്ള മാറ്റം കൊണ്ട് വരുന്നതിന് നമ്മുക്ക് കഴിയണം.

ഇത്തരം മാറ്റങ്ങളുടെ നിലനില്പ് തുടർച്ചയായ പുരോഗതിയും പൊതു ശുചിത്വബോധത്തെ ആശ്രയിച്ചിരിക്കും. അതുകൊണ്ട് ശുചിത്വ ബോധം വളർത്തുന്നതിനുള്ള തീവ്ര യജ്ഞം തുടരണം. ഇതിനായി പ്രത്യേക പൊതുജന ക്യാമ്പയിൻ അനിവാര്യമാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും യുവതയേയും കുട്ടികളേയും ക്യാമ്പയിന്റെ മുഖ്യശക്തിയാക്കി മാറ്റണം. ഇതിലേക്കുള്ള ഒരു പ്രധാന പ്രവർത്തനമാണ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. പുതിയ ഭരണ സമിതികളുടെ ആദ്യ പ്രവർത്തനമായിരിക്കും കുട്ടികളുടെ സ്കോളർഷിപ്പും അതിന്റെ തുടർച്ചയായി 2026ലെ ശുചിത്വോത്സവവും. ഒരു ഗ്രാമപഞ്ചായത്തിൽ 50 പേർക്കും മുനിസിപ്പാലിറ്റിയിൽ 75പേർക്കും കോർപ്പറേഷനിൽ 100പേർക്കും സ്കോളർഷിപ്പ് നൽകണം. ഇതിൽ തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ശുചിത്വ മിഷന്റെ സഹായത്തോടെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നതിനുള്ള പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കാനും കഴിയണം. പ്രസ്തുത വിദ്യാർത്ഥികളെ തദ്ദേശ സ്ഥാപനത്തിന്റെ ശുചിത്വ അംബാസിഡർമാരായി മാറ്റാവുന്നതാണ്.

മാലിന്യം സംസ്കരിക്കാൻ സംവിധാനങ്ങൾ നിർമ്മിക്കാൻ പ്രാധാന്യം നൽകുന്നതിനെ ക്കാൾ പ്രാധാന്യത്തോടെ മാലിന്യത്തിന്റെ അളവ് കുറക്കാനും നേതൃത്വം നൽകണം. എല്ലാ സ്ഥാപനങ്ങളിലും പൊതുപരിപാടികളിലും ഹരിതചട്ടം നിർബന്ധമായി നടപ്പാക്കാൻ കഴിയണം. ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കളും പുനഃ ചക്രമണ സാധ്യമല്ലാത്തവയും തദ്ദേശസ്ഥാപന പ്രദേശത്ത് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിയണം. നിയമം നടപ്പാക്കേണ്ട സ്ഥാപനമാണ് ഗ്രാമ പഞ്ചായത്ത്/നഗരസഭകൾ. തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുക, അനധികൃത ഏജൻസികൾക് മാലിന്യം കൈയൊഴിയുക, മാലിന്യം ഉറവിടത്തിൽ തരം തിരിക്കാതിരിക്കുക, നിരോധിത വസ്തുക്കൾ ഉപയോഗിക്കുക തുടങ്ങിയ തെറ്റുകളിൽ കർശന നിയമ നടപടി സ്വീകരിക്കാനുള്ള ആർജ്ജവം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകണം. മനോഭാവവും ശീലവും മാറ്റുന്നതിൽ ശക്തമായ ബഹുജന വിദ്യാഭ്യാസത്തിനൊപ്പം നിയമനടപടിയും അനിവാര്യം.

മാലിന്യ പരിപാലന രംഗത്തെ പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രവർത്തനത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളു ടെയും അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് അവാർഡുകൾ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

» തദ്ദേശ സ്വയംഭരണ സ്ഥാപനതല ഗ്രേഡിംഗ്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, അവയുടെ പ്രവർത്തനക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ 100 മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് സ്റ്റാർ പദവികൾ നൽകുന്നതാണ്. ഈ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻസെന്റീവ് നൽകുന്നതിനുള്ള തീരുമാനവും ആലോചനയിലാണ്

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമേ പൊതു സ്ഥലങ്ങൾ, പൊതു സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളേയും ഗ്രേഡ് ചെയ്ത്, ഗ്രീൻ ലീഫ് റേറ്റിംഗ് നടത്തി സ്റ്റാർ റേറ്റ് നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശുചിത്വ- മാലിന്യ പരിപാലനരംഗത്ത് വലിയ പുരോഗതി ഇതിനകം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ വിഭാഗത്തിലും വരുന്ന അജൈവ, ജൈവ മാലിന്യങ്ങൾ പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏകദേശം നിലവിൽ വന്നു കഴിഞ്ഞു. ഇനിയും അവശേഷിക്കുന്ന വിടവുകൾ പരിഹരിക്കാൻ മുൻഗണന നൽകി പ്രവർത്തിക്കാൻ കഴിയണം. എല്ലാത്തരം മാലിന്യങ്ങളും സർക്കാരും തദ്ദേശസ്ഥാപനങ്ങളും നിർദ്ദേശിക്കുന്ന സംവിധാനത്തിലൂടെ മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കാൻ കഴിയണം. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ പേരിൽ കർശന നിയമനടപടി സ്വീകരിക്കുകയും വേണം. മണ്ണും വെള്ളവും വായുവും മലിനമാകാതെ കാവലാളായി പ്രവർത്തിക്കേണ്ട മുഖ്യ ഭരണഘടനാസ്ഥാപനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. ഓരോ തദ്ദേശസ്ഥാപനത്തിലും ഉണ്ടാകുന്ന ഓരോ ഇനത്തിലും വരുന്ന മാലിന്യത്തിന്റെ അളവും അതിൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന്റെ അളവും പ്രതിമാസം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്ന രീതിയിലേക്ക് തദ്ദേശസ്ഥാനങ്ങൾക്ക് മാറാൻ കഴിയണം. ഓരോ പഞ്ചായത്ത്- നഗരസഭകളുടെ ഭരണ മികവ് നിർണയിക്കുന്ന സൂചകങ്ങളായി ജലാശയങ്ങളുടെ ശുചിത്വ നിലമാറണം. ഇതിന് ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും സ്ഥാപന സംവിധാനങ്ങളും തദ്ദേശസ്ഥാപനങ്ങൾക്ക് മാത്രമായി ചെയ്യാൻ കഴിയാത്ത സംസ്കരണ സംവിധാനങ്ങളും സജ്ജമാക്കാൻ വേണ്ടി സർക്കാരും ഒപ്പം ഉണ്ട്. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അടിയന്തിരമായി നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## 5.2 MCF/RRF

- ഓരോ തദ്ദേശ സ്ഥാപന പ്രദേശത്തും ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവിന് അനുസരിച്ചുള്ള സംഭരണ ശേഷിയുള്ള MCF ഉറപ്പാക്കണം. ജനസംഖ്യ അനുസരിച്ച് MCF-ന്റെ കുറഞ്ഞ വിസ്തീർണം പട്ടിക 1-ൽ നൽകിയിട്ടുണ്ട്.
- MCF/RRF-ൽ ബെയ്‌ലിംഗ് മെഷീൻ, സോർട്ടിംഗ് ടേബിൾ, ലോഡിംഗ് മെഷീനുകൾ (സ്റ്റാക്കർ) എന്നിവ അടങ്ങിയ അടിസ്ഥാന യന്ത്രസൗകര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്.
- MCF-ലേയ്ക്ക് വലിയ വാഹനങ്ങൾ കയറാൻ ആവശ്യമായ റോഡ് സൗകര്യം ഉറപ്പാക്കണം.
- അഗ്നിസുരക്ഷാ ഉപാധികളും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കാനുള്ള ക്രമീകരണം ഉറപ്പാക്കണം.
- ടോയ്‌ലറ്റ്, വസ്ത്രമാറ്റ മുറി, വിശ്രമമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്.

**മിനി MCF**

- പ്രതിദിനം ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ അതാത് ദിവസം MCF-ൽ എത്തിക്കുന്നതിന് ആവശ്യമായ വാഹനങ്ങളുടെ കുറവ്,MCF-ൽ സ്ഥലപരിമിതി എന്നീ സാഹചര്യങ്ങളിൽ മിനി MCF ഉറപ്പാക്കണം.

» മിനി MCF സ്ഥാപിക്കുന്ന ഇടങ്ങളിൽ പ്രാദേശിക മേൽനോട്ട സമിതി രൂപീകരിക്കുകയും മറ്റുള്ളവർ മാലിന്യം മിനി MCFൽ തള്ളുന്നില്ലെന്ന് ഉറപ്പാക്കണം.

**ബോട്ടിൽ ബൂത്ത്**

» ശരിയായ സ്ഥലം കണ്ടെത്തി ബോട്ടിൽ ബൂത്ത് സ്ഥാപിക്കണം. ഉദാഹരണം: പൊതു ഇടങ്ങൾ, ബസ് സ്റ്റോപ്പുകൾ, ആശുപത്രികൾ.

» ബൂത്തുകളിൽ നിന്ന് കൃത്യമായ ഇടവേളകളിൽ കുപ്പികൾ നീക്കം ചെയ്യണം.

**ബിൻ**

» ജനങ്ങൾ കൂടുതൽ എത്തുന്ന സ്ഥലങ്ങളിൽ ബിൻ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണം.

» ബിൻ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിന് ശക്തമായ IEC പൊതുജനങ്ങൾക്ക് നൽകണം.

» ബിന്നുകളിൽ നിന്നുള്ള മാലിന്യം സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് ക്രമീകരണം ഉണ്ടാക്കണം.

» ബിന്നുകളിൽ നിന്നും ശേഖരിക്കുന്ന പാഴ് വസ്തുക്കൾ തരംതിരിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കണം.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ആധുനികവും പ്രവർത്തനക്ഷമവുമായ MCF/RRF സൗകര്യങ്ങളും പാഴ് വസ്തു നീക്കത്തിനായുള്ള വാഹനങ്ങളും സ്ക്രാപ്പ്-റീസൈക്ലിംഗ് ശൃംഖലയുമാണ് അജൈവ മാലിന്യത്തിന്റെ ശാസ്ത്രീയ പരിപാലനത്തിന്റെ പ്രധാന ഘടകങ്ങൾ.

**പട്ടിക 1: MCFന് ആവശ്യമായ കുറഞ്ഞ വിസ്തീർണം**

| റൂറൽ ലോക്കൽ ബോഡി(RLB) | | അർബൻ ലോക്കൽ ബോഡി (ULB) | |
|---|---|---|---|
| ജനസംഖ്യ | കുറഞ്ഞ MCF വിസ്തീർണം (Sqft) | ജനസംഖ്യ | കുറഞ്ഞ MCF വിസ്തീർണം (Sqft) |
| <25000 | 1213 | <25000 | 2775 |
| 25000-50000 | 2775 | 25000-50000 | 4875 |
| 50000-75000 | 4350 | 50000-75000 | 8175 |
| 75000-100000 | 5700 | 75000-1,00,000 | 11475 |

**വാതിൽപ്പടി ശേഖരണം**

വാതിൽപ്പടി ശേഖരണത്തിന്റെ സ്ഥിതി അറിയുന്നതിനായി ഹരിത മിത്രം ആപ്ലിക്കേഷൻ മാത്രമാണ് സർക്കാർ ഔദ്യോഗികമായി ഉപയോഗിക്കുന്നത്. ഈ ആപ്ലിക്കേഷൻ പ്രകാരം 100% വാതിൽപ്പടി ശേഖരണം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉറപ്പാക്കേണ്ടതാണ്. വാതിൽപ്പടി ശേഖരണത്തിൽ മറ്റൊരു ഡാറ്റയും ഔദ്യോഗികമായി കണക്കാക്കുന്നതല്ല.

1. ഓരോ വാർഡ്/ഡിവിഷൻ മെമ്പർമാർ തങ്ങളുടെ വാർഡിലെ ഹരിത മിത്രം ആപ്ലിക്കേഷൻ ഡാറ്റ പ്രകാരം വാതിൽപ്പടി ശേഖരണം 100% ഉറപ്പാക്കുക.
2. വാതിൽപ്പടി ശേഖരണം 100% ഉറപ്പാക്കുന്നതോടൊപ്പം കലണ്ടർ പ്രകാരം എല്ലാ അജൈവ മാലിന്യങ്ങളും ഹരിത കർമ്മ സേന ശേഖരിക്കുന്നു എന്ന് ഉറപ്പാക്കുക

3. ശേഖരിച്ച മാലിന്യങ്ങൾ അതാത് സമയത്ത് മിനി MCF, MCF, RRF എന്നിവിടങ്ങളിലേക്ക് എത്തിക്കുന്നതിന് സ്വന്തം വാഹനമോ, വാടക വാഹനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം.

## 5.3 മാലിന്യ സംസ്കരണ മേഖലയിലെ ഡിജിറ്റൽ വത്കരണം

ഹരിതമിത്രത്തിൽ എന്റോൾ ചെയ്തിട്ടുള്ള വീടുകളെ/സ്ഥാപനങ്ങളെ വീട്ടു നമ്പർ അടിസ്ഥാനമാക്കി കെ സ്മാർട് പ്ലാറ്റ്ഫോറവുമായി ബന്ധപ്പെടുത്തുക. ഒരു മാസത്തിനുള്ളിൽ ഈ പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്. അങ്ങിനെ ചെയ്തുകഴിഞ്ഞാൽ യൂസർഫീ ശേഖരണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.

1. എല്ലാ വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും പരമാവധി യൂസർഫീ വരുമാനം ഉറപ്പ് വരുത്തുകയും ചെയ്യാൻ കെ സ്മാർട്ടിൽ ലഭ്യമായ കെട്ടിട വിവരങ്ങളുമായി ഒത്തുനോക്കേണ്ടത് ആവശ്യമാണ്. കെ സ്മാർട്ടിൽ ലഭ്യമായ വിവരങ്ങളുമായി താരതമ്യം ചെയ്തതിന് ശേഷം ഹരിതമിത്രത്തിൽ എന്റോൾ ചെയ്യാത്ത വീടുകൾ/സ്ഥാപനങ്ങൾ കണ്ടെത്തി അവയെ മുഴുവനും ഹരിതമിത്രത്തിൽ എന്റോൾ ചെയ്യിക്കുക.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ദൈനംദിന അടിസ്ഥാനത്തിൽ ഹരിതമിത്രം വഴി മാലിന്യ ശേഖരണം സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ടെന്നു ഉറപ്പു വരുത്തുക.
3. സിംഗിൾ വാട്സ്ആപ് സംവിധാനം വഴി ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടി സ്വീകരിക്കുക അർഹമായ കേസുകളിൽ സമ്മാനത്തുക യഥാസമയം നൽകുക.
4. സിംഗിൾ വാട്സ്ആപ് സംവിധാനത്തിന് വ്യാപകമായ പ്രചാരണം നൽകുക.
5. ഹരിതമിത്രം ഉപയോഗിക്കുന്നതിൽ അനുഭവപ്പെടുന്ന സാങ്കേതിക പ്രശ്നങ്ങളിൽ സംസ്ഥാന തലത്തിലുള്ള ഇടപെടലുകൾ ആവശ്യമാണെങ്കിൽ സംസ്ഥാന കൺട്രോൾ റൂമിൽ വിവരം അറിയിക്കുക.
6. തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതമിത്രം ക്യൂ ആർ കോഡ് പതിപ്പിച്ചിട്ടുണ്ടെന്നും അത് സ്കാൻ ചെയ്തതിനുശേഷം മാത്രമാണ് വാതിൽപ്പടിശേഖരണം നൽകുന്നതെന്നും ഉറപ്പു വരുത്തുക. പതിപ്പിച്ച ക്യൂ ആർ കോഡ് ഇളകി പോയിട്ടുണ്ടെങ്കിൽ ഉടനടി അത് പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

## 5.4 ഹരിത കർമ്മ സേന

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനകൾക്ക് കുറഞ്ഞത് 10,000 രൂപ പ്രതിമാസ വരുമാനം ഉറപ്പാക്കേണ്ടതുണ്ട്.

» ഖരമാലിന്യ പരിപാലനത്തിനുള്ള യുസർഫീസ് തുക 100% ശേഖരണം ഉറപ്പാക്കുക. യുസർ ഫീ കുടിശികകൾ കൃത്യ സമയത്ത് പിരിച്ചെടുക്കേണ്ടതാണ്. കുടിശിക നൽകാൻ വിസ്സമ്മതിക്കുന്നവരിൽ നിന്നും റെവന്യു റിക്കവറി മുഖേന യുസർ ഫീസ് കുടിശിക പിരിച്ചെടുക്കണം. പിരിച്ചെടുത്ത തുക യഥാസമയം ഹരിത കർമ്മ സേന

കൺസോർഷ്യത്തിലേക്ക് കൈമാറുക.

» വീടുകളിൽ നിന്ന് അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ 50/- രൂപയും നഗരസഭകളിൽ പ്രതിമാസം കുറഞ്ഞത് 70/- രൂപയുമാണ്. സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന നിരക്ക് പ്രതിമാസം 100/- രൂപയാണ്. വലിയ അളവിൽ മാലിന്യം ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള ശേഖരണത്തിന് പ്രതിമാസം 5 ചാക്ക് മാലിന്യം വരെ കുറഞ്ഞത് 100/- രൂപയാണ് ഈടാക്കുന്നത്. അധികമായി വരുന്ന ഓരോ ചാക്കിനും കുറഞ്ഞത് 100/-രൂപ അധികമായി ഈടാക്കുന്നതാണ്.(ചാക്കിന്റെ പരമാവധി വലുപ്പം 65x80cm ആയിരിക്കുന്നതാണ്). മാലിന്യ ഉത്പാദകരിൽ നിന്ന് യൂസർഫീ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.
» യുസർ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുള്ള കുടുംബങ്ങളുടെ (അഗതി, ആശ്രയ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ) യുസർ ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രൊജക്റ്റ് വച്ച് ഹരിത കർമ്മ സേന കൺസോർഷ്യത്തിനു നൽകേണ്ടതാണ്.
» ഹരിത കർമ്മ സേനകൾക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ; പരമാവധി ശേഖരിക്കുന്ന മാലിന്യത്തിന്റെ പൂർണ്ണമായ തരംതിരിവ്, തരംതിരിച്ച വസ്തുക്കളുടെ വില്പന എന്നിവ ഉറപ്പാക്കുക.
» ഇതിനു പുറമേ വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പൊതു ജൈവ-അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ നടക്കുന്ന പൊതു പരിപാടികളിലെ മാലിന്യ സംസ്കരണം, റോഡ് സ്വീപ്പിംഗ്, പൊതു ബിന്നുകളിലെ മാലിന്യത്തിന്റെ മാനേജ്മെന്റ് എന്നിവ പ്രത്യേക ഫീസ്/ചാർജ് നിശ്ചയിച്ചു നൽകുക.
» ഹരിത കർമ്മ സേനകളുടെ മികച്ച തൊഴിൽ സാഹചര്യം ഉറപ്പാക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യം, ആരോഗ്യ സുരക്ഷാ ഉപകരണങ്ങൾ, നിശ്ചിത ഇടവേളകളിലുള്ള ആരോഗ്യ സുരക്ഷാ പരിശോധനകൾ, ഇൻഷുറൻസ് പരിരക്ഷ, യൂണിഫോം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

## 5.5 സ്പെഷ്യൽ മാലിന്യങ്ങളുടെ സംസ്കരണം

### 5.5.1 ഇ-മാലിന്യ ശേഖരണം

» ഇ-മാലിന്യ ശേഖരണം നടത്തുന്ന തീയതികൾ, സമയം ക്രമം എന്നീ വിവരങ്ങൾ കൃത്യമായി വീടുകളിൽ എത്തിക്കുന്നതിനുള്ള IEC സംഘടിപ്പിക്കുക.
» പുനരുപയോഗ സാധ്യമായതും അപകടകരവുമായ ഇ-മാലിന്യങ്ങൾ ഏതൊക്കെയാണ് എന്നത് സംബന്ധിച്ച് വ്യക്തമായ വിവരം മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുക.
» ശേഖരിക്കുന്ന ഇ-മാലിന്യം താത്കാലികമായി സംഭരിക്കുന്നതിനുള്ള സംഭരണ സംവിധാനം ഉറപ്പാക്കുക (ഉദാ: കണ്ടയിനർ MCF, പ്രത്യേക മിനി എം. സി. എഫ്)
» തെറ്റായ രീതിയിൽ ഇ-മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെയും വലിച്ചെറി

യുന്നവർക്കെതിരെയും നിയമ നടപടി സ്വീകരിക്കുക

» അനധികൃത ഏജൻസികൾക്ക് ഇ-മാലിന്യം കൈമാറുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുക
» സർക്കാർ അംഗീകാരം ഇല്ലാതെ E- മാലിന്യം ശേഖരിക്കുന്ന ഏജൻസികൾക്ക് എതിരെയും നിയമനടപടി സ്വീകരിക്കുക
» വാതിൽപ്പടി ശേഖരണം നടത്തുന്ന ഇ- മാലിന്യം, പ്രത്യേകിച്ച് ഭാരം കൂടിയ ഇ-മാലിന്യം സ്റ്റോറേജ് സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് വാഹനം ലഭ്യമാക്കുക
» ശേഖരിച്ച ഇ-മാലിന്യം കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറുക

### 5.5.2 കോഴി മാലിന്യം

» തദ്ദേശ സ്ഥാപന പരിധിയിൽ ഉള്ള ചിക്കൻ കട്ടിങ് സെന്ററുകൾ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതാണെന്ന് ഉറപ്പ് വരുത്തുക.
» തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലുള്ള എല്ലാ ചിക്കൻ കട്ടിങ് സെന്ററുകളും സർക്കാർ അംഗീകരിച്ച് ചുമതലപ്പെടുത്തിയിട്ടുള്ള റെൻഡറിങ് പ്ലാന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക. (ഇത് ഉറപ്പാക്കി ലൈസൻസ് പുതുക്കി നൽകുക)
» അനധികൃത ഏജൻസികൾക്ക് (തദ്ദേശസ്ഥാപനത്തിലെ കോഴിമാലിന്യം ശേഖരിക്കുന്നതിന് DLFMCചുമതലപ്പെടുത്തിയിട്ടുള്ള റെൻഡറിംഗ് പ്ലാന്റിനല്ലാതെ) കോഴിയിറച്ചി മാലിന്യം കൈമാറുന്ന ചിക്കൻ കട്ടിംഗ് സെന്ററുകൾക്കെതിരെ നിയമനടപടി സ്വീകരിക്കുക
» ചിക്കൻ കട്ടിംഗ് യൂണിറ്റുകളിൽ നിന്നും അതാത് ദിവസം മാലിന്യം നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക
» കോഴി മാലിന്യം പൊതു സ്ഥലത്തു നിക്ഷേപിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുക
» ചിക്കൻ കട്ടിംഗ് സെന്ററുകളിൽ നിന്നും മാലിന്യം അംഗീകൃത റെൻഡറിംഗ് പ്ലാന്റുകൾക്ക് കൃത്യമായി കൈമാറുന്നുണ്ടെന്ന് ഉറപ്പാക്കുന്നത് മോണിട്ടർ ചെയ്യുക.

### 5.5.3 സാനിറ്ററി മാലിന്യം

» സാനിറ്ററി മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം സംബന്ധിച്ച് ശക്തമായ ബഹുജന വിദ്യാഭ്യാസം സംഘടിപ്പിക്കുക. സാനിറ്ററി മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
» സാനിറ്ററി മാലിന്യം മൂടിയുള്ളതും ലീച്ചേറ്റ് ഉണ്ടാവാത്തതും GPS ട്രാക്കിങ്ങുള്ള വാഹനങ്ങളിൽ മാത്രമേ ട്രാൻസ്പോർട്ട് ചെയ്യുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുക.
» സാനിട്ടറി മാലിന്യ ശേഖരണം- സംസ്കരണത്തിനായി സർക്കാർ അംഗീകാരമുള്ള ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുക. സർക്കാർ നിർദേശപ്രകാരമുള്ള കരാർ പ്രസ്തുത ഏജൻസികളുമായി വയ്ക്കുക.
» സാനിറ്ററി മാലിന്യങ്ങളുടെ ശേഖരണം, കടത്തൽ,,ശാസ്ത്രീയ സംസ്കരണം, ശേഖരണത്തിനുള്ള യൂസർ ഫീ എന്നിവയുടെ നിർവ്വഹണ നടപടികൾ വ്യക്തമായി

നിർദ്ദേശിക്കുന്ന ബൈലോ തയ്യാറാക്കി അംഗീകരിച്ച് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുക.

- » സാനിട്ടറി മാലിന്യം ശേഖരിക്കുന്ന അനധികൃത ഏജൻസികളുടെ പേരിൽ നിയമ നടപടി സ്വീകരിക്കുക.
- » സാനിട്ടറി മാലിന്യം പൊതുയിടങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുക.

### 5.5.4 നിയമനടപടികൾ

- » എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിജിലൻസ് സ്ക്വാഡുകൾ രൂപികരിക്കുക.
- » സ്ക്വാഡ് അംഗങ്ങൾക്ക് വേണ്ടിയുള്ള പരിശീലനം കൃത്യമായി നൽകുക.
- » സ്ക്വാഡുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുക.
- » എല്ലാ ആഴ്ചയും എൻഫോഴ്സ്മെന്റ് നടപടികളുടെ വിശകലനം നടത്തുക.
- » കൃത്യമായി പിഴ ചുമത്തുകയും ഈടാക്കുകയും ചെയ്യുക.
- » തുടർച്ചയായ നിയമ ലംഘകർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.
- » സ്വീകരിക്കുന്ന നടപടികൾ വീഴ്ച കൂടാതെ വാർ റൂം പോർട്ടലിൽ രേഖപ്പെടുത്തുക.
- » നിയമ നടപടികൾ സംബന്ധിച്ച് സമഗ്രമായ വിദ്യാഭ്യാസ നടപടികൾ സ്വീകരിക്കുക.
- » കുടുംബശ്രീ, വായനശാലകൾ, യുവജന സംഘടനകൾ, റെസിഡെൻസ് അസോസിയേഷനുകൾ, എൻഎസ്എസ്, എൻസിസി, സോഷ്യൽ മീഡിയ എന്നിവ വഴി ഒറ്റ വാട്സപ്പ് നമ്പറിന്റെ പ്രചരണം നടത്തുക
- » മാലിന്യം പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്നതു സംബന്ധിച്ച പരാതികൾ ഒറ്റ വാട്സപ്പ് നമ്പറിൽ (9446700800) അറിയിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകുക.

### 5.5.5 ഘടക സ്ഥാപനങ്ങളും മാലിന്യ പരിപാലനവും

ഘടക സ്ഥാപനങ്ങളിൽ ശാസ്ത്രീയ മാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെതാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, അങ്കണവാടികൾ, കൃഷി ഭവൻ, മൃഗാശുപത്രി, മത്സ്യ ഭവൻ തുടങ്ങി എല്ലാ സ്ഥാപനങ്ങളിലും സമഗ്രവും സമ്പൂർണവുമായ മാലിന്യ പരിപാലനം ഉറപ്പാക്കണം.

- » ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ മുഴുവൻ സ്ഥാപനങ്ങളിലും ഉറപ്പാക്കണം, നിലവിലെ സ്ഥാപനങ്ങൾ സന്ദർശിച്ച് ഗ്യാപ്പ് കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രൊജെക്ടുകൾ തയ്യാറാക്കുക.
- » അജൈവ മാലിന്യ സംഭരണം ശേഖരണം എന്നിവക്ക് ആവശ്യമായ ബിൻ, മിനി എം സി എഫ്, എം സി എഫ് എന്നിവ മാലിന്യത്തിന്റെ അളവ് അനുസരിച്ച് സ്ഥാപിക്കുക. ഹരിതകർമ്മസേനയുടെ സേവനം ഉറപ്പാക്കുക.
- » ആരോഗ്യ സ്ഥാപനങ്ങളിലെയും മൃഗാശുപത്രിയിലേയും ബയോ ഹസാർഡസ് മാലിന്യങ്ങൾ IMAGE മുഖേന കൈമാറുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.
- » ദ്രവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് STP, FSTP, ETP സംവിധാനങ്ങൾ

ഉറപ്പ് വരുത്തുക. ശാസ്ത്രീയമായി തയ്യാറാക്കാത്ത സെപ്റ്റിക്ക് ടാങ്കുകൾ കണ്ടെത്തി, ശാസ്ത്രീയ സംവിധാനം ഉറപ്പ് വരുത്തുന്നതിനുള്ള ഇടപെടൽ. കൃത്യസമയത്ത് തന്നെ ഡിസ്ലഡ്ജിങ് നടത്തുന്നതിന് വേണ്ടിയുള്ള സംവിധാനം ഉറപ്പ് വരുത്തുക.

» മുഴുവൻ സ്ഥാപനങ്ങളിലും മാലിന്യ പരിപാലന സംവിധാനങ്ങളുടെ അവസ്ഥ വിലയിരുത്തുക. എൻഫോഴ്സ്മെന്റ് നടപടികളുടെ ഭാഗമാക്കുക.
» മുഴുവൻ സ്ഥാപനങ്ങളിലും ഹരിതചട്ടം പാലിക്കുമെന്ന് ഉറപ്പാക്കുക.

### 5.5.6 SC/ST, മത്സ്യ ഗ്രാമം, എസ്റ്റേറ്റ് ലയങ്ങൾ, അതിഥി തൊഴിലാളി ക്യാമ്പുകൾ

» ഹരിതകർമ്മ സേനയുട അജൈവ മാലിന്യ ശേഖരണ സേവനം ഇല്ലാത്ത ഇടങ്ങളിൽ സേവനം ഉറപ്പാക്കൽ
» ആവശ്യമുള്ള ഇടങ്ങളിൽ താത്കാലിക അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർമ്മാണം തൊഴിലുറപ്പ്, SCDD & STDD, SCP, എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തുക
» ആവശ്യമുള്ളവർക്കു ഗാർഹിക ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം
» ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ- തൊഴിലുറപ്പ് , SCP ഫണ്ട് , SCDD & STDD, TSP ഫണ്ടുകളുടെ സാധ്യത പ്രയോജനപ്പെടുത്തുക
» ഇ- വേസ്റ്റ് ശേഖരണ ഡ്രൈവുകൾ സംഘടിപ്പിക്കുക
» സാനിറ്ററി മാലിന്യം ശേഖരണ സംവിധാനങ്ങൾ ഉറപ്പാക്കൽ/പൊതു ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ
» നഗറുകൾ, ഉന്നതികൾ, മത്സ്യ ഗ്രാമങ്ങൾ, ലയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ജനകീയമാക്കി നടപ്പിലാക്കാൻ ജനകീയ സമിതികൾ രൂപീകരിക്കൽ

### 5.5.7 BWGകളും മറ്റ് സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ (ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, കെ എസ് ആർ ടി സി, വിനോദ സഞ്ചാര കേന്ദ്രങ്ങൾ)

» ഭക്ഷണ മാലിന്യം, ഔദ്യോഗിക പ്രവർത്തനത്തിന്റെ ഭാഗമായി വരുന്ന പാഴ്‌വസ്തുക്കൾ, പഠന പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന പാഴ് വസ്തുക്കൾ, ലാബുകളിലും മറ്റും ഉണ്ടാകുന്ന രാസ മാലിന്യങ്ങൾ, നിർമ്മാണ മേഖലയിൽ ഉണ്ടാകുന്ന പാഴ്‌വസ്തുക്കൾ, ഇ-മാലിന്യം, ദ്രവ മാലിന്യം തുടങ്ങിയവയാണ് പ്രധാനമായും ആരോഗ്യ- വിദ്യാഭ്യാസ, ഇതര സ്ഥാപനങ്ങളിലും പൊതുവിൽ കണ്ടു വരുന്നത്. നിലവിലുള്ള വിലയിരുത്തലിൽ ആരോഗ്യ- പൊതു-ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, മാലിന്യ നിക്ഷേപത്തിന്റെ അളവ്/അശാസ്ത്രീയ മാലിന്യ സംസ്കരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്.. ഇത് പരിഹരിക്കുന്നതിനും തദ്ദേശസ്ഥാപനത്തിന്റെ ഇടപെടൽ അനിവാര്യമാണ്. അതുകൊണ്ട് തന്നെ BWGകളിൽ എങ്ങനെയാണോ മാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കേണ്ടത്, അതായത് പരിശോധന, സാങ്കേതികമായ സഹായം ലഭ്യമാക്കു

ന്നതിനുള്ള മാർഗ്ഗ നിർദ്ദേശം ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും നൽകണം.

» ഉറവിട സംവിധാനങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ഉറവിട ജൈവ മാലിന്യ സംവിധാനം ഉറപ്പാക്കണം, ആയതിനുള്ള സാങ്കേതിക സഹായം, തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ട്, MGNREGS മുഖേനയുള്ള ഫണ്ട്, ശുചിത്വ മിഷൻ മുഖേനയുള്ള ഫണ്ട് എന്നിവ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുക.
» സാനിറ്ററി മാലിന്യം ഒഴികെയുള്ള അജൈവ മാലിന്യങ്ങൾ പൂർണ്ണമായും ഹരിതകർമ്മസേനയ്ക്ക് തന്നെ കൈമാറുന്നതിനുള്ള ഇടപെടൽ.
» തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൂടി പ്രയോജനപ്പെടുന്ന തരത്തിലുള്ള വലിയ പ്രൊജെക്ടുകൾ കോ-ഓർഡിനേറ്റർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള സാധ്യത.
» വിദ്യാഭ്യാസ സ്ഥാപനത്തിലെ എൻ എസ് എസ്. എൻ സി സി, മറ്റ് ക്ലബ്ബ്കൾ ഇവ യയെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പ് വരുത്തുന്നതിനുള്ള പ്രചാരണത്തിന്, ഹരിതകർമ്മസേന അംഗങ്ങൾക്കുള്ള പിന്തുണയ്ക്ക്, സ്ഥാപനങ്ങൾക്ക്- വീടുകൾക്ക് മാലിന്യ പരിപാലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്, ബഹുജന വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്യുന്നതിന്, നിലവിലെ സംവിധാനങ്ങളുടെ കാര്യക്ഷമത പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനെല്ലാം വിദ്യാർത്ഥികളെ ഭാഗമാക്കാം.



# അതിദാരിദ്ര്യ നിർമ്മാർജ്ജനവും പ്രാദേശിക സർക്കാരുകളും





കേരളപിറവി ദിനമായ 2025 നവംബർ 1-ന്, അതിദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം എന്ന ചരിത്രനേട്ടം കേരളം കൈവരിച്ചു. വിവിധ സർക്കാരുകളും തദ്ദേശ സ്ഥാപനങ്ങളും കുടുംബശ്രീ പോലുള്ള സംവിധാനങ്ങളും ചേർന്ന് നടപ്പാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ തുടർച്ചയായി, 2021-ൽ സർക്കാർ ആരംഭിച്ച അതിദരിദ്രരെ കണ്ടെത്താനുള്ള ഇടപെടലാണ് ഈ നേട്ടത്തിലേക്ക് സംസ്ഥാനത്തെ എത്തിച്ചത്. രണ്ടാം ഇടതുമുന്നണി സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗത്തിലാണ് 'അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി (EPEP) രൂപീകരിക്കുന്നത്. 'ആശ്രയ', 'അഗതിരഹിത കേരളം' തുടങ്ങിയ മുൻകാല പദ്ധതികളിലൂടെ തിരിച്ചറിയപ്പെടാതെ പോയവരെക്കൂടി ഉൾക്കൊള്ളാൻ ലക്ഷ്യമിട്ടായിരുന്നു ഈ പദ്ധതി ആവിഷ്കരിച്ചത്. അതിനാൽത്തന്നെ പരിമിതമായ ഉല്പ്പന്നങ്ങളുടെ (Goods and services) ലഭ്യതയ്ക്കു പുറമേ ചരിത്രപരമായ ദുർബ്ബലത, സാമൂഹികമായ ഒറ്റപ്പെടുത്തൽ എന്നീ സാഹചര്യങ്ങളെക്കൂടെ ഉൾക്കൊള്ളുംവിധമാണ് അതിദാരിദ്ര്യത്തെ സർക്കാർ നിർവചിച്ചിരിക്കുന്നത്.

ദേശീയ ബഹുമുഖ ദാരിദ്ര്യ സൂചികയിലെ (MPI) സംസ്ഥാനത്തിന്റെ സ്ഥാനം, മറ്റ് സൂചികകളിലെ പ്രകടനം, 'ആശ്രയ' പദ്ധതി നടപ്പാക്കിയതിലൂടെ ലഭിച്ച അനുഭവങ്ങളും അതിന്റെ സൂചികകൾ എന്നിവ ഉൾക്കൊണ്ടു തയ്യാറാക്കിയ ഈ നിർവചനം മൂന്ന് ഘടക ങ്ങളിലായി വിഭജിച്ച മുപ്പത്തിയെട്ട് മാനദണ്ഡങ്ങളെ ഉൾക്കൊള്ളുന്നു. ഈ മുപ്പത്തിയെട്ടു മാനദണ്ഡങ്ങളിൽ ഏതെങ്കിലും 2 ക്ലേശഘടകങ്ങളോ ഒരു അതിക്ലേശ ഘടകമോ ബാധ കമായവരെ അതിദരിദ്രരായി പരിഗണിക്കുന്നു. ഭക്ഷണം, പോഷകാഹാരം എന്നിവയുടെ ലഭ്യത, ആരോഗ്യപരമായ വെല്ലുവിളികൾ, ജോലി ചെയ്ത് വരുമാനം നേടാനുള്ള ശേഷി, ഭവനം എന്നിവയുമായി ബന്ധപ്പെട്ട ക്ലേശ-അതിക്ലേശ (distress and extreme distress factors) ഘടകങ്ങൾ, പട്ടികജാതി (SC), പട്ടികവർഗ്ഗ (ST), തീരദേശ സമൂഹങ്ങൾ, നഗരങ്ങളിലെ ദരിദ്രർ എന്നീ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക്, ചരിത്രപരമോ തലമുറകളിലൂടെ കൈമാറിവരുന്നതോ ആയ ദുർബലാവസ്ഥ, എച്ച്ഐവി ബാധിതർ, LGBTQIA+ വിഭാഗത്തിൽപ്പെട്ടവർ, അനാഥ രായ കുട്ടികൾ എന്നിവർ അനുഭവിക്കുന്ന സാമൂഹിക ബഹിഷ്കരണം (social exclusion) എന്നിവയെ ഈ ചട്ടക്കൂട് അടയാളപ്പെടുത്തുന്നു. അക്കാദമിക വിദഗ്ധർ, ജനകീയാസൂത്രണ പ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ചാണ് കില ഈ മാനദണ്ഡങ്ങൾ വികസിപ്പിച്ചത്. ഇതോടൊപ്പം ഈ മാനദണ്ഡങ്ങൾ ഉപയോഗിച്ചു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തത്തോടെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള കർമ്മപദ്ധതിയും തയ്യാറാക്കി. ഇങ്ങനെ വികസിപ്പിച്ച രീതിശാസ്ത്രത്തിന്റെ വിശ്വാസ്യത ഉറപ്പുവരുത്താനായി, അതിനെ മൂന്ന് ഘട്ടങ്ങളിലായുള്ള പരിശോധനകൾക്ക് വിധേയമാക്കി.

ഒന്നാം ഘട്ടം: ആദ്യ ഘട്ടത്തിൽ, സംസ്ഥാനത്തെ അഞ്ച് വ്യത്യസ്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (LSGs) അതിദരിദ്ര വിഭാഗങ്ങളെ മാപ്പ് ചെയ്യുന്നതിനുള്ള പ്രായോഗിക ശ്രമങ്ങൾ നടത്തി. വയനാട്, മലപ്പുറം ജില്ലകളിലെ രണ്ട് ഗ്രാമീണ മേഖലകൾ, കോട്ടയം, എറണാകുളം ജില്ലകളിലെ രണ്ട് നഗര മേഖലകൾ, പാലക്കാട് ജില്ലയിലെ ഒരു ആദിവാസി മേഖല എന്നിവയാണ് ഇതിനായി തിരഞ്ഞെടുത്തത്. വിദഗ്ധരുടെ വിലയിരുത്തലിനൊപ്പം, താഴെത്തട്ടിൽ നിന്നുള്ള വിവരശേഖരണത്തിലൂടെ അതിദരിദ്രരായി കണക്കാക്കാവുന്ന വിവിധ സാമൂഹിക വിഭാഗങ്ങളെ തിരിച്ചറിയാനും ഇതിലൂടെ സാധിച്ചു.

രണ്ടാം ഘട്ടം: അടുത്ത ഘട്ടത്തിൽ, ചോദ്യാവലിയുടെ പരിഷ്കരിച്ച കരട് പതിപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി പരിശോധിച്ചു. ഗ്രാമീണ മേഖലകൾ, നഗര പ്രദേശങ്ങൾ, തീരദേശ മേഖല, ആദിവാസി മേഖല എന്നിവ ഈ പരിശോധനയിൽ ഉൾപ്പെട്ടിരുന്നു.

മൂന്നാം ഘട്ടം: തുടർന്ന്, പദ്ധതി നടപ്പിലാക്കുന്ന സമ്പൂർണ്ണ രീതി (implementation process) മൂന്ന് തദ്ദേശ സ്ഥാപനങ്ങളിൽ പരീക്ഷിച്ചു. ഇതിൽ തിരുവനന്തപുരം ജില്ലയുടെ തീരദേശ മേഖലയായ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭ, വയനാട് ജില്ലയിലെ ആദിവാസി മേഖലയായ തിരുനെല്ലി ഗ്രാമപഞ്ചായത്ത് എന്നിവയും ഉൾപ്പെട്ടു.

ഈ എല്ലാ ഘട്ടങ്ങളിലും കിലയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല അക്കാദമിക

സമിതി, ഈ ഉപാധിയുടെ രീതിശാസ്ത്രപരമായ കൃത്യത (methodological rigour) പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നു. ദാരിദ്ര്യ സൂചകങ്ങളുടെയും ദാരിദ്ര്യാവസ്ഥയുടെയും പരസ്പരബന്ധം (intersectionality) പരിഗണിച്ച്, ഏറ്റവും കൂടുതൽ സൂചകങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാനുസൃതമായി നിരത്തുന്ന ക്യുമുലേറ്റീവ് (Cumulative) സമീപനമാണ് അതിദാരിദ്ര്യ കണ്ടെത്തൽ പ്രക്രിയയിൽ സ്വീകരിച്ചിരിക്കുന്നത്.

പദ്ധതി നടത്തിപ്പ് ഫലപ്രദമാക്കുന്നതിനായി കിലയുടെ നേതൃത്വത്തിൽ വിപുലമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. മാസ്റ്റർ ട്രെയിനർമാർക്കുള്ള സംസ്ഥാനതല പരിശീലനം, റിസോഴ്സ് പേഴ്സൺമാർക്കുള്ള ജില്ലാതല പരിശീലനം, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നടപടിക്രമങ്ങളെക്കുറിച്ചും പ്രോട്ടോക്കോളുകളെക്കുറിച്ചും പങ്കെടുക്കുന്നവർക്ക് മതിയായ അറിവ് നൽകുന്നതിനായി കൈപ്പുസ്തകങ്ങൾ, സാങ്കേതിക കൈപ്പുസ്തകങ്ങൾ, വീഡിയോ കൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുകയും വ്യാപകമായി വിതരണം ചെയ്യുകയും ചെയ്തു. പരിശീലന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള തദ്ദേശ സ്വയംഭരണ സംവിധാനം പൂർണ്ണമായും ഒത്തൊരുമിച്ച് പ്രവർത്തിച്ചു. ഇതിന്റെ ഫലമായി മൂന്നു ലക്ഷത്തോളം പേരെ പരിശീലിപ്പിക്കാനായി.

അതിദരിദ്രരെ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 19,498 വാർഡുകളിലും വാർഡുതല സമിതികൾ രൂപീകരിച്ചു. ഈ സമിതികൾ ഓരോ വാർഡിനുള്ളിലും മൂന്ന് ഘട്ടങ്ങളിലായി നടത്തിയ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെയാണ് (FGDs) അതിദാരിദ്ര്യം അനുഭവിക്കുന്ന 118309 കുടുംബങ്ങളുടെ സമഗ്ര പട്ടിക തയാറാക്കിയത്. ഈ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള ജനകീയ സമിതികൾ പരിശോധിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തു. ഈ പരിശോധനയ്ക്കു ശേഷം 87158 കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി. പ്രത്യേകം തയ്യാറാക്കിയ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഈ 87,158 കുടുംബങ്ങളുമായി നേരിട്ട് അഭിമുഖം നടത്തി. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ഫലപ്രദമല്ലാത്തിടത്ത് കുടുംബശ്രീയുടെ സാമൂഹിക ശൃംഖലയെ വിന്യസിച്ചു. ശേഖരിച്ച വിവരങ്ങൾ പുനഃപരിശോധിക്കുന്നതിനും സാധൂകരിക്കുന്നതിനു മായി കുടുംബശ്രീയുടെ CDS (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി), ADS (ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി) എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നു. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ്/ചെയർപേഴ്സൺ അധ്യക്ഷനായുള്ള LSG തല ജനകീയ സമിതികൾ, ഡാറ്റാ കണക്കെടുപ്പിന്റെ കൃത്യതയും പ്രായോഗികതയും ഉറപ്പുവരുത്തി. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള പരിശീലനം ലഭിച്ച ഉദ്യോ ഗസ്ഥർ, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പട്ടികപ്പെടുത്തിയ 20% കുടുംബങ്ങളെ പുനഃപരിശോധിച്ച് 'സൂപ്പർ-ചെക്കുകൾ' നടത്തി 73,747 കുടുംബങ്ങളുടെ ഒരു മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഗ്രാമസഭകൾ ഈ മുൻഗണനാ പട്ടിക വീണ്ടും സൂക്ഷ്മമായി പരിശോധിക്കുകയും, 64,006 അതിദരിദ്ര കുടുംബങ്ങളുടെ (1,03,099 വ്യക്തികൾ) അന്തിമ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഇങ്ങനെ വിവിധ ഘട്ടങ്ങളിലായി പരിശോധിച്ചാണ് 64,006

കുടുംബങ്ങളുടെ അന്തിമ പട്ടിക തയാറാക്കിയത്. മൂന്ന് ലക്ഷത്തോളം പേർക്ക് പരിശീലനം നൽകുകയും പത്ത് ലക്ഷത്തിലധികം പേരെ ചർച്ചകളിൽ പങ്കാളികളാക്കുകയും ചെയ്തു. ഈ ദൗത്യം കേരളത്തിലെ അധികാര വികേന്ദ്രീകരണ ചരിത്രത്തിലെ ഏറ്റവും വലിയ ജനകീയ വിദ്യാഭ്യാസ പരിപാടിയായി മാറി. ഇതുവഴി ദാരിദ്ര്യത്തെ ഒരു സാമൂഹിക അജണ്ടയാക്കി മാറ്റാൻ സാധിച്ചു. പരമ്പരാഗത സാമ്പിൾ സർവേകളിൽ നിന്നും ഏകമാന സമീപനങ്ങളിൽ നിന്നും വ്യത്യസ്തമായി, സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായുള്ള ഗൗരവതരമായ ഒരു ഇടപെടലായിരുന്നു ഇത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, കണ്ടെത്തിയ ഓരോ കുടുംബത്തിന്റെയും തനതായ ആവശ്യങ്ങൾ വിവിധ വകുപ്പുകളുടെ കർമ്മപദ്ധതികളുമായി ചേർത്തുവച്ചാണ് മൈക്രോ പ്ലാനുകൾ രൂപീകരിച്ചത്. അഗതികൾ, തൊഴിലെടുക്കാൻ സാധിക്കാത്തവർ, തിരിച്ചറിയൽ രേഖകൾ ഇല്ലാത്തവർ എന്നിങ്ങനെ ഓരോ വിഭാഗത്തിന്റെയും ദാരിദ്ര്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് ഹ്രസ്വകാല, ദീർഘകാല പിന്തുണാ സംവിധാനങ്ങൾ സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപനങ്ങളും ഉറപ്പാക്കുന്നു (പട്ടിക 2).

**പട്ടിക 2: കേരളത്തിലെ അതിദരിദ്രർക്കുള്ള പിന്തുണ– സംഗ്രഹം**

| വിഭാഗം (Category) | സേവനം/ഇനം (Service/Item) | എണ്ണം (Count) |
|---|---|---|
| ഭക്ഷണ സഹായം | ആകെ സഹായം ലഭിക്കുന്ന കുടുംബങ്ങൾ (100% കവറേജ്) | 20648 |
| | പാകം ചെയ്ത ഭക്ഷണം (Cooked Food) | 2210 |
| | ഭക്ഷണ കിറ്റുകൾ (Food Kits) | 18438 |
| ആരോഗ്യ സേവനങ്ങൾ | ആകെ ഇടപെടലുകൾ (4 തരം സേവനങ്ങൾ) | 28304 |
| | മരുന്നുകൾ ലഭ്യമാകുന്നവർ (ഒന്നിലധികം തവണ) | 29427 |
| | സാന്ത്വന പരിചരണം (Palliative Care) | 4829 |
| | ചികിത്സാ ഉപകരണങ്ങൾ (Equipment) | 424 |
| | അവയവമാറ്റ ശസ്ത്രക്രിയ (Transplantation) | 7 |
| വരുമാന സഹായം | ആകെ പിന്തുണ ലഭിച്ച കുടുംബങ്ങൾ (100% കവറേജ്) | 4393 |
| | ഉജ്ജീവനം ക്യാമ്പയിൻ (Ujjeevanam Campaign) | 3820 |
| | മറ്റ് സർക്കാർ വകുപ്പുകൾ (Other Departments) | 212 |
| | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGIs) | 272 |
| | സ്വകാര്യ ഏജൻസികൾ (Private Agencies) | 88 |
| പാർപ്പിട സഹായം | ആകെ നൽകിയ സേവനങ്ങൾ (3 തരം സേവനങ്ങൾ) | 13036 |

| | | |
|---|---|---|
| | പുതിയ വീടുകൾ (New Houses) | 4677 |
| | വീടിന്റെ അറ്റകുറ്റപ്പണി (House Maintenance) | 5646 |
| | സ്ഥലവും വീടും (Land & House) | 2713 |

*സ്രോതസ്: EPEP ഡാഷ്ബോർഡ്*

ഈ പ്രക്രിയയുടെ യഥാർത്ഥ നേട്ടം എന്നത്, പരമ്പരാഗത ദാരിദ്ര്യ അളവുകോലുകളിൽപ്പെടാതെ പോയവരും, സാമൂഹികവും ഭരണപരവുമായ പിന്തുണകളില്ലാത്തവരുമായ ഏറ്റവും ദുർബ്ബലരായ 64,006 കുടുംബങ്ങളെ ബൃഹത്തായ ഒരു ജനകീയ പ്രക്രിയയിലൂടെ (EPIP) തിരിച്ചറിയാൻ സാധിച്ചു എന്നതാണ്. അതോടൊപ്പം, വകുപ്പുതല അതിർവരമ്പുകൾക്കപ്പുറം എല്ലാ സർക്കാർ സംവിധാനങ്ങളെയും ഒരു പൊതു ലക്ഷ്യത്തിനായി ഏകോപിപ്പിക്കാൻ കഴിഞ്ഞുവെന്നതും ഈ ദൗത്യത്തിന്റെ വിജയമാണ്.

സംസ്ഥാനത്തെ അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിക്കുമ്പോൾ, ഈ പിന്തുണാ സംവിധാനങ്ങൾ അവസാനിപ്പിക്കുകയല്ല മറിച്ച്, ഈ കുടുംബങ്ങൾക്ക് ആവശ്യമുള്ളിടത്തോളം കാലം അവ നിലനിൽക്കുമെന്ന് ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. നിലവിലെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ തുടരുന്നതിനൊപ്പം, പുതുതായി തിരിച്ചറിയൽ രേഖകൾ ലഭിച്ചവർക്ക് അവ ലഭ്യമാക്കാനും ഈ പരിപാടിയിലൂടെ സാധ്യമാക്കി. കേരളം സാമൂഹിക പുരോഗതിയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ, ഈ സംവിധാനങ്ങളുടെ തുടർച്ചയും സ്ഥാപനപരമായ സ്ഥിരതയും ഉറപ്പാക്കേണ്ടതുണ്ട്. സർക്കാർ മേൽനോട്ടത്തിനൊപ്പം, ജനങ്ങളുടെയും സിവിൽ സൊസൈറ്റിയുടെയും സജീവ പങ്കാളിത്തത്തോടെയുള്ള നിരന്തരമായ സാമൂഹിക ഓഡിറ്റിംഗിലൂടെ പരിമിതികൾ തിരിച്ചറിഞ്ഞു പരിഹരിക്കുക എന്നതാണ് ഇതിന്റെ കാതൽ.

## 6.1 അതിദാരിദ്ര്യ മുക്ത കേരളം 2.0

2025 നവംബർ 1 ന് കേരളം അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. കേരളം അതിദാരിദ്യ മുക്തമാക്കുക എന്നത് 2021 ൽ അധികാരത്തിൽ വന്ന പുതിയ സർക്കാറിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിലെ ആദ്യ തീരുമാനമായിരുന്നു. 2022 മുതൽ നടന്ന തുടർച്ചയായ ഇടപെടലുകളാണ് ഈ നേട്ടത്തിന് കേരളത്തെ സഹായിച്ചത്. 2022 ൽ വിപുലമായ പങ്കാളിത്ത പ്രക്രിയയിലൂടെയാണ് 64006 കുടുംബങ്ങളെ അതിദരിദ്രരായി കണ്ടെത്തിയത്. സംസ്ഥാനത്തെ 20,000 ന് അടുത്തു വരുന്ന വാർഡ് തല സമിതികളാണ് പങ്കാളിത്ത പ്രക്രിയക്ക് നേതൃത്വം നൽകിയത്. തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഓരോ കുടുംബത്തിനും മൈക്രോപ്ലാൻ തയ്യാറാക്കി. വിവിധ വകുപ്പുകളേയും, ഏജൻസികളേയും അവർ നൽകുന്ന സേവനങ്ങളേയും ഓരോ കുടുംബത്തിന്റേയും മൈക്രോപ്ലാനുകളുമായി ബന്ധിപ്പിച്ചാണ് തുടർ ഇടപെടലുകൾ നടന്നത്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നൽകൽ, ആഹാരം ലഭ്യമാക്കൽ, ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കൽ, ചികിത്സ ലഭ്യമാക്കൽ, വിവിധ ഇൻഷുറൻസ് പദ്ധതികൾ ലഭ്യമാക്കൽ തുടങ്ങിയ ഇടപെടലുകലാണ് നടത്തിയത്. ഇതിന്റെ ഫലം എന്ന നിലയിലാണ് അതിദാരിദ്ര്യ മുക്ത കേരളം എന്ന ലക്ഷ്യം നേടാനായത്.

## 6.1.1 തുടർ ഇടപെടലുകൾ

രണ്ട് തരം ഇടപെടലുകൾ അതിദാരിദ്ര്യ മുക്ത കേരളത്തിന്റെ രണ്ടാംഘട്ടത്തിൽ ആവശ്യമായി വരും. അതിദാരിദ്ര്യ മുക്തരായ കുടുംബങ്ങൾ വീണ്ടും അതിദാരിദ്ര്യത്തിലേക്ക് വീഴില്ല എന്ന് ഉറപ്പാക്കാനുള്ള ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഉണ്ടാകണം.

- നേടിയ നേട്ടങ്ങൾ വിലയിരുത്തി കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം ഉറപ്പാക്കാൻ മൈക്രോപ്ലാനുകൾ പുതുക്കണം.
- ഭക്ഷണം ചികിത്സ, വരുമാനം തുടങ്ങിയ പിന്തുണകൾ തുടർച്ചയായി നൽകുമെന്ന് ഉറപ്പാക്കണം.
- സ്പോൺസർഷിപ്പ് ഉൾപ്പെടെയുള്ള പുതിയ വിഭവ സമാഹരണ സാദ്ധ്യതകൾ ആലോചിക്കണം.
- വാർഡ് തല സമിതികളുടെ വിലയിരുത്തൽ 3 മാസത്തിൽ ഒരിക്കൽ നടത്താൻ കഴിയണം. ഇതോടൊപ്പം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സോഷ്യൽ ഓഡിറ്റ് സമിതികൾ ഉണ്ടാക്കി 6 മാസത്തിൽ ഒരിക്കൽ സോഷ്യൻ ഓഡിറ്റ് നടത്തി കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം ഉറപ്പാക്കാൻ കഴിയണം.
- ഇതോടൊപ്പം ആദ്യഘട്ടത്തിന് ശേഷം അതിദരിദ്ര അവസ്ഥയിലേക്ക് വന്ന കുടുംബങ്ങളെ കണ്ടെത്തി അവർക്കായി മൈക്രോ പ്ലാനുകൾ തയ്യാറാക്കി ആ കുടുംബങ്ങളെ അതിദരിദ്ര മുക്തരാക്കാനുള്ള തുടർ ഇടപെടലുകൾ നടത്താൻ കഴിയണം.



# ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI)





One Local Government One Idea



## 7.1 പുത്തനാശയ നിർമ്മിതിയും തദ്ദേശ സ്ഥാപനങ്ങളും

അധികാരവികേന്ദ്രീകരണം കാൽനൂറ്റാണ്ട് പിന്നിട്ടപ്പോൾ ലോകത്തിനു തന്നെ മാതൃകയായ നിരവധി നേട്ടങ്ങൾ സാധ്യമാക്കാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഗ്രാമ, നഗര പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിലും സേവനമേഖലയിലും ജനങ്ങളുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യവും സാമ്പത്തികവും പാരിസ്ഥിതികവുമായ സങ്കീർണ്ണമായ ഒട്ടനവധി പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെടാതെ തുടരുന്നുണ്ട്. പല പ്രധാന മേഖലകളിലും രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ കേരളം ഇപ്പോൾ അഭിമുഖീകരിക്കുകയാണ്. ഈ വെല്ലുവിളികളെ നേരിടുന്നതിനും, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പറയുന്നതുപോലെ സമഗ്രമായ വളർച്ച, സുസ്ഥിര വികസനം, വികസന പ്രക്രിയയിൽ കൂടുതൽ പൊതുജനപങ്കാളിത്തം, ഉത്പാദന മേഖലയിൽ ഊന്നിയ ഇടപെടൽ, സുസ്ഥിര



പ്രാദേശിക സാമ്പത്തിക വികസനം എന്നിവ സാധ്യമാക്കുന്നതിനും ഇന്നോവേഷനിലൂന്നിയ വികസന മാതൃക അത്യാവശ്യമാണ്.

സുസ്ഥിരവും എല്ലാ വിഭാഗം ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതും തുല്യതയിൽ അടിസ്ഥാനപ്പെടുത്തിയതുമായ വികസനത്തിൽ ഇന്നോവേഷന്റെ പ്രാധാന്യവും അടുത്ത ബന്ധവും നിരവധി പഠനങ്ങളിൽ എടുത്തു കാണിക്കുന്നുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന ഇന്നവേഷൻ എന്നത് ആ പ്രദേശത്തെ ജനങ്ങളുടെ ആവശ്യകതകൾ മനസ്സിലാക്കി അവരുടെ പങ്കാളിത്തത്തോടു കൂടി അവിടെ നിലനിൽക്കുന്ന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തി, രൂപപ്പെടുത്തുന്ന പുത്തനാശയ നിർമ്മിതിയാണ്. ഇതു സാധ്യമാവാൻ പുതിയ ആശയങ്ങളുടെ രൂപീകരണത്തിനും നടത്തിപ്പിനും സഹായിക്കുന്ന പിന്തുണ സംവിധാനങ്ങൾ വിവിധ തലങ്ങളിൽ അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (KILA), തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI)' എന്ന പദ്ധതി രൂപീകരിച്ചിരിട്ടുള്ളത്.

## 7.2 പുത്തനാശയ ആവാസവ്യവസ്ഥ (Innovation Ecosystem)

പുത്തനാശയ നിർമ്മിതിക്ക് അക്കാദമിക-ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾക്കും അനുഭവ പരിജ്ഞാനമുള്ള വിദഗ്ധർക്കും വലിയ പങ്കുവഹിക്കാനാവും. തങ്ങളുടെ അറിവ് നാടിന് ഗുണപരമായ മാറ്റത്തിനുവേണ്ടി സന്നദ്ധ അടിസ്ഥാനത്തിൽ സേവനം പങ്കുവെക്കുവാൻ താല്പര്യമുള്ള ആളുകളുടെ കൂട്ടായ്മയായ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (CoP), OLOI പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണ്. 27 വിഷയമേഖലകളിലായി 1500 ൽ പരം വിദഗ്ധരെ ഉൾപ്പെടുത്തി CoP രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക സ്ഥാപനങ്ങളുടെയും CoP-യുടെയും കൂട്ടായ്മയിലൂടെ വികസന പ്രശ്നപരിഹാരങ്ങൾക്കും പുത്തനാശയ നിർമിതിയിലൂടെ പ്രാദേശിക സംരംഭങ്ങളുടെ ആധുനികവൽക്കരണത്തിനും മികച്ച ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നതിനും സഹായിക്കാൻ കഴിയുന്ന ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കേണ്ടതുണ്ട്. അറിവ് നിർമ്മിക്കുന്നവരും അത് ഉപയോഗിക്കുന്നവരും ആയി നിരന്തരമായുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ സുസ്ഥിരവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ സാമ്പത്തിക വികസനത്തിനുതകുന്ന പുത്തനാശയങ്ങൾ ഉരുത്തിരിഞ്ഞു വരികയുള്ളൂ. അതാത് സാഹചര്യത്തിനും സന്ദർഭത്തിനും



അനുസൃതമായ പ്രശ്നപരിഹാര മാർഗ്ഗങ്ങൾ രൂപപ്പെടുത്തുന്നതിന് പങ്കാളിത്തത്തോടു കൂടിയുള്ള പ്രശ്ന തിരിച്ചറിയലിലും കൂട്ടുപ്രവർത്തന പ്രശ്നപരിഹാരത്തിലും (Collaborative Problem Solving) ഊന്നിയ ഇന്നൊവേഷൻ ആവശ്യമാണ്. ഇതിനായി അക്കാദമിക സമൂഹം, പ്രാദേശിക സർക്കാരുകൾ, പൊതു സമൂഹം, സംരംഭങ്ങൾ, എന്നിവയെ കണ്ണിചേർക്കുന്ന ക്വാഡ്രുപ്പിൾ ഹെലിക്സ് മാതൃകയാണ് OLOI മുന്നോട്ടു വെയ്ക്കുന്ന പുത്തനാശയ ആവാസ വ്യവസ്ഥയുടെ അടിസ്ഥാന ഘടകം.

എല്ലാ വിഭാഗം ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സുസ്ഥിര പ്രശ്നപരിഹാരങ്ങൾക്കു ഉതകുന്ന ഇന്നൊവേഷൻ ജീവിത ചക്രം (innovation life cycle) പുത്തനാശയ ആവാസ വ്യവസ്ഥയുടെ ഒരു നിർണായക ഘടകമാണ്. ഗുണഭോക്താക്കളുടെ പെയിൻപോയിന്റുകൾ തിരിച്ചറിഞ്ഞു, പ്രാരംഭ പ്രശ്ന വിലയിരുത്തൽ നടത്തി, മൂലകാരണം കണ്ടെത്തി, പങ്കാളിത്ത രീതിയിലൂടെ പരിഹാരങ്ങൾ രൂപപ്പെടുത്തി, അവയുടെ സാങ്കേതിക സജ്ജതയും (technology readiness level), സാമൂഹ്യ സജ്ജതയും (community readiness level) പരിശോധിച്ച്, പ്രായോഗികത ഉറപ്പു വരുത്തി പദ്ധതികൾ നടപ്പിലാക്കുന്ന രീതിയാണ് ക്വാഡ്രുപ്പിൾ ഹെലിക്സ് മാതൃകയിലൂടെ സാക്ഷാത്ക്കരിക്കുന്ന ഇന്നൊവേഷൻ ജീവിത ചക്രം.




## 7.3 OLOI ഇടപെടൽ ഘട്ടങ്ങൾ

സാമ്പ്രദായികമായ പ്രശ്നപരിഹാര മാർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തമായതും അടിസ്ഥാന മാറ്റങ്ങൾക്ക് കരണമാകാവുന്നതുമായ പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക, പുത്തനാശയങ്ങളുടെ സഹായത്തോടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും, സംരംഭകത്വ വികസനത്തിനും, മെച്ചപ്പെട്ട സേവനക്ഷമത ഉറപ്പ് വരുത്തു

ന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, പ്രാദേശിക സാമ്പത്തിക വികസനപ്രവർത്തനങ്ങളിൽ നേരിടാവുന്ന വെല്ലുവിളികൾക്ക് സമർത്ഥമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിന് പ്രാദേശിക പ്രതിഭകൾക്ക് അവസരങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യങ്ങൾ. 2023 ഫെബ്രുവരിയിൽ ആരംഭിച്ച OLOI പദ്ധതിയുടെ ആദ്യ ഘട്ടം മൂന്ന് ട്രാക്കുകളിലായാണ് നടപ്പിലാക്കിയത്.

1. അക്കാദമിക ഗവേഷണ സ്ഥാപനങ്ങളുടെയും വിദഗ്ധരുടെയും പ്രവർത്തനങ്ങളിലൂടെ പ്രശ്ന സ്പഷ്ടീകരണം, സ്കോപ്പിംഗ്, പരിഹാരം നിർദേശിക്കൽ: ഇൻഫർമേഷൻ കേരള മിഷന്റെ (IKM) സുലേഖ ഓൺലൈൻ പോർട്ടൽ വഴി 215 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രശ്ന പ്രസ്താവനകൾ സമർപ്പിച്ചു. പ്രശ്നത്തിന്റെ ദൈർഘ്യം, പ്രശ്നത്തിന്റെ ഭൂമിശാസ്ത്രപരമായ വ്യാപ്തി, സമൂഹത്തിൽ പ്രശ്നത്തിന്റെ ആഘാതം തുടങ്ങിയ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച അപേക്ഷകൾ അവലോകനം ചെയ്യുകയും പരമ്പരാഗത മാർഗങ്ങളിലൂടെ പരിഹരിക്കാവുന്ന പ്രശ്നങ്ങൾ ഒഴിവാക്കി പുത്തനാശയ രൂപീകരണത്തിലൂടെ പരിഹരിക്കാവുന്ന പ്രശ്നങ്ങൾ ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു. കുടിവെള്ള ലഭ്യത, സാനിറ്റേഷൻ, വെള്ളപ്പൊക്ക പ്രശ്നം, ഖരമാലിന്യം, വയോജന പ്രശ്നങ്ങൾ, കാർഷിക വിപണന പ്രശ്നങ്ങൾ തുടങ്ങിയ മുൻഗണനാ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 12 പ്രശ്നങ്ങൾ ഷോർട്ട്ലിസ്റ്റ് ചെയ്തു. IIT ബോംബെ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സയൻസ് (KUFOS), ഡിസി സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്നിവയുൾപ്പെടെയുള്ള അക്കാദമിക്-ഗവേഷണ സ്ഥാപനങ്ങൾ പ്രശ്ന പരിഹാരത്തിനും പരിഹാര രൂപകൽപ്പനയ്ക്കും പിന്തുണ നൽകി.
2. ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സമർപ്പിച്ച പ്രശ്നങ്ങൾക്കുള്ള പരിഹാര അഗ്രഗേഷൻ ഹാക്കത്തോണുകൾ: ഖരമാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കായി സീറോ വേസ്റ്റ് ഹാക്കത്തോണും മനുഷ്യ വന്യമൃഗ ഇടപെടൽ വെല്ലുവിളികളെ നേരിടുന്നതിനുള്ള പരിഹാര മാർഗ്ഗങ്ങൾക്കായുള്ള ഹാക്കത്തോണും നടത്തപ്പെട്ടു. വിപുലമായ പരിചയ സമ്പത്തുള്ള പ്രാക്ടീഷണർമാർ, അക്കാദമിക് വിദഗ്ധർ, ബന്ധപ്പെട്ട മറ്റ് പങ്കാളികൾ എന്നിവരെ ഉൾപ്പെടുത്തി ശില്പശാലകൾ നടത്തി കൃത്യമായ പ്രശ്ന പ്രസ്താവനകൾ രൂപപ്പെടുത്തുന്നതിലൂടെയാണ് പ്രക്രിയ ആരംഭിക്കുന്നത്. തുടർന്ന് ഒരു സമഗ്രമായ ഹാക്കത്തോൺ ഡോക്യുമെന്റ് തയ്യാറാക്കൽ, ഒരു ഓൺലൈൻ പോർട്ടലിലൂടെ പരിഹാര സമർപ്പണങ്ങൾക്കായുള്ള സംവിധാനമൊരുക്കൽ, ശക്തമായ ഒരു വിലയിരുത്തൽ ചട്ടക്കൂടിനെ അടിസ്ഥാനമാക്കി എൻട്രികളുടെ വിവിധ തല വിലയിരുത്തൽ എന്നിവ നടത്തി, ഉടനെ നടപ്പിലാക്കാൻ പറ്റുന്ന 10 പരിഹാരങ്ങൾ കണ്ടെത്തി.
3. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച കാലാവസ്ഥാ പ്രവർത്തനങ്ങളെയും സുസ്ഥിര നഗര പരിവർത്തനങ്ങളെയും അഭിസംബോധന ചെയ്യുന്ന പ്രശ്ന പ്രസ്താവനകൾക്കുള്ള പരിഹാര അഗ്രഗേഷൻ ഹാക്കത്തോണുകൾ: കാനഡയിലുള്ള

ടൊറന്റോ സർവകലാശാലയുടെയും സോഷ്യൽ ആൽഫയുടെയും പങ്കാളിത്തത്തോടെ മാലിന്യ സംസ്കരണം, ഹരിത ഊർജ്ജം, പരിസ്ഥിതി സൗഹൃദ നിർമ്മാണ വസ്തുക്കൾ, ഊർജ്ജക്ഷമതയുള്ള സംവിധാനങ്ങൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്കായി ഹാക്കത്തോൺ നടത്തി. സ്റ്റാർട്ട് അപ്പുകൾ സമർപ്പിച്ച പരിഹാരങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ടവയിൽ നിന്നും നാലെണ്ണം തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുകയും ചെയ്തു.

## 7.4 പരിഹാര മാർഗ്ഗങ്ങൾ

ഈ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട പരിഹാര മാർഗ്ഗങ്ങളിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു.

1. വയോജന പരിപാലനവുമായി ബന്ധപെട്ടു വയനാട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ സഹായത്തോടെ വികസിപ്പിച്ചെടുക്കുന്ന ടൈം ബാങ്ക്.
2. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്താത്ത പ്രശ്നം പരിഹരിക്കുന്നതിന് സഹായകരമായ 'ഷാഫ്റ്റ്' ടെക്നോളജി.
3. അശാസ്ത്രീയമായ കക്ക സംസ്കരണത്തിലൂടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള ശാസ്ത്രീയ കക്ക സംസ്കരണ മാതൃക.
4. കുടിവെള്ള പ്രശ്ന പരിഹാരം- ഗ്രാമ പഞ്ചായത്തുകൾ നേരിട്ടുവരുന്ന കുടിവെള്ള പ്രശ്നങ്ങളെ TAGS ഫോറവും ഐഐടി ടീമും ചേർന്ന് പഠിച്ചു, കഠിനമായ പ്രശ്നം നേരിടുന്ന പ്രദേശത്തിന് ഒരു അടിയന്തിര പരിഹാരമെന്നോണം ഒരു റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ചു കുടിവെള്ളം വിതരണം ചെയ്യാനുള്ള വിശദാംശങ്ങളും, ദീർഘകാല പ്ലാൻ എന്ന നിലയിൽ അവിടുത്തെ അക്വിഫെർ പഠിച്ച് നിയന്ത്രിത അക്വിഫർ റീചാർജിംഗ് നടപ്പിലാക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള പദ്ധതി.
5. ഗ്രാമ പഞ്ചായത്തുകൾ കാലങ്ങളായി നേരിട്ട് വരുന്ന കുടിവെള്ള പ്രശനം പരിഹരിക്കുന്നതിന് 'ആസൂത്രിത മഴവെള്ള സംഭരണവും നിയന്ത്രിത അക്വിഫർ റീചാർജിംഗും' നടപ്പിലാക്കാനും തുടർച്ചയായ നിരീക്ഷണം നടത്തിവരുന്നതിനുമുള്ള പദ്ധതി.
6. ഇലക്ട്രോ കെമിക്കൽ പ്രക്രിയ വഴിയുള്ള വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ പ്ലാന്റ് (STP).
7. ബയോഫിൽറ്റർ സാങ്കേതികവിദ്യ വഴിയുള്ള വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ പ്ലാന്റ്.
8. ഊർജ്ജ ക്ഷമതയുള്ള സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സിസ്റ്റം.
9. വേസ്റ്റ് കളക്ഷന് വേണ്ടിയുള്ള ഇലക്ട്രിക് ട്രൈസൈക്കിൾ.
10. ഉപയോഗിച്ച സാനിറ്ററി പാഡുകൾ ശാസ്ത്രീയമായി സംസ്കരിച്ച് പൾപ്പും പ്ലാസ്റ്റിക്കും ആക്കി മാറ്റുന്ന സാങ്കേതികവിദ്യ.
11. കനം കുറഞ്ഞതും വിലകുറഞ്ഞതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളെ ശാസ്ത്രീയമായി

സംസ്കരിച്ചു മൂല്യവർദ്ധിതമായ കെട്ടിട നിർമ്മാണ സാമിഗ്രികളാക്കുന്ന സാങ്കേതികവിദ്യ.

12. ഫുഡ് പാക്കിങ്ങിനുപയോഗിക്കുന്ന ബയോ പാക്കുകൾ.

13. മൃഗങ്ങളെ ഓട്ടോമാറ്റിക്കായി അകറ്റുന്ന ഇലക്ട്രോണിക് ഉപകരണം

14. സസ്യവളർച്ച വർദ്ധിപ്പിക്കുന്നതിനൊപ്പം വന്യജീവികളെ വിളകളിൽ നിന്ന് അകറ്റാൻ രൂപകൽപ്പന ചെയ്ത ഒരു ബയോലിക്വിഡ് ഫോർമുലേഷൻ.

15. ആളില്ലാത്ത ഏരിയൽ വെഹിക്കിൾ ട്രാൻക്വിലൈസർ സംവിധാനം.

16. വേലി പൊട്ടിയതു ഓട്ടോമാറ്റിക്കായി തിരിച്ചറിയാനുള്ള യന്ത്രം.

ആദ്യ ഘട്ടത്തിലെ പാഠങ്ങളെ അടിസ്ഥാനമാക്കി, ബ്ലോക്ക് പഞ്ചായത്തുകൾ, അക്കാദമിക്-ഗവേഷണ സംഘടനകൾ, സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ, ബ്ലോക്ക് തലത്തിലുള്ള സ്റ്റാർട്ടപ്പുകൾ എന്നിവ ഉൾപ്പെടുന്ന ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ മോഡൽ OLOI പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. ഒരു പൈലറ്റ് പ്രോഗ്രാമായി, 14 ജില്ലകളിലായി 21 ബ്ലോക്ക് പഞ്ചായത്തുകൾ ഈ സംവിധാനം പദ്ധതി വച്ച് പ്രാവർത്തികമാക്കി. വിവിധ പ്രാദേശിക വികസന മേഖലകളെ ഉൾക്കൊള്ളുന്ന 35 പൈലറ്റ് പ്രോജക്റ്റുകൾ ഈ ക്ലസ്റ്ററുകളിൽ ഏറ്റെടുത്തിട്ടുണ്ട്. NIT കോഴിക്കോട്, CWRDM, IIM കോഴിക്കോട്, KUFOS, MG യൂണിവേഴ്സിറ്റി, TKM കോളേജ് ഓഫ് എഞ്ചിനീയറിംഗ്, CTCRI തുടങ്ങിയ അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ ഈ പ്രവർത്തനത്തിൽ പങ്കു ചേരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള അക്കാദമികവും സാങ്കേതികവുമായ പിന്തുണ നൽകാനും, പ്രാദേശിക സംരംഭകരുടെയും പുത്തനാശയങ്ങളിൽ തൽപരരായവരുടെയും ഭാഗത്തു നിന്നും ഉരുത്തിരിയുന്ന നൂതനാശയങ്ങൾ ഫലപ്രാപ്തിയിലേക്ക് എത്തിക്കാനും ഉള്ള ഒരു ആവാസ വ്യവസ്ഥ രൂപപ്പെടുത്തുക എന്നതാണ് ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളുടെ അടിസ്ഥാന ധർമ്മം. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക സംരംഭകർക്കും സ്വയം പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു പിന്തുണാ സംവിധാനം ആയി കൂടി ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകൾക്ക് പ്രവർത്തിക്കാൻ ആകും. അടുത്ത ഘട്ടത്തിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു, മുനിസിപ്പൽ ഇന്നൊവേഷൻ ക്ലസ്റ്ററുകൾ കൂടി രൂപീകരിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ രണ്ടാം ഘട്ടമെന്ന നിലയിൽ, ഓരോ ബ്ലോക്ക് പ്രദേശത്തിനകത്തും ചുറ്റുപാടുമുള്ള അക്കാദമിക സ്ഥാപനങ്ങളുടെ വൈദഗ്ധ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കണ്ണി ചേർത്ത് വിജ്ഞാന സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ചാലക ശക്തിയായി ഇവക്ക് മാറാൻ ആകും. കേരളത്തിന്റെ ദുർബ്ബലമായ പരിസ്ഥിതിയ്ക്കു ഹാനിവരാതെയും ജൈവവൈവിധ്യത്തെ പ്രതികൂലമായി ബാധിക്കാതെയും പതിറ്റാണ്ടുകളായി നിലനിൽക്കുന്ന അടിസ്ഥാനസൗകര്യ അപര്യാപ്തത പരിഹരിക്കുകയും വിജ്ഞാന വിപ്ലവത്തിന്റെ അത്യാധുനിക മേഖലകളിൽ അതിവേഗ മുന്നേറ്റം നടത്തുകയും ചെയ്യുന്നതിനു ഈ ആവാസ വ്യവസ്ഥ സഹായകമാവും.

## 7.5 ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ

### 7.5.1 പശ്ചാത്തലം

അധികാര വികേന്ദ്രീകരണത്തിൻറെ മൂന്നാം ദശാബ്ദത്തിലൂടെ കടന്നു പോകുന്ന കേരളം, ഗ്രാമ നഗര ജീവിതത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഇന്ന് സംസ്ഥാനത്തെ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന പ്രക്രിയയിൽ ആണ്. പുതിയ പ്രശ്നങ്ങളെ നേരിടുന്നതിന് പുതിയ ആശയങ്ങൾ, അവയുടെ രൂപീകരണത്തിനും നടത്തിപ്പിനും സഹായിക്കുന്ന സംഘടന സംവിധാനങ്ങൾ എന്നിവ വിവിധ തലങ്ങളിൽ അനിവാര്യമാണ്. സുസ്ഥിരവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ (sustainable and inclusive) പ്രാദേശിക സാമ്പത്തിക വികസനം (LED) സാധ്യമാവണമെങ്കിൽ പ്രാദേശിക യാഥാർത്ഥ്യങ്ങളിലും പ്രത്യേകതകളിലും ഊന്നിയ പുത്തനാശയ നിർമ്മിതി അഥവാ ഇന്നവേഷൻ ആവശ്യമാണ്. ഇന്നവേഷൻ എന്നത് സാമ്പത്തിക വികസനത്തിന്റെ സുപ്രധാന ചാലക ശക്തിയായി ലോകമെങ്ങും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന ഇന്നവേഷൻ എന്നത് ആ പ്രദേശത്തെ ജനങ്ങളുടെ ആവശ്യകതകൾ മനസ്സിലാക്കിയും അവരുടെ പങ്കാളിത്തത്തോടു കൂടിയും അവിടെ നിലനിൽക്കുന്ന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിയും, രൂപപ്പെടുത്തിവരുന്ന പുത്തനാശയ നിർമ്മിതിയാണ്.

ഇത്തരത്തിലുള്ള പുത്തനാശയ നിർമ്മിതിക്ക് അക്കാദമിക ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനാവും. അക്കാദമിക ഗവേഷണ സ്ഥാപനങ്ങളിലൂടെ വികസന പ്രശ്നപരിഹാരങ്ങൾക്കും, പ്രാദേശിക സംരംഭകർക്ക് പുത്തനാശയ നിർമിതിയിലൂടെ അവരുടെ സംരംഭങ്ങളുടെ ആധുനികവൽക്കരണത്തിനും, മികച്ച ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നതിനും സഹായം എത്തിക്കാൻ സാധ്യമാകുന്ന ഒരു ആവാസ വ്യവസ്ഥ ആവശ്യമാണ്. അറിവ് നിർമ്മിക്കുന്നവരും അത് ഉപയോഗിക്കുന്നവരും ആയി നിരന്തരമായുള്ള കൂട്ടായുള്ള പ്രവർത്തനത്തിലൂടെ മാത്രമേ സുസ്ഥിരവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ സാമ്പത്തിക വികസനത്തിന് ഉതകുന്ന പുത്തനാശയങ്ങൾ ഉരുത്തിരിഞ്ഞു വരികയുള്ളൂ.

### 7.5.2 പുത്തനാശയ നിർമ്മിതിക്ക് ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃക

തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന വെല്ലുവിളികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ച് അതാത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങൾ വഴിയും, വിദഗ്ധരുടെ കൂട്ടായ്മ വഴിയും, ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി, പദ്ധതി രേഖകളാക്കുകയും, അവ നടപ്പിലാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുകയും ചെയ്യാൻ ഇന്നോവേഷന്റെ ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃകയാണ് (Quadruple Helix model of innovation) ഏറ്റവും അനുയോജ്യം. ക്വാഡ്രപ്പിൾ ഹെലിക്സ് മോഡൽ അടിസ്ഥാനമാക്കിയുള്ള ഘടകങ്ങൾ താഴെ നൽകുന്നു.

- » **സർക്കാർ:** നയ രൂപീകരണവും ഭരണവും നയിക്കുന്നു.
- » **അക്കാദമിയ:** ഗവേഷണം, നൂതനാശയ നിർമിതി, വിജ്ഞാന വ്യാപനം എന്നിവ

കൊണ്ടുവരുന്നു.

» **വ്യവസായം:** സംരംഭകത്വം, ഉത്പാദനം, വിപണി ബന്ധങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
» **സിവിൽ സൊസൈറ്റി:** സമൂഹത്തിലെ മുഴുവൻ പേരുടെയും പ്രാതിനിധ്യവും അടിസ്ഥാന പങ്കാളിത്തവും ഉറപ്പാക്കുന്നു.

പുത്തനാശയ രൂപീകരണത്തിനും അവയുടെ നടത്തിപ്പിനും വ്യാപനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായുള്ള ഒരു പിന്തുണ സംവിധാനം എന്ന നിലയിൽ ആണ്, കെ-ഡിസ്കും കിലയും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടപ്പിലാക്കി വരുന്ന "ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം" (OLOI) എന്ന പദ്ധതിയുടെ ഭാഗമായുള്ള, ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ എന്ന ആശയം മുൻപോട്ട് വെക്കപ്പെട്ടിട്ടുള്ളത്. ഇത് ഇന്നോവേഷന്റെ ക്വാഡ്രുപ്പിൾ ഹെലിക്സ് മാതൃകയുടെ പ്രായോഗികവൽക്കരണമാണെന്ന് കാണാവുന്നതാണ്.

### 7.5.3 ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ (BIC)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക സംരംഭകരുടെയും പുത്തനാ ശയങ്ങളിൽ തൽപരരായവരുടെയും ഭാഗത്തു നിന്നും ഉരുത്തിരിയുന്ന നൂതനാശയങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും അവയെ ഫലപ്രാപതിയിലേക്ക് എത്തിക്കുന്നതിലേക്കുള്ള ഒരു ആവാസ വ്യവസ്ഥ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളുടെ അടിസ്ഥാന ധർമ്മം. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക സംരംഭകർക്കും സ്വയം പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തു ന്നതിനുള്ള ഒരു പിന്തുണാ സംവിധാനം ആയി കൂടി ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകൾക്ക് പ്രവർത്തിക്കാൻ ആകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ നിർവ്വാഹണ പ്രവർത്തങ്ങൾക്ക് അക്കാദമിക പിന്തുണയും മനുഷ്യ വിഭവ ശേഷി സമാഹരിച്ചു നല്കാൻ കഴിയുന്ന ഒരു ഏകോപന സംവിധാനമായി കൂടി ഇവക്ക് പ്രവർത്തിക്കാൻ ആകും. ഓരോ ബ്ലോക്ക് പ്രദേശത്തിനകത്തും ചുറ്റുപാടുമുള്ള അക്കാദമിക സ്ഥാപനങ്ങളുടെ വൈദഗ്ദ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കണ്ണി ചേർത്ത് വിജ്ഞാന സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ചാലക ശക്തിയായി ഇവക്ക് മാറാൻ ആകും.

RGSA പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കിലയുടെ പിന്തുണയോടെ ബ്ലോക്ക് പഞ്ചായത്ത് റിസോഴ്സ് സെന്റർ (BPRC) എന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വ്യവസ്ഥാപിതമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള അക്കാദ മികവും സാങ്കേതികവുമായ പിന്തുണ ഉറപ്പാക്കുക എന്നതാണ് BPRC കളുടെ ലക്ഷ്യം. ഇതിനു സമാനമായ ലക്ഷ്യം തന്നെയാണ് ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ എന്ന ആശയം മുൻപോട്ട് വെക്കുന്നത്. BPRC എന്ന സംവിധാനം ഇപ്പോൾ തന്നെ നില നിൽക്കുന്നു എന്നതിനാൽ BIC എന്നത് വേറിട്ട ഒരു സംവിധാനം ആയി പ്രവർത്തിക്കുക എന്നതിനെക്കാൾ BPRC യുടെ ഘടനയിലേക്ക് ഇണക്കി ചേർക്കുക എന്ന സമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്.




ബ്ലോക്കിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിഹരിക്കപ്പെടാത്ത വികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ബ്ലോക്ക് തല കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനം BIC യുടെ അനിവാര്യ ഉപ ഘടകമാകും. ബ്ലോക്കിലെ സിവിൽ സമൂഹ സംഘടന കളുടെ കൂട്ടായ്മ മറ്റൊരു ഉപഘടകമായി പ്രവർത്തിക്കും. സംരംഭകരുടെ ശൃംഖലയും അക്കാദമിക സ്ഥാപനങ്ങളുടെ ശൃംഖലയും BIC യുടെ ഭാഗമാകും. ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അക്കാദമികവും സാങ്കേതികവും സംരംഭകപരവും മനുഷ്യ വിഭവ സമാഹാരണ സാധ്യതകൾ ഉള്ളതുമായ മുഴുവൻ വൈദഗദ്യത്തെയും ഒരേ ചരടിൽ കണ്ണി ചേർക്കുന്ന ഒരു ഏകോപന സംവിധാനമായി ആയിരിക്കും ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ പ്രവർത്തിക്കുക. പ്രാദേശികമായ അക്കാദമികശേഷികളെയും വൈദഗ്യത്തേയും ജനകീയ കൂട്ടായ്മകളിലൂടെയുള്ള സാമൂഹിക മൂലധനത്തെയും പ്രദേശിക സാമ്പത്തിക വികസനത്തിനായി കണ്ണി ചേർക്കുന്ന ഒരു സമാഹരണ സംവിധാനമായി BIC പ്രവർത്തിക്കും.

### 7.5.4 ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററിന്റെ ലക്ഷ്യങ്ങൾ

- പുത്തൻ ആശയ രൂപീകരണത്തിന്റെ അന്തരീക്ഷം ഒരുക്കുക
- പുത്തൻ ആശയ നടപ്പിലാക്കലിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ സംവിധാനം ഒരുക്കുക
- പ്രാദേശിക സാമ്പത്തിക വികസനത്തിനുതകുന്ന ആവാസവ്യവസ്ഥ സൃഷ്ടിക്കുക
- തദ്ദേശ സ്ഥാപനങ്ങളുടെ രണ്ടാംതലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദഗർ, അക്കാദമിക സ്ഥാപനങ്ങൾ എന്നിവയുടെ പിന്തുണയോടെ ബ്ലോക്ക് തലത്തിൽ

ഒരു പ്ലാറ്റ്ഫോം സൃഷ്ടിക്കുക

» അക്കാദമിക സ്ഥാപനങ്ങളിലെ പഠന പ്രോജക്ടുകളെയും ഗവേഷണ പരിപാടികളെയും വികസന പ്രശ്നപരിഹാരങ്ങളുമായി ബന്ധിപ്പിക്കുക
» ബ്ലോക്ക് പരിധിയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ നിർവ്വഹണ പ്രശ്നങ്ങൾക്ക് സാങ്കേതിക വൈദഗ്ധ്യം നൽകൽ
» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് അക്കാദമികവും സാങ്കേതികവുമായ പിന്തുണ സംവിധാനം വികസിപ്പിക്കുക
» ബ്ലോക്ക് തലത്തിൽ സിവിൽ സമൂഹ സംഘടനകൾ, സംരംഭകർ,കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, അക്കാദമിക സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ്മയുടെ ഒരു ഏകോപന സംവിധാനമായി പ്രവർത്തിച്ച് ബ്ലോക്ക് പ്രദേശത്തെ നൂതയാനാശയ പ്രോൽസാഹനത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ഉതകുന്ന ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കുക.

## 7.5.5 ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്ററിലൂടെ ഇന്നോവേഷൻ ആവാസവ്യവസ്ഥ സജ്ജമാക്കൽ

ബ്ലോക്ക് തലത്തിൽ നൂതനാശയങ്ങളെ സമാഹരിക്കുന്നതിനും, പിന്തുണക്കുന്നതിനും കഴിയുന്ന മുഴുവൻ സംവിധാനങ്ങളെയും ഏകോപിപ്പിക്കാവുന്ന ഒരു സംഘടന രൂപമായിട്ടാണ് BIC പ്രവർത്തിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്കിന് അകത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അക്കാദമിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, വിവിധതരം മിഷനുകൾ, സർക്കാർ വകുപ്പുകൾ, കെ-ഡിസ്ക്, കില പോലുള്ള പരിശീലന സംവിധാനങ്ങൾ, സിവിൽ സമൂഹ സംഘടനകൾ, ബ്ലോക്ക് തല കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, ബ്ലോക്ക് ഇന്നവേഷൻ ഫെലോസ് എന്നിവരെയെല്ലാം ഏകോപിപ്പിക്കുന്ന ഒരു സംഘടന രൂപമായാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ പ്രവർത്തിക്കേണ്ടത്.

### 7.5.5.1 അക്കാദമിക- സാങ്കേതിക സ്ഥാപനങ്ങളുടെ ഏകോപനം

» ബ്ലോക്കിലെ അക്കാദമിക സ്ഥാപനങ്ങൾ സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങുടെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.
» സർവ്വേകൾ, വിവര ശേഖരണം എന്നിവക്കു വേണ്ട മനുഷ്യ വിഭവ ശേഷി ലഭ്യമാക്കുക, ആവശ്യമായ തൽസ്ഥിതി പഠനങ്ങൾ നടത്തുക, ബഹു ജന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ തന്ത്രങ്ങൾ രൂപീകരിക്കുകയും ക്യാമ്പയിനുകൾ നടത്തുകയും ചെയ്യുക, സംരംഭകർക്ക് ആവശ്യമായ പിന്തുണകൾ നൽകുക, പദ്ധതി വിലയിരുത്തലുകൾ നടത്തുക, പുത്തനാശയങ്ങളുടെ ഇൻകുബേഷനു വേണ്ട സംവിധാനങ്ങൾ ഒരുക്കുക, വിവിധ പദ്ധതികളുടെ പദ്ധതി രേഖകൾ തയ്യാറാക്കുക,ഹാക്കത്തോണുകൾ സംഘടിപ്പിക്കുക തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തങ്ങൾ BIC വഴി അക്കാദമിക സ്ഥാപനങ്ങളുമായി ചേർന്നു ചെയ്യാം.

### 7.5.5.2 കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനങ്ങൾക്ക് പിന്തുണ

ഒരു കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (COP) എന്നത് പൊതുവായ താൽപ്പര്യമോ പ്രൊഫെഷ

ണൽ അനുഭവമോ വൈദഗ്ധ്യമോ പങ്കിടുകയും പരസ്പരം മറ്റുള്ളവരിൽ നിന്നും പഠിക്കാൻ തയ്യാറാവുകയും പതിവായി ഇടപഴകുകയും പ്രശ്നങ്ങൾ പഠിക്കുകയും അവരവരുടെ മേഖലയിൽപ്പെട്ട പരിഹാരനിർദ്ദേശങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്ന ആളുകളുടെ ഒരു കൂട്ടായ്മാണ്. അംഗങ്ങൾക്ക് ഇടയിൽ അറിവ് പങ്കിടുന്നതിനോ പദ്ധതികളിൽ കൂട്ടായി പങ്കാളികളാകുന്നതിനോ പരസ്പരം പിന്തുണക്കുന്നതിനോ ഉള്ള ഒരു വേദിയായി മാറുന്നു. BIC യുടെ പശ്ചാത്തലത്തിൽ, കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് എന്നത്, തങ്ങളുടെ അറിവ് നാടിന്റെ ഗുണപരമായ മാറ്റത്തിനുവേണ്ടി സന്നദ്ധ അടിസ്ഥാനത്തിൽ പങ്കുവെക്കുവാൻ താല്പര്യമുള്ള ആളുകളുടെ ഒരു കൂട്ടായ്മ എന്ന വിവക്ഷിക്കാവുന്നതാണ്.

കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനത്തെ പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധിപ്പിക്കുന്നത്തിലൂടെ വിജ്ഞാന കൈമാറ്റം, സംരംഭകത്വ പിന്തുണ, നെറ്റ്‌വർക്കിംഗ്, ഇന്നൊവേഷൻ മുതലായ നിരവധി നേട്ടങ്ങൾ ഉണ്ടാകും. പൊതുവിൽ CoP-കളുടെ സഹകരണാത്മകവും വിജ്ഞാനം പരസ്പരം പങ്കിടുന്നതിന്നുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസന ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിനും കൂടുതൽ ഊർജ്ജസ്വലവും കാര്യശേഷിയുള്ളതുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും കഴിയും. ഇതിലൂടെ വിവിധ മേഖലകളിലെ പ്രാദേശിക പങ്കാളികൾക്ക് ഒരുമിച്ച് പ്രവർത്തിക്കുവാനും തദ്ദേശ സ്ഥാപനതലത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് സാധ്യതയുള്ള വിവിധ ഏജൻസികളെ ബന്ധിപ്പിക്കുന്നതിനും കഴിയും. നിലവിൽ കെഡിസ്ക് വ്യത്യസ്ത മേഖലയിലെ വിദഗ്ധരെ ഉൾപെടുത്തി ഇത്തരത്തിൽ ഒരു കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനത്തെ രൂപപെടുത്തിയിട്ടുണ്ട്.

» കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന്റെ പ്രവർത്തനങ്ങൾക്ക് ഭൗതികവും, സാങ്കേതികവും, സാമ്പത്തികവും, അക്കാദമികവുമായ പിന്തുണ നൽകുക.
» ഓഫീസ് സൗകര്യങ്ങളും മറ്റു ഭൗതിക സൗകര്യങ്ങളും നൽകുക.
» വിവര സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുക.
» ആവശ്യമായ ഡാറ്റയും വിവര ശേഖരവും ലഭ്യമാക്കുക.
» കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിനെ അക്കാദമിക സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.
» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ എന്നിവരുടെ പ്രശ്നങ്ങളും നൂതനാശയങ്ങളും സമാഹരിച്ച് കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന് കൈമാറുക.
» കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന്റെ സഹായത്തോടുകൂടി താഴെ പറയുന്ന കാര്യങ്ങൾ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾക്ക് ഏറ്റെടുക്കാം.
    - മേഖലകളിൽ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അക്കാദമിക സ്ഥാപനങ്ങളെ ബന്ധിപ്പിച്ചുള്ള സ്ഥിതി പഠനങ്ങൾ, പ്രശ്ന കാരണങ്ങൾ കണ്ടെത്തൽ, പരിഹാര പദ്ധതികൾ തയ്യാറാക്കൽ
    - പ്രാഥമിക പദ്ധതി രേഖകൾ വിശദമായ പദ്ധതി രേഖകൾ എന്നിവ തയ്യാറാക്കുന്നതിന് സാങ്കേതിക സ്ഥാപനങ്ങളുടെ പിന്തുണയോടെ പ്രവർത്തനങ്ങൾ
    - കുട്ടികളുടെയും അധ്യാപകരുടെയും പഠന പ്രോജക്റ്റുകളെയും ഗവേഷണ

പരിപാടികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ആസൂത്രണ നിർവ്വഹണ ആവശ്യങ്ങളുമായി ബന്ധിപ്പിക്കൽ.

- നടപ്പിലാക്കിയ പദ്ധതികളുടെ ആഘാത, വിലയിരുത്തൽ പഠനങ്ങൾ BIC കൾക്ക് അക്കാദമിക സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് ഏറ്റെടുക്കൽ.

### 7.5.5.3 സിവിൽ സമൂഹ സംഘടനകളുടെ ബ്ലോക്ക് തല കളക്ടീവും കോഡിനേഷൻ കളക്ടീവും

ജനാധിപത്യത്തിന്റെ നെടുംതൂണുകളിൽ ഒന്നായി പറയപ്പെടുന്ന സിവിൽ സൊസൈറ്റി കളക്ടീവ് എന്ന ആശയം സർക്കാരിതര സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ലക്ഷ്യങ്ങളെയും താല്പര്യങ്ങളെയും മൂല്യങ്ങളെയും മറ്റ് ആനുകൂല്യങ്ങളെയും ബന്ധിപ്പിച്ച് കൊണ്ടുള്ള കൂട്ടായ പ്രവർത്തനത്തെ ആണ് സൂചിപ്പിക്കുന്നത്. നിലവിൽ ധാരാളം സിവിൽ സൊസൈറ്റി സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും മറ്റ് സന്നദ്ധ പ്രവർത്തകരും സജീവമായി പ്രവർത്തിച്ചു വരുന്നുണ്ട്. ബ്ലോക്ക് തലങ്ങളിൽ ഈ ആശയം നടപ്പാക്കുകയാണെങ്കിൽ അറിവ്, പണം, മനുഷ്യ വിഭവങ്ങൾ, സാങ്കേതിക സഹായങ്ങൾ മുതലയവ പങ്കിടുന്നതിലൂടെ പ്രാദേശിക ഭരണകൂടത്തെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായകമാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, ജനകീയ സംഘടന രൂപങ്ങൾ, എന്നിവർ നേരിടുന്ന സാങ്കേതികവും അക്കാദമവുമായ പിന്തുണ ആവശ്യമായ പ്രശ്നങ്ങളെ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പരിഹാരങ്ങളെ താഴേക്ക് എത്തിക്കുന്നതിനും സഹായകമായ ഒരു ജനകീയ കൂട്ടായ്മയായി സിവിൽ സമൂഹ കളക്ടീവുകൾക്ക് പ്രവർത്തിക്കാനാകും.

ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സിവിൽ സൊസൈറ്റി കൂട്ടായ്മകൾക്ക് പ്രാദേശിക ആസൂത്രണ വികസന നിർവ്വഹണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും അവരുടെ ആശയങ്ങൾ പ്രാദേശിക വികസനവുമായി ബന്ധിപ്പിക്കുകയും ചെയ്യാം. BIC യുടെ നേതൃത്വത്തിൽ ആസൂത്രണ സമിതികളുടെ പിന്തുണയോടെ തദ്ദേശസ്ഥാപനതലത്തിൽ സിവിൽ സമൂഹ സംഘടനകളുമായി സ്റ്റേക്ക് ഹോൾഡേഴ്സ് കൺസൽട്ടേഷനുകൾ ഏറ്റെടുക്കാം. പുത്തനാശയ സമാഹരണത്തിനുള്ള വേദികൾ ആക്കി സിവിൽ സമൂഹ കൂട്ടായ്മകളെ മാറ്റാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്താൻ ആലോചിക്കുന്ന പദ്ധതികളുടെ സാമൂഹിക ആഘാത പഠനം, പാരിസ്ഥിതിക ആഘാത പഠനം, നടത്തിയ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിംഗ് എന്നിവ BIC യുടെ പിന്തുണയോടെ സിവിൽ സൊസൈറ്റി കളക്ടീവുകൾക്ക് ഏറ്റെടുക്കാം.

ഗ്രന്ഥശാലകൾ, കുടുംബശ്രീ കൂട്ടായ്മകൾ, വയോജന കൂട്ടായ്മകൾ, യുവജന കൂട്ടായ്മകൾ, അധ്യാപക കൂട്ടായ്മകൾ, ക്ലബ്ബുകളുടെ കൂട്ടായ്മകൾ, പാടശേഖരസമിതി കൂട്ടായ്മകൾ, കർഷക കൂട്ടായ്മകൾ, കുട്ടികളുടെ കൂട്ടായ്മകൾ, വിവിധതരം തൊഴിൽ കൂട്ടായ്മകൾ, സംരംഭക കൂട്ടായ്മകൾ, റസിഡന്റ് അസോസിയേഷൻ കൂട്ടായ്മകൾ ഇവയെല്ലാം സിവിൽ സമൂഹ കളക്ടീവിന്റെ ഭാഗമായി മാറും. ഇവയുടെയെല്ലാം പ്രതിനിധികൾ ചേർന്നതായിരിക്കണം സിവിൽ സമൂഹ കളക്ടീവിന്റെ ബ്ലോക്ക് തല ജനറൽ ബോഡി. പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനോടൊപ്പം പദ്ധതികളുടെ ഒരു

ജനകീയ ഓഡിറ്റിംഗ് സംവിധാനമായി സിവിൽ സമൂഹ കളക്ടീവുകൾക്ക് മാറാൻ കഴിയും.

സിവിൽ സമൂഹ കളക്ടീവുകളെ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടീവുകളിൽ നിന്നും ഒരു അംഗം ഉൾപ്പെട്ട ഒരു കോഡിനേഷൻ കളക്ടീവ് ഉണ്ടാകണം. ഇവരിൽ നിന്നും ഉള്ള മൂന്നുപേർ കോഡിനേഷൻ കളക്ടീവിന്റെ കോഡിനേറ്റർമാരായി പ്രവർത്തിക്കണം. സിവിൽ സമൂഹ കളക്ടീവുകളുടെ ബ്ലോക്ക് തല ജനറൽബോഡികൾ മൂന്നുമാസങ്ങളിൽ ഒരിക്കലെങ്കിലും ചേരണം. കോഡിനേഷൻ കളക്ടീവ് ആകട്ടെ എല്ലാ മാസങ്ങളിലും യോഗം ചേരുകയും അവരുടെ പ്രവർത്തനങ്ങളെ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുകയും വേണം.

### 7.5.5.4 സംരംഭക ഫെഡറേഷനുകളുടെ ഏകോപന സംവിധാനം

പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായിക്കുന്ന സംവിധാനം എന്ന നിലയിൽ BIC യുടെ ഭാഗമായി ഓരോ ബ്ലോക്കിലും ഉള്ള വിവിധതരം സംരംഭകരുടെ കൂട്ടായ്മകൾ അഥവാ ഫെഡറേഷനുൾ ആരംഭിച്ച് അവയുടെ ഒരു ഏകോപന സംവിധാനം രൂപപ്പെടുത്താവുന്നതാണ്. സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധികൾ അവർക്ക് ആവശ്യമായ സാങ്കേതിക- അക്കാദമിക പിന്തുണകൾ, വിഭവസമാഹരണ പിന്തുണകൾ, വിപണനം ശാസ്ത്രീയമാക്കാനുള്ള പിന്തുണകൾ, തുടങ്ങി വൈവിധ്യമാർന്ന പിന്തുണ സംവിധാനങ്ങൾ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് അക്കാദമിക സ്ഥാപനങ്ങൾ എന്നിവ വഴി ഇന്നവേഷ കസ്റ്ററുകൾക്ക് ലഭ്യമാക്കാൻ ആകും. പ്രാദേശിക സാമ്പത്തിക വികസന മാർഗരേഖയിൽ (LED Guidline) സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെന്റർ സംരംഭക പ്രോത്സാഹനത്തിന് ഒരു സംവിധാനം എന്ന നിലയിൽ BIC യുടെ ഭാഗമാക്കാവുന്നതാണ്.

### 7.5.5.5 ഡാറ്റാ ശേഖരണവും സൂക്ഷിപ്പും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങുടെ വിവിധ മേഖലകളിലെ ഡാറ്റാബേസ് വികസിപ്പിക്കുക. മഴുവൻ ഡാറ്റയും ശേഖരിച്ച് ബ്ലോക്ക് തല ഡാറ്റാ റെപ്പോസ്റ്ററി ഒരുക്കുക. എല്ലാ വകുപ്പുകൾ, ഏജൻസികൾ അർദ്ധ-സർക്കാർ സംവിധാനങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന സർവ്വേകൾ, റിപ്പോർട്ടിങ് സംവിധാനത്തിലൂടെ വരുന്ന കണക്കുകൾ, പഠനങ്ങൾ വിവിധ തരം സെൻസസുകൾ, വിഭവ ഭൂപടങ്ങൾ, ദുരന്ത സാധ്യതയും ദുരന്ത നിവാരണവും ആയി ബന്ധപ്പെട്ട വിവരങ്ങൾ, കാലാവസ്ഥ വിവര ശേഖരം കാലാവസ്ഥ മുന്നറിയിപ്പുകൾ സംരംഭങ്ങളുടെ വിവരങ്ങൾ എന്നിവ സമാഹരിച്ച് ഒരു പോർട്ടൽ സംവിധാനത്തിൽ ലഭ്യമാക്കുകയും കാലാനുസൃതമായി പുതുക്കുകയും ചെയ്യുക. വിവരാധിഷ്ഠിത ആസൂത്രണം, വികസന സൂചകങ്ങളെ ആസ്പദമാക്കിയുള്ള വിലയിരുത്തലുകൾ എന്നിവക്കായുള്ള പരിശീലനങ്ങൾ, ശേഷി വികസന പ്രവർത്തനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആസൂത്രണ സമതികൾ, വർക്കിങ് ഗ്രൂപ്പുകൾ, ഉദ്യോഗസ്ഥർ എന്നിവർക്കായി സംഘടിപ്പിക്കുക.

### 7.5.5.6 വിഭവസമാഹരണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കും ആശയങ്ങൾക്കും വിഭവങ്ങൾ ലഭ്യമാകുന്നതിനുള്ള സാധ്യതകളുടെ മാപ്പിംഗും വിഭവസമാഹരണവും ബ്ലോക്ക് ഇന്നവേഷൻ

ക്ലസ്റ്ററുകളുടെ പ്രധാന പ്രവർത്തനമാക്കാം. ഇതിനായി സ്കീം മാപ്പിംഗ്, ഫൈനാൻസ് മാപ്പിങ് എന്നിവ ഏറ്റെടുക്കാം. ഓരോ ഏജൻസികളുടെയും ആവശ്യങ്ങൾക്ക് അനുസരിച്ച് പദ്ധതി രേഖകൾ തയ്യാറാക്കി നൽകാം. ബ്ലോക്കിലെ വിവിധ ഏജൻസികൾ സർക്കാർ വകുപ്പുകൾ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, മിഷനുകൾ സി എസ് ആർ സ്ഥാപനങ്ങൾ, കോപ്പറേറ്റീവ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, പ്രവാസി സംഘടനകൾ എന്നിവ വഴിയെല്ലാം വിഭവസമാഹരണത്തിന്റെ ഏകോപന കേന്ദ്രമായി ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾക്ക് പ്രവർത്തിക്കാം.

#### 7.5.5.7 ഡോക്യുമെന്റേഷൻ- പരിശീലന പിന്തുണ

പുതിയ ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങളും മാതൃകാ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും ചെയ്യുന്ന സംവിധാനമായി BIC കൾക്ക് മാറാൻ ആകും.

#### 7.5.5.8 ഇന്നവേഷൻ ഫെല്ലോസ്

ബ്ലോക്കിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, സിവിൽ സമൂഹ കളക്ടീവുകൾ, വകുപ്പുകൾ, ഏജൻസികൾ, എന്നിവരുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്ന നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിച്ച് അവയുടെ സാക്ഷാത്കാരത്തിന് വേണ്ട പിന്തുണ നൽകുക, തദ്ദേശസ്ഥാപനങ്ങൾ സംരംഭങ്ങൾ ജനകീയ സംഘടനകൾ എന്നിവർ നേരിടുന്ന സാങ്കേതികവും അക്കാദമിവുമായ പിന്തുണകൾ ആവശ്യമുള്ളതുമായ പ്രശ്നങ്ങളെ തിരിച്ച റിയുക, അവയുടെ പ്രശ്നപരിഹാരത്തിന് വേണ്ട ഏകോപന പ്രവർത്തനങ്ങൾ ചെയ്യുക, അക്കാദമിക സ്ഥാപനങ്ങൾ വിവിധ തലങ്ങളിലെ COP കൾ എന്നിവരുമായി സഹകരിച്ച് പ്രശ്നം പരിഹാരത്തിനുള്ള പിന്തുണകൾ നൽകുക, വിശദമായ പദ്ധതികൾ തയ്യാറാക്കു ന്നതിനും വിഭവ സമാഹരണത്തിനും പിന്തുണ നൽകുക തുടങ്ങി ബ്ലോക്ക് തല നൂതന ആവാസ വ്യവസ്ഥയെ രൂപപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും കഴിയുന്ന ഒരു ഫെസിലിറ്റേഷൻ സംവിധാനം എന്ന നിലയിലാണ് ബ്ലോക്ക് ഇന്നവേഷൻ ഫെല്ലോകളെ വിഭാവനം ചെയ്യുന്നത്.

- ബ്ലോക്ക് പ്രദേശത്തെ അക്കാദമിക സ്ഥാപനങ്ങൾ, ബ്ലോക്ക് COP എന്നിവയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, ലോക്കൽ ഇന്നവേറ്റർമാർ, വകുപ്പുകൾ, മിഷണുകൾ എന്നിവയുമായി ബന്ധിപ്പിക്കുക.
- കെഡിസ്കിന്റെ OLOI, YIP, സ്കില്ലിങ് പദ്ധതികളിൽ ഒരു ചാലക ശക്തിയായി പ്രവർത്തിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, ലോക്കൽ ഇന്നവേറ്റർമാർ, സർക്കാർ സംവിധാനങ്ങൾ എന്നിവരിൽ നിന്നും നൂതനാശയങ്ങൾ, പ്രശ്നങ്ങൾ എന്നിവ സമാ ഹരിച്ച് ബ്ലോക്ക്/ജില്ലാ COP കൾ, ഇന്നവേഷൻ ക്ലസ്റ്ററുകൾ എന്നിവയുടെ മുൻപിൽ എത്തിക്കുക. അതാത് തലങ്ങളിൽ പരിഹാരം കണ്ടെത്താൻ കഴിയാത്ത പ്രശ്നങ്ങൾ മുകൾ തലങ്ങളിലേക്ക് കൈമാറുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

- നൂതനാശയങ്ങൾക്കും പദ്ധതികൾക്കും വിഭവസമാഹരണം നടത്തുന്നതിനുള്ള പിന്തുണകൾ നൽകുക.
- ബ്ലോക്ക് COP കൾ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- ബ്ലോക്ക് COP കൾ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ എന്നിവയുടെ ഇടപെടലുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
- ബ്ലോക്ക് പ്രദേശത്ത് ലോക്കൽ ഇന്നവേറ്റർമാരെ അക്കാദമിക സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നൂതനാശയങ്ങൾ, പ്രശ്ന പരിഹാരത്തിനായുള്ള അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന പരിഹാരങ്ങൾ എന്നിവ വിശദമായ പദ്ധതികൾ ആക്കി മാറ്റുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണക്കുക.
- അക്കാദമിക സ്ഥാപനങ്ങളിലെ അധ്യാപകർ, വിദ്യാർഥികൾ എന്നിവരുടെ നൂതയാശയനങ്ങൾക്ക് പിന്തുണ നൽകുക.

നൂതനാശയ രൂപീകരണത്തിനും നൂതന ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനും തൽപരരായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, ഗവേഷകർ, ഗവേഷണ ബിരുദം നേടിയവർ ബിരുദാനന്തര ബിരുദത്തിന് ശേഷം ഗവേഷണത്തിന് തയ്യാറെടുക്കുന്നവർ, നൂതനാശയ സൃഷ്ടിക്ക് സംഭാവന നൽകിയ അക്കാദമിക പശ്ചാത്തലമുള്ള വ്യക്തികൾ സാങ്കേതിക സ്ഥാപനങ്ങളിലെ അധ്യാപകർ, അക്കാദമിക യോഗ്യതയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്കെല്ലാം ഇന്നവേഷൻ ഫെല്ലോകളായി അപേക്ഷിക്കാൻ അവസരം നൽകാം പരമാവധി 45 വയസ്സുവരെ ഉള്ളവർക്ക് അപേക്ഷിക്കുന്നതിനുള്ള സാധ്യത നൽകാം. ബയോഡാറ്റയുടെ പ്രാഥമിക സ്ക്രീനിങ് തയ്യാറാക്കി സ്വീകരിക്കുന്ന സ്റ്റേറ്റ്മെന്റ് ഓഫ് പർപസിന്റെ സ്ക്രീനിങ് എന്നിവക്ക് ശേഷം യോഗ്യത നേടിയവർക്ക് തങ്ങളുടെ പ്രവർത്തന സാധ്യതകളെ സംബന്ധിച്ച ലഘു ഓൺലൈൻ അവതരണങ്ങൾക്ക് അവസരം നൽകാം. ഇതിലൂടെ തെരെഞ്ഞടുക്കപ്പെടുന്നവരെ ഒരു വിദഗ്ധ പാനൽ അഭിമുഖം നടത്തിയാകണം അന്തിമ പട്ടിക തയ്യാറാക്കേണ്ടത്. ബ്ലോക്ക് ഇന്നവേഷൻ ഫെല്ലോകൾക്ക് യാത്ര ബത്തയും അനുബന്ധ ചിലവുകൾ കണ്ടെത്തുന്നതിനും ഉള്ള ഒരു നാമമാത്ര ഓണറേറിയം നൽകുന്നത് ആണ് ഉചിതം. സാമ്പത്തിക പ്രതിഫലത്തെക്കാൾ പുതിയ മേഖലയിൽ പരിശീലനനങ്ങൾക്ക് ഉള്ള അവസരങ്ങൾ. പുതിയ കോഴ്സുകൾ ചെയ്യുന്നതിനുള്ള അവസരങ്ങൾ മികച്ച അക്കാദമിക സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരങ്ങൾ എക്സ്പോർഷർ സന്ദർശനങ്ങൾക്കുള്ള അവസരങ്ങൾ എന്നിവ ഒരുക്കുന്നതാകും അനുയോജ്യം.

### 7.5.6 ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ പൈലറ്റ് പ്രവർത്തനം

പൈലറ്റ് പ്രവർത്തനം എന്ന നിലയിൽ 20 ബ്ലോക്കുകളിൽ ആണ് ഈ വർഷം ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്. പൈലറ്റ് ബ്ലോക്കുകളുടെ വിവരം പട്ടിക 1-ൽ നൽകിയിട്ടുണ്ട്.

പട്ടിക 1

| ക്രമ നമ്പർ | ജില്ലയുടെ പേര് | ബ്ലോക്കിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | നേമം |
| 2 | | നെടുമങ്ങാട് |
| 3 | കൊല്ലം | മുഖത്തല |
| 4 | പത്തനംതിട്ട | പറക്കോട് |
| 5 | ആലപ്പുഴ | കഞ്ഞിക്കുഴി |
| 6 | കോട്ടയം | വൈക്കം |
| 7 | | ഏറ്റുമാനൂർ |
| 8 | ഇടുക്കി | ഇടുക്കി |
| 9 | എറണാകുളം | വൈപ്പിൻ |
| 10 | തൃശൂർ | കൊടകര |
| 11 | | തളിക്കുളം |
| 12 | പാലക്കാട് | മലമ്പുഴ |
| 13 | മലപ്പുറം | മങ്കട |
| 14 | | തിരൂർ |
| 15 | കോഴിക്കോട് | കുന്നമംഗലം |
| 16 | | കുന്നുമ്മൽ |
| 17 | വയനാട് | സുൽത്താൻബത്തേരി |
| 18 | കണ്ണൂർ | പയ്യന്നൂർ |
| 19 | | തലശ്ശേരി |
| 20 | കാസർഗോഡ് | കാഞ്ഞങ്ങാട് |

### 7.5.7 ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ പൈലറ്റ് പ്രവർത്തനം ഇത് വരെ

- കേരളത്തിലെ കമ്മ്യുണിറ്റി ഓഫ് പ്രാക്റ്റിസ്സ് സംവിധാനത്തെ ശക്തിപ്പെടുത്തുന്ന രീതിയിൽ പതിനാലു ജില്ലാ തല കമ്മ്യൂണിറ്റി ഓഫ് പ്രാക്റ്റിസ്സ് ശില്പശാലകൾ നടത്തി.
- ജില്ലാ ശില്പശാലകളിൽ നിന്നും ലഭിച്ച ആശയങ്ങളെ ക്രോഡീകരിച്ചു സംസ്ഥാന തലത്തിൽ കമ്മ്യൂണിറ്റി ഓഫ് പ്രാക്റ്റിസ്സ് പ്രതിനിധികളുടെ ശില്പശാല നടത്തി. ഈ ശിൽപശാലയിൽ ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്ററിന്റെയും കമ്മ്യൂണിറ്റി ഓഫ് പ്രാക്സ്റ്റീസ് സംവിധാനത്തിന്റെയും കരട് രൂപ രേഖ തയ്യാറാക്കി.
- ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ നടപ്പിലാക്കുന്ന പ്രവർത്തനത്തിനായി 28 ബ്ലോക്കുകളിൽ നേരിട്ട് കെഡിസ്ക് ബന്ധപ്പെടുകയും പ്രൊജക്റ്റ് വക്കുന്നത്തിനുള്ള ഇടപെടലുകൾ

നടത്തുകയും ഉണ്ടായി.ഇതിന്റെ അടിസ്ഥാനത്തിൽ 2025- 26 വർഷത്തിൽ 20 ബ്ലോക്കുകളിൽ പ്രൊജക്റ്റ് ഉൾപെടുത്തിയിട്ടുണ്ട്.

» പൈലറ്റ് ബ്ലോക്കുകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ കണ്ടെത്തുന്നതിന് 20 ബ്ലോക്കുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബ്ലോക്ക് പരിധിയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളെയും അക്കാദമിക സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ബ്ലോക്ക് തല ശില്പശാല നടത്തുകയുണ്ടായി. ഈ ശില്പശാലയുടെ ബ്ലോക്ക് തലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പട്ടികപ്പെടുത്തുകയുണ്ടായി.

» പൈലറ്റ് ചെയ്യുന്ന 20 ബ്ലോക്ക് പഞ്ചായത്തുകളിലെയും, ബ്ലോക്ക് പഞ്ചായത്ത് പരിധി യിലെ പഞ്ചായത്തുകളിലെയും പ്രതിനിധികളെയും, അക്കാദമിക സ്ഥാപങ്ങനളെയും ഉൾപ്പെടുത്തി കിലയിൽ വച്ച് ഒരു ത്രിദിന പരിശീലനം നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി അക്കാദമിക സ്ഥാപനങ്ങളുടെ സഹായത്തോടെ ബ്ലോക്ക് പരിധിയിലെ വികസന പ്രശ്നങ്ങളുടെ പരിഹാരം കാണുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

» NIIST, CTCRI, NIT Kozhikode, TKM കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലം, മഹാ ത്മാഗാന്ധി യൂണിവേഴ്സിറ്റി, KAU, RARS, KVK, CUFOS, KPPL, കുഫോസ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ് തലശ്ശേരി,

» CWRDM, ഗവ. എഞ്ചിനീയറിംഗ് കോളേജ് തൃശൂർ, സഹൃദയ എഞ്ചിനീയറിംഗ് കോളേജ് തൃശൂർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫിസിക്സ് വിഭാഗം (ഇൻകുബേഷൻ സെന്റർ), കോളേജ് ഓഫ് അഗ്രികൾച്ചർ, സെൻട്രൽ യൂണിവേഴ്സിറ്റി പെരിയ, GEC ഇടുക്കി എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി പ്രശ്ന പരിഹാരങ്ങൾക്കായുള്ള ധാരണ ആയി വരുന്നു.



# നവകേരള യാത്രയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ



സുസ്ഥിര വികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ കഴിഞ്ഞ നാല് തവണയായി ഒന്നാം സ്ഥാനത്ത് തന്നെയാണ് കേരളം. സുസ്ഥിരവികസനലക്ഷ്യത്തിന്റെ ചരിത്രം 1972 ൽ ആരംഭിച്ചതാണ്. 1972 ലെ സ്ടോക്ക്ഹോം കോൺഫറൻസും പിന്നീടുണ്ടായ ബ്രട്‌ലാന്റ് കമ്മീഷനും വികസനം സംബന്ധിച്ച് ആദ്യഘട്ട ആശയങ്ങൾ പകർന്നു നൽകി. പിന്നീട് 1990 ൽ മാനവവികസനം എന്ന രീതിയിലേക്ക് ചർച്ചകൾ ആരംഭിച്ചു. എന്നാൽ 1992 ലെ പരിസ്ഥിതിയും വികസനവും സംബന്ധിച്ച റിയോ കോൺഫറൻസ് ആണ് സുസ്ഥിരവികസനം സംബന്ധിച്ച് കൂടുതൽ മൂർത്തമായ ആശയങ്ങൾ ചർച്ച ചെയ്തത്. പിന്നീട് ജനസംഖ്യ സംബന്ധിച്ച കെയ്റോ കോൺഫറൻസും 1995ലെ വനിതകളുമായി ബന്ധപ്പെട്ട ബീജിംഗ് കോൺഫറൻസും സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച ഒട്ടേറെ വിഷയങ്ങൾ ചർച്ച ചെയ്തു. രണ്ടായിരാമാണ്ടിൽ പ്രഖ്യാപിച്ച സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളാണ് ലക്ഷ്യങ്ങൾ എന്ന രീതിയിൽ പല വികസന വിഷയങ്ങളെയും മുന്നോട്ട് നയിച്ചത്.

2010 മുതൽ 2015 വരെ ആയിരുന്നു സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ ലോകമെമ്പാടും സംഘടിപ്പിച്ചത്. 21 ഉപലക്ഷ്യങ്ങളുമായാണ് സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ പ്രഖ്യാപിക്കപ്പെട്ടത്. സുസ്ഥിരവികസന ലക്ഷ്യങ്ങൾ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളുടെ തുടർച്ച എന്ന നിലയിൽ കണക്കാക്കാം. എങ്കിലും ഒട്ടേറെ വ്യത്യാസങ്ങൾ അതിന്റെ ഭാഗമായി ഉണ്ട്.

2015 സെപ്റ്റംബർ 25നാണ് ഐക്യരാഷ്ട്രസഭ സുസ്ഥിരവികസന ലക്ഷ്യങ്ങൾക്കായുള്ള പ്രമേയം പാസാക്കിയത്. 'നമ്മുടെ ലോകത്തെ മാറ്റാ'മെന്നതായിരുന്നു പ്രധാന മുദ്രാവാക്യം. 'നമുക്ക് അതിന് കഴിയും' എന്നതായിരുന്നു പ്രഖ്യാപനം. 'ഒരാളും പുറകിലാകരുത്' എന്നതായിരുന്നു അടിസ്ഥാന സമീപനം. അങ്ങനെയാണ് വികസനത്തിനു വേണ്ടിയുള്ള 'അജണ്ട 2030' പ്രഖ്യാപിക്കപ്പെടുന്നത്. 17 ലക്ഷ്യങ്ങൾ, 169 ഉപലക്ഷ്യങ്ങൾ (ടാർഗറ്റ്) 360 സൂചകങ്ങൾ എന്ന നിലയിലാണ് ആദ്യഘട്ടത്തിൽ ഇതിനെ കൈകാര്യം ചെയ്തിട്ടുള്ളത്. 2016 ജനുവരി 1 മുതൽ 2030 ഡിസംബർ 31 വരെയാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടാനുള്ള ലോകത്തിന്റെ യാത്ര.

**17 സുസ്ഥിരവികസന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:**

1. ദാരിദ്ര്യം ഇല്ലാതാക്കുക
2. ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കുക
3. ആരോഗ്യപൂർണ്ണമായ ജീവിതം ഉറപ്പ് വരുത്തുക
4. വിദ്യാഭ്യാസം- തുല്യതയും ഗുണപരതയും
5. ലിംഗതുല്യത കൈവരിക്കുക
6. സുസ്ഥിര ജലപരിപാലനവും എല്ലാവർക്കും ശുചിത്വവും
7. ആധുനിക ഊർജ്ജം
8. എല്ലാവർക്കും മാന്യമായ തൊഴിൽ
9. പശ്ചാത്തല സൗകര്യങ്ങൾ
10. അസമത്വം കുറയ്ക്കുക
11. സുസ്ഥിരവും സുരക്ഷിതവുമായ പാർപ്പിടം
12. സുസ്ഥിര ഉപഭോഗം
13. കാലാവസ്ഥാ വ്യതിയാനം നേരിടുക
14. കടൽ വിഭവങ്ങളുടെ സംരക്ഷണം
15. ഭൗമവ്യൂഹത്തിന്റെ സംരക്ഷണം
16. ഉത്തരവാദിത്വപൂർണ്ണവും ഫലപ്രദവുമായ സ്ഥാപനങ്ങൾ
17. ആഗോള പങ്കാളിത്തം

ലക്ഷ്യങ്ങളെ വികസന സ്വപ്നങ്ങൾ ആയി കാണാം. ഉപലക്ഷ്യങ്ങൾ അല്ലെങ്കിൽ ടാർഗറ്റ്സിനെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടിയുള്ള നടപടികളുടെ ഭാഗമായി കാണാം. ഇവയെ അളക്കാനുള്ള മാനദണ്ഡങ്ങൾ അഥവാ നിലവാരം അളക്കാനുള്ള ഉപാധി എന്ന നിലയിലാണ് സൂചകങ്ങളെ സമീപിക്കേണ്ടത്.




കേരളം സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ കഴിഞ്ഞ നാല് തവണയായി ഒന്നാം സ്ഥാനം നിലനിർത്തുമ്പോൾ ഇക്കാര്യത്തിൽ കേരളത്തിൻറെ സമീപനം എന്ത് എന്ന് വ്യക്തമാക്കേണ്ടതുണ്ട്. കേരളത്തിൻറെ വികസനപാത മുമ്പ് തന്നെ നാം തീരുമാനിച്ചതാണ്. ഒരു ദിവസം കൊണ്ട് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്ന സംസ്ഥാനമല്ല കേരളം. കഴിഞ്ഞ 70 വർഷമായി കേരളം സ്വീകരിച്ച വികസന സമീപനത്തിന്റെ ഫലമായാണ് കേരളം ഒന്നാം സ്ഥാനത്ത് എത്തിയത്. കേരള സംസ്ഥാനം രൂപീകൃതമായ 1956 ൽ സംസ്ഥാനത്തിന്റെ വികസനനില മറ്റു മിക്ക സംസ്ഥാനങ്ങളെക്കാൾ മോശമായിരുന്നു. 1957ൽ സ. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരമേറ്റ ഒന്നാം കേരള സർക്കാർ മുമ്പോട്ടുവച്ച വികസന സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ വികസനം മുന്നോട്ടു കുതിച്ചത്. വളരെ അടിസ്ഥാനപരമായ മാറ്റങ്ങൾ, നടപടികൾ ഇവയെല്ലാം ചേർന്നതാണ് കേരളത്തിന്റെ വിജയത്തിന്റെ അടിസ്ഥാനം.

ഭൂപരിഷ്കരണം മുതൽ ജനപക്ഷസമീപനത്തിലൂന്നിയ നിരവധി നിയമനിർമ്മാണങ്ങളും നിരവധി ജനക്ഷേമത്തിനായുള്ള പരിപാടികളും ഇക്കാലമത്രയും തുടർന്നു വന്നു എന്നതാണ് പ്രത്യേകത. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസരംഗത്തും ആരോഗ്യ രംഗത്തും ഇതര മേഖലകളിലും ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായി. സാക്ഷരതയും കുടുംബശ്രീയും ജനകീയാസൂത്രണവും എല്ലാം ഈ മുന്നോട്ടുള്ള കുതിപ്പിന് സഹായകരമായി. ഏറ്റവും അവസാനം സ. പിണറായി വിജയൻറെ നേതൃത്വത്തിൽ 2016 ൽ ഭരണത്തിലേറിയ സർക്കാർ നവകേരള കർമ്മ പരിപാടി ആരംഭിക്കുകയും പുതിയ കേരള സൃഷ്ടിക്കായുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ

തുടങ്ങിവയ്ക്കുകയും ചെയ്തു. നവകേരളത്തിനായി ജനകീയാസൂത്രണം പുനരാവിഷ്കരിക്കപ്പെട്ടു. കിഫ്ബിയിലൂടെയുള്ള നിരവധി പ്രവർത്തനങ്ങൾ, വിവിധ ക്ഷേമ പരിപാടികൾ, ലൈഫ്, ആർദ്രം, വിദ്യാകിരണം, വിമുക്തി അടക്കമുള്ള ദൗത്യങ്ങൾ, ഇങ്ങവസാനം അതി ദാരിദ്ര്യ നിർമ്മാർജനത്തിനായുള്ള യജ്ഞം എന്നിവയെല്ലാം ഇക്കാലത്താണ് സംഘടിപ്പിക്കപ്പെട്ടത്. ഭരണതുടർച്ച നൽകിയ അവസരം ഈ വികസന ക്ഷേമ പ്രവർത്തനങ്ങളെ സുസ്ഥിരമാക്കാനും പൂർണതയിലെത്താനും സഹായിച്ചു. ഓരോ മേഖലയേയും ഓരോ പ്രദേശത്തെയും എല്ലാ വിഭാഗങ്ങളെയും സ്പർശിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നുവരുന്നത്. ഇത് എല്ലാം ചേർന്നാണ് സുസ്ഥിര വികസനലക്ഷ്യങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള പല മേഖലകളിലും മാറ്റത്തിന്റെ വെള്ളിവെളിച്ചം തെളിച്ചത്.

സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിനായി നിരവധി ഭരണപരമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുകയുണ്ടായി. പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ, ഇവാലുവേഷൻ ആൻഡ് മോണിട്ടറിംഗ് വകുപ്പാണ് ഇതിന്റെ നോഡൽ വകുപ്പ്. സംസ്ഥാന ആസൂത്രണ ബോർഡ്, സാമ്പത്തിക കാര്യ സ്ഥിതിവിവര കണക്ക് ഡയറക്ടേറ്റ്, കില, വിവിധ വകുപ്പുകൾ എന്നിവരെല്ലാം ചേർന്നു ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ കേരളത്തിന്റെ നേട്ടം ഓരോന്നായി നോക്കി കാണാവുന്നതേയുള്ളൂ. പ്രത്യേകിച്ച്, നാലുതവണകളായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ. 2018 ൽ കോമ്പസ്സിറ്റ് സ്കോർ 57 ആയിരുന്നെങ്കിൽ 2019 ൽ 60 ഉം 2020 ൽ 66 ഉം 2024 ആയപ്പോഴേക്കും 71 എന്ന നിലയിൽ കേരളം മുന്നേറി. ഓരോ മേഖലയിലുമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയാണ് ഓരോ ലക്ഷ്യങ്ങളിലും ഈ മാറ്റം പ്രകടമാക്കിയത്. ചില കാര്യങ്ങളിൽ അൽപ്പം പിന്നോട്ട് പോയിട്ടുമുണ്ട്. ഡേറ്റ കൈകാര്യം ചെയ്യുന്നതിലെ ശ്രദ്ധക്കുറവു പലപ്പോഴും ഇതിനു കാരണമായിട്ടുമുണ്ട്.

| Goals | 2018 composite score | 2018 Rank | 2019 composite score | 2019 Rank | 2020 composite score | 2020 Rank | 2024 composite score | 2024 Rank |
|---|---|---|---|---|---|---|---|---|
| State Composite Score | 69 | 1 | 70 | 1 | 75 | 1 | 79 | 1 |
| India Score | 57 | | 60 | | 66 | | 71 | |

*(Source: Niti Aayog, Index report)*

എന്നാൽ ദേശീയ തലത്തിലെ ഇത്തരം ഒരു സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ചട്ടക്കൂട് പല ന്യൂനതകളും നിറഞ്ഞതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വികസനത്തിന്റെ

ഒരു ഘട്ടം കഴിഞ്ഞതിനാൽ തന്നെ പുതിയ കാലഘട്ടത്തിനനുസൃതമായിട്ടുള്ള പ്രശ്നങ്ങളും വെല്ലുവിളികളും ആണ് നേരിടുന്നത്. അതിനനുസൃതമായ പ്രവർത്തനങ്ങൾ സംഘടിപ്പി ക്കുന്നതൊന്നും തന്നെ നിലവിലുള്ള സുസ്ഥിരവികസന ലക്ഷ്യങ്ങളിലെ സൂചകങ്ങൾ കണ്ടെത്തുന്നില്ല. ഇത് വരെയുള്ള നേട്ടങ്ങൾ ഈ ചട്ടക്കൂടിൽ ഉൾപ്പെടുത്താനേ ആവില്ല. കേരളത്തിന് അനുയോജ്യമായ സൂചകങ്ങൾ അല്ല എന്നതും ഈ സ്കോറിൽ കേരളത്തിന് തടസ്സമായി വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പരിപാടികൾ സംഘടിപ്പിക്കുന്നതിലെ മികവാണ് പല സൂചകങ്ങളുടെയും അടിസ്ഥാനം. അവയാകട്ടെ കേരളത്തിനു അപ്രസക്തവും. ഉദാ ഹരണത്തിന് ഗോതമ്പ് ഉത്പാദനമാണ് ഒരു സൂചകത്തിന്റെ അടിസ്ഥാനം. പ്രധാൻമന്ത്രി മാതൃവന്ദന യോജനയിലെ പങ്കാളിത്തം ആണ് മറ്റൊന്ന്. അതിനുമപ്പുറമാണ് സ്ഥിതി എന്നത് കൊണ്ടും കേരളത്തിന്റേതായ പരിപാടികൾ ഉണ്ടെന്നതിനാലും ഈ പദ്ധതി കേരള ജനതയ്ക്ക് പ്രധാനമല്ല. എന്നാൽ ഇത്തരം സംസ്ഥാന ആവിഷ്കൃത പരിപാടികളിലെ വിജയം ദേശീയ ചട്ടക്കൂടിൽ ബാധകമാവുന്നില്ല. കുടിവെള്ളത്തിന്റെ കാര്യത്തിൽ കേരളം കിണർ വെള്ളമാണ് പൊതുവേ ഊന്നുന്നതെങ്കിൽ ദേശീയ സൂചകത്തിൽ പൈപ്പ് എണ്ണമാണ് കണക്കാക്കുന്നത്. കേരളത്തിൽ കുഴൽ കിണറും ഭൂഗർഭ ജല സ്രോതസ്സും പ്രധാനമല്ല. എന്നാൽ കേന്ദ്ര സൂചകം അതിൽ ആണ് ഊന്നൽ നൽകുന്നത്. വികേന്ദ്രീകൃത മാലിന്യ നിർമാർജനമാണ് കേരളത്തിന്റെ പ്രത്യേകത എങ്കിൽ ദേശീയ സൂചകത്തിൽ കേന്ദ്രീകൃത പ്ലാന്റുകൾക്കാണ് സ്കോർ. ഇങ്ങനെ നിരവധി സൂചകങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടെന്നതിനാൽ കേരളത്തിന്റെ വികസന വിജയത്തിനുസൃതമായ സ്കോർ ഇനിയും അകലെയാകുന്നു. പലതവണ ഇക്കാര്യം കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതുമാണ്.

കേരളത്തിന്റെ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസനക്ഷേമ രംഗത്ത് വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. പ്രത്യേകിച്ചും ജനകീയാസൂത്രണത്തിലൂടെയും കുടുംബശ്രീയിലൂടെയും ഒട്ടേറെ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ സംഘടിപ്പിക്കപ്പെടുകയാണ്. അവയെല്ലാം തന്നെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിൽ അടിസ്ഥാനവും ആകു ന്നുണ്ട്. വികസനത്തിന്റെ നല്ലൊരു പങ്ക് നടക്കുന്നത് താഴെ തട്ടിൽ ആണ് എന്നതിനാൽ ലക്ഷ്യങ്ങളിലെ പല സൂചകങ്ങളും താഴെത്തട്ടിൽ എങ്ങനെ ഉപയോഗിക്കണം എന്നത് ചിന്താവിഷയമായിരുന്നു. പ്രാദേശിക ആസൂത്രണം ലക്ഷ്യാധിഷ്ഠിതമാക്കുന്നതിന് സഹായക രമായ രീതിയിൽ ചട്ടക്കൂട് ഉപയോഗിക്കാൻ കഴിയും എന്നുള്ള തിരിച്ചറിവാണ് കിലയേയും കേരളത്തെയും വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തിലേക്ക് നയിച്ചത്.

നിലവിലെ ഓരോ സൂചകങ്ങളും പരിഗണിക്കുമ്പോൾ ചിലതൊക്കെ പ്രാദേശികമായി അപ്രസക്തമാണ്. ചിലതാവട്ടെ അതിന്റെ നിർവചനത്തിൽ അത്യാവശ്യ മാറ്റങ്ങൾ ഉണ്ടെങ്കിൽ അതിനനുസരിച്ച് ഉപയോഗിക്കാനാവും. എന്നാൽ ചില സൂചകങ്ങൾ കേരള വികസനത്തിന്റെ ഇന്നത്തെ സ്ഥിതി അനുസരിച്ച് പ്രാദേശികമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ഒപ്പം പല വികസന ലക്ഷ്യങ്ങളും പുതുതായി ചില സൂചകങ്ങളാക്കി നമുക്ക് ചേർക്കേണ്ടതുമുണ്ട്. ഇതിനായാണ് ആദ്യഘട്ടത്തിൽ ചേലക്കര, നെല്ലനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണത്തിനു

വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി അനുയോജ്യമായ സൂചകങ്ങളും അവയുടെ നിർവചനങ്ങളും കണ്ടെത്തി അത് എത്രമാത്രം പ്രായോഗികമാണെന്ന് മനസ്സിലാക്കി ലോക്കൽ ഇൻഡിക്കേറ്റർ ഫ്രെയിംവർക്ക് വികസിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഡാഷ് ബോർഡും തയ്യാർ ചെയ്തു. ഇത് കിലയോടൊപ്പം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആണ് ചിട്ടപ്പെടുത്തിയത്. അവരുടെ പ്രാദേശിക ആസൂത്രണത്തിനു സഹായകരമാണ് എന്ന് കണ്ടെത്തി. ലക്ഷ്യാധിഷ്ഠിത വികസനത്തിന് ഇവ ഏറെ ഉപയോഗപ്രദമാണ് എന്നും തെളിഞ്ഞു.



ഈ സാഹചര്യത്തിലാണ് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം ഈ പ്രക്രിയയെ ഏറ്റെടുത്തത്. രാജ്യത്തിന് മാതൃകയാകുന്ന രീതിയിലാണ് നമ്മുടെ പ്രവർത്തനങ്ങൾ എന്നത് കഴിഞ്ഞ ഇക്കണോമിക് സർവേയിൽ തന്നെ കേരള മാതൃക എന്ന രീതിയിൽ പ്രത്യേകമായി തന്നെ പരാമർശിക്കപ്പെടുകയുണ്ടായി. എണ്ണങ്ങൾക്കോ അക്കങ്ങൾക്കോ അപ്പുറം വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന രീതിയിലാണ് ലോക്കൽ ഇൻഡിക്കേറ്റർ ഫ്രെയിം വർക്ക് തയ്യാറാക്കപ്പെട്ടത്. 17 ലക്ഷ്യങ്ങൾക്ക് പകരം അവയെ 9 വിഷയങ്ങൾ എന്ന രീതിയിൽ ചിട്ടപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ സൂചകങ്ങൾ പുനരാവിഷ്കരിക്കപ്പെട്ടു. അവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. പിന്നീട് അവയെ പഞ്ചായത്ത് ഡെവലപ്മെന്റ് ഇൻഡക്സ് എന്ന നിലയിലേക്ക് പഞ്ചായത്തുകളുടെ വികസനത്തെ നോക്കി കാണാവുന്ന രീതിയിലേക്ക് ആവിഷ്കരിക്ക

പ്പെട്ടു. തുടർന്ന് പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സ് എന്ന പേരിൽ എങ്ങനെയാണ് പഞ്ചായത്തുകൾ മുമ്പോട്ട് പോകുന്നത് എന്ന് അറിയാൻ കഴിയുന്ന രീതിയിലേക്ക് ചിട്ടപ്പെടുത്തി. നമ്മുടെ ഗ്രാമപഞ്ചായത്തുകൾ ഇത് ഏറ്റെടുത്തു. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ആസൂത്രണത്തിനും പ്രവർത്തനത്തിലും എല്ലാം തന്നെ ലക്ഷ്യാധിഷ്ഠിതമായി പ്രവർത്തനങ്ങൾ ആവിഷ്കരിക്കപ്പെട്ടത് ഈ സൂചിപ്പിച്ച പ്രാദേശികവൽക്കരണത്തിൻറെ അടിസ്ഥാനത്തിലാണ്.

ഇനി ഏറെ മുമ്പോട്ടു പോകേണ്ടതായുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം നവകേരള സൃഷ്ടിയിൽ എങ്ങനെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ചട്ടക്കൂട് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും എന്ന് ആലോചിക്കണം. അതോടൊപ്പം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മുൻ നിരയിൽ എത്തുവാൻ ചട്ടക്കൂടിന്റെ എല്ലാ ന്യൂനതകളും മനസ്സിലാക്കിക്കൊണ്ടുതന്നെ എങ്ങനെ വിവരങ്ങൾ കൃത്യമായി ശേഖരിച്ച് സ്കോർ മെച്ചപ്പെടുത്താൻ കഴിയുമെന്നും ചിന്തിക്കണം. ഡേറ്റയിലെ ന്യൂനതകൾ ഒഴിവാക്കണം. കേരളത്തിന്റെ വികസന നേട്ടങ്ങൾ പ്രതിഫലിക്കത്തക്ക രീതിയിൽ ആവണം ഈ ഡാറ്റ ശേഖരണം. ഈ ലക്ഷ്യങ്ങളും സൂചകങ്ങളും എല്ലാം ഓരോ വകുപ്പിന്റെയും ഏജൻസികളുടെയും ആസൂത്രണത്തിൽ എങ്ങനെ ഉപയോഗിക്കാം എന്ന് മനസ്സിലാക്കി ആ രീതിയിൽ ആസൂത്രണം നടത്തേണ്ടതുണ്ട്. നമ്മുടേതായ നവകേരള ലക്ഷ്യങ്ങളെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക, സംസ്ഥാന ചട്ടക്കൂടാക്കി, കേരളത്തിനായുള്ള ചട്ടക്കൂട് വികസിപ്പിക്കണം. നവകേരളത്തിനായി നമ്മുടെ യാത്രയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ചട്ടക്കൂട് നമുക്ക് ഉപയോഗിക്കാം. വികസന ലക്ഷ്യങ്ങളും വികസനപാതയും സമീപനവും വികസനതന്ത്രവും നമ്മുടേതാണ്. അവ കൂടുതൽ ചിട്ടയായി മുന്നോട്ടു കൊണ്ടുപോകാൻ ഈ ലക്ഷ്യങ്ങൾ നമുക്ക് സഹായകരമാക്കി മാറ്റിയെടുക്കാം.



# ദുരന്ത നിവാരണം, കാലാവസ്ഥാ വ്യതിയാനം











## 9.1 ആമുഖം

ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെയും ചെറുക്കാനുള്ള അനുരൂപീകരണ പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും ഓരോരുത്തരും തങ്ങളുടെ പ്രദേശത്ത് ചെയ്യേണ്ടത് മനുഷ്യരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. കാലാവസ്ഥാ വ്യതിയാനത്തിനും പ്രകൃതി ദുരന്തങ്ങൾക്കും ഇടയാക്കുന്ന കാരണങ്ങളെ കുറിച്ചും, കാരണക്കാരെ കുറിച്ചും, അതുമൂലം ഉണ്ടാകുന്ന പ്രത്യഘാതങ്ങളെ കുറിച്ചും, പ്രതിവിധികളെ കുറിച്ചും, രക്ഷാമാർഗ്ഗങ്ങളെ കുറിച്ചും നാം മനസ്സിലാക്കേണ്ടതുണ്ട്. പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന ഓരോ പ്രദേശത്തും കമ്മ്യുണിറ്റി തലത്തിൽ ഇതു സംബന്ധിച്ച് ഗൗരവപ്പെട്ട ചർച്ചകളും ആലോചനകളും നടത്തി അതിനെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക ഇടപെടലുകളാണ് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് ഏക പരിഹാരം.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ആഘാതങ്ങളെ നേരിടാൻ ജനപങ്കാളിത്തത്തോടെയുള്ള

പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയുക, പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ തന്നെ ദുരന്തപ്രതിരോധത്തിനും അതിജീവനത്തിനുമുള്ള പ്രാദേശികമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക വഴി ദുരന്ത പ്രതിരോധവും അതിജീവനക്ഷമതയും ഉറപ്പാക്കാനാവും.

## 9.2 പ്രകൃതി ദുരന്തങ്ങൾ

**a. ദേശീയ തല ദുരന്തങ്ങൾ (Vide Ltr. No.33-5/2015-NDM-1 dated 30.07.2015 &Ltr.no.33-4/2020-NDM-1 dated 14.03.2020)**

1. വെള്ളപ്പൊക്കം.
2. വരൾച്ച
3. ഭൂചലനം,
4. ഉരുൾ പൊട്ടൽ
5. സുനാമി
6. ഹെയിൽ സ്റ്റോം
7. തീ
8. ശീത തരംഗം
9. മേഘ വിസ്ഫോടനം.
10. കീടാക്രമണം
11. കോവിഡ്-19.
12. സൈക്ലോൺ
13. ഹിമപതനം

**b. സംസ്ഥാന സവിശേഷ ദുരന്തങ്ങൾ (സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (G.O**



(Ms) No.343/2015/DMD dtd. 23.07.2015, GO(Rt) No.149/2017/DMD dtd. 18.01.2017, GO (Ms) No.9/2019/DMD dtd.09.03.2019.)

1. തീര ശോഷണം
2. ഉഷ്ണ തരംഗം/സൂര്യാഘാതം
3. മനുഷ്യ-വന്യജീവി സംഘർഷം
4. ഇടി മിന്നൽ
5. സോയിൽ പൈപ്പിംഗ് (കുഴലീകൃത മണ്ണൊലിപ്പ്)
6. ശക്തമായ കാറ്റ്.
7. MSE ELSA 3

## 9.3 കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ വിവിധ വിഭാഗങ്ങളെ എങ്ങനെ ബാധിക്കുന്നു

### 9.3.1 കുട്ടികൾ

കാലാവസ്ഥാ വ്യതിയാനം കുട്ടികളുടെ ആരോഗ്യത്തെയും ക്ഷേമത്തെയും പ്രതികൂലമായി ബാധിക്കുന്നു. തീവ്രമായ ചൂട്, വർദ്ധിച്ച വായു മലിനീകരണം എന്നിവ കുട്ടികളിൽ ശ്വാസ കോശ സംബന്ധമായ അസുഖങ്ങൾ, വിട്ടുമാറാത്ത രോഗങ്ങൾ എന്നിവയ്ക്ക് കാരണമാകാം. കടുത്ത ചൂട്, ദുരന്തങ്ങൾ എന്നിവ കാരണം കുട്ടികളിൽ മാനസിക സമ്മർദ്ദം, വിഷാദം, പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോഡർ എന്നിവ വർദ്ധിക്കുന്നു. കാലാവസ്ഥാ വ്യതിയാനം കാരണം വിളനാശവും ഭക്ഷ്യവസ്തുക്കളുടെ വില വർധനവും ഉണ്ടാകുന്നു. ഇത് കുട്ടികളിൽ പോഷകാഹാര കുറവിന് കാരണമാകുന്നു. വെള്ളപ്പൊക്കം, വരൾച്ച മറ്റ് കാലാവസ്ഥ ദുരന്തങ്ങൾ കാരണം നിരവധി കുട്ടികളുടെ വിദ്യാഭ്യാസം തടസ്സപ്പെടുന്നു. (സ്കൂളുകൾ ദുരിതാശ്വാസ ക്യാമ്പുകളായി മാറുന്നതുൾപ്പടെ). കാലാവസ്ഥ പ്രതിസന്ധി കാരണം ദാരിദ്ര്യം വർദ്ധിക്കുകയും കുടുംബങ്ങൾ കുടിയിറങ്ങാൻ നിർബന്ധിതരാകുകയും ചെയ്യുന്നു. കാലാവസ്ഥ പ്രതിസന്ധി ദാരിദ്ര്യവും അസമത്വവും വർദ്ധിപ്പിക്കുകയും സംഘർഷ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### 9.3.2 വയോജനങ്ങൾ

കാലാവസ്ഥാ വ്യതിയാനം കാരണം ഉഷ്ണമേഖലാ പ്രദേശങ്ങളിലെ വയോജനങ്ങൾക്ക് ഹൃദയ സംബന്ധമായ അസുഖങ്ങൾ (ഉദാഹരണത്തിന്, രക്തയോട്ടം കുറയുന്നതുകൊണ്ടും ഉയർന്ന രക്തസമ്മർദ്ദവും മൂലവുമുള്ള ഹൃദ്രോഗങ്ങൾ), ശ്വാസകോശ രോഗങ്ങൾ, വൃക്കരോഗങ്ങൾ, പകർച്ചവ്യാധികൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് വർദ്ധിച്ച അപകടസാധ്യതയുണ്ട്. ഉഷ്ണതരംഗങ്ങളും ഉയർന്ന അന്തരീക്ഷ താപനിലയും ഇവർക്ക് പ്രത്യേകിച്ച് മാരകമാണ്. ഏഷ്യ, ആഫ്രിക്ക, മറ്റ് ഉഷ്ണമേഖലാ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ പ്രായമായവർക്കിടയിൽ ചൂട് മൂലമുള്ള മരണനിരക്ക് ഗണ്യമായി ഉയരുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സാമൂഹികമായ ഒറ്റപ്പെടൽ, ദാരിദ്ര്യം, അപര്യാപ്തമായ പാർപ്പിടസൗകര്യം

എന്നിവ അപകടസാധ്യത വർദ്ധിപ്പിക്കുന്നു

കാലാവസ്ഥാ വ്യതിയാനം പ്രായമായവരിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുന്നു. ഉത്കണ്ഠ, വിഷാദം, പോസ്റ്റ്-ട്രോമാറ്റിക് സ്ട്രെസ് ഡിസോർഡർ (PTSD), ഓർമ്മക്കുറവ് എന്നിവ ഇതിൽപ്പെടുന്നു. പ്രളയം, ചുഴലിക്കാറ്റ് തുടങ്ങിയ കടുത്ത കാലാവസ്ഥാ ദുരന്തങ്ങൾക്ക് ശേഷം ഇത് പ്രത്യേകിച്ചും രൂക്ഷമാകാറുണ്ട്.

## 9.3.3 വനിതകൾ

വനിതകളെ പ്രത്യേകിച്ച് പ്രായമായവരെയും ഗർഭിണികളെയും കാലാവസ്ഥാ വ്യതിയാനം സാരമായി ബാധിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു.

### 9.3.3.1 ഉയർന്ന താപനില



സ്ത്രീകൾക്കും പുരുഷന്മാർക്കും ഉയർന്ന താപനിലയെ നേരിടുന്നതിൽ ശാരീരികമായി വ്യത്യാസമുണ്ട്; ഇതാണ് അവരുടെ ജൈവിക ദുർബലതയ്ക്ക് ഒരു കാരണം. ശാരീരികമായ പ്രത്യേകതകൾ, സാമൂഹികവും സാംസ്കാരികവുമായ പരിമിതികൾ എന്നിവ മൂലം സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ ഉയർന്ന താപനില മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നു.

ഗർഭാവസ്ഥയിൽ ഉയർന്ന താപനില ദീർഘനേരം ഏൽക്കുന്നത് ഗർഭസ്ഥശിശുവിന്റെ മരണം (still birth), ജന്മനായുള്ള വൈകല്യങ്ങൾ, മാസം തികയാതെയുള്ള പ്രസവം എന്നിവയ്ക്ക് കാരണമായേക്കാം. പ്രായം കുറഞ്ഞ അമ്മമാരിലും ഇത്തരം ദോഷഫലങ്ങൾക്കുള്ള സാധ്യത കൂടുതലാണ് (Balbus & Malina, 2009; Basu et al., 2016; Ha et al., 2017; Strand et al., 2011; Van Zutphen et al., 2012). ഉയർന്ന താപനില, ഗർഭകാലത്തെ ഉയർന്ന രക്തസമ്മർദ്ദം (gestational hypertension), പ്രീക്ലാമ്പ്സിയ (preeclampsia) (Makhseed et al., 1999) തുടങ്ങിയ ഗർഭകാല സങ്കീർണ്ണതകൾക്കും നവജാതശിശുക്കളുടെ മോശം ആരോഗ്യത്തിനും (Kakkad et al., 2014) കാരണമാകുന്നു.

### 9.3.3.2 അന്തരീക്ഷ മലിനീകരണം

അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ ($CO_2$) വർദ്ധനവ്, ഉയരുന്ന താപനില, മഴയുടെ രീതികളിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ വായുവിന്റെ ഗുണനിലവാരം മോശമാകുന്നതിന് കാരണമാകുന്നു. ഇത് മനുഷ്യരുടെ ഹൃദയ-ശ്വാസകോശ സംബന്ധമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. പുരുഷന്മാരേക്കാളധികം സ്ത്രീകളെയാണ് ഇത് പ്രതികൂലമായി ബാധിക്കുന്നതെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.



വീടുകളിൽ പാചകത്തിന് വിറകടുപ്പ് ഉപയോഗിക്കുന്നത് ഇന്ത്യയിലെ അന്തരീക്ഷ മലിനീകരണത്തിന്റെ ഒരു പ്രധാന

ഉറവിടമാണ്. വീടുകളിൽ കൂടുതൽ സമയം ചെലവഴിക്കുന്ന സ്ത്രീകൾ ആനുപാതികമല്ലാത്ത രീതിയിൽ ഈ മലിനീകരണത്തിന് വിധേയരാകുന്നു. ഗർഭിണികളിൽ ഇത് കൂടുതൽ ആഘാതങ്ങൾ സൃഷ്ടിച്ചേക്കാമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

### 9.3.3.3 പ്രകൃതി ദുരന്തങ്ങൾ



ചുഴലിക്കാറ്റിലും വെള്ളപ്പൊക്കത്തിലും സ്ത്രീകൾ മരിക്കാനുള്ള സാധ്യത കൂടുതലാണ് (WHO, 2014). 1991-ൽ ബംഗ്ലാദേശിലെ ചുഴലിക്കാറ്റിൽ 1,40,000 പേർ മരിച്ചപ്പോൾ, അതിൽ 90% ഇരകളും സ്ത്രീകളായിരുന്നു (Aguilar, 2004). അതുപോലെ, 2008-ൽ നർഗീസ് ചുഴലിക്കാറ്റ് മ്യാൻമറിൽ വീശിയടിച്ചപ്പോൾ സംഭവിച്ച 1,30,000 മരണങ്ങളിൽ 61%-ഉം സ്ത്രീകളായിരുന്നു (WHO, 2014).

അടിസ്ഥാന സാമൂഹിക സൗകര്യങ്ങൾ ലഭ്യമാകുന്നതിലുള്ള അസമത്വങ്ങൾ, സാംസ്കാരികമായി കൽപ്പിച്ചു നൽകപ്പെട്ട റോളുകൾ, ജൈവശാസ്ത്രപരമായ ബലഹീനതകൾ എന്നിവയുടെയെല്ലാം ഒരുമിച്ചുള്ള സ്വാധീനം ഈ അന്തരത്തിന് കാരണമായേക്കാം (Moosa & Tuana, 2014). താഴ്ന്ന സാമൂഹിക-സാമ്പത്തിക നിലയിലുള്ള സ്ത്രീകളുടെ കാര്യത്തിൽ മരണനിരക്കിലെ ഈ ലിംഗപരമായ വ്യത്യാസം കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട് (WHO, 2014).

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദുരന്തങ്ങൾക്ക് ശേഷം, സ്ത്രീകളും പെൺകുട്ടികളും ശാരീരികവും ലൈംഗികവും ഗാർഹികവുമായ പീഡനങ്ങൾക്ക് കൂടുതൽ ഇരയാകാൻ സാധ്യതയുണ്ട് (International Federation of the Red Cross and Red Crescent, 2007; UNDAW, 2001). ദരിദ്രരും, അവിവാഹിതരും, പ്രായമായവരുമായ സ്ത്രീകൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഭിന്നശേഷിക്കാരായ സ്ത്രീകൾ എന്നിവർ പലപ്പോഴും ഏറ്റവും വലിയ അപകടസാധ്യത നേരിടുന്നു. ഇതിനുപുറമെ, വിഷാദം, ഉത്കണ്ഠ തുടങ്ങിയ മനോനിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സാധ്യതയും ഇത്തരം സാഹചര്യങ്ങളിൽ താരതമ്യേന കൂടുതലായി കാണുന്നു (Norris et al., 2002). മാനസികാരോഗ്യ സംരക്ഷണത്തിനുള്ള മതിയായ സൗകര്യങ്ങളുടെ അപര്യാപ്തത ദുരന്ത സാഹചര്യങ്ങളിൽ വലിയ വെല്ലുവിളികൾ സൃഷ്ടിക്കാറുണ്ട്.

ദുരന്തങ്ങൾക്ക് ശേഷം സ്ത്രീകൾക്ക് ആനുപാതികമല്ലാത്ത രീതിയിൽ തൊഴിൽ നഷ്ടവും വ്യക്തിപരമായ സാമ്പത്തിക മുരടിപ്പും സംഭവിക്കുന്നു. ലോകബാങ്കിന്റെ കണക്കനുസരിച്ച്, നിലവിൽ 84% ഇന്ത്യൻ സ്ത്രീകളും ദുർബലമായ തൊഴിൽ സാഹചര്യങ്ങളിലാണ് (vulnerable employment) ജോലി ചെയ്യുന്നത് (World Bank Group, 2018a).

### 9.3.3.4 ഭക്ഷ്യ സുരക്ഷയും പോഷകാഹാര ലഭ്യതയും

ആർത്തവം, ഗർഭധാരണം, മുലയൂട്ടൽ എന്നീ സമയങ്ങളിലെ വർദ്ധിച്ച ശാരീരിക ആവശ്യകതകൾ കാരണം, ഭക്ഷ്യസുരക്ഷയില്ലായ്മയുടെയും അതുമൂലമുണ്ടാകുന്ന പോഷകാഹാരക്കുറവിന്റെയും പ്രത്യാഘാതങ്ങളോട് സ്ത്രീകൾ സ്വാഭാവികമായും കൂടുതൽ




സെൻസിറ്റീവ് ആണ്. മാത്രമല്ല, കുട്ടികൾക്കും പ്രായപൂർത്തിയായ പുരുഷന്മാർക്കും ഭക്ഷണം നൽകുന്നതിന് മുൻഗണന നൽകുന്ന സാംസ്കാരിക രീതികൾ ഈ പോഷകാഹാര ദൗർലഭ്യം കൂടുതൽ രൂക്ഷമാക്കുന്നു.

ഇന്ത്യയിലെ സ്ത്രീകളിലും കുട്ടികളിലും മോശം പോഷകാഹാര നിലയും തത്ഫലമായുണ്ടാകുന്ന വിളർച്ചയും (anemia) വളരെ വ്യാപകമാണ് (World Bank Group, 2018a). അമ്മമാരിലെ പോഷകാഹാരക്കുറവ് നവജാതശിശുക്കളുടെ വികാസത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. ഇത് ഗർഭാശയത്തിലെ വളർച്ചാ മുരടിപ്പ്, ഗർഭകാല സങ്കീർണ്ണതകൾ, പ്രസവസമയത്തോ അതിനടുത്തോ സംഭവിക്കുന്ന ശിശുമരണം (perinatal mortality) എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു (Food and Agriculture Organization [FAO], 2013).

## 9.3.4 ഇതര സംസ്ഥാന തൊഴിലാളികൾ

### 9.3.4.1 സുരക്ഷിതമല്ലാത്ത പാർപ്പിടങ്ങൾ, വൃത്തിഹീനമായ താമസസ്ഥലങ്ങൾ

പല സ്ഥലങ്ങളിലും അതിഥി തൊഴിലാളികൾ താമസിക്കുന്നത് വൃത്തിഹീനമായ സാഹചര്യങ്ങളിലും, പഴകിയതോ പൊളിഞ്ഞു വീഴാറായതോ ആയ കെട്ടിടങ്ങളിലുമാണ്. 2015 ൽ കൊച്ചി, മുംബൈ, സൂററ്റ് എന്നീ നഗരങ്ങളിൽ നടത്തിയ പഠനത്തിൽ പങ്കെടുത്ത പലരും തങ്ങളുടെ ഗ്രാമങ്ങളിലെ സ്വന്തം വീടുകളിൽ നിന്ന് നഗരങ്ങളിലെ ചേരികളിലെ



സ്ഥിരമല്ലാത്തതും (untenured) മോശപ്പെട്ടതുമായ താമസ സാഹചര്യങ്ങളിലേക്ക് മാറിയത്, തങ്ങളെ ദുർബലരാക്കിയെന്ന തോന്നലുണ്ടാക്കി എന്നാണ് അഭിപ്രായപ്പെട്ടത്. മൺസൂൺ മഴ, ശുചിത്വമില്ലാത്ത താമസ സൗകര്യങ്ങൾ, കെട്ടിക്കിടക്കുന്ന വെള്ളം എന്നിവ കുടിയേറ്റ തൊഴിലാളികളെ ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾക്ക് വിധേയരാക്കുന്നു. ഇത് പലപ്പോഴും ദീർഘകാലം നീണ്ടുനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്. ഈ പഠനത്തിൽ പങ്കെടുത്ത ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ ഹ്രസ്വകാല (acute) അസുഖങ്ങൾ (31 ശതമാനം), ദീർഘകാല (chronic) അസുഖങ്ങൾ (9 ശതമാനം), കൊതുക്, ഈച്ച, തുടങ്ങിയ പ്രാണികൾ രോഗാണുവാഹകരായ രോഗങ്ങൾ (vector-borne diseases) (44 ശതമാനം) എന്നിവ ഉയർന്ന നിരക്കിലാണ് എന്ന് കണ്ടെത്തി. ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും പകരുന്ന രോഗങ്ങൾ കുട്ടികളെയാണ് ഏറ്റവും കൂടുതൽ ബാധിച്ചത്. കുടിയേറ്റക്കാർക്ക് ആരോഗ്യപരിരക്ഷയും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നതിലുള്ള പരിമിതികൾ ഈ അവസ്ഥയെ കൂടുതൽ വഷളാക്കി.



#### 9.3.4.2 നഗരങ്ങളിലെ ഫലപ്രദമല്ലാത്ത സാമൂഹിക സുരക്ഷാ പദ്ധതികളും ചൂഷകരും

ഏകദേശം 40 ശതമാനം കുടിയേറ്റ തൊഴിലാളികളും തങ്ങൾക്ക് യാതൊരുവിധ സാമൂഹിക സുരക്ഷാ പദ്ധതികളും ലഭ്യമല്ലെന്ന് പഠനത്തിൽ ചൂണ്ടികാണിക്കുന്നു (santha et al. 2015). അഥവാ പദ്ധതികളുടെ പ്രയോജനം ലഭ്യമായവർക്ക് പോലും, അവർ നഗരത്തിലെ 'പൗരന്മാർ' അല്ലാതെ 'കുടിയേറ്റക്കാർ' ആയതുകൊണ്ട് പൂർണ്ണമായ ആനുകൂല്യങ്ങൾ നേടാൻ കഴിഞ്ഞില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്ക്, പലപ്പോഴും അവരുടെ അവകാശങ്ങളും സുരക്ഷയും സംരക്ഷിക്കാൻ ചുമതലപ്പെട്ടവരിൽ നിന്നുതന്നെ വിവേചനവും ചൂഷണവും നേരിടേണ്ടി വരാറുണ്ട്.

## 9.4 ദുരന്ത ലഘൂകരണം- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശ സ്വയംഭരണ സർക്കാരുകൾ നിർവ്വഹിക്കേണ്ട ചുമതലകളെപ്പറ്റി കൃത്യമായി ഓറഞ്ച് ബുക്ക്[1] പേജ് 114 മുതൽ 127 വരെ പ്രതിപാദിച്ചിട്ടുണ്ട്. ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന മേഖലയിൽ ഏകോപിപ്പിക്കുന്ന ചുമതല തദ്ദേശ സ്ഥാപനത്തിനായിരിക്കും. അടിയന്തര ദുരന്ത പ്രതികരണത്തിനായി സ്വന്തം ഫണ്ടിൽ നിന്നും ഒരു തുക നീക്കിവെയ്ക്കുക. ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പിന് വില്ലേജ് ഓഫീസറോടൊപ്പം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. എമർജൻസി റെസ്പോൺസ് ടീമിനെ (മുന്നറിയിപ്പ് ടീം- EWDS), അന്വേഷണ- രക്ഷാപ്രവർത്തന- ഒഴിപ്പിക്കൽ ടീം, ഷെൽട്ടർ മാനേജ്മെന്റ് ടീം, പ്രഥമ ശുശ്രൂഷ/ബേസിക് ലൈഫ് സപ്പോർട്ട് ടീം) സജ്ജമാക്കുക, സ്കൂളുകളുടെയും പൊതു കെട്ടിടങ്ങളുടെയും ഉറപ്പ് എൻജിനീയറിങ് വിഭാഗം എൻജിനീയറെ കൊണ്ട് പരിശോധന നടത്തിക്കുക, ദുരന്ത നിവാരണ പദ്ധതി വാർഷിക പദ്ധതിയുമായി ഏകോപിപ്പിക്കുക, മുതലായവ.

പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയും സ്റ്റേറ്റ് എമർജൻസി ഓപ്പറേറ്റിങ് സെന്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹീറ്റ് ആക്ഷൻ പ്ലാൻ അംഗീകരിക്കുന്നതിനും നടപ്പിലാക്കാനും പുരോഗതി വിലയിരുത്തുന്ന തിനും ആയി ഒരു മേൽനോട്ടസമിതി ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം അധ്യക്ഷന്റെ/ അധ്യക്ഷയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട പ്രസ്തുത സമിതിയുടെ കൺവീനർ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയായിരിക്കും.(ഓറഞ്ച് ബുക്ക് വായിക്കുന്നതിനായി QR Code സ്കാൻ ചെയ്യുക).

### 9.4.1 ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം വർക്കിംഗ് ഗ്രൂപ്പിന്റെ- ചുമതലകൾ

ഗ്രാമ- ബ്ലോക്ക്- പഞ്ചായത്തുകളിൽ പതിമൂന്നാം വർക്കിംഗ് ഗ്രൂപ്പ് എന്നും ജില്ലാ പഞ്ചായത്തിൽ പതിനഞ്ചും നഗരസഭ/കോർപ്പറേഷനിൽ പതിനാറാം വർക്കിംഗ് ഗ്രൂപ്പായും അറിയപ്പെടുന്നു. ദുരന്ത നിവാരണ പദ്ധതി രൂപീകരണത്തിനായുള്ള ഏകോപനം ഉറപ്പ് വരുത്തുക, ദുരന്ത ലഘൂകരണത്തിനായുള്ള പദ്ധതി ആശയങ്ങൾ സ്വരൂപിക്കുക, അന്തിമ ദുരന്തനിവാരണ പദ്ധതി തയ്യാറായിക്കഴിഞ്ഞാൽ അതാത് മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത കുറിപ്പ് തയ്യാറാക്കി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറുക എന്നീകാര്യങ്ങൾ ചെയ്യേണ്ടത് ഈ വർക്കിംഗ് ഗ്രൂപ്പാണ്. കൂടാതെ ബോധവൽക്കരണ പരിപാടികൾ, അടിയന്തര പ്രതികരണ ടീം രൂപീകരണം, പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കണം.

## 9.5 പ്രാദേശിക ദുരന്ത നിവാരണ പദ്ധതി ഘടന (https://dmp.kila.ac.in)

ഏഴ് അധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഈ രേഖ പ്രദേശത്തിന്റെ അപകടസാധ്യതയെയും ദുരന്ത തയ്യാറെടുപ്പിനെയും ലഘൂകരണത്തെയും വിശകലനം ചെയ്യുന്നു. അപകടസാധ്യത കുറയ്ക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ, വിവിധ പങ്കാളികളുടെ ഉത്തരവാദിത്വങ്ങൾ ചർച്ച ചെയ്യൽ, പ്രതികരണം, ദുരിതാശ്വാസ,പുനരധിവാസം പുനർനിർമ്മാണ നടപടിക്രമങ്ങൾ എന്നിവ വെളിപ്പെടുത്തുന്നു. ശ്രമങ്ങൾക്കായുള്ള സാമ്പത്തിക ക്രമീകരണങ്ങളും ഇത് അവലോകനം ചെയ്യുന്നു. കാലാകാലങ്ങളിൽ ഈ പദ്ധതി രേഖ പുതുക്കേണ്ടതായിട്ടുണ്ട്.

**അധ്യായങ്ങൾ**

1. **തദ്ദേശ സ്വയംഭരണ സ്ഥാപനം- പൊതുവിവരങ്ങൾ**
2. **കാലാവസ്ഥാ വ്യതിയാനം, ദുരന്തസാധ്യതകൾ വിശകലനം**
   i. കാലാവസ്ഥാ വ്യതിയാനം-മാറ്റങ്ങൾ അനന്തര ഫലങ്ങൾ
   ii. പരിസ്ഥിതിയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ
   iii. ജനജീവിതത്തെ ബാധിക്കുന്നത് സംബന്ധിച്ച വിശകലനം
   iv. തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട ദുരന്തങ്ങളുടെ ചരിത്രം
3. **ദുരന്ത പ്രതികരണ ആസൂത്രണ പദ്ധതി**

i. ഇ ആർ ടി (എമർജൻസി റെസ്പോൺസ് ടീം)
ii. മുന്നറിയിപ്പ് സേന, അന്വേഷണ രക്ഷാ പ്രവർത്തന ഒഴിപ്പിക്കൽ സേന, ഷെൽട്ടർ മാനേജ്മെൻറ് ടീം, പ്രഥമ ശുശ്രൂഷ ബേസിക് ലൈഫ് സപ്പോർട്ട് ടീം,
iii. സന്നദ്ധ പ്രവർത്തകർ പട്ടിക,
iv. അടിയന്തര സാഹചര്യങ്ങൾ ബന്ധപ്പെടേണ്ട സ്ഥാപനങ്ങളും vi. ചുമതല ക്കാരും,
v. സിവിൽ ഡിഫൻസ് ഫോഴ്സ് വിശദാംശങ്ങൾ,
vi. ഒഴിപ്പിക്കൽ പദ്ധതി

**4. മുന്നൊരുക്കങ്ങൾ, ലഘൂകരണ പ്രവർത്തനങ്ങൾ, സാമൂഹ്യ ശാക്തീകരണ നടപടികൾ (ദുരന്ത ലഘൂകരണ തന്ത്രങ്ങൾ, സാമൂഹ്യ ബോധവൽക്കരണം, ജനകീയ പ്രതിരോധം)**

**5. ശേഷികളും വിഭവങ്ങളും (പ്രാദേശികമായി ലഭ്യമായ മനുഷ്യ വിഭവശേഷി, യന്ത്ര വിഭവങ്ങൾ, അടിയന്തര ഘട്ടത്തിൽ ആവശ്യമായ മറ്റു വിഭവങ്ങൾ)**

**6. കാലാവസ്ഥാനുസൃത ദുരന്ത ലഘൂകരണ പ്രോജക്ട് നിർദ്ദേശങ്ങൾ**

**7. പ്രധാന ഫോൺ നമ്പറുകൾ (പട്ടികകൾ, ഭൂപടങ്ങൾ, അനുബന്ധങ്ങൾ)**

### 9.5.1 രീതി ശാസ്ത്രം

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനും അവസ്ഥാ പഠനരേഖ തയ്യാറാക്കുന്നതിനും 20 അംഗങ്ങൾ അടങ്ങുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. അവരുടെ പരിശീലനം കില, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവ സംയുക്തമായി നൽകുന്നതായിരിക്കും. ഇതുകൂടാതെ ഓരോ വാർഡ് തലത്തിലും സാമൂഹ്യ സംഘടനകൾ എൻജിഒകൾ യുവജന സംഘടനാ പ്രവർത്തകർ എന്നിവരെ കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 20 പേർ അടങ്ങുന്ന ടീം രൂപീകരിക്കേണ്ടതാണ്. അവസ്ഥാ പഠനത്തിനായി ട്രാൻസെക്ട് വാക്ക്, വിവിധ വിഷയ മേഖലയിൽ വാർഡുതലത്തിലുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, അഭിമുഖങ്ങൾ, വിവിധ സ്രോതസ്സുകളിൽ നിന്നും സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം എന്നിവ നടത്തിയാണ് രേഖ തയ്യാറാക്കുന്നത്. ഇതിനുള്ള പരിശീലനം KILA നൽകുന്നുണ്ട്. ഇതോടൊപ്പം ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളുടെ ഭൂപടങ്ങൾ KSDMA തയ്യാറാക്കിയതും ചേർക്കേണ്ടതാണ്.

ഇപ്രകാരം തയ്യാറാക്കിയ കരട് ദുരന്തനിവാരണ പദ്ധതി ഗ്രാമസഭാ യോഗങ്ങളിൽ ചർച്ച നടത്തേണ്ടതാണ്. ഗ്രാമസഭ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച് കരട് ദുരന്തനിവാരണ പദ്ധതി പഞ്ചായത്ത് കമ്മിറ്റി ചർച്ചയ്ക്ക് വെക്കണം. അന്തിമ ദുരന്തനിവാരണ പദ്ധതി ചർച്ച ചെയ്യാൻ പ്രത്യേക വികസന സെമിനാർ, വാർഷികപദ്ധതി വികസന സെമിനാറിന് മുന്നോടിയായി നടത്തേണ്ടതാണ്. അതിനുശേഷം ദുരന്തനിവാരണ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ ഭരണസമിതി പരിശോധിച്ചു അംഗീകാരം നൽകേണ്ടതാണ്.

ദുരന്തനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന

ങ്ങളുടെ കരട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. നിർദിഷ്ട ടെംപ്ലേറ്റിൽ ഉള്ള ദുരന്തനിവാരണ പദ്ധതി ജില്ലാതലത്തിലുള്ള സാങ്കേതിക സമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതാണ്. ആയത് അന്തിമ അംഗീകാരത്തിനും റെക്കോർഡിനായും ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതാണ്. (സ.ഉ.(കൈ) നം. 156/2019/ത.സ്വ.ഭ.വ (തീയ്യതി 4.12.2019). അപകടസാധ്യതാ സൂചിക, ദുരന്ത ദുർബലതാ സ്ഥിതി എന്നിവ പരിഗണിച്ചു കൊണ്ടുള്ള വികസന പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ദുരന്തനിവാരണ രേഖ സഹായിക്കും.

### 9.5.2 ഉന്നതി തലത്തിലുള്ള ദുരന്തനിവാരണ പദ്ധതി രേഖ

ഉന്നതി തലത്തിൽ ദുരന്ത നിവാരണ പദ്ധതി രേഖയുടെ ഘടനയും മാർഗ്ഗ രേഖയും പട്ടികവർഗ്ഗ വികസന വകുപ്പും KSDMA യും വികസിപ്പിച്ചിട്ടുണ്ട്. ഉന്നതിയിലെ ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കിയാകണം പദ്ധതിരേഖ തയാറാക്കേണ്ടത്. പദ്ധതിയിലെ വിവരങ്ങൾ ഉന്നതിയിലെ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിലും രീതിയിലും ലഭ്യമാക്കണം പദ്ധതിയുടെ വിവരങ്ങൾ കാലാകാലങ്ങളിൽ പുതുക്കുകയും മോക്ക് ഡ്രില്ലുകൾ നടത്തുകയും വേണം. ഉന്നതിയിലെ ജനങ്ങളുടെ പ്രാദേശിക അറിവുകൾ ദുരന്തനിവാരണ പദ്ധതിയുമായി എങ്ങനെ സംയോജിപ്പിക്കാം എന്നും കണ്ടെത്തേണ്ടതുണ്ട്.

## 9.6 കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി

പ്രാദേശികമായി പ്രസക്തമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ നേരിടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതികൾ (LAPCCs). പ്രാദേശിക വികസനത്തിന്റെ കാർബൺ കാൽപ്പാടുകൾ കുറയ്ക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) പിന്തുടരുന്നതിനുമുള്ള മാർഗ്ഗരേഖകളും അവ നൽകുന്നു.

പ്രാദേശിക കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിയുടെ (LAPCC) അധ്യായങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

### 9.6.1 അധ്യായം 1: തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാന വിവരങ്ങൾ

ഈ അദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാന വിവരങ്ങൾ കൈകാര്യം ചെയ്യുന്നു. ഇതിനായി ദ്വിതീയ സ്രോതസ്സുകൾ (secondary sources), വ്യക്തിഗത അഭിമുഖങ്ങൾ (personal interviews), ആവശ്യമെങ്കിൽ ഫീൽഡ് സന്ദർശനങ്ങൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ (FGD) എന്നിവയിലൂടെ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നു.

### 9.6.2 അധ്യായം 2: കാലാവസ്ഥാ വ്യതിയാനവും നമ്മുടെ പഞ്ചായത്തും

കഴിഞ്ഞ 30 വർഷത്തെ ശരാശരി വാർഷിക മഴ, പ്രതിദിന മഴയുടെ പ്രത്യേകതകൾ, ഏറ്റവും കൂടിയതും കുറഞ്ഞതുമായ താപനില, ഭാവി പ്രവണതകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ അധ്യായം കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വെള്ളപ്പൊക്ക

സാധ്യതയും പ്രദേശത്തെ വിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും വെള്ളപ്പൊക്ക ഭീഷണിയും ചർച്ച ചെയ്യുന്നു.

### 9.6.3 അധ്യായം 3: ഭൂവിനിയോഗ മാറ്റങ്ങളും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും

ഭൂവിനിയോഗം (land use), ഭൂആവരണം (land cover), നിർമ്മിതികൾ (built-up area), ഹരിതാവരണം (green cover), ജലാശയങ്ങൾ (water bodies) എന്നിവയിലെ മാറ്റങ്ങൾ വിശദീകരിക്കാൻ ഈ അധ്യായം ഉപഗ്രഹ ചിത്രങ്ങൾ (satellite images) ഉപയോഗിക്കുന്നു. പരിസ്ഥിതിയിൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലെ (FGD) നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുത്തുന്നു.

### 9.6.4 അധ്യായം 4: ഉപജീവന മാർഗ്ഗങ്ങളിലുള്ള പ്രത്യാഘാതങ്ങൾ

ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിൽ കാലാവസ്ഥാ വ്യതിയാനം ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങളിൽ (livelihoods) ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഈ അധ്യായം വിവരിക്കുന്നു.

### 9.6.5 അധ്യായം 5: ജൈവവൈവിധ്യത്തിലുള്ള പ്രത്യാഘാതങ്ങൾ

ഈ അധ്യായം പ്രദേശത്തെ ജൈവവൈവിധ്യത്തിൽ (biodiversity) കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിശദീകരിക്കുന്നു.

### 9.6.6 അധ്യായം 6: കഴിഞ്ഞ 30 വർഷത്തെ പ്രകൃതി ദുരന്തങ്ങൾ

കഴിഞ്ഞ 30 വർഷത്തിനിടെ പ്രദേശത്ത് കാലാവസ്ഥാ വ്യതിയാനം മൂലം സംഭവിച്ച പ്രകൃതി ദുരന്തങ്ങളുടെ സ്വഭാവവും തരവും ഈ അധ്യായം അവതരിപ്പിക്കുന്നു.

### 9.6.7 അധ്യായം 7: ലഘൂകരണത്തിനും (Mitigation) അനുരൂപീകരണത്തിനുമുള്ള (Adaptation) പ്രാദേശിക ഇടപെടൽ സാധ്യതകൾ

ഭാവിയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെ ലഘൂകരിക്കാനും (mitigate) അനുരൂപപ്പെടാനും (adapt) സാധ്യമായ ഇടപെടലുകൾ ഈ അധ്യായം വിശദീകരിക്കുന്നു. മുമ്പുള്ള അധ്യായങ്ങളിൽ (3-6) വിവരിച്ച പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും നിലവിലുള്ള പ്രതികൂല പ്രത്യാഘാതങ്ങൾ പരിഹരിക്കാനും പ്രോജക്റ്റ് നിർദ്ദേശങ്ങളാണ് (project ideas) ഈ അദ്ധ്യായത്തിൽ ഉണ്ടാകേണ്ടത്.

### 9.6.8. LAPCC (കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി) തയ്യാറാക്കുന്നതിനുള്ള ഘട്ടങ്ങൾ

LAPCC തയ്യാറാക്കുന്നതിനുള്ള പ്രധാന ഘട്ടങ്ങൾ താഴെ പറയുന്നവയാണ്:

1. കോർ കമ്മിറ്റിയുടെ രൂപീകരണം: തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ (LSG Level) ഒരു കോർ കമ്മിറ്റി രൂപീകരിക്കുക.
2. പ്രാഥമിക യോഗം: LAPCC ടെംപ്ലേറ്റ് (മാതൃക) മനസ്സിലാക്കുന്നതിനും പ്രവർത്തന പദ്ധതിക്ക് (Work plan) അന്തിമരൂപം നൽകുന്നതിനുമായി കോർ ഗ്രൂപ്പിന്റെ പ്രാഥമിക യോഗം ചേരുക.

3. ദ്വിതീയ വിവരശേഖരണം (Secondary Data Collection): കില (KILA), ദുരന്ത നിവാരണ അതോറിറ്റി (KSDMA), കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ്, കാലാവസ്ഥാ വകുപ്പ് (IMD), തദ്സ്ഥിതി റിപ്പോർട്ടുകൾ, വികസന രേഖകൾ, മറ്റ് വകുപ്പുകൾ എന്നിവയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ശേഖരിക്കുക.
4. പ്രാഥമിക വിവരശേഖരണം (Primary Data Collection): നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ (FGD), പ്രാദേശിക ജനങ്ങളുമായുള്ള കൂടിയാലോചനകൾ (Community Consultations), വ്യക്തിഗത അഭിമുഖങ്ങൾ, ബാധിക്കപ്പെട്ട പ്രദേശങ്ങളിലേക്കുള്ള ഫീൽഡ് സന്ദർശനങ്ങൾ എന്നിവയിലൂടെ നേരിട്ട് വിവരങ്ങൾ ശേഖരിക്കുക.
5. വിവരങ്ങളുടെ വിശകലനം (Data Analysis): വിവിധ സ്രോതസ്സുകളിൽ നിന്നും (ദ്വിതീയ വിവരങ്ങൾ, അഭിമുഖങ്ങൾ, ഫീൽഡ് സന്ദർശനങ്ങൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ) ലഭിച്ച വിവരങ്ങൾ വിശദമായി വിശകലനം ചെയ്യുക.
6. കണ്ടെത്തലുകൾ ക്രോഡീകരിക്കുക: LAPCC ടെംപ്ലേറ്റ് ഉപയോഗിച്ച് കണ്ടെത്തലുകൾ ക്രോഡീകരിക്കുക (Consolidate).
7. പദ്ധതി ആസൂത്രണം: ഓരോ പ്രദേശത്തിനും അനുയോജ്യമായ ഇടപെടൽ പദ്ധതികൾ (Intervention projects), അനുരൂപീകരണ പദ്ധതികൾ (Adaptation plans), ലഘൂകരണ പദ്ധതികൾ (Mitigation plans) എന്നിവ തയ്യാറാക്കുക.
8. അംഗീകാരം നേടൽ: വിദഗ്ദ്ധ പരിശോധനാ ശിൽപ്പശാല (Vetting workshop) നടത്തുകയും, തുടർന്ന് ഭരണസമിതിയുടെ (Governing Council) അംഗീകാരം നേടുകയും ചെയ്യുക.

## 9.7 ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ

ദുരന്തങ്ങളിൽ നിന്നും ഭിന്ന ശേഷിക്കാരെ സംരക്ഷിക്കാനുള്ള പദ്ധതികളുടെ ആസൂത്രണം. കണ്ണ് കാണാത്തവർക്കായി ഓഡിയോ മെസ്സേജുകൾ, ചെവി കേൾക്കാത്തവർക്കും സംസാരിക്കാൻ കഴിയാത്തവർക്കുമായി ഡിജിറ്റൽ വിഷ്വൽ മെസ്സേജുകൾ, മാനസിക ആസ്വാസ്ഥ്യമുള്ളവർക്കായി കെയർടേക്കർമാരുടെ പരിശീലനം എന്നിവ ഇതിൽ ഉൾപ്പെടും.

ഭിന്നശേഷി സൗഹൃദ പദ്ധതികളിലൂടെ ഉപജീവനത്തിനും ആരോഗ്യപരമായ ആവശ്യങ്ങൾക്കും അനുരൂപമായ പദ്ധതി നിർവ്വഹണം നടത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്ന നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പ്രളയം, ചുഴലിക്കാറ്റ്, മഹാമാരി തുടങ്ങിയ ദുരന്തങ്ങളിൽ ഭിന്നശേഷിക്കാർക്ക് അധികമായി ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു. സുരക്ഷിത അഭയം, മരുന്ന്, ചികിത്സാ സൗകര്യങ്ങൾ, ദുരന്ത മുന്നറിയിപ്പുകൾ എന്നിവ ഭിന്നശേഷിക്കാർക്ക് സുഗമമായി ലഭ്യമാക്കേണ്ടതുണ്ട്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ദുർഘടമായ കാലാവസ്ഥയുടെ കെടുതികളെ നേരിടുവാൻ അവരുടെ സുഖമായ ജീവിതത്തിനായി പ്രതിരോധ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്.

## 9.8 ദുരന്തകാല സഹായങ്ങളും ആരോഗ്യ സേവനങ്ങളും

1. ദുരന്ത സമയങ്ങളിൽ കൗൺസിലിംഗ് സേവനങ്ങൾ.
2. വീടുകളിൽ തന്നെ മരുന്നും ചികിത്സയും എത്തിക്കുന്ന സംവിധാനം.
3. ദുരന്ത സാഹചര്യങ്ങളിൽ ക്യാമ്പുകൾ ആയി പ്രവർത്തിക്കുന്ന സ്കൂളുകളിലും അങ്കണവാടികളിലും ഭിന്നശേഷി സൗഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, വീൽചെയർ മുതലായ സൗകര്യങ്ങൾ ഒരുക്കുക.
4. സുരക്ഷിത അഭയ കേന്ദ്രങ്ങളിൽ നടപ്പാതകൾ, കൈവരികൾ വിവിധ വിഭാഗങ്ങൾക്ക് സൗകര്യപ്രദമായ ടോയ്‌ലറ്റുകൾ എന്നിവ സജ്ജമാക്കണം.
5. ഭിന്നശേഷി സൗഹൃദ മുന്നറിയിപ്പ് സംവിധാനം.
6. വലിയ അക്ഷരങ്ങളിലുള്ള എസ്എംഎസ്, വോയിസ് മെസ്സേജുകൾ
7. സൈൻ ലാംഗ്വേജ് വീഡിയോകൾ, ശബ്ദ അനൗൺസ്മെൻറ് എന്നിവ.
8. നിറത്തെ അടിസ്ഥാനമാക്കിയ സൈറൺ സംവിധാനം.
9. പ്രാദേശിക തലത്തിൽ മൾട്ടി ഫോർമാറ്റ് മുന്നറിയിപ്പ് പ്ലാറ്റ്ഫോം.
10. ഭിന്നശേഷിക്കാർക്ക് ദുരന്തത്തിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്ന രീതിയിലുള്ള ട്രെയിനിങ് ക്യാമ്പുകൾ.
11. ഇ.ആർ.ടി. പ്രവർത്തകർക്ക് സുരക്ഷിത മാർഗ്ഗങ്ങളിലൂടെ ഇവരെ ദുരന്തവേളകളിൽ ഒഴിപ്പിക്കാനുള്ള പരിശീലനം.
12. പ്രാദേശിക എൻജിഒകളുടെ പങ്കാളിത്തം.
13. ഭിന്നശേഷിക്കാരായ വ്യക്തികൾ ദുരന്ത സാഹചര്യങ്ങളിൽ എങ്ങനെ പ്രതികരിക്കണമെന്ന് പരിശീലിപ്പിക്കാൻ പ്രാദേശിക ഏജൻസികളെ ദുരന്ത ആസൂത്രണ പദ്ധതികളുടെ ഭാഗമായി മാറ്റുക.
14. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഇവരുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തണം.
15. ഭിന്നശേഷിക്കാരായ പ്രതിനിധികൾ ഉൾപ്പെട്ട സമൂഹപ്രവർത്തന സമിതിക്കു രൂപം നല്കുക.
16. ഭിന്നശേഷിക്കാരായ സൗഹൃദ കാലാവസ്ഥാ ആസൂത്രണം- കെട്ടിടനിയമങ്ങൾ പ്രോട്ടോകോളുകൾ എന്നിവ നടപ്പാക്കുക.

## 9.9 സാങ്കേതിക വിദ്യയുടെ ഉപയോഗം

1. കാലാവസ്ഥാ മുന്നറിയിപ്പുകളും വിഭവങ്ങളും ലഭ്യമാക്കുന്ന വോയിസ്/സ്പീച്-ടു-ടെക്സ്റ്റ് സൗകര്യമുള്ള മൊബൈൽ ആപ്പുകൾ വികസിപ്പിക്കാം.
2. അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്ക് ജിപിഎസ് സംവിധാനമുള്ള വീൽചെയറുകളും ട്രാക്കറുകളും ഒരുക്കുക.
3. വൈദ്യുതി മുടങ്ങുന്ന സാഹചര്യത്തിൽ കേൾവി ഉപകരണങ്ങൾ വീൽചെയറുകൾ ആശയവിനിമയം ഉപകരണങ്ങൾ എന്നിവയ്ക്ക് സൗരോർജ്ജ ചാർജിങ് സ്റ്റേഷനുകൾ ഒരുക്കുക ഭിന്നശേഷിക്കാരായ സംരംഭകരുടെ നേതൃത്വത്തിൽ പുനരുപയോഗശേഷി

യുള്ള ഊർജ്ജ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.

## 9.10 ലഘൂകരണ നടപടികൾ

- ഹരിത ഓഡിറ്റ്, സുരക്ഷാ ഓഡിറ്റ്- റോഡുകൾ, സ്കൂളുകൾ, അഭയ കേന്ദ്രങ്ങൾ എന്നിവ വിവിധ കാലാവസ്ഥകളിൽ സുരക്ഷിതമാണെന്നും വിവിധ വിഭാഗങ്ങൾക്ക് സൗകര്യപ്രദമാണെന്നും വിലയിരുത്താൻ വൈദഗ്ധ്യമുള്ളവരെ ഉപയോഗിക്കുക.
- അവലോകന ഫലങ്ങൾ പ്രാദേശിക കാലാവസ്ഥാ പ്രതിരോധ ബജറ്റുകളുമായി ബന്ധിപ്പിക്കുക.
- ഭിന്നശേഷിക്കാരായ കാലാവസ്ഥ പ്രതിരോധ ഉപജീവന മാർഗങ്ങൾ.
- സോളാർ ബൾബ്, ലാമ്പ് തുടങ്ങിയവയുടെ റിപ്പയർ, ജൈവ വിത്ത് ബാങ്കുകൾ, മേൽക്കൂര കൃഷി തുടങ്ങി വീട്ടിൽ ഇരുന്നുകൊണ്ട് ചെയ്യാവുന്ന തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക.
- വൈകല്യമുള്ളവർക്ക് ചെറിയ ഹരിത വ്യവസായങ്ങൾ നടത്താൻ മൈക്രോ ഫിനാൻസ് സംഘങ്ങൾ രൂപീകരിക്കുക.
- കാലാവസ്ഥാ പ്രതിരോധ പരിശീലന പരിപാടികൾ
- കാലാവസ്ഥ മാറ്റം, ഫസ്റ്റ് എയ്ഡ്, പ്രതിരോധ പരിശീലനങ്ങൾ, എന്നിവ സൈൻ ലാംഗ്വേജ്, ബ്രെയിലി എന്നിവയിൽ നടത്തുക.

വയോജനങ്ങൾ

കാലാവസ്ഥ വിഷയങ്ങളെ കുറിച്ചുള്ള വിദ്യാഭ്യാസ പരിപാടി, ബോധവൽക്കരണ സെമിനാറുകൾ, പരിശീലനങ്ങൾ എന്നിവ പ്രത്യേകം തയ്യാറാക്കി ഡിജിറ്റൽ/നോൺ ഡിജിറ്റൽ മാർഗങ്ങളിലൂടെ പ്രായമായവരിൽ എത്തിക്കണം.

1. സർക്കാർ രൂപകൽപ്പന ചെയ്യുന്ന കാലാവസ്ഥ പ്രതിരോധ പദ്ധതികളിൽ മുതിർന്നവരെ ഉൾപ്പെടുത്തി അവരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും പദ്ധതി ആസൂത്രണത്തിൽ ഉൾക്കൊള്ളിക്കുക.
2. മിക്ക മുതിർന്നവരും ഗ്രാമങ്ങളിലും കൃഷിയുമായി ബന്ധപ്പെട്ട മേഖലകളിലുമാണ് പ്രവർത്തിച്ചു വരുന്നത്. ചെറിയ രീതിയിലുള്ള കാർബൺ ഉന്മൂലന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നതിലൂടെ വലിയ മാറ്റം സൃഷ്ടിക്കാം.

വിവരം, വിദ്യാഭ്യാസം, ആശയവിനിമയം (IEC)

ദുരന്ത സാഹചര്യങ്ങളിൽ, മുന്നറിയിപ്പുകൾ, പ്രധാന നിർദേശങ്ങൾ, പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള IEC മെറ്റീരിയലുകൾ എന്നിവ ഭാഷാ ന്യൂനപക്ഷങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികൾ എന്നിവരെക്കൂടെ പരിഗണിച്ചും അവരുടെ ഭാഷകളിലും തയാറാക്കുകയും അവ ഇവരിലേക്ക് കൃത്യമായി എത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 9.11 ദുരന്ത നിവാരണത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള സാധ്യതകൾ

ഓഖീ, പ്രളയം,ഉരുൾപൊട്ടൽ, നിപ്പ, കോവിഡ്-19 അങ്ങനെ ദുരന്തങ്ങൾ ആവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്ത നിവാരണത്തിന് ഒരു ശാശ്വത നിവാരണ ലഘൂകരണ സംവിധാ

നവും ഏജൻസിയും അനിവാര്യമാണ്. ജനകീയ പ്രതിരോധത്തിന്റെ അടിസ്ഥാനത്തിലുള്ള ദുരന്ത നിവാരണ കർമ്മ പദ്ധതികൾക്ക് രൂപം നൽകാൻ ഈ സാഹചര്യത്തിൽ സർക്കാർ സംവിധാനം ഒരുങ്ങണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണവകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതേപോലെ 13-ാം പഞ്ചവത്സര പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണം നടപ്പിലാക്കുമ്പോൾ വാർഷിക പദ്ധതിയിൽ ദുരന്ത മാനേജ്മെന്റ് പ്ലാൻ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്.

## 9.12 ദുരന്ത നിവാരണ പദ്ധതിയിലെ ഘടകങ്ങൾ

- ബ്ലോക്ക് പഞ്ചായത്തിന്റെ അടിസ്ഥാന പൊതുവിവരങ്ങൾ
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അപകട സാധ്യത, ദുരന്ത ദുർബല സ്ഥിതി സ്ഥലങ്ങളുടെ രൂപരേഖ
- നിലവിലുള്ള വിഭവ ലഭ്യതയും അവയുടെ ക്ഷമതയും
- ദുരന്ത പ്രതികരണത്തിനായുള്ള ആസൂത്രണ രേഖ
- തദ്ദേശ സ്വയംഭരണ സ്ഥാപന മേഖലയിലെ ദുരന്ത അതിജീവന തയ്യാറെടുപ്പുകൾ, ദുരന്ത ലഘൂകരണ മാർഗങ്ങൾ, സാമൂഹിക ശാക്തീകരണ പദ്ധതികൾ

### 9.12.1 അടിയന്തിര പ്രതികരണ ടീം രൂപീകരണം (ERT)

ദുരന്ത നിവാരണ ലഘൂകരണ പദ്ധതിക്കായി ഒരു സ്ഥിരം സംവിധാനം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കണമെന്ന് ബന്ധപ്പെട്ട ആക്ടിലും സംസ്ഥാന പ്ലാനിലും വ്യവസ്ഥ ചെയ്തിരിക്കുന്നു. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ചവരും ആ പ്രദേശത്തെ ഭൂഘടനയെപ്പറ്റി അറിവുള്ളവരുമായ പ്രാദേശിക സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു അടിയന്തിര പ്രതികരണ ടീം രൂപീകരിക്കണം. മേൽപറഞ്ഞ വർ അവശ്യഘട്ടങ്ങളിൽ ദുരന്തമേഖലയിൽ അടിയന്തിരമായി എത്തിച്ചേർന്ന് പ്രവർത്തനം നടത്താൻ തയ്യാറുള്ളവരാകണം. എട്ടുപേരെങ്കിലും ഉള്ള ഒരു അടിയന്തിര പ്രതികരണ ടീം ഓരോ വാർഡിലും രൂപീകരിക്കണം.

### 9.12.2 ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം

ഇരുപതംഗ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കണം.

ചുമതല

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്ന തിനായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് അവസ്ഥാ പഠന രൂപരേഖ തയ്യാറാക്കുക

#### 9.12.2.1 അംഗങ്ങൾ

സാമൂഹ്യ സംഘടനകൾ, വിദഗ്ധർ, എൻ.ജി.ഒകൾ, യുവജന സംഘടനകൾ, സന്നദ്ധ പ്രവർത്തകർ

#### 9.12.2.2 ദുരന്ത നിവാരണ പദ്ധതി തദ്ദേശ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങളും ചുമതലകളും

» അതതു തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പദ്ധതി വാർഷിക പദ്ധതിയുമായി ഏകോപിപ്പിക്കുക.
» അടിയന്തിര പ്രതികരണ ടീം രൂപീകരിക്കുക.
» തദ്ദേശ സ്ഥാപനങ്ങൾക്കായി കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ക്യാമ്പുകൾ പ്രവർത്തിപ്പിക്കുവാൻ സജ്ജമാക്കുക
» ദുരന്ത സാഹചര്യങ്ങളിൽ, റവന്യൂ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നിവരുമായി ചേർന്ന് ദുരന്തബാധിതരെ മാറ്റി പാർപ്പിക്കുകയോ, പുനരധിവാസ കേന്ദ്രത്തിലേക്ക് മാറ്റി പാർപ്പിക്കുകയോ ചെയ്യുക.
» സുരക്ഷിത സങ്കേതങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും കുടിവെള്ളം, ടോയ് ലറ്റ്, വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യം ഒരുക്കുക.
» ബോധവത്കരണം നടത്തുക.

## 9.13 ദുരന്ത നിവാരണ പദ്ധതി രൂപീകരണം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനും അത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സ്വീകരിക്കേണ്ട നടപടികൾ

» പരിശീലനം നേടിയ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് പ്രദേശത്ത് സൂക്ഷമമായി അവസ്ഥാ പഠനം നടത്തി സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും വിശകലനം നടത്തുകയും ചെയ്യുക.
» മേൽവിവരങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുക
» ഈ കരട് പദ്ധതി ഗ്രാമസഭയിൽ ചർച്ച ചെയ്യുകയും അവിടെ ഉയർന്നു വരുന്ന നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് കരട് ദുരന്ത നിവാരണ പദ്ധതി പഞ്ചായത്ത് കമ്മിറ്റി മുൻപാകെ ചർച്ചയ്ക്ക് വയ്ക്കുക.
» ദുരന്ത നിവാരണ പദ്ധതി ചർച്ച ചെയ്യാൻ പ്രത്യേക വികസന സെമിനാർ, വാർഷിക പദ്ധതി വികസന സെമിനാറിന് മുന്നോടിയായി നടത്തുക.
» അതിനു ശേഷം ദുരന്ത നിവാരണ പദ്ധതി തദ്ദേശ സ്വയംഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക.

ജൈവ വൈവിധ്യ മാനേജ്മെന്റ്- കാലാവസ്ഥാ വ്യതിയാനം-ദുരന്ത നിവാരണം- പരിസ്ഥിതി സംരക്ഷണം-വർക്കിംഗ് ഗ്രൂപ്പ്

നിലവിലെ വ്യവസ്ഥ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ദുരന്ത നിവാരണ പദ്ധതികൾ നേരിട്ട് വരുന്നില്ലെങ്കിലും ഭാവിയിൽ ത്രിതല പഞ്ചായത്തുകളിൽ ഇതിന്റെ സംയോജന സാധ്യതകൾ ഉണ്ട്.

### 9.13.1 ചുമതലകൾ

» ദുരന്ത നിവാരണ പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പാക്കൽ
» ദുരന്തങ്ങൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുക, ദുരന്ത പ്രതിരോധം, ലഘൂകരണം എന്നീ പ്രവർത്തനങ്ങൾക്കാവശ്യമായ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നിവ നൽകുന്ന വിവിധ ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും ഏകോപനം ഉറപ്പാക്കൽ
» അന്തിമ, ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി കഴിഞ്ഞാൽ അതാത് മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത കുറിപ്പ് തയ്യാറാക്കി ബന്ധപ്പെട്ട മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറുക.
» അടിയന്തിര പ്രതികരണ ടീം രൂപീകരണം, ബോധവത്കരണ പരിപാടികൾ നടത്തുക, പരിശീലനങ്ങൾ നടത്തുക

ദുരന്ത നിവാരണ പദ്ധതി അംഗീകരിക്കലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തലും

ദുരന്ത നിവാരണ പദ്ധതി നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ സമിതി യുടെ ഉത്തരവാദിത്വത്തിൽ വരുന്ന മുറയ്ക്ക് ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിക്കേണ്ടതാണ്. തുടർന്ന് അവ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

## 9.14 ദുരന്ത നിവാരണ പദ്ധതി- ബ്ലോക്കുകളുടെ സാദ്ധ്യതകൾ

നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം അടിയന്തിര പ്രതികരണ ടീം, ലോക്കൽ റിസോഴ്സ് ടീം എന്നിവയുടെ രൂപീകരണം ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും ചുമതല ആണെങ്കിലും ഇക്കാര്യത്തിൽ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ സാന്നിദ്ധ്യവും പങ്കാളിത്തവും അനിവാര്യമാണെന്ന് കാണാം.

ഇതു സംബന്ധമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 4/12/2019-ലെ 156/2019-ാം നമ്പർ ഉത്തരവിലെ ഒൻപതാം ഖണ്ഡികയിൽ ദുരന്ത നിവാരണ പദ്ധതിയിൽ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം പരാമർശിക്കുന്നു. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാൻ കരടും രൂപരേഖയും ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമാക്കണമെന്നും അതിൽ നിന്നും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു.

### 9.14.1 ദുരന്ത നിവാരണ പദ്ധതിയിൽ വലിയ പ്രോജക്ടുകളുടെ സാധ്യത

ഒരു ഗ്രാമപഞ്ചായത്തിന് സ്വതന്ത്രമായി ഏറ്റെടുക്കാൻ കഴിയാത്തതും അതിന് സാധ്യതയില്ലാത്തതും പ്രവർത്തന പരിധി വിപുലമായതുമായ വലിയ ദുരന്ത നിവാരണ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്ത് നടത്തുവാൻ മേൽ ഉത്തരവ് അധികാരം നൽകുന്നു. ഒരു ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിൽ പൊതുവായി

ഉപയോഗകരമാകുന്ന ദുരന്ത പ്രതിരോധ ഉപകരണങ്ങൾ, സംവിധാനങ്ങൾ, സേവനങ്ങൾ ഇവ ഫലപ്രദമായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആർജ്ജിച്ച് നൽകുവാൻ സാധിക്കുന്നതാണ്.

## 9.15 ദുരന്ത നിവാരണ പദ്ധതിയും തൊഴിലുറപ്പ് മേഖലയുടെ സാധ്യതയും

ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണ ലഘൂകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ത്രിതല പഞ്ചായത്തുകളിൽ ജൈവ വൈവിധ്യ മാനേജ്മെന്റ്- കാലാവസ്ഥാവ്യതിയാന ദുരന്ത നിവാരണം- പരിസ്ഥിതി സംരക്ഷ ണം വർക്കിംഗ് ഗ്രൂപ്പ് എന്ന് പുതിയൊരു സ്റ്റാറ്റ്യൂട്ടറി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിൻ പ്രകാരം തൻവർഷത്തെ പദ്ധതിയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

ദുരന്ത നിവാരണ പദ്ധതികളുടെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികളും പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.

» നഴ്സറികൾ സ്ഥാപിക്കുക
» പാതയോരത്ത് വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ഏറ്റെടുക്കുക;
» ഭൂമിയുടെ തട്ട് തിരിക്കൽ പ്രവർത്തനങ്ങൾ നടപ്പാക്കുക.
» മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ ഗള്ളി പ്ലഗിങ്ങ് ഉൾപ്പെടെയുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുക.
» തരിശ് ഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തികൾ ഏറ്റെടുക്കൽ
» ജൈവ കൃഷി വ്യാപന പ്രവർത്തനങ്ങൾ
» സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായ പ്രവൃത്തികൾ ഏറ്റെടുക്കൽ
» പച്ചക്കറികൃഷി വിപുലപ്പെടുത്താനുള്ള പദ്ധതികൾ നടപ്പിലാക്കുക.

## 9.16 മനുഷ്യ-വന്യജീവി സംഘർഷങ്ങൾ

### 9.16.1 മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കാരണങ്ങൾ

കേരളത്തിലെ വർത്തമാനകാല സാഹചര്യത്തിൽ ഭൂപ്രകൃതി മനുഷ്യ-വന്യജീവി കാലാവസ്ഥ സംഘർഷങ്ങൾക്ക് അനവധി കാരണങ്ങളുണ്ട് അധിനിവേശ സസ്യജാലങ്ങളുടെ വ്യാപനം ആവാസ വ്യവസ്ഥകളുടെ തുരുത്തുവൽക്കരണം - ഭൂവിനിയോഗം - കൃഷിഭൂമിയിലും കൃഷി രീതിയിലും വന്നിട്ടുള്ള മാറ്റങ്ങൾ - പരിപാലനക്കുറവുമൂലം എസ്റ്റേറ്റുകളിലും കൃഷിഭൂമിയിലും പുറമ്പോക്കുകളിലും അടിക്കാടുകൾ നിറയുന്നത് - അശാസ്ത്രീയ മാലിന്യനിക്ഷേപം - അവ ബോധക്കുറവ് -മനുഷ്യ-ജീവി സംഘർഷങ്ങളിൽ പ്രധാനമായും ഉൾപ്പെടുന്ന വന്യജീവികൾ: കാട്ടു പന്നി, നാടൻ കുരങ്ങ്, മലയണ്ണാൻ, മയിൽ, കാട്ടുപോത്ത്, ആന, കടുവ, പുള്ളിപ്പുലി -മനുഷ്യ ജീവന് കൂടുതൽ അപകടം വരുത്തുന്ന വന്യജീവികൾ: ആന, പാമ്പ്.

### 9.16.2 മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും നിവാരണം ചെയ്യുന്നതിനുമുള്ള പരിഹാര മാർഗ്ഗങ്ങൾ

മനുഷ്യ-വന്യജീവി സംഘർഷ ബാധിത ഹോട്ട് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം

273 സംഘർഷ ബാധിത പഞ്ചായത്തുകൾ അടങ്ങുന്ന 12 ലാൻഡ് സ്കേപ്പുകളായി തിരിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദീർഘകാല ഹ്രസ്വകാല ഫലപ്രദമായ ലഘൂകരണമാണ് സർക്കാർ നടപ്പാക്കുന്നത്. പ്രവർത്തനങ്ങൾ മനുഷ്യ-വന്യജീവി സംഘർഷ

### 9.16.3 സർക്കാർ ചെയ്തു വരുന്ന കാര്യങ്ങൾ

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വത്തിലും ഏകോപനത്തിലും ഫലപ്രദമായി നടപ്പിലാക്കുവാൻ മനുഷ്യ-വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തം" ആയി സർക്കാർ പ്രഖ്യാപിച്ചു (സ.ഉ.(കൈ) നം. 4/2024/DMD തീയതി 07/03/2024).

മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുകയും വിതരണ രീതിയും 09/05/2025- സ.ഉ. (സാധാ) നം. 305/2025/DMD പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

### 9.16.4 വനം വകുപ്പിന്റെ പത്തിന മിഷനുകൾ

1. 23/02/2025 ലെ സ.ഉ.(കൈ) നം. 8/2025/വനം പ്രകാരം സർക്കാർ ഉത്തരവായ പത്തിന മിഷനുകൾ ചുവടെ ചേർക്കുന്നു.
2. Mission FFW/Mission Food, Fodder & Water -വന്യജീവികൾക്കായി കുടിവെള്ളവും ഭക്ഷണവും ഉറപ്പാക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ.
3. Mission Tribal Knowledge (ഗോത്രഭേരി) - മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് പരമ്പരാഗത/ഗോത്ര അറിവുകൾ പ്രയോജനപ്പെടുത്തുന്നതിനായുള്ള പദ്ധതി.
4. Mission Solar Fencing - വനാതിർത്തികളിൽ വിവിധ കാരണങ്ങളാൽ പ്രവർത്തന രഹിതമായ സോളാർ വേലികൾ കണ്ടെത്തി അറ്റകുറ്റപ്പണികൾ നടത്തി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്ന പദ്ധതി.
5. Mission Primary Response Team - മനുഷ്യ-വന്യജീവി സംഘർഷ മേഖലകളിൽ പ്രാഥമിക ഇടപെടലുകൾ നടത്തി അപടസാധ്യത ഒഴിവാക്കുന്നതിനായുള്ള സന്നദ്ധ സംഘങ്ങൾ
6. Mission Real Time Monitoring - വന്യമൃഗങ്ങളുടെ സഞ്ചാരവും നീക്കവും നിരീക്ഷിച്ച് മനുഷ്യവാസമേഖലയിൽ അവയുടെ സാന്നിദ്ധ്യ സാധ്യത കണ്ടെത്തി മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ.
7. Mission Sensitization to Public - പൊതുജനങ്ങൾക്ക് അവബോധവും അറിവും പ്രദാനം ചെയ്യുന്നതിനായുള്ള പദ്ധതി.
8. Mission Science on Human Wildlife Conflict - മനുഷ്യ വന്യജീവി സംഘർഷങ്ങളും ലഘൂകരണ നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾ.
9. Mission Bonnet Macaque - മനുഷ്യവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന നാടൻ കുരങ്ങുകളുടെ വംശവർദ്ധനവ് ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിനുള്ള പദ്ധതി.
10. Mission Wild Pig - ജനവാസമേഖലകളിൽ അപകടകാരികളായി കാണപ്പെടുന്ന

കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള പദ്ധതി.

11. Mission SARPA - ജനവാസമേഖലിൽ എത്തപ്പെടുന്ന പാമ്പുകളെ ശാസ്ത്രീയമായി റെസ്ക്യൂ ചെയ്ത് പാമ്പുകടിയേറ്റുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് ജനപങ്കാളിത്ത ത്തോടെയുള്ള പദ്ധതി.

### 9.16.5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടി

മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ പൊതുജനങ്ങളുടെ പരാതി കളും നിർദ്ദേശങ്ങളും നേരിട്ടു സ്വീകരിച്ച് പ്രാദേശികമായി പരിഹാരം കണ്ടെത്താനുവുന്നവയ്ക്ക് ഉടനടി പരിഹാരം കണ്ടെത്തിയും, ജില്ലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തേണ്ട പ്രശ്നങ്ങൾ ജില്ലാതല സമിതിയിലും നിയമനിർമ്മാണം പോലുള്ള വിഷയങ്ങൾ സംസ്ഥാന സർക്കാർ തലത്തിലും എത്തിച്ച് പരിഹാരം കാണുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം 2025 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നടപ്പിലാക്കിയിരുന്നു. സംസ്ഥാനവ്യാപകമായി 34804 പരാതികളും നിർദ്ദേശങ്ങളുമാണ് ഈ തീവ്രയജ്ഞ പരിപാടിയിലൂടെ ലഭിച്ചത്.

### 9.16.6 വനത്തോട് ചേർന്ന തോട്ടങ്ങൾ, എസ്റ്റേറ്റുകൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിലെ അടിക്കാടുകൾ നീക്കം ചെയ്യൽ

വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവ-യുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിക്കാടുകൾ വളർന്ന് വന്യജീവികളുടെ സാന്നിദ്ധ്യത്തിന് സാഹചര്യമൊരുക്കുന്ന ഇത്തരം തോട്ടങ്ങൾ കണ്ടെത്തി ടി പ്രവൃത്തികൾ ഇപ്പോഴും തുടർന്നുവരുന്നു

### 9.16.7. ജനവാസമേഖലയുമായി ചേർന്നു വരുന്ന വനാതിർത്തികളിൽ നിർമിച്ച സോളാർ വേലിയുടെ പരിപാലനം

വനാതിർത്തികളിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായ സോളാർ വേലികൾ കണ്ടെത്തി അറ്റകുറ്റപ്പണികൾ നടത്തി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിന് പഞ്ചായ ത്തുകളുടെ സഹകരണവും പിന്തുണയും ആവശ്യമാണ്.

### 9.16.8. ജനവാസ മേഖലയിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവ്

ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നി -കളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25/02/2024 ലെ സ.ഉ. (കൈ) നം. 9/2024/വനം പ്രകാരം 28/05/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ-ന്മാരെ ഓണററി വൈൽഡ്‌ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാര-ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർ-മാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. വന്യജീവി സംഘർഷ നിവാരണത്തിനായി സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്.

### 9.16.9 വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങൾ

സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയു കയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്നതാണ്.

### 9.16.10 മനുഷ്യ-ജീവി സംഘർഷ ലഘൂകരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തിൽ ജനവാസ കേന്ദ്രങ്ങളും വനപ്രദേശങ്ങളും ഇടകലർന്ന് കിടക്കുന്നതുകൊണ്ട് മനുഷ്യ-വന്യജീവി സംഘർഷ സാധ്യതകൾ കൂടുതലാണ്. അതിനാൽ തന്നെ പഞ്ചായത്തുകളുടെ പ്രത്യേകമായ പങ്കാളിത്തം ഉറപ്പുവരുത്തി കൊണ്ട് മാത്രമേ പ്രശ്നപരിഹാരം സാധ്യമാകൂ. അതിനായി വനം വകുപ്പുമായി സഹകരിച്ചു കൊണ്ടും മറ്റ് വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും ഈ വിഷയം പ്രത്യേകമായി കൈകാര്യം ചെയ്യാനായി രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം, പ്രത്യേകിച്ച് പ്രതിമാസ അവലോകനം ഉറപ്പാക്കിക്കൊണ്ടും പഞ്ചായത്തുകൾ ഈ പ്രവർത്തനങ്ങളിൽ സജീവ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

വനത്തിൽ പുറത്ത് കാടുപിടിച്ച് കിടക്കുന്ന തുറസായ പ്രദേശങ്ങളിൽ അടിക്കാടുകൾ ഒഴിവാക്കുന്നത് വന്യജീവികൾ കാടിനു പുറത്തേക്ക് വരുന്നത് തടയുന്നതിന് പുറമേ നഷ്ടമാകുന്ന കാർഷിക സംസ്കാരം തിരിച്ചു കൊണ്ടുവരുവാനും സഹായിക്കും. കൂടാതെ ഒഴിഞ്ഞ ഇരുട്ടായ പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക, സൗരോർജ വേലികൾ മുതലായവയുടെ അറ്റകുറ്റ പണികൾ സമയാസമയം ചെയ്യുക, വന്യജീവി സംഘർഷ ലഘൂകരണത്തിനായി സർക്കാർ രൂപീകരിച്ച പ്രൈമറി റെസ്പോൺസ് ടീമുകൾ, സർപ്പ വോളന്റീയർമാർ, പോലുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം ആവശ്യമായ പിന്തുണനൽകി പ്രയോജനപ്പെടുത്തുക എന്നിവയും പഞ്ചായത്തുകൾക്ക് ചെയ്യാവുന്നതാണ്.

മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പഞ്ചായത്തുകൾക്ക് ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി അഞ്ചുവർഷത്തെ പഞ്ചായത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കി അത് വികസന രേഖയിലേക്ക് ചേർക്കാവുന്നതാണ്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ ത്തിനായി പ്രാദേശിക തലത്തിലുള്ള വിഭവസമാഹരണ സാധ്യതകളും പഞ്ചായത്തുകൾക്ക് തേടാവുന്നതാണ്.



# പാലിയേറ്റീവ് കെയർ





## അദ്ധ്യായം 10





ഗുരുതരമായ രോഗം ബാധിച്ച ആളുകൾക്ക് നല്കുന്ന പ്രത്യേക വൈദ്യ പരിചരണമാണ് പാലിയേറ്റീവ് കെയർ അഥവാ സാന്ത്വന പരിചരണം. മാറ്റിയെടുക്കാൻ പറ്റാത്ത ഘട്ടത്തിലെത്തിയ രോഗികളെയും അവരുടെ കുടുംബത്തെയും സമ്പൂർണ്ണമായും ക്രിയാത്മകമായും പരിചരിക്കുന്ന ഒരു രീതി എന്നാണ് ലോകാരോഗ്യ സംഘടന ഇതിന് നല്കുന്ന നിർവ്വചനം. രോഗിയുടെയും കുടുംബത്തിന്റെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ ഏറ്റവും ഉയർന്ന നിലവാരം ആസ്വദിക്കാനുള്ള അവകാശത്തിന്റെ അവിഭാജ്യ ഘടകമായാണ് പാലിയേറ്റീവ് കെയറിനെ മനുഷ്യാവകാശ കാഴ്ചപ്പാടിൽ കാണുന്നത്.

ഇന്ത്യയിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിലെ പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങളെ ലോകാരോഗ്യസംഘടന മാതൃകയായി അംഗീകരിച്ചിട്ടുമുണ്ട്. നവകേരള കർമ്മപദ്ധതി – 2, ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തനമേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ.

ഇതിന്റെ ഭാഗമായി സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.

ഇന്ത്യയിൽ ആദ്യമായി പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചത് കേരളമാണ്. സാമൂഹ്യമാറ്റങ്ങൾ കണക്കിലെടുത്ത് 2008 ലെ സംസ്ഥാന പാലിയേറ്റീവ് നയം 2019 ൽ പരിഷ്കരിക്കുകയുണ്ടായി.

എല്ലാ വ്യക്തികൾക്കും അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി കണക്കിലെടുക്കാതെ ഉയർന്ന നിലവാരമുള്ള, കാര്യക്ഷമമായ, പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നല്കുക എന്നതാണ് കേരളത്തിന്റെ നയം. സേവനം ആവശ്യമുള്ള എല്ലാവരുടേയും അവകാശമാണ് സാന്ത്വന പരിചരണം.

പ്രാദേശിക സർക്കാരുകളും ഏതാണ്ട് 350 ൽ പരം സർക്കാരിതര ഏജൻസികളുമാണ് കേരളത്തിൽ ഗൃഹകേന്ദ്രീകൃതമായ പാലിയേറ്റീവ് പരിചരണം നല്കുന്നത്.

## 10.1 വികേന്ദ്രീകൃത സമീപനം

സാമൂഹ്യ സംഘടനകളുടെയും സുമനസ്സുകളുടെയും പങ്കാളിത്തത്തോടുകൂടി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആയുഷ്, വിദ്യാഭ്യാസം, സാമൂഹ്യനീതി, യുവജനക്ഷേമം, വനിതാ-ശിശു വികസന വകുപ്പ്, യുവജനക്ഷേമം, തദ്ദേശ ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് പ്രാദേശിക സർക്കാരുകൾ പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നടത്തിവരുന്നത്. താഴെ തട്ടിൽ നിന്നും മുകളിലേക്ക് എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്.

## 10.2 പാലിയേറ്റീവ് പരിചരണം– മൂന്നു തലത്തിൽ

2019 ലെ പാലിയേറ്റീവ് പരിചരണ നയ പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങളെ മൂന്നു തലങ്ങളായി തിരിച്ചിരിക്കുന്നു.

### 10.2.1 പ്രാഥമിക തലം

(ഹോം കെയർ സംവിധാനം) പ്രാദേശിക തലത്തിൽ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ആഭിമുഖ്യത്തിൽ പാലിയേറ്റീവ് പരിചരണ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ് പ്രാഥമിക തല പ്രവർത്തനം. പൊതു സമൂഹത്തിന്റെ ശക്തമായ പിന്തുണയോടുകൂടിയാകും ഈ പ്രവർത്തനങ്ങൾ നടക്കുക.

ഓരോ വാർഡിലും അയൽക്കൂട്ടങ്ങളുടെയും വാർഡ് മെമ്പറുടെയും നേതൃത്വത്തിൽ പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തുകയും അവർക്ക് എന്തൊക്കെ സേവനങ്ങളാണു വേണ്ടതെന്നു വിലയിരുത്തുകയും ചെയ്യുന്നു. നൽകേണ്ട സേവനങ്ങൾ എന്തെല്ലാം, ഏതെല്ലാം സമയങ്ങളിൽ നൽകണം, നൽകുന്നതിനുള്ള ചുമതലകൾ ആർക്ക് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ സമഗ്ര പരിചരണ പ്ലാൻ തയ്യാറാക്കിയാണ് പ്രവർത്തനങ്ങൾ.

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അനിവാര്യമായി (mandatory) നടപ്പാക്കേണ്ട പദ്ധതിയാണ് പാലിയേറ്റീവ് പരിചരണവും ഹോം കെയർ സംവിധാനവും. ആകയാൽ പഞ്ചായത്തുകൾ പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കുവേണ്ടി ഒരു പ്രൊജക്ട് വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

### 10.2.2 ദ്വിതീയതലം

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനമാണ് ദ്വിതീയതല പ്രവർത്തനം. വിദഗ്ദ സേവനം നൽകുന്നതിനുള്ള പ്രഥമ റഫറൽ കേന്ദ്രങ്ങളായിരിക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. കിടത്തി ചികിത്സ നൽകാനായി പ്രത്യേകം വാർഡുകൾ സജ്ജീകരിക്കും. ഫിസിയോതെറാപ്പിയും ഇതര സ്പെഷ്യലിസ്റ്റ് – ഗൃഹ സന്ദർശന സേവനങ്ങളും ഈ തലത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

എമർജൻസി സേവനങ്ങൾക്കായി താലൂക്ക് ആശുപത്രി റഫറൽ യൂണിറ്റായി പ്രവർത്തിക്കും. സ്വകാര്യ ആശുപത്രികളിലെ സംവിധാനങ്ങളും ഉപയോഗപ്പെടുത്തും.

പ്രാദേശിക സർക്കാരുകൾ ഈ തലത്തിലെ പ്രവർത്തനങ്ങൾക്കും (ബ്ലോക്ക് പഞ്ചായത്തുകൾ/ ജില്ലാപഞ്ചായത്തുകൾ/നഗരസഭകൾ) നേതൃത്വപരമായ പങ്കുവഹിക്കേണ്ടതാണ്. ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

### 10.2.3 തൃതീയതല പാലിയേറ്റീവ് പരിചരണം

മെഡിക്കൽ കോളേജുകളിലെയും ജില്ലാ ജനറൽ ആശുപത്രികളിലെയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ പാലിയേറ്റീവ് പരിചരണ വിഭാഗം രൂപീകരിച്ച്, പാലിയേറ്റീവ് പരിചരണ സേവനങ്ങൾ ഏകോപ്പിക്കുക എന്നതാണ് തൃതീയതല പ്രവർത്തനമായി പാലി യേറ്റീവ് നയം മുന്നോട്ട് വച്ച ആശയം. ഈ തലത്തിലെ പ്രവർത്തനം ശൈശവ ദിശയിലാണ്.

## 10.3 സാർവ്വത്രിക പാലിയേറ്റീവ് പരിചരണ സംവിധാനം: കേരള കെയർ

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടെയും പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുടെയും പിന്തുണയോടെ ഗുരുതര രോഗബാധിതർക്കും കുടുംബങ്ങൾക്കും ചികിത്സാ പരവും സാമൂഹ്യവും മാനസികവുമായ ഗൃഹ കേന്ദ്രീകൃതമായ പരിചരണ ശൃംഖലയാണ് കേരള പാലിയേറ്റിവ് കെയർ ഗ്രിഡ്. സാന്ത്വന പരിചരണ പ്രവർ ത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്.

സംസ്ഥാനത്തുടനീളമുള്ള പാലിയേറ്റീവ് കെയർ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനുമായി രൂപകല്പന ചെയ്തിട്ടുള്ളതാണ് കേരള പാലിയേറ്റീവ് കെയർ ഗ്രിഡ്. ഇത് പ്രാദേശിക തലത്തിൽ പാലിയേറ്റീവ് കെയർ കൂടുതൽ പ്രാപ്യമാക്കുന്നു. പുതിയ രോഗികളുടെ രജിസ്ട്രേഷൻ സുഗമമാക്കുകയും തുടർ പരിചരണം ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ വാളണ്ടിയർമാരുടെ രജിസ്ട്രേഷനും പരിശീലനവും എളുപ്പമാക്കുന്നു. കിടപ്പിലായ ഓരോ രോഗിക്കും ഒരു വാളണ്ടിയറുടെ സേവനം ലഭ്യമാകുന്നുണ്ടെന്നു ഗ്രിഡ് ഉറപ്പാക്കും. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് ഈ സംരംഭം നടപ്പിലാക്കുന്നത്.

## 10.4 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ– നമ്മുടെ പഞ്ചായത്തിൽ

ഓരോ പഞ്ചായത്ത് പ്രസിഡന്റുമാരും പഞ്ചായത്ത് കമ്മിറ്റിയും തങ്ങളുടെ പഞ്ചായത്തിലെ

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതാണ്.

- പഞ്ചായത്തിലെ പരിചരണ പ്രവർത്തനങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്താൻ കഴിയുന്നുണ്ടോ?
- പാലിയേറ്റീവ് കെയറിന് ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ കഴിയുന്നുണ്ടോ?
- പരിശീലനം സിദ്ധിച്ച നേഴ്സിന്റെ സേവനം ലഭ്യമാണോ?
- പരിശീലനം സിദ്ധിച്ച ഡോക്ടറുടെ സേവനം പഞ്ചായത്തിൽ ലഭ്യമാണോ?
- പരിശീലനം സിദ്ധിച്ച വോളന്റിയർമാരുടെ സേവനം ഉറപ്പാക്കാൻ കഴിയുന്നുണ്ടോ?
- ആവശ്യമുള്ളപ്പോഴെല്ലാം കിടപ്പുരോഗികൾക്ക് വീട്ടിൽ ചികിത്സ ലഭ്യമാക്കാൻ കഴിയുന്നുണ്ടോ?
- രോഗികളുടെ മാനസിക, സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ സംവിധാനത്തിന് പൊതുവിൽ കഴിയുന്നുണ്ടോ?
- പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ യാന്ത്രികമാകുന്നുണ്ടോ?
- പാലിയേറ്റീവ് കെയർ പദ്ധതിക്ക് വേണ്ടത്ര ജനപിന്തുണ ലഭിക്കുന്നുണ്ടോ?

ഈ ചോദ്യങ്ങൾ സ്വയം ചോദിക്കുകയും നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് മുന്നോട്ടു പോകുകയും ചെയ്യേണ്ടതുണ്ട്. കേരളത്തിലെ സാന്ത്വനപരിചരണ പ്രവർത്തനം നേരിടുന്ന വെല്ലുവിളികളിലൊന്ന് നിസ്സാരവത്കരണമാണ്. (Trivialization). കാര്യങ്ങൾക്ക് അവ അർഹിക്കുന്ന ഗൗരവം നൽകുന്നില്ലെന്നും യാന്ത്രികമായ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന വിമർശനം ഉയരുന്നുണ്ട്. ഇത്തരം വിമർശനങ്ങൾ തീർച്ചയായും പരിശോധിക്കേണ്ടതും നമ്മുടെ പാലിയേറ്റീവ് പരിചരണ സേവനങ്ങൾ കുറ്റമറ്റതും കാര്യക്ഷമവും ആകേണ്ടതുമുണ്ട്. പൊതു സമൂഹത്തിന്റെ പിന്തുണ ഇതിന് അനിവാര്യമാണ്.